ശിവപുരിബാബ എന്ന ഗോവിന്ദാനന്ദഭാരതിയുടെ
ജീവിതവും സന്ദേശവും



സ്വധർമ്മം
അഥവാ
സമ്യക്ജീവിതം

എസ്. രാജേന്ദു

സ്വധർമ്മം അഥവാ സമ്യക് ജീവിതം

(ശിവപുരി ബാബ എന്ന ഗോവിന്ദാനന്ദ ഭാരതിയുടെ ജീവിതവും സന്ദേശവും)

കാഠ്മണ്ഡുവിൽ താമസിക്കുന്ന കാലത്ത് എഴുതിത്തീർത്ത ഈ ഗ്രന്ഥം, 'ശിവപുരി ബാബ' എന്ന ഗോവിന്ദാനന്ദ ഭാരതിയുടെ ജീവിതത്തെയും സന്ദേശങ്ങളെയും കുറിച്ചുള്ളതാകുന്നു. ഇതിന് പല ഗ്രന്ഥങ്ങളും സഹായകമായിട്ടുണ്ടെങ്കിലും പ്രധാനമായും അവലംബിച്ചിട്ടുള്ളത് ശ്രീ വിഷ്ണുപ്രസാദ് തിമിൽസീനാ, നേപ്പാളി ഭാഷയിൽ രചിച്ച 'സ്വധർമ്മം' എന്ന കൃതിയാകുന്നു. പണ്ഡിതനായ ശ്രീ ഗിരിധർലാൽ മനന്തറിന്റെ അറിവും ഇതിൽ ചേർത്തിട്ടുണ്ട്. ശ്രീ. വൈ.ബി. ശ്രേഷ്ഠ ഈ ഗ്രന്ഥത്തിനാവശ്യമായ ചില കുറിപ്പുകൾ നൽകി സഹായിച്ചിട്ടുണ്ട്.

ഒരു ചരിത്രകൃതി എന്ന നിലയ്ക്കല്ല, മറിച്ച് കേൾവികളുടെ ഒരു സഞ്ചയിക എന്ന അർത്ഥത്തിലേ ഈ ഗ്രന്ഥത്തെ സ്വീകരിക്കാവൂ എന്ന് ഓർമ്മിപ്പിച്ചുകൊള്ളുന്നു. ശിവപുരി ബാബയുടെ ജീവിതവും സന്ദേശവും വായനക്കാർക്കും മുന്നിൽ സാദരം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താവിന്റെ മറ്റു കൃതികൾ

മാരായമംഗലം ദേശമാതൃക (എഡിറ്റർ)

വള്ളുവനാടൻ സ്വാതന്ത്ര്യസമര ചരിത്രം
(ജീവിതം എന്റെ ബോധിവൃക്ഷം) - (എഡിറ്റർ)

വള്ളുവനാടിന്റെ കലാചരിത്രം
(കുറുമാപ്പള്ളി കൃതികൾ) - (എഡിറ്റർ)

കവളപ്പാറ സ്വരൂപ പഠനം

വള്ളുവനാട് ചരിത്രം
(പ്രാചീനകാലം മുതൽ എ.ഡി. 1792 വരെ)

സൃഷ്ടിയും വിസൃഷ്ടിയും
(ശില്പി വരിക്കാശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ കലയും ജീവിതവും)

സ്വധർമ്മം അഥവാ സമ്യക് ജീവിതം

ശിവപുരി ബാബ എന്ന ഗോവിന്ദാനന്ദ ഭാരതിയുടെ ജീവിതവും സന്ദേശവും

എസ്. രാജേന്ദു

പ്രസാധനം
അവനൂർ ശ്രീദേവി അന്തർജനം
അവനൂർ മന
ആനമങ്ങാട്

Cover photo:
Shivapuri Baba at the age of 126 (late 1950s) at Kathmandu, Nepal

Malayalam
Non-fiction
Swadharmam adhava Samyak Jeevitham
Life and messages of Govindaananda Bharathi also known as Shivpuri Baba

Author:
S. Rajendu
First published:
August, 2012
Cover:
Bhattathiri
Typesetting & Layout:
MegaTech, Calicut
Photographs:
Giridhar Lal Manandhar, YB Shrestha Malla, SB Ashram(Kathmandu)
Other photographs:
S. Rajendu
Printed at:
Geetanjali Offset Prints, Calicut
Published by:
Avanoor Sreedevi Antharjanam
Avanoor Mana, Anamangad, Perintalmanna
Price: Rs. 250/-
© Copy right
Author- S. Rajendu-2012

All rights reserved.

"**അ**ല്ലയോ മൃത്യുദേവാ, അങ്ങേക്കറിയാം, ഏത് അഗ്നിയാണ് സ്വർഗത്തിലേക്ക് നയിക്കുന്നത് എന്ന്. അതിനെ കാണിച്ചുതന്നാലും. എനിക്കു പൂർണ വിശ്വാസമുണ്ട്. ഞാൻ ചോദിക്കുന്നു, ആ അഗ്നിയെ രണ്ടാമത്തെ വരമായി ഞാൻ വരിക്കുന്നു"

- നചികേതസ്സ് യമനോട് അപേക്ഷിക്കുന്നത്
(കഠോപനിഷത്ത്)

"എന്റെ അറിവിൽ വെളിച്ചം ജാഗ്രത്തായ ഒരവസ്ഥയാകുന്നു. അതിനെക്കുറിച്ചുള്ള ഒരു മൂലധാരണ, അതായത് ഞാൻ നിലനിൽക്കുന്നു എന്ന അസത്യമായ അറിവ് തിരോഭവിക്കുക. സ്ഥലകാലങ്ങളെപ്പറ്റിയുള്ള ബോധം ഇല്ലാതാവുക. ദേഹബോധത്തിനും അതീതമായ ചില അനുഭവങ്ങൾ ഉണ്ടാവുക. എന്റെ ചിന്തകൾ സാധാരണ പ്രകൃതിയിൽ കാണുന്നതിൽനിന്നും വ്യത്യസ്തമായ നിലയിലെത്തിച്ചേരുക."

- സാന്തായന

"ആരാണോ ആ വെളിച്ചത്തെ കാണാതിരിക്കുന്നത്, ആയാൾ ദൈവത്തെ ദർശിക്കുന്നില്ല. (കാരണം) ദൈവമെന്നത് വെളിച്ചമാകുന്നു."

- സെയിന്റ് സിമിയോൺ

സമർപ്പണം

സ്നേഹവാത്സല്യപുരസ്സരം ഭാരതീയ ദർശനങ്ങളിൽ
അറിവ് പകർന്നുതന്ന

ശ്രീ. വരിക്കാശ്ശേരി കൃഷ്ണൻ (കാറ്) നമ്പൂതിരിപ്പാടിന്റെ

പാവനസ്മരണയ്ക്ക്

എസ്. രാജേന്ദു

പാലക്കാട് ജില്ലയിലെ അടയ്ക്കാപുത്തൂരിൽ ധർമ്മോത്തു പുത്തൻ മഠത്തിൽ ജനിച്ചു. അദ്ധ്യാപകനും, ചരിത്രാന്വേഷകനും. മാരായമംഗലം ദേശമാതൃക എന്ന പൂർണ്ണ സ്ഥലനാമാധിഷ്ഠിത പഠനം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. വള്ളുവനാടിന്റെ സ്വാതന്ത്ര്യസമര ചരിത്രം (ജീവിതം എന്റെ ബോധിവൃക്ഷം) എന്ന കൃതി പ്രൊഫ. കെ.വി. ഈശ്വരവാരിയർ എന്ന സ്വതന്ത്ര സമരഭടന്റെ ജീവിതത്തെ അടിസ്ഥാനമാക്കി രചിച്ചു. അടയ്ക്കാപുത്തൂർ, അങ്ങാടിപ്പുറം, നെല്ലായ, പട്ടാമ്പി, കാട്ടുകുളം തുടങ്ങിയ ദേശങ്ങളെക്കുറിച്ച് പഠനം നടത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വള്ളുവനാടിന്റെ ചരിത്രം - പ്രാചീന കാലം മുതൽ എ.ഡി. 1792 വരെ - ആണ് ഇതുവരെ പ്രസിദ്ധീകരിച്ചതിൽ പ്രധാന കൃതി. ഏഴോളം പാഠപുസ്തകങ്ങളുടെ രചയിതാവാണ്. ഭാര്യ: ശ്രീകല (വെള്ളിനേഴി ഗവ: ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപിക), മകൾ ശ്രീലക്ഷ്മി (നാലാംക്ലാസ് വിദ്യാർത്ഥിനി). വിലാസം - കടുങ്ങനാട്ടു പത്തായപ്പുര, പന്നിയംകുറുശ്ശി പോസ്റ്റ്, ചെർപ്പുളശ്ശേരി - 679 503, പാലക്കാട് ജില്ല. E-mail: rajendu@gmail.com

"ഈ പറയുന്നവ സ്വകാര്യമായതാണ്; ഒരു അധ്യാപകനും വിദ്യാർത്ഥിയുമെന്നപോലെ. അതിനാലാണ് ഞാനൊരു പുസ്തകവും എഴുതാത്തത്. എന്റെ അനുഭവങ്ങൾ ഞാനെഴുതിത്തുടങ്ങിയാൽ, അത് അനേകം വാല്യങ്ങൾ വരുമായിരുന്നു. പക്ഷെ, അത് ആളുകളുടെ മനസ്സിൽ ശരിയായ ജീവിതത്തെ ഉൾക്കൊള്ളാൻ സഹായിക്കുകയില്ല. ശരിയായി ജീവിക്കുക എന്നതാണ് പ്രാധാന്യമുള്ള വിഷയം. അല്ലെങ്കിൽ എന്റെ ജീവിതം നിഷ്ഫലമാകുകയും സ്വകാര്യ ജീവിതം ഇല്ലാതാകുകയും ചെയ്യും."

- ശിവപുരി ബാബ

"ഓർക്കുക! ശാസ്ത്രവചനങ്ങൾ പൊതുവെയുള്ളതാണ്. സവിശേഷമായ വചനങ്ങൾ (ഈശ്വര) സാക്ഷാത്കാരം ലഭിച്ച ആത്മാക്കളിൽനിന്നേ ലഭിക്കുകയുള്ളൂ. അങ്ങിനെയുള്ള ഒരു ജ്ഞാനിയിൽനിന്നും, മാർഗനിർദ്ദേശം ലഭിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. എന്റെ വഴി വ്യത്യസ്തമാണ്; എന്റെ വിദ്യാലയത്തിലെ കുട്ടികൾക്ക് പരീക്ഷക്കടലാസുകൾ ഉത്തരമെഴുതാനായി കൊടുക്കും. ഞാനത് തിരുത്തിക്കൊടുക്കും. മറ്റുള്ളവർ അവരുടെ വിദ്യാലയത്തിൽ വിദക്ഷാഭവും വികാരങ്ങളും പഠിപ്പിക്കുന്നു."

- ശിവപുരി ബാബ

"ഒരു മനുഷ്യൻ ശരിയായ വഴികാട്ടിയാണെങ്കിൽ'-ബാബ പറഞ്ഞു. 'ആ വ്യക്തിയുടെ പ്രവൃത്തികൾ, ജീവിതം നയിച്ച വഴി, അതിനു കണ്ടെത്തിയ മാർഗ്ഗം ഇതെല്ലാം ഒരു സാക്ഷിയായി എടുക്കാമെങ്കിൽ, ആ വ്യക്തി ജീവിതത്തിൽ ചെയ്ത നന്മകൾ കൊണ്ട് സമൂഹത്തിലുള്ളവരുടെ ഇടയിൽ അറിയപ്പെടും. നിങ്ങൾക്ക് അങ്ങിനെ പറയാം."

- ശിവപുരി ബാബ

ഗ്രന്ഥകർത്താവിന്റെ കുറിപ്പ്

സനാതനികളുടെ ആസ്തിക ദൃഷ്ടി

വള്ളുവനാട്ടിലെ നാട്ടിൻപുറങ്ങളിലെ കുടുംബങ്ങളിൽ വളർന്നുവന്ന ഏതൊരു കുട്ടിയെയുംപോലെ ഞാനും സനാതന ആസ്തിക മതത്തെക്കുറിച്ച് കേട്ടുകൊണ്ടാണ് വളർന്നത്. എന്റെ മുത്തശ്ശൻ വളപ്പിനകത്തുണ്ടായിരുന്ന അഗ്രശാലയിൽ ചില പ്രത്യേക പൂജകളും, സൂര്യനമസ്കാരവും, രാവിലെയും വൈകുന്നേരവും സന്ധ്യാനമസ്കാരവും ചെയ്തുവന്നു. കർക്കിടകമാസത്തിലെ കോരിച്ചൊരിയുന്ന മഴയത്തുപോലും രാവിലെയെഴുന്നേറ്റ് അമ്പലക്കുളത്തിൽ കുളിച്ച് ശിവക്ഷേത്രത്തിൽ തൊഴുത് കുറി നെറ്റിയിൽ പതിഞ്ഞുകണ്ടല്ലാതെ അമ്മ കാപ്പി തരാൻ തയ്യാറായില്ല. പാടത്ത് വെള്ളംതിരിക്കാൻ കൈക്കോട്ടുമെടുത്ത് തൊപ്പിക്കുടയും തലയിൽവെച്ച് ഒറ്റത്തോർത്തുടുത്തുപോകുന്ന പുതുക്കുടി നാരായണപ്പണിക്കർ എന്ന പ്രിയപ്പെട്ട ഹെഡ്മാഷ്, 'അവിടുന്ന് വീട്ടിലില്ലേ?' എന്ന് വാത്സല്യത്തോടെ എന്നോട് മുത്തശ്ശനെക്കുറിച്ച് ചോദിച്ചു. സന്ധ്യക്ക് നാമം ജപിച്ചശേഷം മുത്തശ്ശി കുട്ടികളായ ഞങ്ങൾക്ക് പുരാണ കഥകൾ പറഞ്ഞുതരികയും ഈശ്വരവിശ്വാസം ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. മനസ്സിലുണ്ടായിത്തീർന്ന അനേകം ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ബാബയുടെ സന്ദേശങ്ങൾ മൊഴിമാറ്റം ചെയ്യുമ്പോൾ എനിക്ക് ലഭിച്ചുവന്നത്. എല്ലാം സനാതനികളുടെ ആസ്തിക ദൃഷ്ടിയിലാണെന്നു മാത്രം.

കാഠ്മണ്ഡുവിൽ ജീവിച്ച ഹ്രസ്വമായ കാലയളവിൽ എല്ലാ ശനിയാഴ്ചകളിലും ബാബയുടെ സമാധിസ്ഥലമായ പശുപതിനാഥ ക്ഷേത്രത്തിന് തൊട്ടു കിഴക്കുള്ള ധ്രുവസ്ഥലിയിലെ കുന്നിൻമുകളിൽ ഒത്തുകൂടുന്ന അനേകം പേരുടെ കൂടെ ഞാനും ചെന്നിരിക്കുമായിരുന്നു. ബാബയുടെ കൂടെ ജീവിച്ചവരിൽ നിന്ന് മൂന്നാമത്തെ തലമുറയാണ് ഇന്നുള്ളതെന്നു പറയാം. ശ്രീ. വിഷ്ണുപ്രസാദ് തിമിൽസീനാ, അനുജൻ മധു തിമിൽസീനാ, ബാബയെക്കുറിച്ചുള്ള പ്രസിദ്ധ പുസ്തകമായ 'ലോങ് പിൽഗ്രിമേജി'ന്റെ സഹ ഗ്രന്ഥകർത്താവായിരുന്ന ഠാകൂർലാൽ മനന്ധറിന്റെ മകൻ ഗിരിധർലാൽ, ശ്രീധർ മനന്ധർ ശ്രീ. മാധവ് ഗൗതം തുടങ്ങി അനേകം പേർ അവിടെ ഒത്തുകൂടി ബാബയെക്കുറിച്ചുള്ള ഓർമകൾ പങ്കുവെക്കും.

നിളാതീരത്തെ പഴയ പൊന്നാനി താലൂക്കിൽ കുന്നംകുളത്തിനടുത്ത് എ.ഡി. 1826-ൽ ജനിച്ച ബാബ 136 വർഷം ജീവിച്ച്, പല വൻകരകളും കാൽനടയായി പ്രദക്ഷിണം ചെയ്ത്, കാഠ്മണ്ഡുവിലെ ധ്രുവസ്ഥലിയിൽ 1963-ൽ സമാധിയായി. അദ്ദേഹത്തിന് ഇരുപത് വയസ്സ് പ്രായമുള്ളപ്പോൾ മധ്യപ്രദേശത്തിൽ തപസ്സനുഷ്ഠിക്കുംകാലം ഈശ്വ

രസാക്ഷാത്കാരം (enlightment) കിട്ടിയിരുന്നു. ബാബയുടെ ജീവിതം, അല്പംപോലും ആത്മാഭിമാനമില്ലാതെ ജീവിക്കുന്ന ഇന്നത്തെ ഹൈന്ദവസമൂഹത്തിന് ഒരു മാർഗ്ഗദീപമായിത്തീരുമെന്നും വരുംതല മുറയ്ക്ക് പ്രചോദനമായിത്തീരുമെന്നും കരുതുന്നു.

ഈ ഗ്രന്ഥത്തിൽ ബാബയുടെ സന്ദേശങ്ങൾക്കായി ഞാൻ സ്വീക രിച്ചിരിക്കുന്നത് 'സ്വധർമ്മം' എന്ന പേരിൽ ശ്രീ. വിഷ്ണുപ്രസാദ് തിമിൽസീനാ രചിച്ച നേപ്പാളി ഭാഷയിലെ ഗ്രന്ഥമാകുന്നു. കൂടാതെ ചില കയ്യെഴുത്തുപ്രതികൾ, പുസ്തകങ്ങൾ എന്നിവയും സഹായക രമായിട്ടുണ്ട്.

ആധുനിക കാലത്ത് ജീവിച്ച ഋഷിയായ ബാബയുടെ ഒരു സന്ദേ ശവും മലയാള ഭാഷയിൽ ഇന്ന് ലഭ്യമല്ലാത്തതിനാലാണ് ഞാൻ ഈ ഗ്രന്ഥരചനയ്ക്ക് തുനിഞ്ഞത്. തന്റെ കിടപ്പാടത്തിലൊരിടത്ത് ഭക്ഷ ണവും വാസസ്ഥാനവും ഒരുക്കിത്തന്ന ശ്രീ. വിഷ്ണുപ്രസാദ് തിമിൽസീനായോടും അദ്ദേഹത്തിന്റെ വാത്സല്യനിധിയും വൃദ്ധ യുമായ പത്നിയോടും എനിക്കുള്ള കടപ്പാട് ആദ്യമായി രേഖപ്പെടു ത്തുന്നു.

നിളാതീരത്തെ ചരിത്രാന്വേഷണയാത്രയിൽ ഞാൻ ആദ്ധ്യാത്മി കത ഒട്ടും വിട്ടുകളഞ്ഞിട്ടില്ല. സനാതനികളുടെ ദൃഷ്ടിയിൽ ഈശ്വര നെന്നത് വെളിച്ചവും, അത് തപസ്സിനാലുള്ള ഒരു മനോനിലയുമാകു ന്നു. ഈ പഠനത്തിനായി യാദൃച്ഛികമായാണെങ്കിലും ലഭിച്ച സകല ഗ്രന്ഥങ്ങൾക്കും കാഠ്മണ്ഡുവിലെ സെന്റ് സേവിയേഴ്സ് ലൈബ്രറി യുടെ തലവൻ അനിൽമാൻ ശാക്യ എന്ന ബുദ്ധമതാനുയായിയോട് എനിക്ക് കടപ്പാടുണ്ട്. കൂടാതെ നേപ്പാളിലെ 'ഷമൻ' (ദാർശനിക) സമ്പ്രദായത്തെക്കുറിച്ച് പഠിക്കാൻ സഹായിച്ച ശ്രീ. ഛത്ര കാർക്കി തുടങ്ങിയവർക്കും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു.

ഇത് വായിച്ച് തെറ്റുകൾ തിരുത്തിത്തന്നതും മാപ്പ് തയ്യാറാക്കി ത്തന്നതും ശ്രീ. ഇ.പി. ഭാസ്കരഗുപ്തൻ ആണ്. കൂടാതെ ശ്രീ. ഒ. പി.വി. നമ്പൂതിരിപ്പാട് അവർകൾക്കും, ശ്രീ. ചെമ്മങ്ങാട് നരസിംഹൻ ഭട്ടതിരിപ്പാടിനും ശ്രീ. എം.എൻ. നീലകണ്ഠനും നന്ദി രേഖപ്പെടു ത്തുന്നു.

ബാബയെക്കുറിച്ച് ഞാൻ ആദ്യം കേൾക്കുന്നത് ശ്രീ. പാതാക്കര വാസുദേവൻ നമ്പൂതിരിപ്പാട് മാസ്റ്ററിൽനിന്നാണ്. അദ്ദേഹമാണ് അനേ കവർഷങ്ങൾക്കുമുമ്പ് 'ലോങ് പിൽഗ്രിമേജി'ന്റെ ഒരു കോപ്പി എനിക്ക് തന്ന് വായിക്കാനായി ആവശ്യപ്പെട്ടത്. ഈ അന്വേഷണങ്ങൾക്കും എഴുത്തിനുമിടയിൽ ശേഷിച്ച സംശയങ്ങൾക്ക് മറുപടി തരാതെ നമ്മെ വിട്ടുപോയ ശ്രീ. വരിക്കാശ്ശേരി കാവു നമ്പൂതിരിപ്പാടിനാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്.

എല്ലാവർക്കും ഒരിക്കൽക്കൂടി സവിനയം നന്ദിരേഖപ്പെടുത്തട്ടെ.

ഉള്ളടക്കം

പ്രവേശിക: അഗ്നിയും വെളിച്ചവും സനാതനതത്വങ്ങളും

അദ്ധ്യായം		പേജ്
1.	സ്വധർമ്മം അഥവാ സമ്യക് ജീവിതം	21
2.	ബാബയുടെ കരിമ്പടപ്പുതപ്പ് - വിറ്റാച്ചി-	46
3.	മനദാസ തുലാധരൻ ബാബയെ കാണുന്നത്	51
4.	വൈരാഗ്യവും മറ്റു വിഷയങ്ങളും	55
5.	ഭക്തി	66
6.	ഗുരു	72
7.	അറിയപ്പെടാത്ത സ്ഥലങ്ങളും ലളിതമായ സത്യങ്ങളും - മിയൻസ്	80
8.	ഈശ്വരൻ അഥവാ പരമാത്മാവ്	85
9.	ഭൗതികമായ വേർപെടൽ ഒരു വേർപെടലേയല്ല - ഹ്യൂറിപ്മാൻ	123
10.	യാത്രാക്രമം അഥവാ ധ്രുവസ്ഥലിയിലെ ജീവിതം (ബാബയുടെ ജീവിതം)	152

അനുബന്ധം : മൂന്നു പ്രശ്നങ്ങൾ - ലിയോ ടോൾസ്റ്റോയ്

ബാബയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളുടെ സൂചിക

ഫോട്ടോകൾ, മാപ്പ്

പദസൂചി

പ്രവേശിക

അഗ്നിയും വെളിച്ചവും സനാതനതത്വങ്ങളും

എസ്. രാജേന്ദു

"ആന്തരികമായ വെളിച്ചത്തിന് നിങ്ങൾ ആദ്യം പ്രാധാന്യം കൊടുക്കേണ്ടത് ഇന്ത്യൻ തത്വചിന്തക്കും ആധിഭൗതികതയ്ക്കുമാകുന്നു. ഇസ്ലാം, ക്രിസ്ത്യൻ തത്വചിന്തകൾ പിറകെ വരുന്നു. അത് എസ്കിമോകളുടെ ഷാമനിസത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു."

- ***മിർസിയ എലിയഡ്*** *(ഷാമനിസം)*

ഒന്ന്

വെളിച്ചമാണ് ഈശ്വരൻ എന്ന പ്രാചീന സങ്കല്പത്തിന്റെ ഉറവിടം

വെളിച്ചം എന്ന സങ്കല്പം മനുഷ്യചരിത്രത്തിലേക്ക് കടന്നുവരുന്നത് ബി.സി. 50000-നടുത്ത് ആദ്യ ഷമനിസ'ക്കാലത്താകുന്നു.[2] 'ഷമൻ' എന്ന വാക്കിന് അറിഞ്ഞവൻ അല്ലെങ്കിൽ 'ദർശിച്ചവൻ' എന്നർത്ഥമാകുന്നു. ഇത് വേട്ടയാടി നടന്നിരുന്നവരും നായാടി ജീവിച്ചിരുന്നവരുമായ ഒരു ജനതയുടെ (upper paleolithic) കാലത്തെ മതമായിരുന്നുവെന്നു പറയാം. ഇത് ഉടലെടുത്തത് സൈബീരിയയിലും മദ്ധ്യേഷ്യയിലുമാണ്. കൊല്ലുന്ന മൃഗത്തിന്റെ ആത്മാവ് കൊലയാളിയോട് പകരം ചോദിക്കുമെന്ന് അവർ വിശ്വസിച്ചു. ഷമൻ എന്ന പദം തന്നെ ഒരു തുംഗോ - മഞ്ചൂറിയൻ പദമാകുന്നു.

---

1 *ഷാമനിസം എന്നതിന് പ്രേതാർച്ചക മതം എന്ന നിഘണ്ടുവ്യാഖ്യാനം ഇവിടെ സ്വീകരിച്ചിട്ടില്ല. യഥാർത്ഥത്തിൽ ഷമൻ എന്നത് ഒറ്റ വാക്കിൽ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടാണെന്നും, അത് വളർന്നുവരുന്നത് നൂറുകണക്കിന് സംസ്കാരങ്ങളിലൂടെ ആയിരക്കണക്കിന് വർഷങ്ങളെടുത്താണെന്നും The Foundation for Shamanic Studies (Shamanism.org) പറയുന്നു. 'ദർശിത മതം' എന്നാണ് കൂടുതൽ നല്ല പദമെന്ന് തോന്നുന്നു. ദർശിക്കപ്പെട്ടവന്റെ വഴി എന്ന അർത്ഥത്തിൽ മാത്രമേ ഷാമനിസം എന്ന പദം ഈ ലേഖനത്തിലുടനീളം ഉപയോഗിക്കുന്നുള്ളു. നേപ്പാളി ഷാമനിസം എന്നത് ഇന്ന് വെറും മന്ത്രവാദവും ചികിത്സയുമാകുന്നു.*

2 *'The Light of Civilization' – Nicholas Hugger – 2007*

മിർസിയ ഏലിയഡ് തന്റെ 'ഷാമനിസം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: 'ഒരു വെളിച്ചം അഥവാ enlightment;' 'അറിയാനാകാത്ത ഒരു വെളിച്ചം ഷമന്റെ ശരീരത്തിൽ അനുഭവപ്പെടുകയും, അദ്ദേഹത്തിന്റെ തലച്ചോറിൽ ഒരു വിവരിക്കാനാകാത്ത വെളിച്ചം, നാളംപോലെയുള്ള അഗ്നി, ഇരുട്ടിൽ അയാൾക്ക് കാണാനാകുകയും, വാക്കുകളാൽ ജീവനുള്ളതുപോലെ പറയുന്നതായി തോന്നുകയും, അദ്ദേഹത്തിന്റെ അടച്ചുപിടിച്ച കണ്ണുകളിൽ അന്ധകാരത്തിലൂടെ, അറിഞ്ഞ കാര്യങ്ങളും വരാൻപോകുന്ന സംഭവങ്ങളും മറ്റുള്ളവരിൽ നിന്ന് മറഞ്ഞിരിക്കുന്ന വസ്തുതകൾകൂടി വെളിവാക്കുകയും ചെയ്യുന്നു.' ഇത്തരം സംഭവങ്ങൾ അന്നത്തെ ജനത ഗുഹാചിത്രങ്ങളിലും മറ്റും വരച്ചുവെച്ചു.[2]

പിൽക്കാല (പാലിയോലിത്തിക്) ഷമനുകൾ അവരുടെ ചിത്രങ്ങളിൽനിന്ന്, അറിഞ്ഞിടത്തോളം, ഷമനിസത്തിന്റെ പൂർണ്ണരൂപം ഉൾക്കൊണ്ടിരുന്നു. ഒരാൾ മരിക്കുമ്പോൾ ഒരു വെളിച്ചം അല്ലെങ്കിൽ പരമസത്യം അയാളുടെ ശരീരത്തെ കുളിപ്പിക്കും എന്നു ടിബത്തൻ ജനത വിശ്വസിച്ചു. ആത്മാവിനെക്കുറിച്ച് സനാതന മതം ഉപനിഷത്തുകളിലൂടെയും മറ്റു ഗ്രന്ഥങ്ങളിലൂടെയും പറഞ്ഞുവെച്ചു. യഥാർത്ഥത്തിൽ ഈ 'ആത്മൻ' എന്ന സങ്കല്പം, സെൽട്ടിക്കിലെ ഡ്രൂയിഡുകളുടെയും, പേർഷ്യയിലെ മാഗികളുടെയും സംഭാവനയായിരുന്നു. കൂടാതെ ഇത് അപ്പോളോയുടെ ആരാധനയിലും, ഡെൽഫിയിലെ പ്രവചനങ്ങളിലും, പൈത്തഗോറിയനിസത്തിലും കാണാൻ കഴിയും.

വെളിച്ചത്തിന്റെ ഈ അറിവ് വളർന്ന് വിശുദ്ധ വൃക്ഷങ്ങളുടെയും മലകളുടെയും രൂപങ്ങളിലെത്തിച്ചേർന്നു. ഇത് സുമേറിയയിലെ സിഗാറത്തിലും, ഈജിപ്തിലെ പിരമിഡിലും, ഹിന്ദുക്കളുടെ മേരുസങ്കല്പത്തിലും പ്രതിഫലിച്ചു. ഫിലോക്ടെറ്റസിന്റെ ഐതിഹ്യത്തിൽ വരുന്ന ഷാമന്റെ പാതാളപ്രവേശവും, ഒസീറിസിന്റെയും ഓർഫ്യൂസിന്റെയും ഒഡീസിയസ്സിന്റെയും ഏനിയാസിന്റെയും കഥകളിൽ വരുന്നതും ഇത്തരം പ്രാചീന സങ്കല്പങ്ങളാകുന്നു.

---

1 *Mircia Eliade – Shamanism – Archaic Technique of Ectasy – Princeton University Press, US, 1967.*

(ഇനി വരുന്ന വസ്തുതകളിൽ ചിലതെല്ലാം മുകളിൽ കൊടുത്ത രണ്ട് ഗ്രന്ഥങ്ങളെ അവലംബമാക്കി എഴുതിയതാകുന്നു)

2 *Cave Paintings of South Africa – Images of another World – David Drew – BBC2 – Documentary – London – April 19, 1989.*

ആൾട്ടിയാക്കിലെ ഷമനിസത്തിന്റെ തുടർച്ചയാണ് ഹിന്ദു-ബൗദ്ധ -ക്രൈസ്തവ-താവോ മതങ്ങളുടെ അന്തസ്സത്ത. അമേരിക്കയിലെ റെഡ്ഡിന്ത്യക്കാർ കിരീടത്തിൽ വെയ്ക്കുന്ന തൂവലുകൾ അഗ്നിയുടെയും വെളിച്ചത്തിന്റെയും സൂര്യ-പക്ഷിയുടെയും (Sun-bird) പ്രതീകമാകുന്നു.

ഇത്രയും പറഞ്ഞതിൽനിന്നും മദ്ധ്യേഷ്യയിലെയും തിബത്തിലെയും ഷാമനിസത്തിന്റെ തുടക്കം നിങ്ങൾക്ക് ഏതാണ്ട് മനസ്സിലായിട്ടുണ്ടാകും. സൈബീരിയ, മംഗോളിയ, തിബത്ത്, ആർട്ടിക്, മഞ്ചൂറിയ, നേപ്പാൾ, ഭൂട്ടാൻ, സിക്കിം തുടങ്ങിയ പ്രദേശങ്ങളൊക്കെ ഷാമനിസം പടർന്ന പ്രദേശങ്ങളാകുന്നു. ഇതിൽനിന്ന് ബോൾ-പോ എന്നൊരു മതം ബി.സി. 25000-നടുത്ത് തിബത്തിലും മദ്ധ്യേഷ്യയിലും ഉടലെടുത്തു.

ഭൂമി, പാതാളം, ആകാശം എന്നിവയ്ക്ക് ദേവതകളും, അവയെ നിയന്ത്രിക്കുന്ന ഷമനുകളും ഈ സങ്കല്പത്തിലുൾച്ചേർന്നതായിരുന്നു. ഇതിൽനിന്നും അർഹതന്മാരുടെയും, ബോധിസത്വന്മാരുടെയും അനേകം സങ്കല്പങ്ങളുണ്ടായി. ലാവോത്സേ, ഒരു മഹിഷത്തിന്റെ പുറത്ത് അപ്രത്യക്ഷമായി എന്ന് ബി.സി. ആറാം ശതകത്തിൽ താവോയിസ്റ്റുകൾ പറഞ്ഞു. ഗോബി മരുഭൂമിയിലെ നഷ്ടപ്പെട്ട മരുപ്പച്ചകളെക്കുറിച്ച് എ.ഡി. ഒന്നാം ശതകത്തിലെ ബോൺ ഗ്രന്ഥങ്ങളിൽ വരച്ചുവെച്ചു. മദ്ധ്യേഷ്യയിലെ അഗ്നി ആരാധകരായിരുന്ന മാഗികൾ അവരുടെ അറിവുകൾ നോസ്റ്റിക്കുകൾക്കും, അവരിൽനിന്ന് കഥറുകൾക്കും കൈമാറി. മോൺസ്റ്റിഗൂറിന്റെ ഭരണശേഷം അവർ തിബത്തിലേക്ക് പലായനം ചെയ്തു. അതിൽത്തന്നെ ഒരുകൂട്ടം ഷമനുകൾ പ്രവചനത്തെക്കുറിച്ച് പറഞ്ഞ് ഗ്രീസിലേക്കും കുടിയേറുകയുണ്ടായി.

ബുദ്ധമതം, ക്രിസ്തുമതം, ഹിന്ദുമതം, ഇസ്ലാംമതം തുടങ്ങിയ സകലതിലും അങ്ങിനെ ഷമൻ തത്വങ്ങൾ ഉൾക്കൊണ്ടുപോന്നു. ഇങ്ങിനെ വെളിച്ചമാണ് ആദിമമതങ്ങളുടെയെല്ലാം അടിസ്ഥാനമെന്ന് പൊതുവെ നമുക്ക് നിരൂപിക്കാം.

സംസ്കാരങ്ങളുടെ ഉടലെടുപ്പ്

മനുഷ്യൻ എന്നു മുതലാണ് നാഗരികതയുടെ ചിഹ്നങ്ങൾ പ്രദർശിപ്പിക്കാൻ തുടങ്ങിയത് എന്ന് കൃത്യമായി പറയാൻ സാധ്യമല്ല. ബി.സി. 4500-നടുത്ത് യൂറോപ്പിലേക്ക് കുടിയേറിയ ഇന്തോ-യൂറോപ്യന്മാരാണ് കുർഗന്മാർ. ചരിത്രാതീതകാലത്തുനിന്നുള്ള അറിവുകൾ, തുടർച്ചയെന്ന നിലയ്ക്ക് ബി.സി. 10000-നടുത്ത് ജീവിച്ചിരുന്ന മെസോലിത്തിക് ജനതയ്ക്ക് ലഭിച്ചിരുന്നു. ബി.സി. 8000-നടുത്ത്

നായാടി ജീവിക്കുന്നവർ ജറീദക്കാവിൽ വാസമുറപ്പിച്ചു. മറ്റൊരു കൂട്ടം ബി.സി. 5000-നടുത്ത് ഡാന്യൂബിന്റെ തീരത്തും വാസമുറപ്പിച്ചു. കുർഗന്മാരുടെ വെളിച്ചത്തെക്കുറിച്ചുള്ള സങ്കല്പമാണ് യൂറോപ്പിലെ റോമക്കാരുടെയും ഗ്രീക്കുകാരുടെയും സംസ്കാരത്തിലെ ദേവതാസങ്കല്പത്തിനടിസ്ഥാനമായിത്തീർന്നത്. മെഗാലിത്തിക് കാലത്തുനിന്ന് ലഭിച്ച സൂര്യ ആരാധനയും അവർ ഉപയോഗിച്ചുവന്നു. വളരെക്കഴിഞ്ഞ് ബി.സി. 2000-1500നടുത്ത് ഹാരപ്പയിലെയും മോഹൻജോദാരോവിലെയും സംസ്കാരങ്ങളുടെ കാലത്ത് സിന്ധു നദി കടന്ന് ഗംഗാസമതലത്തിൽ വേദങ്ങളുമായി കുടിയേറിയ കുർഗനുകളാണ്, ഇ ത്യയിൽ 'ഈശ്വരൻ വെളിച്ചമാണ്' എന്ന സങ്കല്പത്തിൽ സനാതനമതം ദീക്ഷിക്കുന്നവർ.[1]

സമാനമായി മെസപ്പൊട്ടോമിയക്കാർക്കും, സുമേറിയക്കാരുടെ 'പ്രകാശിക്കുന്നത്' എന്ന സങ്കല്പത്തിലുള്ള 'അനന്നാഗേ' എന്ന പ്രയോഗവും, സെൽട്ടിക്കുകളുടെ സങ്കല്പവും, റോമക്കാരുടെ ആന്തരികാഗ്നിയെക്കുറിച്ചുള്ളതും, പഴയ നിയമത്തിലെയും, പുതിയ നിയമത്തിലെയും സങ്കല്പങ്ങളും, പേർഷ്യക്കാരുടെ മിത്രനെന്ന[2] സങ്കല്പവും, സരതുഷ്ടരുടെ കാഴ്ചപ്പാടുകളും, ഇറ്റാലിയൻ ഫ്രാൻസിസ്കരുടെ വെളിച്ചമാണ് പരമോന്നതമെന്നതും, അറബികളുടെ ഇസ്ലാമിക വെളിച്ച സങ്കല്പവും, സൂഫികളുടെ 'ഫനാ' എന്നതും, ഫ്ളെമിഷുകളുടെ വെളിച്ചസങ്കല്പം ജർമൻ സങ്കല്പത്തിനടിത്തറപാകിയതും, സെൻ ബുദ്ധമതക്കാരുടെയും പിൽക്കാല പുനരുത്ഥാന കാലഘട്ടത്തിലെയും വെളിച്ച സങ്കല്പവും ശ്രദ്ധേയമായ പഠനവസ്തുതയാകുന്നു.

രണ്ട്

വെളിച്ചമാണ് ഈശ്വരൻ എന്ന ഭാരതീയ സങ്കല്പം

"മൃത്യോ! അങ്ങേക്കറിയാം ഏത് അഗ്നിയാണ് സ്വർഗത്തിലേക്ക് നയിക്കുന്നത് എന്ന്, അതിനെ കാണിച്ചുതരിക. എനിക്ക്

1 *The Light on Civilization – P. 33.*

2 *മിത്രനെന്നത് പ്രാചീന ഇറാനിലെ വെളിച്ചത്തിന്റെ ദേവതയാകുന്നു (Encyclopedia Brittannica)*

പൂർണ വിശ്വാസമുണ്ട്. ഞാൻ ചോദിക്കുന്നു, ആ അഗ്നിയെ എനിക്ക് രണ്ടാമത്തെ വരമായി നൽകുക."

*- നചികേതസ്സ് യമനോട് പറയുന്നത് (കഠോപനിഷത്ത്)**

ഇന്ത്യാസംസ്കാരം തുടങ്ങുന്നത് നഗരവത്കൃതമായ സിന്ധു നദീതട സംസ്കാരത്തിൽനിന്നാകുന്നു. ഇത് ബി.സി. 2500നും 1700നുമിടയ്ക്കാണെന്ന് കരുതുന്നു. ഇന്തോ-യൂറോപ്യൻ-ആര്യൻ ഭാഷകൾ സംസാരിക്കുന്നവർ ബി.സി. 1500നടുത്തായി ഗംഗാതടത്തിൽ താമസമുറപ്പിക്കുന്നു. അവരുടെ സാഹിത്യമായ 'വെളിച്ചം നിറഞ്ഞ' ഋഗ്വേദത്തിൽ ഇറാനിയൻ ദേവതകളായ മിത്രനെയും വരുണനെയും ഇന്ദ്രനെയും പരാമർശിക്കുന്നു. ഒരു പ്രധാന പുരോഹിതൻ രാജാവിൽ നിന്ന് ദ്രവ്യങ്ങൾ സമ്പാദിച്ച്, കുറേ പുരോഹിതരെയും പങ്കെടുപ്പിച്ച് ഈശ്വരചിന്തക്കായി മതപരമായ 'അഗ്നി ആരാധന' നടത്തുന്നു.

പുരാതനകാലത്തെ ഹിന്ദുക്കൾ, പണ്ടുകാലത്തെ ഇറാൻ ജനതയിൽനിന്ന് വികസിച്ച് വന്നവരാകുന്നു. അവർക്ക് വെളിച്ചത്തെക്കുറിച്ചുള്ള അറിവുണ്ടായിരുന്നു. ബി.സി. 2500നും 1500നുമിടയ്ക്ക് സിന്ധു നദീതട സംസ്കാരക്കാലത്താണ് ഹിന്ദുക്കളുടെ വെളിച്ചത്തെക്കുറിച്ചുള്ള അറിവ് ആദ്യമായി രേഖപ്പെടുത്തപ്പെട്ടത് അത് മോഹൻജോദാരോവിലും ഹാരപ്പയിലുമാകുന്നു. ബി.സി. 1500-നുമുമ്പുനടന്ന ഒരു യുദ്ധത്തിന്റെ ഫലമായി ഇറാനിൽ അധിവസിച്ചുവന്ന ഇന്തോ-യൂറോപ്യൻ ജനത അഭയാർത്ഥികളായിത്തീർന്നു. 'ഉർ'-റിലെ മൂന്നാമത്തെ രാജവംശക്കാലത്തും (ബി.സി. 21-ാം നൂറ്റാണ്ട്), ഹമ്മുറാബിയുടെ (ബി.സി. 1764) കാലത്തുമായിരുന്നു ഇത്.

കുടിയേറിയവർ, ഇറാനിയൻ ജനത സംബോധനചെയ്തിരുന്നതുപോലെ, 'ആര്യന്മാർ' എന്ന് സ്വയം സംബോധനചെയ്തുവന്നു. അവർ ഇന്ത്യയിലെ ദേശവാസികളുമായി ഇടകലർന്നു. അവർ അവരുടെ ദേവതകളോടൊപ്പം ഇന്ത്യൻ ദേവതകളെയും നാമകരണം ചെയ്തു. സിന്ധു നദീതടത്തിലുണ്ടായിരുന്ന രണ്ട് കൊമ്പുവെച്ച ചമ്രം പടിഞ്ഞിരിക്കുന്ന ആര്യനല്ലാത്ത ദേവതയെ അവർ ആര്യന്മാരുടെ രുദ്രനായി സങ്കല്പിച്ചു.

'അഗ്നി' - ഋഗ്വേദം പറയുന്നു: "അങ്ങൊരു ഋഷിയും, പുരോഹിതനും, രാജാവും, സംരക്ഷകനും, യാഗത്തിന് യജമാനനുമാകുന്നു." (ഋക് - 1:2). അഗ്നിയാണ് വെളിച്ചത്തെ നമുക്ക് തരുന്നത്. 'ഞാനങ്ങയെ സംബോധന ചെയ്യുന്നു, അഗ്നി! ദേവന്മാർ മനുഷ്യർക്കു വേണ്ടി നൽകിയതാണിത്. അത് രാത്രിയെ പ്രകാശമാനമാക്കുന്നു.'

* *The 10 principles of Upanishads – Tr. by Sree Purohit Swamy & W.B. Yeats.*

ഇറാനിയൻ ഹോമങ്ങളിലെങ്ങും ഉപയോഗിച്ചിരുന്നതും, സൊരാഷ്ട്രിയൻ പുരോഹിതന്മാർ ഉപയോഗിച്ചിരുന്നതെന്ന് സെന്റ് അവസ്തയിൽ പറയുന്നതുമായ സോമരസത്തെക്കുറിച്ച് ഋഗ്വേദം പറയുന്നു. (ഋക്: 8) നാലുവേദങ്ങളുടെയും പിൽക്കാല വ്യാഖ്യാനങ്ങളായ ബ്രാഹ്മണങ്ങളിൽ അഗ്നിയെ ഒരു മാധ്യമമായും, പ്രപഞ്ചസൃഷ്ടിയുടെ ശക്തിയായും പറയുന്നു. രാജാവായ പുരൂരവസ്സിനോട് ശതപഥ ബ്രാഹ്മണത്തിൽ (11:5) ഗന്ധർവന്മാർ ഇപ്രകാരം പറയുന്നു: "ഈ അഗ്നിയിൽ ആഹുതി ചെയ്യുമ്പോൾ അങ്ങ് ഞങ്ങളിലൊരാളായി മാറുന്നു."

ഇങ്ങിനെ ബി.സി. 1000-ത്തിനും 500-നുമിടയ്ക്ക് അനേകം ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും അവതരിപ്പിക്കപ്പെട്ടതായി നമുക്ക് കാണാൻ കഴിയും. ബി.സി. 600 ആകുമ്പോഴേക്കും വേദം ഒരു മതമായി (Vedism) മാറിക്കഴിഞ്ഞിരുന്നു. ബ്രഹ്മമാണ് പരമമായ ദൈവമെന്നും, അനന്തമായ ബ്രഹ്മവും മനുഷ്യശരീരത്തിലെ ആത്മാവും ഒരു പ്രാണിക ഊർജ്ജത്താൽ അഥവാ വെളിച്ചത്താൽ ഏകീകരിക്കാനാവുമെന്നും അവർ വിശ്വസിച്ചു. 'നിങ്ങളുടെ ഉള്ളിലുള്ള വെളിച്ചവും ബ്രഹ്മത്തിലെ വെളിച്ചവും ഏകീകരിക്കുക' - എന്ന് ശ്വേതാശ്വതരം പറയുന്നതിതുകൊണ്ടാണ്. മറ്റൊരിടത്ത് പറയുന്നു: "എല്ലാ അറിഞ്ഞതിൽനിന്നും ഇന്ദ്രിയസംവേദനം ചെയ്ത എല്ലാത്തിൽനിന്നും, പ്രകടിപ്പിക്കപ്പെട്ട സകലതിൽനിന്നും ഉപരിയായി, നാലാമത് അതുണ്ട്. അതാണ് തെളിഞ്ഞ ഏകമെന്ന ബോധം. അതിൽ ലോകത്തെക്കുറിച്ചുള്ള ബോധമെന്നത് പൂർണ്ണമായി ഒഴിവാക്കപ്പെട്ടിരിക്കുന്നു. അതാണ് ശാശ്വതമായ സമാധാനം. അതാണ് ഏറ്റവും ഉയർന്ന നന്മ. അതാണ് രണ്ടാമതൊന്നില്ലാത്ത ഏകം. അതുതന്നെയാണ് എന്നിലുള്ളതും." *(മാണ്ഡൂക്യം)*

ഈ ആത്മാവിന്റെ വെളിച്ചത്തെപ്പറ്റിയുള്ള അറിവ് വിഷ്ണുവിന്റെയും പത്ത് അവതാരങ്ങളുടെയും ആരാധനയ്ക്ക് വഴിവെച്ചു. ഇറാനിയൻ ഇലാമൈറ്റ് ദേവതയായ കിരിരിഷ്ണ എന്ന സങ്കല്പത്തെ കൃഷ്ണനായും, രാമനെ മറ്റൊരു അവതാര പുരുഷനായും ബി.സി. 7, 6 നൂറ്റാണ്ടുകളാവുമ്പോഴേക്കും ആരാധിച്ചുവന്നു.

വളരെ പഴക്കമുള്ളതും, വേദഗ്രന്ഥങ്ങളെ പിൻപറ്റി വളർന്നുവന്നതുമായ യോഗശാസ്ത്രം വെളിച്ചത്തെ കേന്ദ്രമാക്കിയുള്ളതാകുന്നു. ബി.സി. രണ്ടാം നൂറ്റാണ്ടിനടുത്ത് ഒരുമിച്ചു ചേർക്കപ്പെട്ടു എന്നു കരുതുന്ന പതഞ്ജലിയുടെ യോഗസൂത്രങ്ങളുടെ പഠനം ശ്രദ്ധേയമായതാകുന്നു. ആദ്യകാലത്തെ 'ആൾട്ടയിക് ഷമനിസ'ത്തിലും, തെക്കൻ ടിബത്തിലും ഇതിന്റെ വേരുകൾ കണ്ടെത്താൻ കഴിയും.

എതായാലും ബുദ്ധന്റെ കാലമാവുമ്പോഴേക്കും (400 ബി.സി.ക്കടുത്ത്) യോഗം ഒരു ശാസ്ത്രമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

യോഗത്തിലെ വെളിച്ചം സമാധിയിൽനിന്നും ലഭിക്കുന്നതാകുന്നു. പതഞ്ജലിയുടെ അഭിപ്രായത്തിൽ സമാധി എന്നത് അഗാധമായൊരു ഏകാഗ്രതയും (intense concentration) ചിത്തവൃത്തി നിരോധവുമാകുന്നു. ചിത്തം ഒരു തെളിഞ്ഞ തടാകംപോലെയാകുന്നു. അതിൽ പുരുഷൻ പ്രതിഫലിക്കുന്നു. അപ്പോൾ ആ വ്യക്തി എല്ലാ ദുഃഖങ്ങൾക്കും അതീതനായിത്തീരുന്നു.

ബി.സി. നാലാം നൂറ്റാണ്ടിൽ ഗംഗാ സമതലത്തിൽ ബുദ്ധൻ 'അഗ്നി'യെക്കുറിച്ചും 'വെളിച്ച'ത്തെക്കുറിച്ചും പറഞ്ഞു. ബുദ്ധ ധർമ്മങ്ങളുടെ അടിസ്ഥാനമെന്നത് ദുഃഖകാരണമായ ആഗ്രഹങ്ങളാകുന്ന 'അഗ്നി'യിൽനിന്നും മോചനം നേടുക എന്നതും, അപ്പോൾ ദുഃഖം കുറയുന്നു എന്നതും, ബന്ധനം അയയുന്നുവെന്നതും, അങ്ങിനെ ആഗ്രഹങ്ങളിൽനിന്നും പൂർണ്ണ മോചനം നേടി നിർവ്വാണത്തിലെത്തിച്ചേരുക എന്നതുമാകുന്നു. ജീവിതത്തിലെ പത്ത് അവസ്ഥകളിൽ ഈശ്വരസാക്ഷാത്കാരവും, നരകവും, ആഗ്രഹങ്ങളും, വിശപ്പും ബുദ്ധന്റെ വിവരണവിഷയങ്ങളാകുന്നു.* ബുദ്ധനെത്തുടർന്ന് ജൈന ചിന്തയും പുതിയ ആശയങ്ങൾ മുന്നോട്ടുവെച്ചു.

* * *

ഭാരതീയ തത്വചിന്തയിൽ അഗ്നിയുടെയും വെളിച്ചത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. മദ്ധ്യേഷ്യ വിട്ട് ഗംഗാ സമതലത്തിൽ കുടിയേറിയ ആര്യന്മാരായിരുന്നു തെന്നിന്ത്യയിലെ ദ്രാവിഡർക്ക് ശവസംസ്കാരത്തിന് അഗ്നിയെ ഉപയോഗിക്കാൻ പഠിപ്പിച്ചത് എന്നു കരുതാം. അഗ്നി ആരാധനയുടെ ഇറാനിയൻ-മെസപ്പോട്ടമിയൻ അവശേഷിപ്പുകളായി യാഗങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു.

വെളിച്ചമാണ് ഈശ്വരൻ എന്ന ചിന്ത 'ദാർശനികർ' അഥവാ ഈശ്വരസാക്ഷാത്കാരം നേടിയവർ മുന്നോട്ടുവെക്കുന്നതാണ് സനാതന ആസ്തിക മതത്തിന്റെ കാതൽ. ശ്രീ ശിവപുരി ബാബയുടെ ജീവിതവും സന്ദേശവും വായിച്ചുതുടങ്ങുന്നതിനുമുമ്പ്, പ്രാചീനമായ ഈ സങ്കല്പത്തെക്കുറിച്ചും, മാനവികതയുടെയും നാഗരികതയുടെയും അടിസ്ഥാന ചരിത്രവസ്തുതകളിലെ കേൾവികളെക്കുറിച്ചും സാമാന്യം അറിയേണ്ടിയിരിക്കുന്നു.

---

* *Basics of Buddhism – Pat Alluright – UK, 1999.*

ചില പദങ്ങളും അവയുടെ വ്യാഖ്യാനങ്ങളും

ബാജേ	ബ്രാഹ്മണരെ അബ്രാഹ്മണർ സംബോധന ചെയ്യുന്ന നേപ്പാളി പദം. 'തിരുമേനി' എന്ന മലയാളപദംപോലെ.
അഘോരി ബാബ	കാഠ്മണ്ഡുവിലെ പശുപതിനാഥ ക്ഷേത്രത്തിനടുത്ത് 19-20 നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ഒരു സിദ്ധൻ.
ഗോദാവരി	കാഠ്മണ്ഡുവിന് സമീപമുള്ള ഒരു സുന്ദരമായ താഴ്‌വര.
പശുപതിനാഥ ക്ഷേത്രം	കാഠ്മണ്ഡുവിലെ രാജാക്കന്മാരുടെ ആസ്ഥാന സമീപത്തുള്ള കുലദേവതാ ക്ഷേത്രം.
ഗോശാല	പശുപതിനാഥ ക്ഷേത്രം നിൽക്കുന്ന സ്ഥലത്തിന്റെ പേര്.
ഗോസായികുണ്ഡ്	നേപ്പാളിലെ ഒരു തീർത്ഥാടക കേന്ദ്രം.
ധ്രുവസ്ഥലി	പശുപതിനാഥ ക്ഷേത്രത്തിന് തൊട്ടുകിഴക്കുള്ള കുന്നിൻപുറം.
ബാഗ്മതി	കാഠ്മണ്ഡുവിലെ ശിവപുരി മലമുകളിൽ നിന്നും ഉത്ഭവിക്കുന്ന നദി. പ്രസിദ്ധമായ പശുപതിനാഥ ക്ഷേത്രം ഇതിന്റെ തീരത്താകുന്നു.
കാഠ്മണ്ഡു	നേപ്പാളിന്റെ തലസ്ഥാനം. കാഷ്ഠമണ്ഡപ എന്നതിന്റെ ചുരുക്കരൂപം.
ശിവപുരി	കാഠ്മണ്ഡുവിന് വടക്കുവശത്തായി സ്ഥിതിചെയ്യുന്ന പർവ്വതഭാഗം.
വിഷ്ണുപ്രസാദ് തിമിൽസീനാ	ബാബയെ അവസാനകാലത്ത് ശുശ്രൂഷിച്ച മാധവ് പ്രസാദിന്റെ മകൻ. നേപ്പാൾ രാജാവിന്റെ കീഴിൽ ഉദ്യോഗസ്ഥനായിരുന്നു. ഇന്ന് ധ്രുവസ്ഥലിയിലെ ബാബയുടെ സമാധി സംരക്ഷിക്കുന്നതിൽ മുൻകൈയെടുക്കുന്നു.

ഗിരിധർ ലാൽ മനന്തർ	ബാബയുടെ ജീവചരിത്രഗ്രന്ഥമായ Long Pilgrimage എഴുതിയത് ഇംഗ്ലീഷുകാരനായ ജെ.ജി. ബെന്നറ്റും, ഠാക്കൂർ ലാൽ മനന്തറും ചേർന്നായിരുന്നു. ഠാക്കൂർ ലാൽ മനന്തറിന്റെ മകനാണ് ഗിരിധർ ലാൽ. കാഠ്മണ്ഡുവിലെ ഗനബഹലിൽ ജീവിക്കുന്നു. ഏറെക്കാലവും ഇംഗ്ലണ്ടിലാണ് വാസം. ബാബയുടെ സന്ദേശങ്ങളെക്കുറിച്ച് വളരെ പഠിച്ച വ്യക്തി.
ഹ്യൂറിപ്മാൻ	അമേരിക്കക്കാരനായ ഹ്യൂറിപ്മാൻ ബാബയെ കാണാൻ വരുന്നതാണ് കുറിപ്പുകൾക്ക് അടിസ്ഥാനമായുള്ളത്. വളരെക്കാലം കഴിഞ്ഞ് അമേരിക്കയിൽ പോയ പ്രൊഫ. രേണുലാൽ സിങ് ആണ് റിപ്മാനെ കണ്ട് ഈ കുറിപ്പുകൾ വാങ്ങിച്ചുകൊണ്ടു വന്നത്.
മിഡൻസ്	ഒരു ആസ്ട്രേലിയൻ ഭിഷഗ്വരൻ. ബാബയെ കാണുന്നതും ജീവിതത്തിൽ അദ്ദേഹത്തിന്റെ സന്ദേശങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതുമാണ് പ്രതിപാദ്യം.

ബാബയുടെ ലോകപരിക്രമം (1877 ? - 1930)

(ലോങ് പിൽഗ്രിമേജ് എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി തയ്യാർ ചെയ്തത്)

1. ബറോഡ 2. അഫ്ഗാനിസ്ഥാൻ 3. ഇറാൻ 4. സൗദി അറേബ്യ 5. മക്ക 6. തുർക്കി 7; 8, 9, 10 വിവിധ യൂറോപ്യൻ രാജ്യങ്ങൾ 11 ഇംഗ്ലണ്ട് 12 വടക്കേ അമേരിക്ക 13 മെക്സിക്കോ 14 ബൊളീവിയ 15 ചിലി 16 ന്യൂസിലാൻഡ് 17 ആസ്ത്രേലിയ 18 ജാപ്പാൻ 19 ചൈന 20 നേപ്പാൾ 21 ബനാറസ്

അദ്ധ്യായം ഒന്ന്

സ്വധർമ്മം അഥവാ ആത്മസമർപ്പണം*

ചോദ്യം: ബാബ! എന്തുകൊണ്ടാണ് നാം ദുഃഖിതരായിരിക്കുന്നത്?

ഉത്തരം: കാരണം നിങ്ങൾ ശരിയായി ജീവിക്കുന്നവരല്ലാത്തതിനാൽ.

ചോദ്യം: ശരിയായ (സമ്യക്) ജീവിതം എന്നതുകൊണ്ട് അങ്ങെന്താണ് അർത്ഥമാക്കുന്നത്?

ഉത്തരം: സമ്യക് ജീവിതം എന്നതുകൊണ്ട് അർത്ഥമാക്കുന്നതിതാണ്. ആദ്യമായി അതിന് ഒരു ലക്ഷ്യമുണ്ടായിരിക്കണം. അത് വിവേകത്തോടുകൂടിയതും ശരിയായി ചിട്ടയോടെയുള്ള സമീപനമുൾക്കൊണ്ടതുമായിരിക്കണം. സമ്യക് ജീവിതത്തിൽ കർത്തവ്യങ്ങൾക്കുള്ള സ്ഥലം വേണ്ടത്രയുണ്ടാക്കുക. ആ കർത്തവ്യങ്ങൾ ദൈവസാമീപ്യത്തിനായി നിറവേറ്റുന്നതായിരിക്കുകയും വേണം.

ഈ ജീവിതം നിങ്ങൾ നയിക്കേണ്ടത് സത്വഗുണങ്ങൾ നേടുന്നതിനുവേണ്ടി മാത്രമായിരിക്കണം.

ചോദ്യം: ഈ ജീവിതത്തിന്റെ ഉപരിലക്ഷ്യം എന്തായിരിക്കണം?

ഉത്തരം: പരമാത്മാവിനെ അറിയുക അഥവാ ദൈവസാമീപ്യം അനുഭവിക്കുക.

ചോദ്യം: ബാബ! എന്തിനാണ് നാം ഇങ്ങനെ ദൈവത്തെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നത്?

ഉത്തരം: പരമാത്മാവിനെ അറിയുകയും കാണുകയും ചെയ്യുന്നതിന് മുന്പ് നമുക്ക്; സർവശക്തിയെന്തെന്നും, സർവജ്ഞാനമെന്തെന്നും, സർവവ്യാപി എന്നാൽ എന്തെന്നും അറിയുക സാധ്യമല്ല. നമുക്ക് ത്രിവിധ താപങ്ങളായ ചിന്ത, ഭയം, അജ്ഞാനം എന്നിവയിൽനിന്നും ഒരിക്കലും മുക്തി ലഭിക്കുന്നതുമല്ല.

ചോദ്യം: ബാബ! നമുക്ക് സ്വധർമ്മം അഥവാ സമ്യക് ജീവിതം എന്ന വിഷയത്തെക്കുറിച്ച് കുടുതൽ കേൾക്കാൻ കഴിയുമോ?

ഉത്തരം: സ്വധർമ്മത്തിൽ മുന്നു തത്വങ്ങളുണ്ട്. വിവേകം, വിചാരം,

---

* ഇവിടെ ചോദ്യകർത്താക്കൾ പലരാകുന്നു. എന്നാൽ ഉത്തരം നൽകുന്നത് ബാബ മാത്രവും

ആത്മസമർപ്പണം (ഭക്തിയോഗം). ജീവിതത്തിൽ നിത്യവൃത്തിക്കായി കർമ്മം അനുഷ്ഠിക്കുകയും സ്വശരീരം നിലനിർത്തുകയും വേണം.

നിങ്ങളുടെ ശരീരം ഒരു യന്ത്രംപോലെയാണ്. ഒരു കാറ് ഓടണമെങ്കിൽ ഇന്ധനം കൂടിയേ തീരൂ. കാറ് ഒരു പ്രദർശനവസ്തുകൂടിയാണല്ലോ? അതുപോലെയാണ് ശരീരവും. അത് ചില പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. സമൂഹത്തിനുവേണ്ടിയും, കുടുംബത്തിനുവേണ്ടിയും, സർവോപരി രാജ്യത്തിനുവേണ്ടിയും നിങ്ങൾ പ്രവൃത്തികളിലേർപ്പെട്ടിരിക്കുന്നു. ഈ കർമ്മങ്ങൾ നിങ്ങൾ നിത്യവും അനുഷ്ഠിക്കേണ്ടവയാകുന്നു. നിങ്ങൾക്ക് ഈ കർമ്മങ്ങൾ ശരിയായി നിറവേറ്റാൻ തെളിഞ്ഞ ബുദ്ധിയും, നിർമ്മലമായ മനസ്സും അത്യാവശ്യമാണ്.

ചോദ്യം: കർമ്മങ്ങൾ ശരിയായി തീർക്കുന്നതിനായി നാം എങ്ങിനെയാണ് മനസ്സും ബുദ്ധിയും തെളിമയോടെ നിർത്തുക?

ഉത്തരം: നിങ്ങൾ ഭഗവത്ഗീതയിലെ പതിനാറാം അധ്യായം വായിച്ചു നോക്കുക. അതിലെ ആദ്യത്തെ മൂന്നു ശ്ലോകങ്ങളുടെ അർത്ഥം മനസ്സിലാക്കുക. ഈ മൂന്നെണ്ണത്തിൽ പറയുന്നത്; അഭയം, ദാനം, പരോപകാരം, സത്യം, അക്രോധം തുടങ്ങിയ ദിവ്യഗുണങ്ങളെക്കുറിച്ചാകുന്നു. നിങ്ങൾ ഈ ഗുണങ്ങൾ അനുഷ്ഠിക്കാനുള്ള കർമ്മങ്ങളിൽ വ്യാപൃതരാവുക. ഇവ ദൈവസാമീപ്യത്തിനും പരമാത്മാവിനെ അറിയുന്നതിനുമുള്ള മാർഗ്ഗങ്ങളാകുന്നു. ഇതിനെയാണ് ആത്മസമർപ്പണം അഥവാ ഭക്തിയോഗം എന്നു വിളിക്കുന്നത്.

പ്രധാനമായും നാം ശ്രദ്ധിക്കേണ്ടത് അപ്രധാനമായ കാര്യങ്ങളിൽ വൃഥാ സമയം ചിലവഴിക്കരുത് എന്നാകുന്നു. ദൈവകാര്യങ്ങളിൽ കൂടുതൽ വ്യാപൃതരാവുക. ആവശ്യമില്ലാത്ത കാര്യങ്ങളിൽ നിന്നും പൂർണ്ണമായി മുക്തരാവുക. തുടക്കത്തിൽ ഒരു നിമിഷമെങ്കിലും ദൈവത്തെക്കുറിച്ച് ചിന്തിക്കാനുപയോഗിക്കുക. ബാക്കി ഒരു മിനിറ്റിൽ അമ്പത്തൊമ്പതു നിമിഷവും നിങ്ങൾ നിത്യകാര്യങ്ങളിൽ വ്യാപൃതരായിക്കൊള്ളൂ! കാലക്രമേണ കൂടുതൽ സമയം ദൈവികചിന്തകളിൽ മുഴുകാനുപയോഗിക്കുക.

ഇപ്പോൾ ഞാനൊരു കഥ പറയാം: വൈശ്യനായ തുലാധരന്റെ കഥ, മഹാഭാരതത്തിൽ യുധിഷ്ഠിരനുമായി ബന്ധപ്പെട്ടുവരുന്നതാണ്. ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനായി സാധാരണ മനുഷ്യന്റെ കർമ്മങ്ങളുമായി ബന്ധപ്പെട്ട് ഈ കഥയുടെ പൊരുളെന്തെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരാം.

കഥ ഇപ്രകാരമാണ്: ജാജലി എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. വർഷക്കാലത്ത് പെരുമഴയത്ത് തുറസ്സായ സ്ഥലത്ത് കിടന്നുറങ്ങും. കൊടുംവേനലിലെ മധ്യാഹ്നത്തിൽ നട്ടപ്പൊരി വെയിലത്ത് വിശ്രമിക്കും. ദൈവത്തെ വിചാരിച്ചാണ് എല്ലായ്പ്പോഴും കഴിഞ്ഞുപോന്നത്.

ഇങ്ങനെ ജീവിച്ചുവന്നപ്പോൾ ധർമ്മത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാൻ ജാജലിക്ക് സാധിച്ചില്ല. ജടയിൽ പക്ഷികൾ കൂടുകൂട്ടുകയും മുട്ടകളിട്ട് വിരിയിച്ച് കാലന്തോറും കുഞ്ഞുങ്ങളുമായി പറന്നുപോവുകയും ചെയ്തു. ശരീരം മലിനമായിത്തീർന്നത് ജാജലി അറിഞ്ഞില്ല. ഇതൊക്കെ വലിയ സിദ്ധികളാണെന്ന് അദ്ദേഹം കരുതി. അതിൽ അഹങ്കരിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ഒരു അശരീരിയുണ്ടായി. അതിപ്രകാരമായിരുന്നു: 'നിങ്ങൾ ഒരു ധർമ്മാത്മാവോ സിദ്ധനോ അല്ല. തുലാധരൻ എന്നു പേരായിട്ട് കാശിയിൽ ജീവിക്കുന്ന ഒരു കച്ചവടക്കാരനുണ്ട്. അയാളുടെ ജീവിതം അറിയുക!'

അശരീരി ജാജലിയിൽ വലിയ ആകാംക്ഷയുണർത്തി. ജാജലി കാശിക്ക് പുറപ്പെടാൻ തീർച്ചയാക്കി.

ഏറെ ദിവസങ്ങൾ നടന്ന് ജാജലി വാരാണസിയിലെത്തി, ആ വണിക്കിനെ കണ്ടു.

തുലാധരൻ പറഞ്ഞു: 'നിങ്ങൾ എന്നെ കാണാൻ വരുന്ന വിവരം എനിക്ക് നേരത്തേ അറിയാം. സിദ്ധി കിട്ടിയപ്പോൾ നിങ്ങൾ വലിയ അഹങ്കാരിയായിത്തീർന്നിട്ടുണ്ട്. അശരീരി കേട്ടപ്പോഴാണ് നിങ്ങൾ എന്നെ കാണാൻ പുറപ്പെട്ടിരിക്കുന്നത്!'

തുലാധരന്റെ വാക്കുകൾ കേട്ടപ്പോൾ ജാജലി അമ്പരന്നു. ജാജലി ചോദിച്ചു: 'തുലാധരാ! അങ്ങ് എങ്ങിനെയാണ് ഇതൊക്കെ അറിഞ്ഞത്?'

വൈശ്യനായ തുലാധരൻ ബ്രാഹ്മണനായ ജാജലിയോട് പറഞ്ഞു: 'മറ്റുള്ളവരെ ദ്രോഹിക്കാതിരിക്കുക! നിങ്ങളുടെ മനസ്സും, വചനവും, ക്രിയയും മറ്റുള്ളവരുടെ ഉയർച്ചക്കായി ഉപയോഗിക്കുക. നിങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റപ്പെടുന്നത് മറ്റുള്ളവരുടെ ക്ഷേമത്തിനുവേണ്ടികൂടിയാണെന്ന് ഉറപ്പിക്കുക. സ്വർണവും മൺതരിയും സമമായി കാണുക. ഇങ്ങനെയുള്ള ഒരാൾക്ക് മാത്രമേ ധർമജ്ഞനായി വർത്തിക്കാൻ കഴിയൂ.'

തുലാധരൻ തുടർന്നു: 'അല്ലയോ ബ്രാഹ്മണാ! ഈ ലോകത്തിൽ നാം വളരെ കുറച്ചുകാലത്തേക്ക് മാത്രമായി വരുന്നവരാണ്. നമ്മുടെ ശരീരം ഒരു ദിവസം കനലിൽ വിറകുചീളുകൾ എന്നപോലെ എരിഞ്ഞുതീരും. ഒഴുകുന്ന ഒരു നദിപോലെയാണ് ജീവിതം. അതിൽ പലതും കലരും. നന്മയും തിന്മയും അതിലുണ്ടാവും. കല്ലോലിനി പോലെയാണ് ഈ പ്രപഞ്ചത്തിലെ സകല ജീവിതങ്ങളും.'

വണിക് ഇപ്രകാരം പറഞ്ഞുനിർത്തി: 'ജാജലീ! അങ്ങ് നല്ല മനുഷ്യരുമായി കൂട്ടുകൂടുക! ദൈവകാര്യങ്ങളിൽ വ്യാപൃതനാവുക! മറ്റുള്ളവരുടെ സമ്പത്തിൽ കണ്ണുവെക്കാതിരിക്കുക! അഹിംസ അനുഷ്ഠിക്കുക! അറിവുള്ളവർ പറയുന്നത് അനുസരിക്കുക!'

ബ്രഹ്മം സകലയിടത്തുമുണ്ട്. അത് സകല മനുഷ്യരിലും കുടികൊള്ളുന്ന ചേതനയുടെ ഭാഗമാണ്. അതിനാൽ മനുഷ്യരെ വ്യത്യസ്തരായി കാണാതിരിക്കുക. നിങ്ങളുടെ മനസ്സുതന്നെയാണ് ഏറ്റവും വലിയ തീർത്ഥം. അതിനാൽ ലോകം മുഴുവൻ നടന്ന് തീർത്ഥാടനം ചെയ്യേണ്ട കാര്യമില്ല.

മറ്റുള്ളവരെ; അവർ നിങ്ങളെ പ്രശംസിക്കുന്നവരോ വെറുക്കുന്നവരോ ആകട്ടെ; സമരായി കാണുക!'

ബ്രാഹ്മണനായ ജാജലിയുടെ അഹങ്കാരം വണിക്കായ തുലാധരന്റെ വാക്കുകളിൽ അലിഞ്ഞില്ലാതായി. കുറച്ചുകാലംകൂടി ജീവിച്ച ശേഷം രണ്ടുപേരും സ്വർഗാരോഹണം ചെയ്ത് അവരുടെ സത്കർമ ഫലങ്ങൾ അനുഭവിച്ചു (മഹാഭാരതം: ശാന്തിപർവവും മോക്ഷ പർവവും കാണുക).

ചോദ്യം: ബാബ! എവിടെനിന്നാണ് സ്വധർമ്മത്തെക്കുറിച്ച് നമുക്ക് അറിയാൻ കഴിയുക?

ഉത്തരം: നാല് വേദങ്ങളിലും; രാമായണം, മഹാഭാരതം, ഭാഗവ നം
ഉത്തരം: നാല് വേദങ്ങളിലും; രാമായണം, മഹാഭാരതം, ഭാഗവതം
തുടങ്ങിയ പുരാനേങ്ങളിലും ഇതിഹാസങ്ങളിലും സ്വധർമത്തെക്കു
റിച്ച് പ്രതിപാദിക്കുന്നുണ്ട്. പക്ഷെ, ഒന്നോർക്കുക - ഗ്രന്ഥങ്ങളിൽ
പറയുന്നത് വളരെ സാധാരണ കാര്യങ്ങളാണ്. പൊതുവിലുള്ള തത്വ
ങ്ങൾ എന്നു പറയാം. ഒരു സാധകന് സത്യത്തെയും ദൈവത്തെയും
അറിയുന്നതിന് ഒരു ജീവന്മുക്തഗുരു ആവശ്യമാണ്, അത്യാവശ്യമാ
ണെത്. ഗുരുവില്ലെങ്കിൽ ശാസ്ത്രത്തിന്റെ ശരിയായ അർത്ഥം മനസ്സിലാ
ക്കാൻ സാധ്യമല്ല എന്നു മാത്രമല്ല, നിങ്ങൾക്ക് വഴിതെറ്റി എന്നും വരാം.

ദൈവത്തെക്കുറിച്ച് ആലോചിക്കുമ്പോൾ നിങ്ങൾ ശൂന്യതയിലെ

ത്തിച്ചേരും. ഒരു വലിയ ശൂന്യാവസ്ഥ. ഈ അവസ്ഥയിൽപോലും നമുക്ക് ദൈവസാമീപ്യം അനുഭവവേദ്യമാകും.

ചോദ്യം: എന്താണ് സ്വധർമ്മവും മറ്റു മതങ്ങളും തമ്മിലുള്ള വ്യത്യാസം?

ഉത്തരം: സ്വധർമ്മം എന്നത് പരമാത്മാവ് നേരിട്ട് നൽകിയ പഠനമാർഗ്ഗമാകുന്നു. അത് സൃഷ്ടിയിൽത്തന്നെ, ലോകാരംഭത്തിൽത്തന്നെ തുടങ്ങിയതാകുന്നു. ജീവന്റെയും ജീവസൃഷ്ടിയുടെയും ശരീരരക്ഷയുടെയും ഭൗതികജീവിതത്തിൽനിന്നുള്ള മുക്തിയും, ജനന-മൃത്യു ചക്രങ്ങളിൽനിന്നുള്ള മുക്തിയും ഇന്നും നമ്മോടൊപ്പമുണ്ട്. ഇവയൊക്കെ ലോകാരംഭത്തിലേ തുടങ്ങിയതാണ്. ശുദ്ധരും, ആത്മാനുഭൂതി നിറഞ്ഞവരുമായ മഹദ്വ്യക്തികൾ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. അതിനാലാണ് നാം നമ്മുടെ അവശ്യ നിവൃത്തികൾ നിറവേറ്റണമെന്നും, സന്ധ്യാസമയത്ത് ദൈവസാമീപ്യം അറിയണമെന്നും പറയുന്നത്.

ചോദ്യം: ബാബ! സ്വധർമ്മം എന്നത് നമ്മുടെ ഒരേയൊരു നീതിധർമ്മം മാത്രമാണോ?

ഉത്തരം: ഇന്ന് ചില ശാസ്ത്രകാരന്മാർ ജാതിയെപ്പറ്റിയും വർണാശ്രമ ധർമ്മത്തെപ്പറ്റിയും പറയുന്നുണ്ട് - അതാണ് സ്വധർമ്മമെന്ന്. ഇത് സ്വധർമ്മത്തിന്റെ ഉദ്ദേശ്യം പരമാത്മ ദർശനത്തിന് മൂന്ന് അനുശാസനങ്ങ ൾ (ശാരീരിക-നൈതിക-ആദ്ധ്യാത്മിക അനുശാസനങ്ങൾ) വേണമെന്നാകുന്നു.

ചോദ്യം: എന്താണ് വർണാശ്രമ ധർമ്മം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

ഉത്തരം: ഈ വർണാശ്രമ ധർമ്മം, സമാജം ഉണ്ടാക്കിയതാണ്. ഇതിനെ ശ്രമവിഭജനം അഥവാ ജോലിയിലധിഷ്ഠിതമായ വിഭജനം എന്നു വിളിക്കാം. വേദകാലത്ത് വർണാശ്രമധർമ്മം നിലനിന്നിരുന്നില്ല എന്നു നാം മനസ്സിലാക്കണം. പരമാത്മാദർശനത്തിന് ശ്രമിക്കുന്ന ഒരു വ്യക്തി ഒരിക്കലും വർണാശ്രമധർമ്മം പാലിക്കണമെന്ന് എവിടെയും പറയുന്നില്ല.

ചോദ്യം: ബാബ! പരമാത്മാദർശനത്തിന് സ്വധർമ്മ സാധന മാത്രമാണോ ഒരു ഉപായമായുള്ളത്?

ഉത്തരം: അതെ! ഈ സ്വധർമ്മത്തിന്റെ പരമ ലക്ഷ്യം പരമാത്മാ ദർശനം മാത്രമാകുന്നു. അതിനാൽ ഭൗതികസുഖങ്ങൾക്കിടയിലും

നിരന്തരാഭ്യാസം നടത്തി സ്വധർമ്മം എന്തെന്ന് ഓർമിക്കണം. ആരാണോ സ്വയം സ്വധർമ്മം പരിപാലിക്കുന്നത് അവനെ പരമാത്മാ പരിപാലിക്കുന്നതും ഒരു ദിവസം പരമാത്മാവിന്റെ സാമീപ്യം അവന് അനുഭവവേദ്യമാകുന്നതുമാണ്. അങ്ങിനെ അവന് ജന്മ-മരണ ചക്രത്തിൽ നിന്ന് മോചനം ലഭിക്കുന്നു.

ചോദ്യം: ബാബ! മൂന്ന് അനുശാസനങ്ങളും സകലർക്കും ഒരുപോലെ അനുഷ്ഠിക്കത്തക്കതാണോ?

ഉത്തരം: അടിസ്ഥാനമായ കാര്യങ്ങൾ അഥവാ ആധാരങ്ങൾ സകലർക്കും ഒരുപോലെയാകുന്നു. പക്ഷെ, ഇതിന്റെ കാരണമായ വസ്തുതകൾ വ്യത്യസ്തമാണ് - അവ കാലം, സ്ഥലം, സാഹചര്യം എന്നിവയ്ക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഒരിക്കലും നിങ്ങളുടെ ജീവിതത്തിലെ ഭൗതിക ഉത്കർഷത്തിനായി ഉപയോഗിക്കാവുന്നതല്ല സ്വധർമ്മം. അതിനാൽ സ്വധർമ്മമെന്നത് ഒരു വ്യക്തി അനുഷ്ഠിക്കേണ്ട നിവൃത്തിമാർഗമോ പ്രവൃത്തിമാർഗമോ ആയിത്തീരേണ്ടതാണ്.

ചോദ്യം: എന്താണ് മനുഷ്യജീവനും മറ്റു പ്രാണികളുടെ ജീവനും തമ്മിലുള്ള വ്യത്യാസം?

ഉത്തരം: മനുഷ്യജീവൻ - അതിനെ കർമ്മഭൂമിയെന്നും വിളിക്കാം. മറ്റു പ്രാണികളുടെ ജീവൻ ഭോഗഭൂമിയാകുന്നു. കർമ്മഫലമാണ് മനുഷ്യജീവൻ അനുഭവിക്കുന്നത്. മനുഷ്യജീവന് കർമ്മഫലാസാനുസാരിയായി ഫലങ്ങൾ ലഭിക്കുന്നു. കർമ്മങ്ങൾക്കനുസരിച്ച് മനുഷ്യജീവന് ഉയർച്ചയോ താഴ്ചയോ കൈവരുന്നു. പ്രാണിജീവന് പരമാത്മാ സാമീപ്യം അനുഭവിക്കാനോ, അതിനാൽ വന്നുചേരുന്ന ജന്മ-മരണ ചക്രത്തിൽനിന്നു മോചനം ലഭിക്കുവാനോ സാധ്യമാകുന്നില്ല.

ഉദാഹരണമായി രാജാവായ ഖട്വാംഗന്റെ കഥ ഭാഗവതത്തിൽ പറയുന്നത് ഞാനുദ്ധരിക്കാം: ഒരു മുഹൂർത്തത്തിൽ ദൈവസാമീപ്യം അനുഭവിക്കുംവരെ രാജാവ് വളരെ സുഖഭോഗങ്ങൾ നിറഞ്ഞ ജീവിതമാണ് നയിച്ചുവരുന്നത്. അതിനാൽ ഒരു മുഹൂർത്തത്തിൽ പരമാത്മ ദർശനം ലഭിക്കുകയും ജീവിതം സ്വധർമ്മ പഥത്തിലേക്ക് കൊണ്ടുവരികയും ചെയ്തു.

ഗീതയിൽ, ഭഗവാൻ കൃഷ്ണൻ ഭക്തരെ നാലുതരത്തിൽ തിരിച്ചിട്ടുണ്ട്. ആർത്തൻ, ജിജ്ഞാസു, അർത്ഥാർത്ഥി, ജ്ഞാനി എന്നിങ്ങനെ. ഇതിൽ ജ്ഞാനി ഭക്തനാണ്, സർവശ്രേഷ്ഠനെന്നു പറയുന്നു. കാരണം ജ്ഞാനി ഈ ലോകം അല്പമാത്രവും നാശമാത്രവുമാ

ണെന്നു കരുതുന്നു. മുജ്ജന്മങ്ങളിലെ തിന്മകളിലുള്ള പ്രാരാബ്ധങ്ങൾ നീങ്ങിയാലേ, ജീവന്മുക്തി ലഭിച്ച്, ജന്മ-മൃത്യു ചക്രത്തിൽനിന്ന് മോചനം ലഭിക്കുകയുള്ളൂ.

ചോദ്യം: ബാബ, എങ്ങിനെയാണ് നാം പരമാത്മാദർശനം എന്ന വാഞ്ഛിതമായ ഇച്ഛ സാക്ഷാത്കരിക്കുക?

ഉത്തരം: കർമകുശലതയിൽക്കൂടി മാത്രമേ നമുക്ക് പരമാത്മദർശനം സാധ്യമാകു. പൂർവജന്മങ്ങളിൽ സദ്കർമ്മം ചെയ്ത് ദൈവികസമ്പത്ത് നേടിയവർക്ക് ദൈവസാക്ഷാത്കാരം എളുപ്പമാണ്. കാരണം അവർ സുകൃതികളാണ് എന്നതത്രെ. ഈ ജന്മത്തിൽ അതിനാൽ നാം സത്കർമം അനുഷ്ഠിക്കാൻ ശ്രദ്ധിക്കണം.

ചോദ്യം: വർണം, ജാതി, മതം എന്നിവയ്ക്കതീതമായി സകല മനുഷ്യർക്കും സ്വധർമ്മം അനുഷ്ഠിച്ച് പരമാത്മ സാക്ഷാത്കാരം സാധ്യമാക്കാനാകുമോ?

ഉത്തരം: ഉവ്വ്! സ്വധർമ്മം എല്ലാ വ്യക്തികൾക്കും അനുഷ്ഠിക്കാവുന്നതാണ്. വിജയവും പരാജയവും ആപേക്ഷികമാകുന്നു. സാധകൻ ഒരിക്കലും നന്മയെയും വിജയത്തെയും മാത്രം തേടിപ്പോകുന്നില്ല. അതിനാൽ ചിലപ്പോൾ അനിഷ്ടസഫലങ്ങളും ഉണ്ടായേക്കാം. മനുഷ്യന്റെ ഒരു പ്രത്യേകത അവൻ വിജയത്തിൽ സന്തോഷവാനാകുകയും, അല്ലാത്ത ഫലങ്ങളിൽ മനോവിഷമമുള്ളവനായിത്തീരുകയും ചെയ്യും എന്നതാകുന്നു. ഗീതയിൽ കൃഷ്ണൻ അർജ്ജുനനോട് പറയുന്നുണ്ട്? കർമങ്ങൾ അനുഷ്ഠിക്കുക! കർമഫലം ത്യജിക്കുക എന്ന്. നിങ്ങൾ കർമത്തിൽ വ്യാപൃതരാവുക. ഫലങ്ങൾ താനേ നിങ്ങളെത്തേടി വന്നുകൊള്ളും.

ചോദ്യം: ബാബ! സ്വധർമ്മാനുഷ്ഠാനത്തിലെ കർമ്മഫലോന്നതിക്ക് നമുക്ക് എന്താണ് ചെയ്യാനാവുക?

ഉത്തരം: മൃത്യു പിറകെയുണ്ട്, അഥവാ ഒരിക്കൽ നമുക്ക് അതിനെ അഭിമുഖീകരിക്കേണ്ടിവരും എന്ന് നാം എപ്പോഴും ചിന്തിക്കുക. അപ്പോൾ നമുക്ക് സ്വധർമ്മം അഥവാ നല്ല ജീവിതം നയിക്കുന്നതിന് ഒരു ബുദ്ധിമുട്ടും തോന്നുകയില്ല. സ്വധർമ്മം എന്നത് എല്ലാ ശാസ്ത്രങ്ങളുടെയും സാരാംശമാകുന്നു.* അതിനെ നമുക്ക് പേപ്പർ നോട്ടുകളായും നാണയങ്ങളുമായും താരതമ്യപ്പെടുത്താം. ഒരു നാണയനിധി

* അഷ്ടാദശ പുരാണേഷു വ്യാസേന വചനദ്വയം
പരോപകാരായ പുണ്യായ പാപായ പരപീഡനം.

നമുക്ക് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ഏറ്റിക്കൊണ്ടുപോവുക ബുദ്ധിമുട്ടാണല്ലോ. പക്ഷേ, കടലാസുനോട്ടുകൾ എളുപ്പത്തിൽ കൊണ്ടുപോകാനാവും. എല്ലാ ശാസ്ത്രങ്ങളും നാണയശേഖരങ്ങൾ പോലെ ഭാരമുള്ളതാണ്. സ്വധർമ്മാനുഷ്ഠാനമാകട്ടെ, ഭാരംകുറഞ്ഞ മുദ്രകൾപോലെ എളുപ്പത്തിൽ ജീവിതത്തിലുടനീളം കൊണ്ടുനടക്കാവുന്നതാണ്.

ചോദ്യം: ബാബ! നവഗ്രഹങ്ങളിൽ എട്ടെണ്ണം ഒരേ നിരയിൽ വരുന്ന ദിവസം* ലോകത്തിലെങ്ങും പലവിധ അപകടങ്ങളും വന്നുചേരുമെന്ന് ഭവിഷ്യബ്ദന്മാർ അഥവാ ജ്യോതിഷികൾ പറയുന്നു. ഇത് ശരിയാണോ?

ഉത്തരം: ഇത്തരം കാര്യങ്ങൾ ചിന്തിച്ചിരുന്നാൽ നിങ്ങൾക്ക് സ്വധർമ്മ അനുഷ്ഠിക്കുവാൻ എവിടെയാണ് സമയം ലഭിക്കുക? നിങ്ങൾ ശ[illegible]യായി ഒരു സ്വധർമ്മാനുഷ്ഠാനുസാരിയാണെങ്കിൽ ഇതൊക്കെ ചിന്തിച്ച് സമയം കളയാതിരിക്കുക. ഒരു പ്രളയം വന്നു എന്നു കരുതി കർമ്മങ്ങൾ അനുഷ്ഠിക്കാതിരുന്നാൽ പരമാത്മദർശനം എങ്ങിനെയാണ് സാധ്യമാവുക? കർമ്മങ്ങൾ വിളമ്പാനുള്ള ഇലപോലെയാണ്. ധ്യാനം അതിൽ വിളമ്പുന്ന ഭക്ഷണംപോലെയും. നിങ്ങൾ കർമങ്ങൾ അനുഷ്ഠിച്ച് മുന്നോട്ടു പോവുകയാണെങ്കിൽ ധ്യാനം കൂടുതൽ എളുപ്പമാകും.

ചോദ്യം: നിത്യജീവിതത്തിലെ കഷ്ടനിവാരണത്തിനായി നാം എന്താണ് ചെയ്യേണ്ടത്?

ഉത്തരം: നാം സാധാരണയായി മഴയിൽനിന്നും രക്ഷനേടുന്നതിനായി കുട ഉപയോഗിക്കാറുണ്ടല്ലോ. എങ്കിലും ചില തുള്ളികൾ മേലിൽ പതിച്ചേക്കാം. അതുപോലെ ദൈവചിന്തയിൽ മുഴുകി സ്വധർമ്മം അനുഷ്ഠിച്ചുവരുമ്പോഴും ചില ദുഷ്പരിണാമങ്ങൾ വന്നു ഭവിച്ചേക്കാം.

ഉദാഹരണമായി ലങ്കാദഹനത്തിൽ, ഹനുമാൻ ലങ്കാനഗരി ചുട്ടെരിച്ചപ്പോൾ വിഭീഷണന്റെ കൊട്ടാരം മാത്രം കത്തിയെരിയാതെ നിന്നതു കാണുക.

ചോദ്യം: ബാബ! നാം നിത്യജീവിതത്തിലെ മായയാകുന്ന കെണിയിൽപ്പെട്ട് ഭൗതിക വിഷയങ്ങളിൽ ചുറ്റിത്തിരിയുകയാണ്. എന്താണിങ്ങനെ സംഭവിക്കാൻ കാരണം?

ഉത്തരം: സ്വധർമ്മം അനുഷ്ഠിക്കുന്ന ഏതൊരു വ്യക്തിക്കും മായ

* 1960-കളുടെ തുടക്കത്തിൽ നേപ്പാളിൽ പരന്ന ഒരു കിംവദന്തിയാണിത്.

അല്ലെങ്കിൽ ഭൗതിക വിഷയങ്ങളെക്കുറിച്ചുള്ള അറിവുണ്ടായിരിക്കണം. എന്നാൽ ആന്തരികമായി അതിനുള്ള സ്ഥലം അനുവദിക്കയുമരുത്. ഭൗതികമായ കാമ-ക്രോധ-ലോഭ-മോഹങ്ങളിൽനിന്ന് അകലം പാലിക്കുക. ഇവ മായയിൽനിന്ന് ജന്യമായതാകുന്നു. എന്നാൽ അവയെ പൂർണമായി ഒഴിവാക്കാനും സാധ്യമല്ല. നമ്മുടെ വിവേകം ദേശ-കാല-പരിസ്ഥിതികളിൽ വേണ്ടവിധം ഉപയോഗിക്കുക.

ലോകത്തിൽ ദോഷങ്ങളില്ല - ഉള്ളവ നമ്മുടെ ഉള്ളിലാകുന്നു.[1] സംസാരവിഷയങ്ങളിൽനിന്ന് കരകയറാനുള്ള ഒരേയൊരു മാർഗം സ്വധർമ്മം അഥവാ ശരിയായ ജീവിതം നയിക്കുക എന്നതാകുന്നു. കർമങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാതിരുന്നാൽ നിങ്ങൾ ഭ്രാന്തനാകും. ഏതൊരു സാധകനും വില്വമംഗലത്ത് സ്വാമിയാരെപോലെ പരമാത്മപഥത്തിൽ വളരെ ഉറച്ച ലക്ഷ്യം അനിവാര്യമാണ്.[2]

ലക്ഷ്യമെന്നത് ഒരു കേവല സ്ത്രീയാണെന്നതിൽനിന്നു മാറി പരമാത്മാവിങ്കൽ വില്വമംഗലത്തിന് അർപ്പിക്കാനായി. ആദ്യം അദ്ദേഹം അന്ധനായിരുന്നില്ല. എന്നാൽ തന്നെ തിരിച്ചറിഞ്ഞ നിമിഷത്തിൽ അദ്ദേഹം മരംകൊണ്ടുണ്ടാക്കിയ ഫലത്തിന്റെ മുള്ളുപയോഗിച്ച് സ്വന്തം കണ്ണുകൾ കുത്തിക്കീറി അന്ധനായി. അന്നുതൊട്ട് അദ്ദേഹം കൃഷ്ണനെ ഭജിക്കാനാരംഭിച്ചു. ഒരു ദിവസം കൃഷ്ണൻ പ്രത്യക്ഷപ്പെട്ട് തന്റെ കൂടെ വൃന്ദാവനത്തിലേക്ക് വരാൻ അദ്ദേഹത്തെ ക്ഷണിച്ചു. പക്ഷെ, അന്ധതയാൽ തനിക്ക് നടക്കാൻ സാധ്യമല്ലെന്ന് വില്വമംഗലം കൃഷ്ണനെ അറിയിച്ചു. കൃഷ്ണൻ കൈപിടിച്ച് വില്വമംഗലത്തിനെ വൃന്ദാവനത്തിലേക്ക് നയിച്ചു. പക്ഷേ വൃന്ദാവനത്തിലെത്തിയ ഉടൻ കൃഷ്ണൻ കൈവിടുവിച്ച് അപ്രത്യക്ഷനാവാൻ ശ്രമിച്ചു. വില്വമംഗലം കൃഷ്ണനോട് പറഞ്ഞു: 'ഭഗവാനെ! അവിടുന്ന് പ്രത്യക്ഷത്തിൽ എന്നെ ശാരീരികമായി വിടുവിക്കാൻ നോക്കി! പക്ഷെ അറിയുക! അങ്ങയുടെ ആകാരം എന്നിൽനിന്നകന്നാലും അങ്ങയെ ഞാൻ മനസ്സിലെന്നും സൂക്ഷിച്ചുവരുന്നുണ്ട്!'

---

1 കബീർ പലയിടത്തും ജനങ്ങളിലൂടെ നടന്ന് ദോഷങ്ങൾ തേടി. അവസാനം ദോഷം തനിക്കുള്ളിലാണെന്ന് തിരിച്ചറിഞ്ഞു.

2 ബാബ മലയാളിയായതുകൊണ്ടാണ് സ്വാമിയാരുടെ ജീവിതം മാതൃകയാക്കുന്നത്. ഒരു സ്ത്രീയെ കാംക്ഷിച്ച് രാത്രിയെ കയറെന്ന് ധരിച്ച് പാമ്പിനെ തുക്കായി ഉപയോഗിക്കുന്നതുമായ കഥ തുളസീദാസിന്റെ ജീവിതത്തിലും കാണാവുന്നതാണ്. മരമുള്ളുപയോഗിച്ച് കണ്ണുകൾ കുത്തിപ്പൊട്ടിച്ച കഥ ശൂരദേവിനെക്കുറിച്ചുമുണ്ട്.

ചോദ്യം: ബാബ! അന്വേഷണങ്ങൾ ഇപ്പോഴും മനസ്സിൽ ഇടം തേടുന്നുണ്ട്-എന്താണിതിനുകാരണം?

ഉത്തരം: ഒരു വരൾച്ചയ്ക്കുശേഷം വരുന്ന മഴയെ ഓർമ്മിയ്ക്കുക! രാഗദ്വേഷങ്ങൾ ദൈവമാർഗ്ഗത്തിൽ വരുന്ന ബാധകളാകുന്നു. ഭക്ഷിയ്ക്കുക, ഉറങ്ങുക, സംസാരിയ്ക്കുക തുടങ്ങിയവയിൽ ധാരണ വേണം - ഏതൊക്കെ വേണം ഏതൊക്കെ എപ്പോഴൊക്കെ വേണം-വേണ്ട എന്നതിൽ പ്രത്യേകിച്ചും. സപ്ത സമുദ്രങ്ങളിലും മുങ്ങി ഒരു സൂചി തിരഞ്ഞുകണ്ടെത്തുമ്പോലെയാകുന്നു; ശരിയായ ജീവിതം നയിക്കുക എന്നത്. അത് പ്രയാസമേറിയതാണെന്നല്ല മറിച്ച് അത്രയും അഗാധമായി ഉൾച്ചേർന്നതാണ് എന്നതാകുന്നു. ഹിരണ്യകശിപുവും, (മഹാ)ബലിയും ഈ പ്രകൃതിയെ മാറ്റാൻ നോക്കിയവരാകുന്നു, പക്ഷെ അതിന് അവർക്ക് അനേകം ബാധകൾ -ബന്ധനങ്ങൾ നേരിടേണ്ടി വന്നു.

ചോദ്യം: സുഹൃത്തുക്കളിൽ പലരും അധ്യാത്മികതയിൽ ആകൃഷ്ടരായി സ്വധർമ്മ മാർഗ്ഗത്തിനുപകരം മറ്റുമതങ്ങളും മാർഗ്ഗങ്ങളും തിരഞ്ഞെടുത്തവരാകുന്നു. അവരോട് സ്വധർമ്മമാർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് തയ്യാറാണോ എന്ന് ചോദിയ്ക്കേണ്ടതുണ്ടോ?

ഉത്തരം: നിങ്ങൾ ഒരു തുണിക്കടയിൽ കയറി തുണിവാങ്ങുകയാണ് എന്നിരിയ്ക്കട്ടെ. വാങ്ങിയ തുണിയുടെ പൈസ നിങ്ങൾ കൊടുക്കുന്നു. എന്നാൽ നിങ്ങൾ വാങ്ങണമെന്നു കരുതി പരിശോധിച്ചതും പിന്നീട് വാങ്ങാതെ ഉപേക്ഷിച്ചതുമായ തുണികളുടെ പൈസയേയും നിലവാരത്തെയും കുറിച്ച് നിങ്ങൾ ആവലാതിപ്പെടാറില്ല. അതുപോലെ നിങ്ങൾ മറ്റുള്ളവരേയും വിമർശനവിധേയമാക്കേണ്ടതില്ല അവരെ അവരുടെ പാട്ടിനു വിടുക. നിങ്ങളുടെ വഴി നിങ്ങൾക്കു തിരഞ്ഞെടുക്കാം.

ചോദ്യം: ബാബ! നാം മറ്റുള്ളവരെ അനുകരിയ്ക്കേണ്ടതുണ്ടോ?

ഉത്തരം: ആരും ആരേയും അനുകരിയ്ക്കാതിരിക്കുക. നാം ഒരു കർമ്മമനുഷ്ഠിക്കുന്നത് വർത്തമാനകാലത്തിലെ - ഇന്നത്തെ - നിയമങ്ങളും അനുശാസനങ്ങളുമനുസരിച്ചായിരിക്കണം. ഒരു പ്രവൃത്തി, അത് മുൻപുചെയ്തതാണെങ്കിൽകൂടി, ഇപ്പോൾ ഒന്നുകൂടി വേണ്ടിവന്നതായാൽ അത് ഏത് സാഹചര്യത്തിലാണ് ചെയ്യേണ്ടത് എന്നതിനനുസരിച്ച് ചില മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഇതാണ് സ്വധർമ്മമാർഗ്ഗം നമ്മെ പഠിപ്പിക്കുന്നത്. ഒരു ഇംഗ്ലീഷുകാരൻ കോട്ടുതുന്നുന്നത് അയാളുടെ ശരീരത്തിനനുസരിച്ചാണ്. അതുകൊണ്ട് നാം

ആ അളവുകൾ അനുകരിച്ചാൽ ആ കോട്ട് നമുക്ക് ഉപയോഗ്യശൂന്യമാവു. നാം നമ്മുടെ അളവിൽ തുന്നിയ്ക്കണം. ഭാഗവതത്തിലെ പൗണ്ഡ്രകന്റെ കഥ കേൾക്കുക. പൗണ്ഡ്രകൻ കൃഷ്ണനെ അനുകരിക്കുകയും അവസാനം കൃഷ്ണനാൽ കൊല്ലപ്പെടുകയും ചെയ്തു.

സ്വധർമ്മാനുഷ്ഠാനം തുടങ്ങുകയെന്ന് പരമാത്മസാക്ഷാത്കാരത്തിലേയ്കുള്ള ആദ്യ പടിയാകുന്നു. അതിനാൽ ആ മാർഗ്ഗത്തിൽ കാണുന്ന പ്രതിബന്ധങ്ങളെ ശ്രദ്ധിയ്ക്കാതെ കടന്നുപോവാൻ ശ്രമിയ്ക്കുക. മറ്റ് അറിവുകൾ തവിടുപോലെയാണ് സ്വധർമ്മാനുഷ്ടാനമെന്നത് അരിപോലെയും ഈശ്വരപന്ഥാവിൽ ക്ഷമ നഷ്ടപ്പെടാതെ മുന്നോട്ടുപോവുക. കർമ്മാനുഷ്ഠാനത്തിൽ നിഷ്ഠ പാലിയ്ക്കുക.

ബാബ തന്റെ കുടിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുന്നു.: 'ഞാൻ നിങ്ങളോടു പറയുന്നു -ഈ കുടിലിന്റെ ഒരു ചിത്രം വരയ്ക്കണമെന്ന്. തുടക്കത്തിൽ ഒരു പക്ഷെ നിങ്ങൾക്ക് അത് ശരിയായി വരയ്ക്കാൻ കഴിയണമെന്നില്ല. പിന്നീട് പലപ്പോഴായി തിരുത്തി വരയ്ക്കുമ്പോൾ നിങ്ങൾക്ക് ഒരു ദിവസം ശരിയായ ചിത്രം ലഭിക്കുന്നു.'

നിങ്ങൾക്കു തണുക്കുമ്പോൾ നിങ്ങൾ തീയുടെ അടുത്തേയ്ക്കോ സൂര്യപ്രകാശം ലഭിയ്ക്കുന്നിടത്തേയ്ക്കോ മാറിയിരിക്കുന്നു. അങ്ങിനെ നീങ്ങിയിരിക്കുമ്പോൾ നിങ്ങൾ പ്രതീക്ഷിച്ചപോലെ ചൂടിന്റെ സുഖമറിയുന്നു. ഇതാണ് ശരിയായ അറിവ് അഥവാ ദൃഢനിശ്ചയം. നിങ്ങൾ സുനിശ്ചിതമായ പരമാത്മപഥത്തിൽ മുന്നേറുമ്പോൾ ബുദ്ധിയിലും വിവേകത്തിലുമുള്ള വിമർശനത്തെ നിങ്ങൾ അഭിമുഖീകരിയ്ക്കേണ്ടിവരും.

ചോദ്യം: സ്വധർമ്മാനുഷ്ഠാനത്തിന്, അഥവാ ശരിയായ ജീവിതം തുടങ്ങുന്നതിന് ഏതെങ്കിലും ഒരു വിശേഷാവസരം തിരഞ്ഞെടുക്കേണ്ടതുണ്ടോ?

ഉത്തരം: ഇല്ല. നിങ്ങൾ അത് അറിയുകയാണെങ്കിൽ, അത് അനുഷ്ഠിക്കാൻ ഉടൻ തുടങ്ങുക. നിങ്ങൾക്ക് സ്വധർമ്മാനുഷ്ഠാനം തുടങ്ങുന്നതിന് ഷഡ്സമ്പത്തി ലഭിയ്ക്കേണ്ടതുണ്ട്.

ചോദ്യം: ബാബ! സ്വധർമ്മം അനുഷ്ഠിയ്ക്കുന്നതിന് സമയബന്ധതയെന്തെങ്കിലുമുണ്ടോ?

തുടക്കക്കാരനെന്ന നിലയിൽ എന്താണ് സ്വധർമ്മം എന്നറിയുന്നതിന് 36 വർഷമെടുക്കും. പത്തുവർഷത്തെ നിരന്തര സാധനയുടെ ഫലമായേ അതിന്റെ പ്രാധാന്യം നമുക്കറിയാനാകൂ. നിങ്ങൾ വേദം

പഠിയ്ക്കുമ്പോൾ നിങ്ങൾക്കു വേദാന്തമെന്താണെന്നു മനസ്സിലാകുകയും, വേദാന്തമെന്താണെന്നു മനസ്സിലാകുമ്പോൾ സ്വധർമ്മമെന്നത് എന്താണ് എന്നു മനസ്സിലാകുകയും ചെയ്യും. അങ്ങിനെ നിങ്ങൾ പരമാത്മദർശനത്തിലെത്തിച്ചേരുന്നു.

ചോദ്യം: നമ്മൾ കൃഷ്ണൻ, ശിവൻ, കാളി തുടങ്ങിയ ദേവതകളെ ആരാധിച്ചുവരുന്നുണ്ടല്ലോ! ഇതു ശരിയാണോ? ദൈവ സാക്ഷാത്കാരത്തിന് ഇത്തരം ആരാധനകൾകൊണ്ട് എന്ത് ഫലമാണുണ്ടാവുക?

ഉത്തരം: നിങ്ങൾ സ്വന്തം കർമ്മങ്ങൾ ഉപേക്ഷ കൂടാതെ അനുഷ്ഠിക്കുക. സ്വധർമ്മം അനുഷ്ഠിക്കുമ്പോൾ നിങ്ങൾ ദൈവത്തിലേയ്ക്ക് വേഗം അടുക്കുന്നു. ആരാധനകൾകൊണ്ടു മാത്രം ദൈവസാമീപ്യം സാധ്യമല്ല. ഭക്ഷണത്തിന്റെ സ്വാദിനെക്കുറിച്ച് നമുക്ക് മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കുവാൻ പരിമിതിയുള്ളതുപോലെയാണ് പരമാത്മാ സാക്ഷാത്കാരത്തിലെ സ്വാനുഭൂതി മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കാൻ സാധിയ്ക്കാതെ പോകുന്നതും. അനുഭൂതിയെ വർണ്ണിക്കാൻ സാധ്യമല്ല. ഒരു പഴത്തിന്റെ മധുരം ഒരു കുട്ടിയെ പറഞ്ഞു മനസ്സിലാക്കാൻ സാധ്യമല്ലല്ലോ. ആ പഴം അവനുകൊടുക്കുക. അവനത് സ്വാദു നോക്കുകയും ആ സ്വാദ് എന്തെന്ന് അവനു മനസ്സിലാകുകയും ചെയ്യും.

നമുക്ക് സ്വധർമ്മാനുഷ്ഠാനവേളയിൽ ചിലപ്പോൾ വഴിതെറ്റിയേയ്ക്കാം. തുടക്കത്തിൽ ഒരു കുട്ടി സ്കൂളിൽ പോകുന്നതിന് മടികാട്ടിയേക്കാം. പിന്നെ സ്ഥിരമായി പോയി തുടങ്ങുമ്പോൾ അവൻ അതിൽ ആനന്ദം കണ്ടെത്തുകയും മടിയില്ലാത്തവനാകുകയും ചെയ്യുന്നു. ഇതുപോലെയാണ് സ്വധർമ്മാനുഷ്ഠാനവും. ആദ്യം ജീവിതം നിരന്തരവും സമയബന്ധിതവുമാക്കുക.

ചോദ്യം: ശരിയായ ജീവിതം നയിക്കുമ്പോൾ വരുന്ന സംശയനിവാരണത്തിന് ആവശ്യമായ ഏതെങ്കിലും ഗ്രന്ഥങ്ങൾ നമുക്ക് ലഭ്യമാണോ?

ഉത്തരം: രാമായണം, മഹാഭാരതം, ഭാഗവതം എന്നിവ സഹായകഗ്രന്ഥങ്ങളാണ്. കൃഷ്ണൻ അർജ്ജുനനുപദേശിച്ചതും നമുക്ക് ജീവിത തത്വങ്ങളാകുന്നു. അനുഷ്ഠിക്കാനാവാത്ത സ്വധർമ്മത്തെക്കുറിച്ചുള്ള വിവരണങ്ങൾ വെറുതെയാണ്. ഉദ്ധവൻ സ്വധർമ്മത്തെക്കുറിച്ചുള്ള അനേകം തത്വങ്ങൾ ശ്രീകൃഷ്ണനിൽ നിന്നും മനസ്സിലാക്കിയാണ് മഹാമേരുവിനു മുകളിലെ ബദരിയിലേയ്ക്കു തപസ്സിനായി യാത്രയായത്. നമുക്ക് ദൈവീകമായ ഗുണങ്ങളുണ്ട്. ക്ഷമ പരീക്ഷിക്കാനായി അവ നടത്തുന്ന പരീക്ഷണങ്ങളിൽ നമ്മുടെ മനസ്സിനെ

സ്വാധീനിക്കാതെ നോക്കണം. സ്വധർമ്മം അനുഷ്ഠിക്കുമ്പോൾ, ചില അവസരങ്ങളിൽ നമുക്ക് അസുരഭാവം പുറത്തെടുക്കേണ്ടിവരും - സഹജീവികളോടുള്ള അനുകമ്പയോടുകൂടിത്തന്നെ. മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ ഇവയിൽനിന്നും മുക്തിനേടിയല്ലാതെ, ലോകത്തിൽ നിന്നു മുക്തി നേടാൻ നമുക്ക് സാധ്യമല്ല.

ഔഷധങ്ങൾ സേവിയ്ക്കുമ്പോലെയാണ് സ്വധർമ്മ മാർഗ്ഗ പഠനവും. മരുന്നുകൾ വേണ്ട വിധത്തിൽ ഉപയോഗിയ്ക്കാനാവാതെ അവ കീശയിൽ സൂക്ഷിക്കുന്ന ഒരു രോഗി മരണത്തെ അഭിമുഖീകരിയ്ക്കുംപോലെയാണ് സ്വധർമ്മത്തെക്കുറിച്ചു വായിക്കാനും അറിയാനും അവസരം കിട്ടിയ നിങ്ങൾ ശരിയായ ജീവിതം അനുഷ്ഠിയ്ക്കാതെ കാലക്ഷേപം ചെയ്യുന്നത്. നാം ജീവിതം വെറുതെ നയിക്കുന്നത് ഒരു വ്യക്തിയെക്കുറിച്ചറിയാതെ അയാളുടെ ഫോട്ടോ കാണുംപോലെയാണ്. പക്ഷെ നമുക്ക് ജീവിതത്തെക്കുറിച്ച് ദൈവ സാമീപ്യം ലഭിച്ച ഒരു വ്യക്തിയിൽനിന്ന് കേൾക്കുന്നത് ഫോട്ടോയിലല്ലാതെ വ്യക്തിയെ നേരിൽ കാണുമ്പോലെയാകുന്നു. ജീവിതം നയിച്ചാലല്ലാതെ പരമാത്മാദർശനത്തിനു ശ്രമിക്കുന്നത് രണ്ടു പൈസക്ക് ഒരാനയെ കിട്ടുമെന്നു കരുതി വാങ്ങാൻ ശ്രമിയ്ക്കുന്നതുപോലെയാണ്.

ചോദ്യം: ബാബ! നമുക്ക് ജീവിതത്തിൽ എങ്ങിനെയാണ് സ്ഥിരതയുളവാക്കാൻ കഴിയുക?

ഉത്തരം: ഗുരുനാഥന്റെയും പരമാത്മാവിന്റേയും അനുഗ്രഹത്താൽ നമുക്ക് സമ്യക് ജീവിതത്തിൽ സ്ഥിരത ഉണ്ടാക്കാൻ സാധിയ്ക്കും. ഗുരു എന്തെന്ന് മനസ്സിലാക്കാൻ അർജ്ജുനനേയും കൃഷ്ണനേയും കാണുക. സമ്യക് ജീവിതം നയിക്കുകയാണെങ്കിൽ നിങ്ങൾ സ്വസ്ഥനും, ധനവാനും, ബുദ്ധിമാനുമായിത്തീരും. നിങ്ങൾക്ക് ഷഡ്സമ്പത്തികൾ നേടാവുന്നതാണ്. ഇവ (താഴെ) പറയുന്നു. സമ്പന്നത, ധർമ്മം, യശസ്സ്, ലക്ഷ്മി, ജ്ഞാനം, പരിജ്ഞാനം, വൈരാഗ്യം എന്നിവയാകുന്നു. സുന്ദരവസ്തുക്കൾ, സ്ഥലങ്ങൾ തുടങ്ങിയ ഭൗതിക വസ്തുക്കളിലുള്ള ആസക്തിയിൽനിന്ന് നിങ്ങൾ മോചിതരാവുന്നു ചീത്ത കാര്യങ്ങൾ ഉപേക്ഷിച്ചു എന്നതുകൊണ്ട് ശുഭഫലങ്ങൾ ലഭിക്കണമെന്നില്ല. നിങ്ങൾ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ മാത്രമേ പ്രതീക്ഷിക്കുന്ന ഫലവും വിജയവും നിങ്ങളെത്തേടിയെത്തുന്നുള്ളു.

ചോദ്യം: എങ്ങിനെയാണ് മനസ്സും ബുദ്ധിയും ശരിയായി നിലനിർത്തുക?

ഉത്തരം: സമ്യക് ജീവിതം പരിശീലിയ്ക്കുക. ശരിയായ ജീവിതം പരിശീലിയ്ക്കുകയാണെങ്കിൽ നിങ്ങളുടെ മനസ്സും ബുദ്ധിയും ശരിയായി നിലനിൽക്കും. മനസ്സ് ശരിയായ രീതിയിലല്ലെങ്കിൽ നിങ്ങളെ ചിന്ത ബാധിച്ചേക്കും. ബുദ്ധി നേരെയല്ലെങ്കിൽ വിജയത്തിലെത്തിച്ചേരാൻ സാധ്യമല്ല. നിങ്ങളുടെ മനസ്സ് നേരെയല്ലെങ്കിൽ ദൈവത്തെ നിങ്ങൾ ഓർക്കുന്നില്ലെങ്കിൽ ഭയം നിങ്ങളെ പിടികൂടും. അതിനാൽ എപ്പോഴും മനസ്സ് ജാഗ്രതയിലും, ആത്മാവ് പരിശുദ്ധമായും, ദൈവത്തിങ്കൽ ശരിയായും നിർത്തുക. ഇതാണ് സമ്യക് ജീവിതത്തിന്റെ സാരാംശം. അതു തന്നെയാണ് ജന്മമൃത്യു ചക്രത്തിൽ നിന്നും മോചനത്തിന് നിങ്ങൾക്കുള്ള അവസരവും. ഇതാണ് ശരിയായ അറിവ്.

നിങ്ങൾ സ്വധർമാനുഷ്ഠാനുസാരിയായി ജീവിയ്ക്കാൻ തുടങ്ങുമ്പോൾ അഹങ്കാരം നിങ്ങളുടെ മനസ്സിനെ അലോസരപ്പെടുത്താൻ തുടങ്ങുന്നു. നിങ്ങളാണ് സകലരിലും വെച്ചു മികച്ചവനെന്നും നിങ്ങൾക്ക് എല്ലാമറിയാമെന്നും നിങ്ങൾ ധരിയ്ക്കുന്നു. ഈ അവസരത്തിൽ കൂടുതൽ ജാഗ്രതയോടെ നിങ്ങൾ അഹങ്കാരത്തെ ഉന്മൂലനം ചെയ്യുക. എന്നാൽ അഹങ്കാരത്തിനുപുറകെ ഓടുകയാണെങ്കിൽ, നിങ്ങളെ അത് മറുവശത്തെ ഒരു സ്ഥിതിയിലെത്തിക്കും.

ശാസ്ത്രങ്ങളിൽ നാം ദൈവത്തെക്കുറിച്ചും ദൈവത്തിന്റെ അസാമാന്യമായ ശക്തിവിശേഷങ്ങളെക്കുറിച്ചും വായിയ്ക്കാറുണ്ട്. നമുക്ക് ദൈവത്തെ ഭാവനയിൽ ദർശിയ്ക്കാവുന്ന തരത്തിലുള്ള വർണ്ണനകളാണതിൽ കാണുക. പല ഗ്രന്ഥങ്ങളും നോക്കുമ്പോൾ നാം ആകെ സംശയഗ്രസ്തരാകും. അതിനാൽ ആത്മസാക്ഷാത്കാരത്തിനായി സമ്യക് ജീവിതം തിരഞ്ഞെടുക്കുക അല്ലെങ്കിൽ ശരിയായ ജീവിതം നയിക്കുക.

ചോദ്യം: അങ്ങിനെയെങ്കിൽ നാം കൂടുതൽ ഗ്രന്ഥങ്ങൾ പരിശോധിക്കേണ്ടിവരികയില്ലേ ബാബ?

ഉത്തരം: സമ്യക് ജീവിതം നയിക്കുന്നതിനായി പല ഗ്രന്ഥങ്ങളും പരിശോധിക്കേണ്ടതില്ല. സാധനയിലൂടെ നിങ്ങൾക്ക് വിശ്വാസവും അതിലൂടെ ഭക്തിയും വികസിപ്പിക്കാനാവും. ആവശ്യത്തിനനുസരിച്ചുള്ള ജ്ഞാനത്തിന്റെ നടപ്പാക്കൽ വളരെ പ്രധാനപ്പെട്ടതാണ്. കുറുക്കന്റെയും പൂച്ചയുടെയും കഥ കേട്ടിരിയ്ക്കുമല്ലോ.

ചോദ്യം: നാം ക്രോധത്താൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ അടിമപ്പെടുന്നത് ശരിയാണോ?

ഉത്തരം: നമ്മുടെ പ്രവൃത്തികൾ മറുഫലമാണ് ഉണ്ടാക്കുന്നതെങ്കിൽ
നമുക്ക് ക്രോധം ഉണ്ടാവാറുണ്ട് എന്നത് സ്വാഭാവികമാണ്. ഒരു കപ്പു
ചായ ഉണ്ടാക്കാൻ നമുക്ക് ഒരു പാത്രം, ചായപ്പൊടി, പഞ്ചസാര, പാൽ
എന്നിവ വേണം. ഉണ്ടാക്കിയ ചായയുടെ രുചി ശരിയാവണമെങ്കിൽ
അതിൽ എത്ര അളവിൽ ചായപ്പൊടിയും, പഞ്ചസാരയും മറ്റും ചേർക്ക
ണമെന്ന് നാം അറിഞ്ഞിരിക്കണം. അതുപോലെ മറ്റുള്ളവരോട് പെരു
മാറുന്നതിനും അവരെ മനസ്സിലാക്കുന്നതിലും നാം ഇത്തരം കാര്യ
ങ്ങൾ ശ്രദ്ധിയ്ക്കേണ്ടതുണ്ട്. കാലം, സ്ഥലം, സാഹചര്യം എന്നിവ
നമ്മളിൽ ദൈവികവും ആസുരവുമായ ഭാവങ്ങൾ വളർത്തിയേക്കും.
ക്രോധമെന്നത് ആസുരഭാവമാകുന്നു. പക്ഷെ ചിലപ്പോൾ നിങ്ങൾ
ക്രോധാവിഷ്ടനാവുമ്പോഴും ആത്മസമാധാനം നഷ്ടപ്പെടണമെന്നില്ല.
ഈ ഭൗതിക ലോകത്തിൽ ഒരു സാധു യോഗിയായി ജിവിക്കുക
എന്നത് പലപ്പോഴും വിഷമമാണ്.

ചോദ്യം: ഗീതയിൽ കൃഷ്ണൻ അർജ്ജുനനെ ഉപദേശിക്കുമ്പോൾ
'യോഗക്ഷേമം' എന്ന പദമുപയോഗിയ്ക്കുന്നുണ്ടല്ലോ- എന്താണതു
കൊണ്ടർത്ഥമാക്കുന്നത്?

ഉത്തരം: നിങ്ങൾക്ക് ചില സിദ്ധികൾ നേടണമെന്നുണ്ടെങ്കിൽ നിങ്ങൾ
ചില സാധനകൾ തെറ്റാതെ അനുഷ്ഠിയ്ക്കേണ്ടതുണ്ട്. അതിൽ തെറ്റു
വന്നാൽ നിങ്ങൾക്കു പാപമുണ്ടാകും. എന്നുമാത്രമല്ല, ലക്ഷ്യത്തിലെ
ത്തുകയുമില്ല. എന്നാൽ സ്വധർമ്മമനുഷ്ഠിച്ച് ജീവിയ്ക്കുകയാണെ
ങ്കിൽ ദൈവം നിങ്ങളെ പരിരക്ഷിയ്ക്കും. നിങ്ങളുടെ മനസ്സ് ഭഗവാന്റെ
മനസ്സുമായി ഏകീകരിയ്ക്കപ്പെടും. ഇതാണ് യോഗക്ഷേമം എന്നതിന്
കൃഷ്ണൻ അർജുനനെ ഉപദേശിക്കുമ്പോൾ അർത്ഥമാക്കുന്നത്.

ചോദ്യം: ബാബ, ദൈവമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ നമുക്കെന്തെ
ങ്കിലും തടസ്സങ്ങൾ ഉണ്ടാവുമോ?

ഉത്തരം: തടസ്സങ്ങൾ രണ്ടുതരത്തിലാവാം - ദൈവമാർഗ്ഗത്തിലെ
സഞ്ചാരത്തിനിടയ്ക്ക് ഒന്ന് സിദ്ധി നേടുമ്പോൾ വരുന്ന പ്രലോഭനം.
രണ്ടാമത് സുഖം നമുക്ക് വ്യഥകൾ വരുമ്പോൾ സ്വധർമ്മം അനു
ഷ്ഠിക്കാൻ സാധിയ്ക്കാതെ വരുന്നു. ചെറിയ കുട്ടികൾ കളിക്കുന്ന
പാവകളിൽ വൃദ്ധർ ആകൃഷ്ടരാകാത്തതുപോലെ; മുകളിൽ പറഞ്ഞ
രണ്ടുതരം തടസ്സങ്ങളും നമ്മിൽ ഒരു താല്പര്യവും വളർത്തുന്നില്ല.
എന്നാൽ ഇതിനു വിപരീതമായി ഇവ നമ്മെ സ്വാധീനിക്കുകയാണെ
ന്നിരിക്കട്ടെ; നമുക്ക് സ്വധർമ്മാനുസാരിയായി മുന്നോട്ടു പോവാനും;
ഈ ലോകത്തിന്റെ ബന്ധനത്തിൽ നിന്നു മുക്തിനേടാനും സാധി

ക്കാതെ വരുന്നു. 'ഞാൻ ആരാണ്?' എന്ന് നിരന്തരമായി അന്വേഷി ച്ചുകൊണ്ടിരിയ്ക്കുകയാണ്. പരമാത്മാവ് എന്നാൽ എന്താണ്? ഈശ്വരൻ എങ്ങിനെയാണ്? എന്തിനായാണ് ഞാൻ ഈ ലോകത്തിൽ വന്നിട്ടുള്ളത്. ഇത്തരം അന്വേഷണങ്ങൾക്ക് ഒരു ദിവസം നിങ്ങൾക്ക് ഉത്തരം കിട്ടും. അന്ന് എല്ലാ രഹസ്യങ്ങളുടെയും ചുരുൾ നിവ ിത്ത പ്പെടും.

ചോദ്യം: ബാബ! എപ്പോഴൊക്കെ ഒരു ചോദ്യം ഉയരുന്നുവോ, അപ്പോ ഴൊക്കെ ഒരു ഉത്തരവും നിങ്ങളെ തേടിയെത്തുന്നു- എന്നു പറയു ന്നത് ശരിയാണോ?

ഉത്തരം: ശരിയാണ്! നിങ്ങൾ ശരിയായ ജീവിതം അനുഷ്ഠിച്ചു തുട ങ്ങുമ്പോൾ, നിങ്ങൾ വിദ്വാൻമാരും ചിന്തകരുമായ മഹാത്മാക്കളുടെ വചനങ്ങൾ വിശ്ലേഷണം ചെയതു മനസ്സിലാക്കാൻ തുടങ്ങുന്നു. നിങ്ങൾ, നിങ്ങളുടെ അകത്തുള്ള വിവേകശക്തിയെ ഉപയോഗിച്ച് ആനാവശ്യമായ ചിന്തകളെ ഒഴിവാക്കാൻ ശ്രമിക്കുന്നു. സ്വയം ചിന്തി ക്കാൻ ശീലിക്കുന്നു! ഒരു അലക്കുകാരന്റെയും കഴുതയുടേയും അയാ ളുടെ മകന്റേയും കഥ കേട്ടിട്ടില്ലേ?

ഗീതയിൽ ഭഗവാൻ കൃഷ്ണൻ ആത്മരക്ഷയ്ക്കായി അർജ്ജുന നോട് യുദ്ധം ചെയ്യാൻ ആവശ്യപ്പെടുന്നു. ഒരു ഗൃഹസ്ഥൻ സ്വന്തം ശരീരം നിലനിർത്തണം. കാരണം ശരീരമുണ്ടെങ്കിലേ സ്വധർമ്മമനു സരിച്ച് ജീവിക്കുവാൻ സാധിയ്ക്കുകയുള്ളൂ. അപ്പോൾ മാത്രമേ സ്വന്തം ബലവും യുദ്ധകൗശലതയും മറ്റുള്ളവർക്കു കാണിച്ചു കൊടുക്കാൻ സാധിക്കുകയുള്ളൂ.

ചോദ്യം: അങ്ങിനെയെങ്കിൽ അർജ്ജുനൻ, ശ്രീകൃഷ്ണന്റെ ഉപദേശം കേട്ട് ബന്ധുക്കൾക്കെതിരായി യുദ്ധം നടത്താൻ തീരുമാനിച്ചത് ശരി യാണോ?

ഉത്തരം: ശരിയാണ്! അർജ്ജുനൻ ചെയ്തതാണു ശരി. കൗരവരുടെ ഭാഗത്തുനിന്ന് പാണ്ഡവരുടെ ജീവരക്ഷയ്ക്കായി ഒന്നുംതന്നെ ഉണ്ടാ യിട്ടില്ല. ജീവിതം നയിക്കാനാവശ്യമായതൊന്നും ഇല്ലാതെ എങ്ങിനെ യാണു നമുക്ക് ശരിയായ ജീവിതം നയിക്കാനാവുക? അതിനാൽ സമ്യക് ജീവിതം നയിക്കാനാവശ്യമായ ഭൗതിക സാഹചര്യം നമു ക്കാവശ്യമാണ്. ഈ വ്യക്തി പുരുഷനോ സ്ത്രീയോ ആകട്ടെ, ആരാണോ ബുദ്ധനെയോ രാമകൃഷ്ണനെയോ പോലെ ദൈവമാർഗ്ഗ ത്തിൽ സ്വധർമ്മമനുഷ്ഠിക്കുന്നത് ആ വ്യക്തിക്ക് ഈ സാഹചര്യ ങ്ങൾ അനിവാര്യമാകുന്നു.

ചോദ്യം: ബാബ! ചിലപ്പോൾ ചില ജീവികൾ ആത്മരക്ഷക്കായുള്ള പോരാട്ടങ്ങളിൽ കൊല്ലപ്പെടുന്നു- ഇതിനെന്താണ് ചെയ്യുക? ഇതു ശരിയാണോ?

ഉത്തരം: ഇതിൽ ഹിംസയൊന്നുമില്ല. കരുതിക്കൂട്ടി മറ്റുള്ളവരെ ഉപദ്രവിയ്ക്കരുത്. ഏതൊരു പ്രവൃത്തിയാണോ ആത്മരക്ഷയ്ക്കല്ലാതെ ചെയ്യുന്നത് അതിനെ ഹിംസയെന്നുപറയുന്നു.

ചില അവസരങ്ങളിൽ, നമ്മുടെ ആ കർത്തവ്യങ്ങൾ പോലും, ദൈവപക്ഷത്തിൽ ഉൾച്ചേരാറുണ്ട്. നിങ്ങൾ ഒരു വിദ്യാലയത്തിൽ പോയി, യാതൊരു ആഗ്രഹവും ഇല്ലാതെ സേവിച്ചു എന്നിരിക്കട്ടെ- അതും ഈശ്വര പക്ഷത്തിൽ ചേർന്നതാകുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ നിങ്ങൾക്ക് ഹിംസ്രവായിയും ക്രൂരനുമായ ഒരു മൃഗത്തെ കൊല്ലേണ്ടിവന്നുവെങ്കിൽ അതും കർമ്മത്തിൽ ഉൾച്ചേർന്നതാകുന്നു. പരമാത്മാവ് ആരിലാണോ സന്തോഷവാനാകുന്നത്- ആ വ്യക്തി ലോകത്തിൽ സ്ഥിരതയും ബന്ധുത്വവും നിലനിർത്താൻ ശ്രമിയ്ക്കുന്നവനായിരിക്കും. ആരാണോ നിങ്ങളിലെ സമാധാനം കെടുത്താൻ ശ്രമിയ്ക്കുന്നത്, അയാൾക്കു നിങ്ങൾ മാപ്പു നൽകുക - എന്നാൽ ആ വ്യക്തി ചെയ്ത കഷ്ടതകൾ നിങ്ങൾ മറക്കാതിരിക്കുക. കാരണം ഭാവിയിൽ ആ വ്യക്തി വീണ്ടും പ്രശ്നങ്ങളുണ്ടാക്കുകയില്ലെന്ന് നിങ്ങൾക്കെങ്ങിനെ ഉറപ്പിക്കാൻ കഴിയും? സ്വധർമ്മാനുഷ്ഠാനമെന്നത് ശരിക്കും ദൈവത്തിന്റെ കിരീടമലങ്കരിക്കാനുള്ള ഒരു അവസരമാകുന്നു - അതിലൂടെ ദൈവകൃപ നിങ്ങൾക്കു ലഭിയ്ക്കാനുള്ള ഒരു അവസരവും ലഭിക്കുന്നു

ചോദ്യം: ബാബ! നാം എങ്ങിനെയാണ് അഹിംസ അനുഷ്ഠിയ്ക്കുക?

ഉത്തരം: സകലരും പൂർണ്ണമായും അഹിംസ അനുഷ്ഠിയ്ക്കണമെന്നില്ല. അഹിംസയ്ക്കൊപ്പം കർമ്മ കുശലതയും, സദ്വൃത്തിയും, സന്മാർഗ്ഗവും ചേരുമ്പോഴാണ് അത് കൂടുതൽ ശോഭിയ്ക്കുന്നത്. അത് ലക്ഷ്യത്തിലെത്തിച്ചേരാൻ സഹായിച്ചേക്കും. പരമാത്മസാക്ഷാത്കാരം ലഭിച്ച ഒരു വ്യക്തിക്കേ ഈ ഗുണങ്ങൾ കൈവരുകയുള്ളു. ഗാന്ധിജിയുടെ നൈതിക വൃത്തിയിലുള്ള ശ്രദ്ധയാണ് അദ്ദേഹത്തിന് ലോകത്തിൽ ആദരവു നേടിക്കൊടുത്തത്. അദ്ദേഹം ഒരു തരത്തിലുള്ള അകർമ്മവും ചെയ്യാതെ അഹിംസയുടെ ആശയത്തിലുറച്ചു നിന്നു.

ചോദ്യം: ബാബ! ഹിന്ദു ശാസ്ത്രങ്ങളിൽ എവിടെയാണ് നമുക്ക് സമ്യക് ജീവിതത്തെപ്പറ്റി വായിക്കാനും പഠിയ്ക്കാനുമാകുക?

ഉത്തരം: മഹാഭാരതത്തിലെ ഭീഷ്മപർവ്വം നോക്കുക. ഗീതയിൽ ശ്രീകൃഷ്ണൻ അർജുനനെ ഉപദേശിക്കുന്നതു കേൾക്കുക. കൃഷ്ണൻ ഉദ്ധവനോടു പറയുന്നത്. സ്വധർമ്മാനുഷ്ഠാനത്തെക്കുറിച്ചാകുന്നു. സ്വധർമ്മാനുഷ്ഠാനം നാം തുടങ്ങുമ്പോൾ, പലവിധ തടസ്സങ്ങളും നേരിടേണ്ടി വരും. ഭയം, ആകാംക്ഷ എന്നിങ്ങനെയാണത്. പിന്നെ അവയെ നേരിടുമ്പോൾ നിങ്ങൾക്ക് ഒരു പത്തുകൊല്ലത്തിനകം പര മാത്മദർശനം സാധ്യമാകും. ശരിയായ ജീവിതം നയിക്കുന്നതിന് ആവശ്യമായ അവസരം തന്നതിന് നാം ദൈവത്തിന്റെ മഹത്വത്തെ വാഴ്ത്തും. ഇത് ശരിയായ അർത്ഥത്തിൽ ഈശ്വരാനുഗ്രഹമാകുന്നു.

എപ്പോഴും ഓർക്കുക: ജീവിതത്തിനൊരവസാനവും വാർദ്ധക്യ ദശയുമുണ്ട്. ദൈവത്തെ ഓർക്കുക. ഈശ്വരാനുഗ്രഹത്താൽ തടസ്സ ങ്ങൾ ഓരോന്നായി വഴിമാറും.

ചോദ്യം: ശ്രീകൃഷ്ണൻ ഉദ്ധവനും അർജ്ജുനനും കൊടുത്ത ഉപദേ ശങ്ങൾക്കു തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ?

ഉത്തരം: അർജ്ജുനോപദേശം ലൗകികജീവിതത്തിൽ മുഴുകിയ ഗൃഹ സ്ഥർക്കു ചേർന്നതും; ഉദ്ധവോപദേശം പരമാത്മദർശനത്തിനായി ലൗകികജീവിതം ഉപേക്ഷിച്ചവർക്കും യോജിച്ചതാകുന്നു.

ചോദ്യം: ശാസ്ത്രങ്ങൾ അറിയുമ്പോൾ ആദിശങ്കരവചനങ്ങൾക്ക്; ശ്രീകൃഷ്ണോപദേശങ്ങളിൽനിന്നു ചില വ്യത്യാസങ്ങൾ കാണാം - അദ്വൈത വേദാന്തത്തിൽ അതിനെക്കുറിച്ചെന്തെങ്കിലും പറഞ്ഞുത രുമോ?

ഉത്തരം: നോക്കൂ! അവതാര പുരുഷന്മാരാകട്ടെ, ചിന്തകരാവട്ടെ, മഹദ് വ്യക്തികളാവട്ടെ അവരുടെ കാഴ്ചപ്പാടുകൾ ഉരുത്തിരിയുന്നത് കാലം, സ്ഥലം, പരിതസ്ഥിതി എന്നിവയെ അടിസ്ഥാനമാക്കിയാകുന്നു. ശങ്ക രാചാര്യരുടെ കാലത്ത് ജനങ്ങൾ സ്വധർമ്മമുപേക്ഷിച്ച് ദൈവത്തിൽ വിശ്വാസമില്ലാത്തവരായും തീർന്നിരുന്നു. അതിനാലാണ് അദ്ദേഹ ത്തിന് അദ്വൈതം സ്ഥാപിക്കേണ്ടി വന്നത്.

ചോദ്യം: ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് പ്രവൃത്തികളുപേക്ഷി ക്കാനും പറയുന്നുണ്ടോല്ലോ - എന്താണത്?

ഉത്തരം: അവിടെ ഭഗവാൻ ശ്രീകൃഷ്ണൻ ഉദ്ദേശിയ്ക്കുന്നത് അകർമ്മ ത്യാഗമാകുന്നു.- അല്ലാതെ സ്വധർമ്മമുപേക്ഷിക്കുകയല്ല. അതിൽ സ്വന്തം ബന്ധുക്കൾക്കെതിരായി യുദ്ധം ചെയ്യാൻ കൃഷ്ണൻ അർജ്ജുനനോട് ആവശ്യപ്പെടുന്നു. ഒരു വൈദ്യൻ ഒരേ രോഗത്തിനു

ന്നെ പല അളവിലും വ്യത്യസ്തവുമായാണ് രോഗികൾക്ക് മരുന്നുകൾ നല്കുന്നത്. മഹാന്മാരായ ഗുരുനാഥന്മാരുടെ വചനങ്ങൾ ഉരുത്തിരിയുന്നത് കാലം, പരിതസ്ഥിതി, സന്ദർഭം എന്നീ പലവിധ സാഹചര്യങ്ങൾക്കനുസരിച്ചാകുന്നു.

ചോദ്യം: ലൗകിക ജീവിതം ഉപേക്ഷിച്ചുകഴിഞ്ഞാൽ പിന്നെ നമ്മെ ഒരിക്കലും ഒരുതരം പ്രശ്നങ്ങളും സ്വാധീനിക്കുകയില്ലല്ലോ?-അങ്ങിനെയല്ലേ?

ഉത്തരം: ഇല്ല! ഭൗതികലോകം ഉപേക്ഷിച്ചാൽ നിങ്ങൾക്ക് ശരീരകഷ്ടങ്ങളൊന്നും ഉണ്ടാക്കുകയില്ല - ജന്മ-മൃത്യു-ജരാ-വ്യാധി-എന്നിങ്ങനെ പ്രശ്നങ്ങൾ നമ്മെ നിഴൽപോലെ ജീവിതത്തിലുടനീളം പിന്തുടരുന്നതാണ്. നിങ്ങൾ എവിടെപ്പോയാലും നിഴൽ നിങ്ങളെ പിന്തുടരുന്നതുപോലെയാണിത്. ശരീരകഷ്ടങ്ങൾ നമ്മുടെ സഹയാത്രികരാകുന്നു.

ബാബയെ ഇഷ്ടപ്പെടുന്നവർ കൊടുക്കുന്ന അല്പമാത്രമായ പൈസകൊണ്ടാണ് ബാബ ജീവിതം കഴിച്ചിരുന്നത്. 'അത് എനിക്കും സേവകർക്കും ഉപജീവനത്തിന് അപര്യാപ്തമാണെങ്കിൽ, ഞാൻ ഭിക്ഷയാചിച്ച് ദിവസേന അനേകം വാതിലുകൾക്കു മുൻപിൽ നിൽക്കാൻ തയ്യാറാണ്'- ബാബ പറയും. 'അത് അന്നന്നാളത്തെ ഭക്ഷണത്തിനായുള്ളതാണ് - അല്ലാതെ എടുത്തുവെയ്ക്കാനല്ല. ഇവിടെ വരുന്നത് മതിയാകുമെങ്കിൽ അന്നത്തെ അന്നത്തിനായി ഞാൻ യാചിക്കേണ്ടതില്ല. ലോകത്തിൽ ഉപജീവനത്തിനായി മാത്രം നാം ഭക്ഷണം കഴിക്കേണ്ടതും ഭക്ഷണം പാകംചെയ്യുക എന്ന കല പരിശീലിക്കേണ്ടതുമാകുന്നു.'

തുടർന്ന് ബാബ ഒരു കഥ പറയുന്നു: ഒരിക്കൽ ഒരു യുവസന്യാസി ഒരു രാജകുമാരിയുടെ സ്വയംവരത്തിൽ പങ്കെടുക്കുകയായിരുന്നു. സ്വയംവരം എന്നത് എല്ലാ അർത്ഥത്തിലും ശരിയായിരുന്നു - കാരണം താത്പര്യത്താൽ വന്നുചേർന്ന രാജാക്കന്മാരുടെ നിരയിൽനിന്ന് ഒരാളെ രാജകുമാരി മാലയിട്ടു സ്വീകരിക്കുന്നതായിരുന്നു ചടങ്ങ്. എത്രയോ വിശ്ഷ്ടരായ രാജാക്കന്മാർ ഇരിക്കുമ്പോൾ മാലയുമായി കടന്നുവന്ന രാജകുമാരി അത് ഈ വ്യക്തിയുടെ ശിരസ്സിലാണ് അണിയിച്ചത്. വിവാഹവേള കഴിഞ്ഞ ഉടനെ രാജകുമാരിയുടെ കയ്യുംപിടിച്ച് ഒരു കാട്ടിലേക്കാണ് അവരെ കൂട്ടികൊണ്ടുപോയത്. അവിടെ ഒരു മരത്തണലിൽ, രാജകുമാരിയെ ഇരുത്തി. ഒരു ജോടി ഇണക്കുരുവികൾ ആ മരത്തിനു മുകളിലെ കൊമ്പിലുണ്ടായിരുന്നു. രാജകുമാരി

തണുപ്പുകൊണ്ടു വിറയ്ക്കുന്നത് ആ ഇണകൾ ശ്രദ്ധിച്ചു. അതിൽ പുരുഷനായ കിളി ചില ഉണങ്ങിയ കൊമ്പുകൾ താഴെയിട്ട് വളരെ സാഹസപ്പെട്ട് അവ കത്തിച്ചു. അങ്ങിനെ രാജകുമാരി തണുപ്പിൽനിന്നും രക്ഷപ്പെട്ടു. രാജകുമാരിക്കു വിശപ്പും കലശലായിരുന്നു. ഇണക്കുരുവികൾ തീയിലേക്കു ചാടി, രാജകുമാരിക്കു ഭക്ഷണമായിത്തീർന്നു.

ചോദ്യം: അതുകൊണ്ട് ഒരു വ്യക്തി സമൂഹത്തോടുള്ള കടപ്പാടുകളൊന്നും അനുഷ്ഠിക്കേണ്ടെന്നാണോ അങ്ങ് അർത്ഥമാക്കുന്നത്?

ഉത്തരം: പൂർണ്ണമായി വേണമെന്നില്ല. ചിലപ്പോൾ നമുക്ക് പ്രത്യേക സാഹചര്യത്തിൽ സമൂഹത്തിന്റെ പിന്തുണ ആവശ്യമായി വന്നേക്കാം. നാം ചില സാമൂഹിക നിയമങ്ങൾ അനുസരിക്കാനും സമൂഹത്തിനനുസരിച്ച് നിത്യവൃത്തികൾ നടത്താനും ബാധ്യസ്ഥരാണ്. അയൽക്കാരായി നല്ല ബന്ധം ഉറപ്പിക്കാനും അവരെ സ്നേഹിക്കാനും നാം ശ്രമിക്കണം. എന്തും അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിൽ സംഭവിച്ചേക്കാം. ഒരു ചില്ലുകൂട് ഉടയുന്നതുപോലെ മനുഷ്യശരീരം ഇല്ലാതാവും. ഇതാണ് മനുഷ്യജീവിതത്തിന്റെ സവിശേഷതയും.

ദൈവമാർഗ്ഗത്തിൽ സദാ മുഴുകിയവരാണെങ്കിൽ നാം സാമൂഹിക നിയമങ്ങൾ പൂർണ്ണമായി അനുസരിക്കണമെന്നില്ല. സമ്യക് ജീവിതം പിന്തുടരുന്നുവെങ്കിൽ, നമുക്ക് സമൂഹത്തിൽനിന്ന് യാതൊരുവിധ വെല്ലുവിളികളും നേരിടേണ്ടി വരികയില്ല. കാരണം സമ്യക് ജീവിതം നമ്മെ താഴെ കാണുന്ന ആറുകർമ്മങ്ങളിൽ ശ്രദ്ധാലുവാക്കുന്നു:

1. നിയമബദ്ധനാവുക
2. ആ നിയമത്തിനനുസൃതമായി കർമ്മങ്ങളനുഷ്ഠിക്കുക
3. പ്രവൃത്തികളെ പുനർവിചിന്തനം ചെയ്യുക
4. അവയിൽ വരാവുന്ന തെറ്റുകളെ തിരിച്ചറിയുക
5. ആ തെറ്റുകൾ തിരുത്തി സ്വധർമ്മമനുഷ്ഠിക്കുക
6. പരമാത്മാവിൽ പൂർണ്ണമായും നിങ്ങളുടെ മനസ്സ് അർപ്പിക്കുക

നമ്മുടെ കർമ്മങ്ങളനുഷ്ഠിച്ച് മുന്നേറുമ്പോൾ ചില പ്രവൃത്തികളിൽ നമുക്ക് വൈമുഖ്യം വരാം. പണ്ട് നാം നിത്യേന പത്രങ്ങൾ വായിച്ചിരുന്നില്ല. പിന്നെയൊരവസരത്തിൽ നാം പത്രപാരായണം തുടങ്ങി. ഇന്ന് കുറേശ്ശെയായി നാം വായനയിൽനിന്നു പുറകോട്ടു പോവുന്നു. ഇതാണ് ലൗകിക ജീവിതത്തിന്റെ ഗുണവശം. തുടക്കത്തിൽ ഇഷ്ട

പ്പെടുന്ന ചില വസ്തുതകൾ പിന്നെ നമുക്ക് അത്രതന്നെ ഇഷ്ടമല്ലാത്തതായി തീരുന്നു.

ശരിയായ ജീവിതം നയിക്കുമ്പോൾ ചീത്തശീലങ്ങൾ നാം ഉപേക്ഷിക്കുന്നു. ഒരു സന്യാസി ദൈവമാർഗ്ഗത്തിൽ ചരിച്ച് കർമ്മനിരതനാകുന്നതുപോലെ, നാം ഒരു ചക്രവർത്തിപദത്തിലെത്തിയാലുമുള്ള ആനന്ദമനുഭവിക്കുന്നു.

ചോദ്യം: എന്താണ് സ്വധർമ്മവും സ്വാർത്ഥധർമ്മവും?

ഉത്തരം: ശരിയായ ജീവിതം നയിക്കുന്നതിനെ സ്വധർമ്മം എന്നു പറയുന്നു. സ്വാന്ദത്തിനായി നാം ചെയ്യുന്ന പ്രവൃത്തികളാണ് സ്വാർത്ഥധർമ്മം. നിങ്ങൾ പരമാത്മദർശന പാതയിലാണ് ചരിക്കുന്നതെങ്കിൽ സ്വധർമ്മമനുഷ്ഠിക്കുക.

ചോദ്യം: ഒരു ഹിന്ദു സ്വധർമ്മാനുഷ്ഠാനുസാരി മാത്രമാണോ? അതോ മറ്റു മതങ്ങൾ നമുക്ക് സ്വീകരിക്കാമോ?

ഉത്തരം: ആർക്കും സ്വധർമ്മത്തിന്റെ പാത സ്വീകരിക്കാം. ഇതുമാത്രമാണ് പരമാത്മസാക്ഷാത്കാരത്തിനുള്ള ഏക മാർഗ്ഗവും; ജനന മൃത്യുചക്ര മുക്തിക്കുള്ള ഒരേയൊരു വഴിയും.

വരുമ്പോൾ ഇവിടേയ്ക്കുവരാനുള്ള വഴി നിങ്ങൾ ശ്രദ്ധിച്ചില്ലേ? നിങ്ങൾക്ക് ഒരു വഴികാട്ടിയും ആവശ്യമില്ല. വേണമെന്നു തോന്നുമ്പോഴൊക്കെ നിങ്ങൾ ഇവിടെ വരുന്നു. നിങ്ങൾ ശരിയായ ജീവിതം നയിക്കുന്നവനാണെങ്കിൽ ഒരു മതത്തിലും വിശ്വസിക്കണമെന്നില്ല. ഏതു മതത്തിൽ വിശ്വസിക്കുന്നവനും ശരിയായ ജീവിതമനുഷ്ഠിക്കാം. എല്ലാ മതങ്ങളും നിങ്ങളെ കൊണ്ടുചെന്നെത്തിക്കുന്നത് ഒരേ ലക്ഷ്യത്തിലാകുന്നു. നിയമം തെറ്റിക്കുന്നവനെ കോടതി ശിക്ഷിക്കുന്നു. അയാൾ പൊലീസ് കസ്റ്റഡിയിലും പിന്നീട് ജയിലിലുമാകുന്നു. നിയമം അനുസരിച്ചു ജീവിക്കുന്നവന് ഒരിക്കലും ശിക്ഷ ഏറ്റുവാങ്ങേണ്ടി വരുന്നില്ല. അതുപോലെ നിങ്ങളുടെ കർമ്മങ്ങളെക്കുറിച്ച് അറിയില്ലെങ്കിൽ മാത്രം നിങ്ങൾ മതങ്ങളെ അനുസരിക്കുക. നിങ്ങൾക്ക് സ്വധർമ്മം അനുഷ്ഠിക്കാൻ അറിയുമെങ്കിൽ അതിൽനിന്നു നിങ്ങൾ വ്യതിചലിക്കേണ്ടതില്ല. നിങ്ങൾ ഈശ്വരചിന്തനമാർഗത്തിലാകുന്നു. ലൗകിക വസ്തുക്കൾക്ക് ഒരു പ്രസക്തിയുമില്ലാതാകുന്നു-അവ നശ്വരമാകുന്നു. ഈശ്വരന്റെ മഹത്വം ഉയർന്നതും ഉത്കൃഷ്ടവുമാകുന്നു.

ചോദ്യം: നാം അനേകം കർമ്മങ്ങൾ അനുഷ്ഠിക്കുന്നുണ്ട് - നമ്മുടെ ഇച്ഛയും ആവശ്യവുമനുസരിച്ച് എന്നാൽ അവയിൽ പലതും പൂർണ്ണ

മാക്കാൻ നമുക്കു കഴിയുന്നില്ല. ഈശ്വരനെ നാം ഓർക്കുന്നത് ബുദ്ധിമുട്ടുകൾ വരുമ്പോൾ മാത്രമാണ്. അ താകട്ടെ ഏതാനും നിമിഷങ്ങൾകൊണ്ട് തീർന്നുപോകുകയും ചെയ്യും. ഈശ്വരനെ എപ്പോഴും ഭജിക്കാൻ എന്തുവഴിയാണുള്ളത്?

ഉത്തരം: നിങ്ങൾക്ക് എത്രയോ വയലുകൾ ഉഴുതാനുണ്ട്. നിങ്ങൾക്ക് അതിന് വയസ്സന്മാരായ രണ്ടു കാളകൾ മാത്രമേ ഉള്ളൂ എന്നിരിക്കട്ടെ. നിങ്ങൾ എങ്ങിനെയാണ് ആ രണ്ടു കാളകളെക്കൊണ്ട് അത്രയും വയലുകൾ ഉഴുതു മറിക്കുക? നിങ്ങളുടെ കൈവശം ജീവിതാവശ്യത്തിനുള്ള കൃഷി മാത്രമേ ഉള്ളൂ എങ്കിൽ നിങ്ങൾ ആ കാളകളെക്കൊണ്ടുതന്നെ മുഴുവൻ കൃഷിഭൂമിയും ഉഴുതെടുക്കുകയും നല്ല വിളവുണ്ടാക്കുകയും ചെയ്യാം. അതുപോലെ അത്യാവശ്യ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ ബാക്കിവരുന്ന സമയം നിങ്ങൾ ഈശ്വരവിചാരത്തിനായി നീക്കിവെച്ചാൽ മതി. അതിനാൽ നിങ്ങൾ അത്യാവശ്യ ഇച്ഛകൾ മാറ്റിവെക്കുക. കഷ്ടദായിയും അനാവശ്യവുമായ വസ്തുതകളും വിഷയങ്ങളും ഒഴിവാക്കുക. ഈശ്വരവിചാരത്തിന് കൂടുതൽ സമയം ഉപയോഗിക്കുക. മനസ്സിന് അസന്തോഷം തരുന്നതും ചഞ്ചലതയുണ്ടാക്കുന്നതുമായ ചീത്ത ശീലങ്ങൾ ഒഴിവാക്കുക. ആവശ്യത്തിലധികം പണം സമ്പാദ്യമായി സൂക്ഷിക്കാതിരിക്കുക.

ചോദ്യം: സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ സ്വധർമ്മമനുഷ്ഠിക്കുവാനും ദർശനത്തിനും സാധ്യമാണോ?

ഉത്തരം: തീർച്ചയായും. അവർക്കും സ്വധർമ്മമനുഷ്ഠിക്കുവാനും പരമാത്മസാക്ഷാത്കാരം നേടുവാനും സാധിക്കും.അവർക്ക് പുരുഷന്മാരുടേതിനേക്കാൾ ശാരീരികവും മനോവൈജ്ഞാനികവുമായി ചില വ്യത്യാസങ്ങളുണ്ട് എന്നേയുള്ളൂ.

വിവേകയുക്തമായ ഒരു ജീവിതം തുടങ്ങുമ്പോൾ നാം സംസാരിക്കുന്നതിനേക്കാൾ പ്രവർത്തിക്കാൻ തുടങ്ങുന്നു. ഇന്ന് നാം വളരെ സമയം തിരക്കുപിടിക്കുന്നത് ആവശ്യത്തിലധികം പണം സമ്പാദിക്കാനാകുന്നു. അതുപോലെ യാതൊരു ആവശ്യവുമില്ലാത്ത വിഷയങ്ങൾ മറ്റുള്ളവരുമായി ചർച്ച ചെയ്യാനും, ശരീരത്തിന് വേണ്ടതിലധികം ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതിനും നാം സമയം ചിലവഴിക്കുന്നു. ഒരാൾക്കും നിങ്ങളെ നിർബന്ധിച്ച് പറഞ്ഞു മനസ്സിലാക്കാനാവില്ല. നിങ്ങൾ തന്നെയാണ്, നിങ്ങളുടെ മനസ്സാണ് എല്ലാം ചെയ്യിക്കുന്നത്. നിങ്ങൾ കർമ്മാനുശാസനത്തിൽ ശ്രദ്ധാലുവാണെങ്കിൽ, നിങ്ങൾക്ക് ഒരു അതിർവരമ്പ് സൃഷ്ടിക്കാനാവുകയും മുകളിൽ

പറഞ്ഞ അനാവശ്യകാര്യങ്ങളിൽ ഏർപ്പെടാതിരിക്കാനുമാകുന്നു. അസത്യത്തിൽനിന്നും നന്മയിലേക്കുള്ളതും മൗലികതയിൽനിന്നും പ്രതിരൂപത്തിലേക്കുള്ളതുമായ വ്യത്യാസം നിങ്ങൾ സ്വയം വിലയിരുത്തുക. ഈ അഭ്യാസത്തിൽ നിങ്ങൾക്ക് ഭാരം കുറയ്ക്കാവുന്നതും ഈശ്വര വിചാരത്തിന് വേണ്ടത്ര സമയം ലഭിക്കുന്നതുമാകുന്നു.

ചോദ്യം: അങ്ങ് അർത്ഥമാക്കുന്നത് അനുശാസനം എന്നത് കർത്തവ്യങ്ങളുടെ സമർപ്പണമാണോ? അത് നമ്മുടെ വിധിയുടെ സമർപ്പണം മാത്രമാണോ?

ഉത്തരം: വിധിയിലുള്ള സമർപ്പണം നിങ്ങളുടെ ദുർബ്ബലതയെ കാണിക്കുന്നു. അതുപോലെ കർമ്മങ്ങളുടെ അർപ്പണം നിങ്ങൾക്ക് കൂടുതൽ ശക്തി തരുന്നു. മൂന്നു അനുശാസനങ്ങൾ (ശാരീരിക-മാനസിക-നൈതിക) ആണ് നിങ്ങൾക്ക് ശക്തി തരുന്നത്. ഒരാൾക്കും നിങ്ങളെ നിർബന്ധിച്ച് ആത്മസമർപ്പണം നടത്താനാവില്ല. അതുപോലെ ഒരനുശാസനം നിങ്ങളിൽ ഏർപ്പെടുത്താനുമാവില്ല. കർമ്മങ്ങൾ നിങ്ങളിൽ മാത്രം കേന്ദ്രീകരിച്ചുള്ളതാകുന്നു. നിങ്ങളുടെ മനസ്സും ശരീരവും നിങ്ങളുടെ നിയന്ത്രണത്തിലാകുന്നു.

ചോദ്യം: മൂന്നു അനുശാസനങ്ങളുടെ അഭ്യാസങ്ങളും ഉടൻ ഫലങ്ങൾ തരുന്നതാണോ?

ഉത്തരം: സമ്യക് ജീവിതം ഉടൻ തുടങ്ങുക. നിങ്ങളുടെ പ്രശ്നങ്ങൾ ഓരോന്നായി കുറയാൻ തുടങ്ങുന്നതും ഒരു ദിവസം പൂർണ്ണമായി ഇല്ലാതാകുന്നതുമാണ്. ഈ അവസ്ഥയിൽ എത്തിക്കഴിഞ്ഞാൽ ഇച്ഛയ്ക്കനുസരിച്ചുള്ള ഒരു മനോവ്യതിയാനം നിങ്ങൾക്കു സാധ്യമല്ലാതെ വരും.

ചോദ്യം: അങ്ങനെയെങ്കിൽ നമ്മുടെ മനസ്സ് നമ്മെത്തന്നെ പലസമയത്തും സ്വാധീനിക്കാൻ തുടങ്ങുകയില്ലേ?

ഉത്തരം: ഉവ്വ്! അനുശാസനവും വിവേകവും ഇല്ലാത്ത നമ്മുടെ മനസ്സ് ഒരു ചതുരംഗം കളിപോലെയാണ്. അത് നമ്മെ നിരന്തരം സ്വാധീനിക്കാൻ ശ്രമിക്കുന്നു. മനസ്സിനെ നമ്മുടെ അടിമയാക്കി നിർത്തുക. നാം അതിന് അടിമപ്പെടാതിരിക്കുക.

ചോദ്യം: ആദ്യം മുതലേ നാം പലവിധ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും നേരിടാൻ തുടങ്ങിയിട്ടുണ്ട്. ഇന്നും അങ്ങിനെത്തന്നെ. വരുതലമുറയ്ക്ക് നാം നേരിട്ട പ്രശ്നങ്ങളെക്കുറിച്ച് ഒരു അവബോധം മുൻപേ നല്കാൻ കഴിയുമോ?

ഉത്തരം: നിങ്ങൾതന്നെ ലളിതമാക്കുക, വരുംതലമുറ നിങ്ങളുടെ പ്രവൃത്തികളെ അവലോകനം ചെയ്യുകയും, അതിൽനിന്ന് പാഠമുൾക്കൊള്ളുകയും, അതുപോലെ പലപ്പോഴും പ്രവർത്തിക്കുകയും ചെയ്യും.

ചോദ്യം: അങ്ങ് അനേകകാലം കാട്ടിൽ ഏകാന്തതയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടല്ലോ? അങ്ങ് ഞങ്ങളോടും അതുപോലെ ചെയ്യാനും ഈശ്വരചിന്തയിലേർപ്പെടാനും ആവശ്യപ്പെടുമോ?

ഉത്തരം: ഇത് എന്റെ ജീവിതമാകുന്നു. ഞാൻ നിങ്ങളോട് ഇവിടെ വന്നു താമസിക്കാനാവശ്യപ്പെട്ടാൽ നിങ്ങൾ അങ്ങിനെ ചെയ്യണമെന്നില്ല. ലോകം ത്യജിക്കുകയോ സ്വീകരിക്കുകയോ വേണമെന്നില്ല. ഈശ്വരചിന്തനവുമായി മുന്നോട്ടുപോവുക. കുടുംബത്തെ സംരക്ഷിക്കുക. ഈശ്വരനെ മറക്കാതിരിക്കുക. അനാവശ്യ വിഷയങ്ങളെ കഴിയുന്നതും ഒഴിവാക്കുക. ഈശ്വരചിന്തനം വർദ്ധിപ്പിക്കുക. ഇങ്ങിനെ കർമ്മങ്ങളനുഷ്ഠിച്ച് മുന്നോട്ടുപോവുമ്പോൾ ശരീരരക്ഷക്കായി ഈശ്വരകാര്യം മാത്രമേ ഉയർന്ന അനുപാതത്തിൽ ചിന്തിക്കേണ്ടതുള്ളൂ. കായത്തിന്റെ രൂക്ഷമണം അനുഭവിക്കുന്ന നിങ്ങൾ മറ്റുമണങ്ങൾ അറിയുന്നില്ല. അതുപോലെ ഈ ലൗകിക വസ്തുതകൾ കുറഞ്ഞമണമായി നിങ്ങൾക്കനുഭവപ്പെടും; നിങ്ങൾ ഈശ്വരനിൽ ഗാഢമാകുമ്പോൾ.

ചോദ്യം: സമ്യക് ജീവിതം നയിക്കുവാൻ നമുക്ക് തീക്ഷ്ണബുദ്ധിയും ദൃഢനിശ്ചയവും ആവശ്യമാണെന്ന് അങ്ങ് ഞങ്ങളോട് പറഞ്ഞല്ലോ. അതിനാൽ പണ്ഡിതൻമാർക്കും വിദ്വാൻമാർക്കും മാത്രമേ അത് അനുഷ്ഠിക്കാൻ സാധിക്കുകയുള്ളൂ എന്നുണ്ടോ?

ഉത്തരം: അല്ല! സമ്യക്ജീവിതം നയിക്കുവാൻ പാണ്ഡിത്യത്തിന്റെ ആവശ്യമില്ല. പരമാത്മദർശനത്തിനുള്ള തീവ്രമായ ഒരു ആഗ്രഹം മാത്രം മതി അതിന്. ദരിദ്രനും സമ്പന്നനും, പണ്ഡിതനും പാമരനും, ചെറുപ്പക്കാരനും വൃദ്ധനും ശരിയായ ജീവിതം നയിക്കാവുന്നതും ഈശ്വരസാക്ഷാത്കാരം നേടാവുന്നതുമാണ്. പരമാത്മദർശനമെന്നതായിരിക്കണം മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം. ഒരു വ്യത്യാസമുള്ളത് ജീവിതം നിങ്ങൾ അനുശാസനത്തോടു കൂടിയതും; സങ്കല്പത്തിലോ വികല്പത്തിലോ മുഴുകാൻ പാടില്ലാത്തതുമാകുന്നു. ശരിയും തെറ്റും വേർതിരിച്ചറിയുക.

കർമ്മങ്ങളെയും കാര്യങ്ങളെയും നിങ്ങൾ നിരന്തരം നിരീക്ഷിക്കേണ്ടതാകുന്നു. അനാവശ്യ വസ്തുതകളിൽനിന്നും അകന്നു നില്കേണ്ടതാകുന്നു. മനസ്സിനെ ദൃഢതരമാക്കുക. ഇന്ദ്രിയനിയന്ത്രണം

സാധിക്കുക. ദൃഢതരമായ ഒരു മനസ്സിന് അന്തർലോകവുമായും ബാഹ്യലോകവുമായും ഒരു പാലമായി വർത്തിക്കാൻ കഴിയും. അതിനർത്ഥം, നിങ്ങൾക്ക് ഒരു ഉറച്ച മനസ്സുണ്ട് എന്നും, നിങ്ങൾക്ക് കാര്യസമ്പന്നതയുണ്ട് എന്നും, ഈശ്വരനെ ഓർമ്മയുണ്ട് എന്നുമാകുന്നു.

ചോദ്യം: നാം ഏതെങ്കിലും മതം പിന്തുടരേണ്ടതുണ്ടോ?

ഉത്തരം: എല്ലാ മതങ്ങളും ഒരേ ലക്ഷ്യത്തിലേക്കുള്ളതാകുന്നു. നിയമം തെറ്റിക്കുന്നയാൾ പൊലീസ് പിടിയിലാവുകയും ജയിലിലടയ്ക്കപ്പെടുകയും ചെയ്യുന്നു. കർമ്മമനുഷ്ഠിച്ചു ജീവിക്കുന്നവൻ ശിക്ഷിക്കപ്പെടുന്നില്ല. അതുപോലെ കർമ്മങ്ങളെക്കുറിച്ച് നിങ്ങൾ ബോധവാനല്ലെങ്കിൽ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു മതത്തിന്റെ മാർഗ്ഗം തിരഞ്ഞെടുക്കാം. കർമ്മങ്ങളെക്കുറിച്ച് നിങ്ങൾക്കു വ്യക്തതയുണ്ടെങ്കിൽ അത്തരം ചിന്തകൾക്കകത്ത് കുടുങ്ങാതിരിക്കുക. പക്ഷെ പരിശീലനം അഥവാ അഭ്യാസം കർമ്മകുശലതയോടുകൂടിയതും ക്ഷേത്രവൃത്തത്തിനകത്തുമായിരിക്കണം.

എല്ലാവരും കർമ്മങ്ങൾക്ക് പ്രതിഫലം ഇച്ഛിക്കുന്നുണ്ട്. കർമ്മങ്ങൾ അഥവാ അത്യാവശ്യ പ്രവൃത്തികൾ ചെയ്യുമ്പോൾ നിങ്ങൾക്ക് ശമ്പളം കിട്ടുന്നുണ്ടല്ലോ? കുറച്ചുസമയം ഈശ്വര ചിന്തയ്ക്കു നീക്കിവെക്കുന്ന നിങ്ങൾ ഉടൻ 'പരമാത്മസാക്ഷാത്കാരം വേണമെന്നു കരുതുന്നു. ഇതു തെറ്റാണ്. കഷ്ടതകൾ കുറച്ചുമതി എന്നും പരിശ്രമം കുറച്ചുമതി എന്നും ധരിക്കുന്നു. ഈശ്വരനിൽ ദൃഢമായ ഭക്തിയും, വിശ്വാസവും അനിവാര്യമാണ്. അനാവശ്യമായ ലോകേച്ഛയിൽനിന്ന് വിട്ടുനില്ക്കുക. അറിയുക! ഈ ലോകം വരുന്നതിനും പോവുന്നതിനുമിടയ്ക്കുള്ള ഒരു വിശ്രമകേന്ദ്രം മാത്രമാകുന്നു. ഈ ലോകം പരമാത്മസാക്ഷാത്കാരത്തിനായി മാത്രമുള്ള ഒരു ആഗന്തുകകച്ഛം മാത്രമാകുന്നു.

അദ്ധ്യായം രണ്ട്

ബാബയുടെ കരിമ്പടപ്പുതപ്പ്

(വിറ്റാച്ചി ജന്മംകൊണ്ട് ശ്രീലങ്കക്കാരനായ ഒരു ബുദ്ധമതക്കാര നാകുന്നു. അദ്ദേഹം 1962-ൽ കാഠ്മണ്ഡുവിലെത്തി ബാബയെ സന്ദർശിക്കുകയുണ്ടായി)

മുപ്പത് വർഷങ്ങൾക്കു മുൻപ് ഞാൻ കാഠ്മണ്ഡുവിൽ വന്നപ്പോൾ അതൊരു വലിയ ഗ്രാമം മാത്രമായിരുന്നു. രണ്ടോ മൂന്നോ ആയിരം ആളുകളും രണ്ടു നാട്ടുപന്തകളും മാത്രമുള്ള ഒരു ചെറുപട്ടണം. ജനസംഖ്യ അന്നൊരു പ്രശ്നമായി ഗണിച്ചിരുന്നില്ല. കരം അത് നാടിന്റെ സമ്പത്തായിരുന്നു. അരി, പച്ചക്കറി, പഴങ്ങൾ, യാക്കിന്റെ രോമക്കുപ്പായങ്ങൾ, കരിമ്പടങ്ങൾ എന്നിവയും മരത്തടികളും പർവ്വതത്തിന്റെ മുകളിൽനിന്നോ താഴെ തറഭാഗത്തുനിന്നോ കാഠ്മണ്ഡുവിലെത്തിക്കൊണ്ടിരുന്നു. റോയൽപാലസ് എന്നൊരു ഹോട്ടൽ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അത് റഷ്യക്കാരനായ ബോറിസ് എന്നൊരു വ്യക്തി നടത്തുന്നതായിരുന്നു. അയാൾ എന്തോ കാര്യത്തിന് കുറച്ചുകാലം ജയിൽശിക്ഷ അനുഭവിച്ചിരുന്നു. വിക്ടോറിയ രാജ്ഞി ഗൂർഖകളെ അഭിസംബോധന ചെയ്യാൻവേണ്ടി മഹേന്ദ്രരാജാവിന്റെ അതിഥിയായി വന്നപ്പോൾ ഇയാൾക്ക് ഇംഗ്ലീഷ് രീതിയിലുള്ള പാചകം അറിയാമായിരുന്നതുകൊണ്ട് അതിനുള്ള അവസരം ലഭിച്ചിരുന്നു. ഏതാണ്ട് ഒരു ഡസൻ കാറുകൾ ചെറിയ ഇടുങ്ങിയ വഴികളിലൂടെ ഓടിക്കൊണ്ടിരുന്നു. ഞാൻ ഒരെണ്ണം സ്വന്തം ആവശ്യത്തിനു വാടകയ്ക്കെടുത്തു. 1928 മോഡൽ ട്യൂറർ കാറായിരുന്നു അത്. അതിന് കാൻവാസുകൊണ്ടുള്ള ഒരു മൂടിയും സ്റ്റാർട്ട് ചെയ്യാനായി ഒരു ക്രാങ്ക് ഹാൻഡിലുമുണ്ടായിരുന്നു.

എന്റെ വരവിനൊരുദ്ദേശ്യമുണ്ടായിരുന്നു. അത് ഞാൻ കേട്ട ഒരു കാര്യം ശരിയാണോ എന്നറിയാൻ കൂടിയായിരുന്നു. അക്കാലത്ത് പടിഞ്ഞാറൻ രാജ്യങ്ങളിൽ ഒരു വാർത്ത പ്രചരിച്ചിരുന്നു. കാഠ്മണ്ഡുവിന് സമീപത്തെ കുന്നിൻ മുകളിൽ കാടുകളിൽ ഒരു സന്യാസിശ്രേഷ്ഠനുണ്ടെന്നും, അദ്ദേഹം വയോവൃദ്ധനാണെന്നും ആയിരുന്നു അത്. അദ്ദേഹം ജീവിച്ചിരുപ്പുണ്ടെങ്കിൽ ഒരു അഭിമുഖം നടത്തണമെന്നും ഞാൻ കരുതി. ഒരു കാലത്ത് ഞാൻ എന്നെത്തന്നെ തിരഞ്ഞുനടന്നത് ഞാനോർത്തു. 'വിറ്റാച്ചീ!'-ഞാൻ എന്നെത്തന്നെ

വിളിച്ചു. 'നീ ആരാണെന്നാണ് നീ കരുതുന്നത്? ലിവിങ്സ്റ്റോണിൽ
ജീവിക്കുന്ന ഒരു വ്യക്തിമാത്രമാണെന്നാണോ?'

ഇനി പറയുന്നത് ഞാൻ ശിവപുരി കുന്നിലെ കുടിലിൽ വെച്ച്
ബാബയെ കണ്ടെത്തിയതുമുതൽക്കുള്ള ചില കാര്യങ്ങളാകുന്നു.
അതിൽ സാഹസികതയൊട്ടുമില്ല. ബുദ്ധിമുട്ടുകളുമില്ല. അദ്ദേഹം
'കണ്ടെത്താവുന്ന' രീതിയിൽ അവിടെത്തന്നെയുണ്ട്. പക്ഷെ അതിൽ
അത്ഭുതപ്പെടുത്തുന്ന ചിലതുണ്ട്. അത് മനുഷ്യന്റെ ഗുണവും, മന
സ്സിന്റെ തെളിമയുമാകുന്നു. അത് ഒരു നിത്യവാർത്തയായിരുന്നില്ല.
മറിച്ച് ജീവിതത്തിന്റെ അർത്ഥമെന്തെന്ന് ധ്യാനത്തിലൂടെ അറിഞ്ഞ
തും, ഒരു സമ്പത്തും ശക്തിയും കൈവരിക്കാത്തതുമാകുന്നു. ഒരു
അന്വേഷകന്റെ ചില ചോദ്യങ്ങൾ താഴെ ചേർക്കുന്നു:

ഞാനദ്ദേഹത്തോട് വയസ്സു ചോദിച്ചു. അദ്ദേഹത്തിന് 500 വയ
സ്സായെന്ന് ജനങ്ങൾക്കിടയിൽ ഒരു സംസാരമുണ്ടെന്ന് ഞാനദ്ദേഹ
ത്തോട് പറഞ്ഞു.

ഞാനതു പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചു: "അതിലെന്താണു
കാര്യമുള്ളത്? എന്നാലൊരു കാര്യമുണ്ട്. മനുഷ്യൻ ഭൂമിയിലെ സമ
യത്തിനനുസരിച്ച് ജീവിയ്ക്കുന്നുവെന്നതും അനേകകാലം ജീവിയ്ക്കു
ന്നില്ല എന്നതുമാണ്." വളരെ എളുപ്പത്തിലും എന്റെ ആകാംക്ഷയെ
തീരെ ഇല്ലാതാക്കുന്നതുമായിരുന്നു അത്. ഞാൻ മാറ്റാൻ പറ്റാത്ത
ഒരു പത്രപ്രവർത്തകനാണെന്ന് അദ്ദേഹത്തോടു പറഞ്ഞു. 'ശരി,
നിങ്ങൾ നിർബന്ധിച്ചതുകൊണ്ടു പറയാം. ഞാൻ ജനിച്ചത് 1826-
ലാണ്'-അദ്ദേഹം പറഞ്ഞു. ഞാൻ മനസ്സിൽ ചില കണക്കുകൾ കൂട്ടി.
അദ്ദേഹത്തിന് 136 വയസ്സായിട്ടുണ്ട്.

വിറ്റാച്ചി: ഞാനദ്ദേഹത്തോട് ഈ ദീർഘ ജീവിതത്തിനായി
എന്താണ് ചെയ്തതെന്നു ചോദിച്ചു.

അദ്ദേഹം ആകെയുള്ളതിൽ മൂന്നിലൊരു ഭാഗം, 46 വർഷക്കാലം
ലോകം ചുറ്റി നടന്നു. കാൽനടയായി മാത്രം. അദ്ദേഹത്തിന്റെ ജന്മ
ദേശമായ കേരളത്തിൽ നിന്നും ഇസ്താംബൂൾ വരെയുള്ള വഴിയാ
ത്രയും നടന്നുപോയി. അവിടെ യൂണിവേഴ്സിറ്റിയ്ക്കടുത്ത് താമസിച്ച്
തുർക്കി ഭാഷയും സംസ്ക്കാരവും പഠിച്ചു. തെന്നിന്ത്യയിലെ ദ്രാവിഡ
ഭാഷകൾക്കും തുർക്കി ഭാഷക്കും പുരാതന കാലത്ത് ഒരേ മാതാവാ
ണുണ്ടായിരുന്നതെന്ന് അദ്ദേഹം ചിന്തിച്ചു. പിന്നെ നീണ്ടകാലം
ഹീഡൽ ബെർഗ്ഗിൽ താമസിച്ച് ജർമ്മൻ ഭാഷ പഠിച്ചു.

വിറ്റാച്ചി: പിന്നെ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി. അവിടെ ഏറെക്കാലം ചിലവഴിച്ചു. ഞാനൊരു പത്രപ്രവർത്തകന്റെ കാഴ്ചപ്പാടിൽ ചോദിച്ചു: 'അങ്ങവിടെ ആരെയാണ് കണ്ടത്? ഞാൻ ചിലതെല്ലാം കേട്ടിട്ടുണ്ട്.'

അദ്ദേഹം കുറച്ചുനേരം മിണ്ടാതിരുന്നു. മെല്ലെ ദീർഘശ്വാസം എടുത്തുകൊണ്ടു പറഞ്ഞു. 'ഉവ്വ്... ഉവ്വ്... വിക്ടോറിയാ. ആ പേരല്ലെ നിങ്ങൾ അറിഞ്ഞുകൊണ്ട് ചോദിച്ചത്?' ഞാൻ അതെയെന്നു തലയാട്ടി. അദ്ദേഹം കൂട്ടിച്ചേർത്തു: 'എനിക്കോർമ്മയുണ്ട്. പതിനെട്ടു തവണ അവരെന്നോട് ആദ്ധ്യാത്മിക വിഷയങ്ങളെക്കുറിച്ച് സംസാരിച്ചിരുന്നു.'*

വിറ്റാച്ചി: പിന്നെ അദ്ദേഹം ഒരു കപ്പലിൽ അറ്റ്ലാന്റിക് കടന്ന് അമേരിയ്ക്കയിലെത്തി. അദ്ദേഹം 'ലിങ്കണുമായി കണ്ടുമുട്ടിയോ?' എന്നു ഞാൻ ചോദിച്ചു.

ലിങ്കൺ മരിച്ച ഉടനെയാണ് ബാബ അമേരിക്കയിലെത്തിയത്. അദ്ദേഹം തെക്കൻ ദിശയിലാണ് നടന്നത്. ആൻഡ്രിയൻ നിരകളിലും തെക്കെ അമേരിക്കയിലും നടന്നുപോയി. അവ മായൻ, ഇൻകാ നാഗരികതകളുടെ പ്രശസ്തമായ സ്ഥലങ്ങളായിരുന്നു. അവിടെ നിന്നും സാന്റിയാഗോയിലെത്തി, ചൈനയിലേക്ക് കപ്പൽ കയറി. അദ്ദേഹം ചൈന മുഴുവൻ നടന്ന് ഹിമാലയത്തിലെത്തിച്ചേർന്നു. അവിടെ മുപ്പത്തഞ്ചുവർഷക്കാലം പർവ്വതങ്ങളിലെ ഒരു ഗുഹയിൽ താമസിച്ചു.

വിറ്റാച്ചി: അദ്ദേഹത്തിന് കാട്ടുമൃഗങ്ങളെ പേടിയില്ലേയെന്ന് ഞാൻ ചോദിച്ചു.

അദ്ദേഹം ചിരിച്ചു. 'ഒരു നഗരത്തിനേക്കാൾ സുരക്ഷിതമാണവിടം.'-അദ്ദേഹം അതിനൂന്നൽ നൽകികൊണ്ട് പറഞ്ഞു. 'കഠിനമായ തണുപ്പോ?'

വിറ്റാച്ചി: 'അങ്ങയ്ക്ക് കഠിന തണുപ്പനുഭവപ്പെട്ടില്ലേ?'-ഞാൻ ചോദിച്ചു.

---

* *വിക്ടോറിയ റാണിയുടെ സ്വകാര്യ ഡയറിയിൽ പന്ത്രണ്ടിടത്ത് ബാബയെ കണ്ടകാര്യം പറയുന്നുണ്ട്. ചില കാര്യങ്ങളെല്ലാം രാജകൊട്ടാരം പുഴ്ത്തിക്കളഞ്ഞു. രാജകുമാരനായിരുന്നു അതിന്റെ ഉത്തരവാദിത്തം. പടിഞ്ഞാറിന്റെ ക്രിസ്ത്യൻ വിശ്വാസ താത്പര്യം, കിഴക്കൻ മതങ്ങളെ എതിർക്കുക എന്നതു കൂടിയായിരുന്നു. അതിന് കഞ്ചുകി (chamberlain)യും, ഇംഗ്ലണ്ടിലെ സഭയും (Church of England) കൂട്ടുനിന്നു.*

Shivapuri Baba Samadhi Mandir

Shivapuri at his hut in Shivapuri mountain

In Dhruvashtali, aged 124

Shivapuri Baba Samadhi room

Shivapuri Baba's hut at Dhruvasthali



ബാബയുടെ ജൻമഗൃഹം – ഒരുവന്നൂർ – പാഴൂർ – അക്കിക്കാവ് കുന്നംകുളം



ഇല്ല, അദ്ദേഹത്തിന് ആ അനുഭവം ഉണ്ടായില്ല. 'എനിക്ക് ഈ പ്രതിരോധശേഷി നേടാൻ കഴിഞ്ഞത് ഉയർന്ന ചൂട് ശരീരത്തിൽ സൂക്ഷിയ്ക്കാനുള്ള സാധാരണ പ്രകൃതിക്കതീതമായ ഒരു വരം കിട്ടിയതുകൊണ്ടാണ്.'-അദ്ദേഹം കൂട്ടിച്ചേർത്തു: 'എനിയ്ക്ക് ചെറുപ്പമായിരുന്നു അന്ന്. അതായത് നൂറുവയസ്സിനടുത്ത്.'

പക്ഷെ ഞാനൊരു കാര്യം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ മെലിഞ്ഞ ശരീരം തണുത്ത കാറ്റടിക്കുമ്പോൾ ചെറുതായി വിറയ്ക്കുന്നുണ്ടെന്ന്. അദ്ദേഹത്തിന്റെ കാക്കി മേൽക്കുപ്പായത്തിനിടയിലൂടെ ഞാനതു ശ്രദ്ധിച്ചു.

വിറ്റാച്ചി: ഞാൻ പറഞ്ഞു. 'ബാബാജി: ഈ തണുപ്പുകാലത്ത് ധരിക്കാൻ എന്തെങ്കിലും വാങ്ങിക്കൊണ്ടുവരട്ടെ?'

അദ്ദേഹം പറഞ്ഞു: 'ശരി. ഒരു കരിമ്പടം വേണമെങ്കിലാവാം.' അദ്ദേഹത്തിനെന്തെങ്കിലും ചെയ്തുകൊടുക്കാമല്ലോ എന്ന സന്തോഷത്തിൽ ഞാൻ ചന്തയിലേക്കുപോയി. ലോകത്തിൽത്തന്നെ ഏറ്റവും നല്ല ഒരു കരിമ്പടം വാങ്ങിച്ചു. അത് യാക്കുകളുടെ രോമം കൊണ്ടുണ്ടാക്കിയ 'പഷ്മിന' എന്ന കരിമ്പടമായിരുന്നു. അതിന് മൂവായിരം രൂപ വില ഞാൻ കൊടുത്തു. ഒരു ഇന്ത്യക്കാരനായ കച്ചവടക്കാരൻ അതിലൂടെ മുഴുവൻ വിരലുകളോടിച്ച് അതിന്റെ കേമത്തരവും, 'മദർലാന്റ്' എന്നൊരു ഇംഗ്ലീഷ് പത്രത്തിൽ അതിനെക്കുറിച്ചുവന്ന വാർത്തയും വിവരിച്ചു. അടുത്തദിവസം ഞാൻ അതുമായി വീണ്ടും വനത്തിലെത്തി. ആ കെട്ട് അദ്ദേഹത്തിന്റെ കാൽക്കൽവെച്ചപ്പോൾ ബാബ ഒരറ്റത്തുകൂടി അതിനെ തൊട്ടുകൊണ്ടു പറഞ്ഞു: 'പഷ്മിനാ എന്താണ് ഞാൻ പഷ്മിനെകൊണ്ട് ചെയ്യുക?' അദ്ദേഹം അടുത്തുണ്ടായിരുന്ന ഒരു ചെറുപ്പക്കാരനെ വിളിച്ചു. അയാളെ അവസാനകാലത്ത് ബാബയെ നോക്കുന്നതിനായി രാജാവ് ഏർപ്പാടു ചെയ്തതായിരുന്നു.

'നിങ്ങൾക്കറിയുമോ? ഈ മഞ്ഞുകാലത്ത് ഈ കുട്ടി വല്ലാതെ തണുത്തു വിറയ്ക്കുന്നുണ്ട്'-അദ്ദേഹം കരിമ്പടം അയാൾക്ക് കൊടുത്തു.

അയാളത് വാങ്ങി. അതിനെ എങ്ങിനെ സ്വീകരിക്കണമെന്നറിയാതെ ഞാൻ കുഴങ്ങി.

വിറ്റാച്ചി: ഞാൻ പറഞ്ഞു: 'എന്റെ രാജ്യത്തൊരു ചൊല്ലുണ്ട്. സമ്മാനങ്ങളുടെ സമ്മാനം ഒരു മാന്യമായ സമ്മാനമാണെന്ന്.' (The gift of a gift, is a noble gift)

'അതൊരു മാന്യമായ ആശയമാണ്.' അദ്ദേഹം പറഞ്ഞു. ഞാൻ വീണ്ടും നഗരത്തിലേക്കുപോയി. ഇരുപത് രൂപയുടെ കരിമ്പടം വാങ്ങിച്ചുവന്നു. അത് അദ്ദേഹം സ്വീകരിച്ചു.

ഒരു വർഷം കഴിഞ്ഞ് ശിവപുരി ബാബ സമാധിയായി. അദ്ദേഹത്തിന്റെ ജീവിതവും ആശയങ്ങളും 'ലോങ് പിൽഗ്രിമേജ്' എന്നൊരു ഗ്രന്ഥത്തിൽ സമാഹരിക്കപ്പെട്ടു. എന്റെ അധ്യാപകനും സുഹൃത്തുമായിരുന്ന ജോൺ ഗോഡോൾഫിൻ ബെന്നറ്റ് ആണ് ശിവപുരിയിലെ വനത്തിൽപോയി പഴയ കുടിലിലിരുന്ന് ആ ഋഷിയോട് സംവദിച്ചത്. പക്ഷെ കാഴ്ചയിലത്, മറ്റൊരു കാലത്തിൽ, മറ്റൊരു സ്ഥലത്ത്, വളരെ അകന്ന്, എനിക്കും ജോൺ ബെന്നറ്റിനും മാത്രമറിയാവുന്നിടത്തായിരുന്നു.

കാഠ്മണ്ഡു ഇന്ന് ഒരു വലിയ നഗരമാണ്. അവിടെ പത്തുലക്ഷത്തിലധികം ജനങ്ങൾ വസിക്കുന്നു. എത്രയോ സഞ്ചാരികൾ വരുന്നു. ഹിമാലയ, എവറസ്റ്റ്, യാക് & യതി എന്നിങ്ങനെ അനേകം ഹോട്ടലുകൾ അവിടെയുണ്ട്. പിന്നെ അനേകം ആഡംബര സൗധങ്ങളും. അവരാരും തന്നെ ഒരു അസാധാരണ മനുഷ്യൻ സമീപത്തെ കാടുകളിൽ ജീവിച്ചിരുന്നുവെന്ന് ഒരു ചെറിയ അറിവുപോലും ആർക്കും നൽകാൻ തയ്യാറായില്ല. ജീവിച്ചിരുന്ന കാലത്ത് അനേകം സവിശേഷമായ ഓർമ്മകൾ മറ്റുള്ളവർക്ക് നൽകി അദ്ദേഹം കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞുപോയി. കുലീനനും ബുദ്ധിമാനുമായ ആ മനുഷ്യൻ നാൽപ്പതുവർഷക്കാലം ലോകം മുഴുവൻ ചുറ്റി നടക്കുകയും കാടുകളിൽ എഴുപതു വർഷക്കാലം ലളിതമായൊരു ചോദ്യവും കൊണ്ട് തപസ്സനുഷ്ഠിക്കുകയും ചെയ്തു. ആ ചോദ്യം ഇതായിരുന്നു:

'നാമെന്തിനാണ് ഈ ഭൂമിയിലിങ്ങനെ?'

(Why we are here on earth?)

അദ്ധ്യായം മൂന്ന്

മനദാസ തുലാധരൻ ബാബയെ കാണുന്നത്

(ശ്രീ. വൈ.ബി. ശ്രേഷ്ഠ എന്ന ഡോക്ടർ കാഠ്മണ്ഡുവിലെ ഒരു കച്ചവടക്കാരനായിരുന്ന മനദാസ തുലാധരനുമായി നടത്തിയ അഭിമുഖമാണിത്)

ശിവപുരിയിലെ കുന്നിൻപുറത്തുവെച്ച് വിക്രമവർഷം 1986-ലാണ് (1930 എ.ഡി.) മനദാസ തുലാധരൻ എന്ന ബാബയുടെ ആദ്യവിശ്വാസി അദ്ദേഹത്തെ കാണുന്നത്. ഒരു ലാമ, മനദാസിനെ ദ്വിഭാഷിയായി കൂടെക്കൂട്ടിയിരുന്നു. പരിക്രമം എന്നുപറയുന്ന ബുദ്ധഭിക്ഷുക്കളുടെ സാധാരണമായുള്ള കുന്നുകളെ പ്രദക്ഷിണം വയ്ക്കുന്നതിനിടയ്ക്കായിരുന്നു ലാമ ശിവപുരിയിലെത്തിച്ചേർന്നത്. കാഠ്മണ്ഡു മുഴുവനായും ഇത്തരം പരിക്രമത്തിന് മൂന്നാഴ്ച നടക്കേണ്ടിയിരുന്നു. ശിവപുരിയായിരുന്നു അവസാനത്തെ ഇടം.

ശിവപുരിയിലെ കുന്ന് കയറിക്കഴിഞ്ഞാൽ കാണുന്നയിടത്ത് നൂറടി നീളവും അൻപതടി വീതിയുമുള്ള ഒരു ചെറിയ സ്ഥലമുണ്ടായിരുന്നു. അവിടെ മരങ്ങളൊന്നുമുണ്ടായിരുന്നില്ല. അരപൊക്കത്തിലുള്ള ഒരു കന്മതിലുകെട്ടി മറച്ചിടത്ത് ഒരു ചെറിയ പൂന്തോട്ടം വളർത്തിയിരുന്നു. മുളകൊണ്ട് മേഞ്ഞതും മണ്ണുതേച്ച ചുമരുകളോടുകൂടിയതുമായ ഒരു ചെറുകുടിൽ അവിടെയുണ്ടായിരുന്നു. മാധവിന്റെ (മാധവ് പ്രസാദ് തിമിൽസീന) അച്ഛൻ അവിടെയുണ്ടായിരുന്നു. അദ്ദേഹം ആവശ്യം പറഞ്ഞപ്പോൾ ഞങ്ങളെ ശിവപുരി ബാബയുടെ അടുത്തേയ്ക്ക് കൊണ്ടുപോയി. ആദ്യമായി ഉപചാരം പറഞ്ഞശേഷം ലാമയും ബാബയും സംഭാഷണം തുടങ്ങി. (തനിക്ക് വിശദവിവരങ്ങളൊന്നും ഓർമ്മയില്ലായെന്ന് തുലാധരൻ പേടിയോടെ പറയുന്നു). എങ്കിലും ചില സൂചനകൾ താഴെ ചേർക്കുന്നു.

ലാമ: എന്താണങ്ങയുടെ പേര്?

ബാബ: ഗോവിന്ദാനന്ദ ഭാരതി.

ലാമ: എത്രവയസ്സായി?

ബാബ: നൂറ്റിപ്പത്ത്.

ലാമ: ഒരുപാട് മതങ്ങളുണ്ട്. സത്യമേതാണ്?

ബാബ: ഒരേ സത്യത്തെക്കുറിച്ചു തന്നെയാണ് സകലമതങ്ങളും പറ

യുന്നത്. എല്ലാ മതങ്ങളും നമ്മെ ഒരേ ലക്ഷ്യത്തിലേക്കുതന്നെയാണ് കൊണ്ടുപോകുന്നതും.

ലാമ: അങ്ങിനെ ഞാനും കരുതുന്നു.

ബാബ: 'ശരിയായ ജീവിതമെന്നത് ബുദ്ധന്റെ ആദിവചനങ്ങൾ തന്നെയാണ്. അതിൽ പറയുന്ന ശീലം, സമാധി, പ്രജ്ഞ എന്നിവതന്നെ. ലക്ഷ്യം ഒന്നുതന്നെ. വഴിത്താരയും ഏതാണ്ടൊരുപോലെയാണ്.'

ആ ചെറിയ അഭിമുഖം അവിടെ അവസാനിച്ചു. ലാമ പോരുമ്പോൾ ഇനിയും വന്നു കണ്ടുകൊള്ളട്ടെയെന്ന് ചോദിച്ചു. അദ്ദേഹത്തിനിഷ്ടമുള്ളപ്പോൾ എപ്പോഴും വരാമെന്ന് ബാബ മറുപടി പറഞ്ഞു.

(ഇനി ചോദ്യകർത്താവായ വൈ.ബി. ശ്രേഷ്ഠ, മനദാസ തുലാധരനോട് ചോദിക്കുന്നു)

ശ്രേഷ്ഠ. ഏതു മാർഗ്ഗത്തിലാണ് ശരിയായ ജീവിതം ബുദ്ധമതവുമായി വേർതിരിഞ്ഞു നിൽക്കുന്നത്?

തുലാധരൻ: നല്ല ചോദ്യമാണിത്. ബുദ്ധമതം വിശ്വസിക്കുന്നത് ശ്രേഷ്ഠമായ നന്മ, വളരെ എണ്ണം (ആളുകൾക്ക്) ചെയ്യണമെന്നാണ്. പക്ഷെ സമ്യക് ജീവിതമെന്നത് സ്വകാര്യതയാണ്. അത് ഉദ്ബോധനങ്ങളിൽ വിശ്വസിക്കുന്നില്ല. എന്നാൽ ബുദ്ധൻ ബോധനം ചെയ്തിട്ടുണ്ട്.

തുലാധരൻ തുടരുന്നു: 'ശിവപുരി ബാബ ആദ്യം പറഞ്ഞത് പ്രാചീനമായ ഒരു മാർഗ്ഗത്തെ കുറിച്ചാകുന്നു. അതുതന്നെയാണ് ശാശ്വതമായ മതവും. അതിനെ സനാതന ധർമ്മമെന്ന് പറഞ്ഞ് ഹിന്ദുക്കൾ മാർഗ്ഗമാക്കിയിരിക്കുന്നു. പക്ഷെ സത്യാന്വേഷകന്റെ വഴി വ്യത്യസ്തമാണെങ്കിൽ അദ്ദേഹം ആ വ്യക്തിയെ അയാളുടെ മാർഗ്ഗത്തിലൂടെ പോകാൻ അനുവദിച്ചിരുന്നു. ശരിയാണ്, ഇത് വളരെ നല്ലതു തന്നെയാണ്. ബാബ ആരെയും മതം മാറ്റിയിട്ടില്ല! അദ്ദേഹം മറ്റുള്ളവരുടെ വിശ്വാസത്തെ ബഹുമാനിക്കുകയാണ് ചെയ്തത്. അവരെയൊക്കെ കഴിയുംവിധം സഹായിക്കുകയും ചെയ്തു. ശിവപുരി ബാബ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. 'അന്തർദേശീയ മതം'. ഇത് യൂറോപ്പിൽ വെച്ച് വിക്ടോറിയാ രാജ്ഞിയുടെ അവസാന കാലത്താണ്. അദ്ദേഹം പഠിപ്പിച്ചത് വളരെ സുതാര്യവും, ആർക്കും അസ്വസ്ഥതയുണ്ടാക്കാത്തതുമായ കാര്യങ്ങളാകുന്നു. ഉദാഹരണമായി ബാബ പറയുന്നതു കേൾക്കുക: പത്തു കല്പനകൾ ക്രിസ്ത്യാനികൾക്കും, ശീലം-സമാധി-പ്രജ്ഞ ഇവ ബുദ്ധമതക്കാർക്കും, നാല് മഹദ്സത്യങ്ങൾ

മുസ്ലീങ്ങൾക്കും, സ്വർധർമ്മാനുഷ്ഠാനം ഹിന്ദുക്കൾക്കും മഹത്തരമാകുന്നു. ഇതെല്ലാം ശരിയായ ജീവിതം നയിക്കുന്നതിനായാണ്. അത് കൂടുതലും കുറവുമാകാം. അന്ന് ലാമ എന്നോടു പറയുകയുണ്ടായി; ശിവപുരി ബാബ ഒരു വലിയ യോഗിയാണെന്ന്. അതിനാൽ ഞാൻ എന്തു പ്രശ്നങ്ങളുണ്ടെങ്കിലും അദ്ദേഹത്തിനടുത്തെത്തുമായിരുന്നു. അദ്ദേഹത്തെ ഞാനൊരിക്കലും അവഗണിച്ചില്ല.'

ദശ്രേഷ്ഠ: അന്നുകണ്ട ശേഷം പിന്നെ അങ്ങ് ബാബയുടെ അടുത്തേയ്ക്കു തിരിച്ചു പോവുകയുണ്ടായോ?

തുലാധരൻ: നന്നായി! വീട്ടിലെത്തിയ ഉടൻ തന്നെ ഞാൻ സംസാര ദുഃഖങ്ങളിൽ വീണുപോയി. എന്റെ സാമ്പത്തിക സ്ഥിതി ഒട്ടും മെച്ചമായിരുന്നില്ല. ഞാൻ ഓരോരോ കച്ചവടങ്ങളായി മാറിമാറി ചെയ്തു നോക്കി. രണ്ടറ്റവും മുട്ടാൻ നന്നേ പാടുപെട്ടു. ഓരോ തവണയും എന്റെ മുടക്കുമുതൽ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. എന്റെ ആവേശം ഇല്ലാതായി, മനസ്സ് വളരെ താണനിലയിലെത്തിച്ചേർന്നു. പലവിധ ചിന്തകളാൽ മനസ്സ് കലുഷിതമായി. ബുദ്ധി മരവിച്ചുപോയി. എന്റെ സന്തോഷം എന്നെന്നേക്കുമായി നഷ്ടപ്പെട്ടോ എന്ന് ഞാൻ ഭയപ്പെട്ടു. പെട്ടെന്ന് ഞാൻ ബാബയെ ഓർത്തു. എന്തു പ്രശ്നങ്ങളുണ്ടെങ്കിലും ഒന്നു കാണണമെന്ന് തീർച്ചയാക്കി.

ഞാൻ ഒരു സേർ ധാന്യം അവിലാക്കി കയ്യിലെടുത്തിരുന്നു. അതുതന്നെ എന്നെ സംബന്ധിച്ചിടത്തോളം സാധിക്കാത്തതായിരുന്നു. ഞാനതുകൊണ്ടുപോയി ബാബയുടെ കാൽക്കൽ വെച്ചു. എന്റെ ദാരിദ്ര്യത്തെക്കുറിച്ചും പരാജയങ്ങളെക്കുറിച്ചും സംസാരിച്ചു. അപ്പോൾ ബാബ ഇങ്ങിനെ പറഞ്ഞു.

ബാബ: നിങ്ങൾ എന്റെ അടുത്തേക്ക് മുൻപേ വരേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാത്തതുകൊണ്ട് ഏറെ കഷ്ടതകൾ അനുഭവിച്ചു. നിങ്ങൾ ഇവിടെ വന്നപ്പോൾ പേടി ഇല്ലാതായില്ലേ? തീർച്ചയായും ഞാൻ നിങ്ങളെ സഹായിക്കാം.

തുലാധരൻ പറയുന്നു: 'അന്ന് ബാബ, നീണ്ട കദനകഥകൾ കേട്ട ശേഷം എന്നോടു പറഞ്ഞത് എനിക്ക് സ്ഥിരത നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ്. അതുകൊണ്ടർത്ഥമാക്കിയത് എന്റെ തൊഴിലിൽ എനിയ്ക്ക് പാറപോലെ ഉറച്ചുനിൽക്കാൻ സാധിച്ചില്ല എന്നാണ്. എന്റെ തോക്കുകൾ ഉന്നംപിടിച്ചത് ശരിയായ രീതിയിലായിരുന്നില്ല എന്നും ബാബ കൂട്ടിച്ചേർത്തു.'

'നിങ്ങളുടെ കച്ചവടത്തിൽ ചില അടിസ്ഥാന പരാജയങ്ങൾ വന്നുവെന്നു കരുതി പരിഭ്രമിക്കാതിരിക്കുക. അതിനോട് ഉൾച്ചേരുക. മെല്ലെ കാത്തിരിക്കുക. കൂടുതൽ നന്നായി കച്ചവടം ചെയ്യാൻ ശ്രമിക്കുക. നിങ്ങൾക്ക് വിജയം വരും'-ബാബ പറഞ്ഞു.

തുലാധരൻ: അതുപോലെ മറ്റുപല കാര്യങ്ങളെക്കുറിച്ചും അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. എനിക്ക് ഒരു പുതു ഉണർവ്വ് ഉണ്ടാവുകയും സന്തോഷം അനുഭവപ്പെടുകയും ചെയ്തു. അന്നുതൊട്ട് ഞാൻ ഒരിക്കലും പതറാതെ, തോക്കുകൾ ശരിയാക്കി, എന്റെ തൊഴിലിൽ ഒരു സിംഹത്തെപ്പോലെ മുന്നോട്ടുപോയി. ഒരു സാമാന്യനായ നേപ്പാളിയെപ്പോലെ ഞാൻ കുറച്ചുനാൾക്കകം സമ്പന്നനായി. ഞാൻ ഇന്ന് എന്തൊക്കെ നേടിയിട്ടുണ്ടോ, അതൊക്കെ ബാബയുടെ കരുണയാണ്.

പിന്നീട് 'പ്രചണ്ഡ ഗോർഖ' എന്ന ഒരു രാഷ്ട്രീയ പ്രശ്നകാലത്ത് ഞാൻ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി. അന്ന് നേപ്പാളിലെ പ്രധാനമന്ത്രി ഭീംസും ഷേർ ഞങ്ങളെ ആക്രമിച്ചു. ബാബ എന്നെ നയിച്ചതുകാരണം പല ബുദ്ധിമുട്ടുകളിൽ നിന്നും ഞാൻ മോചിതനായി.

കുറെക്കാലം ഓരോ രണ്ടാഴ്ച കൂടുമ്പോഴും, അല്ലെങ്കിൽ മാസത്തിലൊരുതവണയെങ്കിലും ഞാൻ അദ്ദേഹത്തെ സന്ദർശിക്കുമായിരുന്നു. പിന്നെ ശിവപുരി ബാബ കിരാതേശ്വരത്തേക്കും പിന്നീട് ധ്രുവസ്ഥലിയിലേക്കും മാറി.

അദ്ധ്യായം നാല്

വൈരാഗ്യവും മറ്റു വിഷയങ്ങളും

ചോദ്യം: ബാബ! എന്താണ് വൈരാഗ്യം അഥവാ ജീവിത വൈരാഗ്യം? ഒന്നു വിശദീകരിച്ചു തരാമോ?

ഉത്തരം: വൈരാഗ്യം എന്നത് ലോകം ഉപേക്ഷിക്കുകയല്ല; മറിച്ച് ഈശ്വരചിന്തനം വർദ്ധിപ്പിക്കുക എന്നതാകുന്നു. അതിലൂടെ നിങ്ങൾക്ക് ആത്മവിശ്വാസം കൈവരുന്നു. ഞാൻ എപ്പോൾ വേണ മെങ്കിലും മരിയ്ക്കാം; അതിനാൽ എനിക്ക് ഈശ്വര സാക്ഷാത്ക്കാരം ഉടൻ ലഭിയ്ക്കണം എന്ന ഒരു ചിന്ത എപ്പോഴും നിങ്ങളുടെ ഉള്ളിൽ ഉണ്ടാവണം. ഇതാണ് ശരിയായ വൈരാഗ്യം. നിങ്ങൾ വിവേകത്തി ലൂടെ വൈരാഗ്യത്തിലെത്തിച്ചേരുക. നിങ്ങളുടെ പ്രവൃത്തികളെ പിന്നേയ്ക്കു വെയ്ക്കാതെ ഉടൻ അനുഷ്ഠിക്കുക. നിങ്ങളെ സദാ പിന്തുടരുന്ന ഒരു സുഹൃത്ത് കൂടെയുണ്ട്-അത് മരണമാകുന്നു.

ഒരു ദൃഢനിശ്ചയം ഉടൻ എടുക്കുക-ഈശ്വരസാക്ഷാത്ക്കാരം വേണ മെന്നതായിരിക്കണം അത്. അങ്ങിനെ നിശ്ചയിച്ച് ദൈവമാർഗ്ഗത്തിൽ സഞ്ചരിയ്ക്കുമ്പോൾ, സൂര്യനസ്തമിക്കുന്നതിന് മുൻപേ നിങ്ങൾക്ക് ഈശ്വര സാക്ഷാത്ക്കാരം ലഭിക്കും. ഈ ദൃഢനിശ്ചയമെന്നത് മുൻ ജന്മങ്ങളിലെ സുകൃതങ്ങളുടെ സഞ്ചയത്താൽ കൂടി ലഭിച്ചതാകുന്നു.

ചോദ്യം: നാം കൂടുതൽ സ്ഥലങ്ങൾ സന്ദർശിക്കുവാനും പുതിയ പുസ്തകങ്ങൾ വായിയ്ക്കുവാനും ഇഷ്ടപ്പെടുന്നില്ലേ?

ഉത്തരം: താത്പര്യത്തോടെ പുസ്തകങ്ങൾ വായിയ്ക്കുക. ആസ്വദി ക്കുക. നിങ്ങൾ സുന്ദരമായ ചിത്രങ്ങളും, മരങ്ങളും പർവ്വതനിരകളും കാണുക. എല്ലാം നമ്മിൽ സന്തോഷം വളർത്താൻ മാത്രമുള്ളതാകു ന്നു. നിങ്ങളുടെ മനസ്സ് സ്ഥിരതയുള്ളതാക്കാൻ ഇതിനൊന്നും സാധ്യ മല്ല. നിങ്ങൾക്ക് ഈശ്വരമാഹാത്മ്യം അറിയാൻ സ്ഥലങ്ങളുടെ സന്ദർശനം മാത്രം കൊണ്ട് സാധ്യമല്ല. പലസ്ഥലങ്ങൾ സന്ദർശിക്കു മ്പോൾ മനസ്സ് സന്തോഷഭരിതമാകുമെന്ന് മാത്രം. ഇന്ന് നിങ്ങൾ ഒരു കാര്യം കാണുന്നു-നാളെ മറ്റൊന്ന്. കുറച്ചു നേരത്തേക്ക് സന്തോഷ ഭരിതനാകുന്ന നിങ്ങൾ പിന്നീട് അതിൽനിന്നും അകന്നുപോകുന്നു. അപ്പോൾ നിങ്ങൾ സ്വയം മറക്കുന്നു, ദൈവത്തെയും മറക്കുന്നു. അതി നാൽ അത് ഫലം തരുന്നതല്ല. ഈശ്വരസാക്ഷാത്ക്കാരത്തിന് ശ്രമി ക്കുന്ന വ്യക്തി ആരായിരുന്നാലും സ്വധർമ്മം അനുഷ്ഠിക്കേണ്ടതും

ഇത്തരം കാര്യങ്ങൾ ത്യജിക്കേണ്ടതും സദാ ഈശ്വരധ്യാനത്തിൽ മുഴു കേണ്ടതുമാകുന്നു.

ചോദ്യം: എങ്ങിനെയാണ് സിദ്ധി നമ്മെ സ്വാധീനിക്കുന്നത്?

ഉത്തരം: സിദ്ധി നമുക്ക് ഹാനികരമാണ്. ആരാണോ ഈശ്വരനെ ഇച്ഛിക്കുന്നത് അവൻ ഇവ ഒഴിവാക്കേണ്ടതും മുന്നോട്ടു പോകേണ്ടതുമാണ്. ലൗകിക ഉത്കർഷങ്ങൾ അഥവാ ആനന്ദം ലഭിയ്ക്കുന്നതിനാണ് സിദ്ധികൾ. അവ നശ്വരങ്ങളാകുന്നു. അതിനാൽ ആരാണോ മുക്തി ആഗ്രഹിക്കുന്നത്, അവൻ സിദ്ധികളെ ഒഴിവാക്കി, ഈശ്വര സാക്ഷാത്ക്കാരത്തിന് പരിശ്രമിയ്ക്കേണ്ടതാകുന്നു.*

ശരിയായ ജീവിതം നയിക്കുന്നത് പ്രശ്നങ്ങളെ ലഘൂകരിക്കാൻ സഹായിക്കും. പൂർവ്വ പ്രവൃത്തികളുടെ ഫലം അനുഭവിക്കാൻ നിങ്ങൾ തയ്യാറാകണം. നന്മകൾ ചെയ്താൽ നല്ല ഫലം വരും. രാമാവതാരത്തിലെ ഒരു കടം തീർക്കാനായിരുന്നു കൃഷ്ണന് ഒരു വേടന്റെ അമ്പേറ്റ് ശരീരമുപേക്ഷിക്കേണ്ടിവന്നത്. നിങ്ങൾ പുതിയ വീട് പണിയിച്ച്, പഴയ വീട്ടിൽനിന്ന് മാറിത്താമസിക്കുന്നു. അതിനാൽ ഈശ്വര സാക്ഷാത്ക്കാരം ലഭിച്ച് നിങ്ങളുടെ ആത്മാവിനെ പുതിയ ഗേഹത്തിലെത്തിയ്ക്കുക. അല്ലെങ്കിൽ ഈശ്വരനുമായി മരണത്തിനുമുമ്പെ നിങ്ങൾ ആത്മീഭവിക്കുക. സ്വന്തം അച്ഛന്റെ ചിതയ്ക്ക് തീക്കൊടുത്ത മകനോട് ഒരു സിനിമയ്ക്ക് പോകാൻ വിളിക്കുന്നത് അനുചിതമാണല്ലോ. അതുപോലെ നിങ്ങൾ ലൗകികവൃത്തികളിൽ വൈരാഗ്യം ഉൾക്കൊണ്ട്, ഈശ്വരനിൽ സമർപ്പിക്കുക.

ചോദ്യം: ബാബ! ലൗകികമായ സകലതും, നാം കാണുന്നതായ

---

* *ഒരു ദിവസം രാത്രിയിൽ' - മാധവ് ബാളെ പറഞ്ഞു: 'ഞാൻ ബാബയോടൊത്ത് ശിവപുരിയിൽ തീ കാഞ്ഞിരിക്കുകയായിരുന്നു. ഒരു പ്രകാശിക്കുന്ന വസ്തു ഞങ്ങളുടെ നേരെ വരുന്നത് കണ്ടു. അത് വാതിലിനടുത്തെത്തിയപ്പോൾ നിശ്ചലമായി. എന്താണ് ആ വസ്തു എന്ന് ബാബയോട് ചോദിച്ചു. അത് ഒരു സർപ്പം എന്തോ കൊണ്ടുവന്നതാണെന്ന് ബാബ പറഞ്ഞു. പല വസ്തുക്കളും സിദ്ധിയിലൂടെ നേടാമെന്ന് ബാബ പറഞ്ഞു. അത് ലൗകിക മായ സന്തോഷങ്ങൾ തരും എന്നാൽ ഈശ്വര ചിന്താമാർഗ്ഗത്തിൽ പ്രതിബന്ധങ്ങളെ സൃഷ്ടിയ്ക്കും. ആവശ്യമാണെങ്കിൽ നിങ്ങൾക്കെടുക്കാം, ഇല്ലെങ്കിൽ പുറത്തെ മണ്ണിൽ അത് കുഴിച്ചിടാം.' മാധവ് ബാളെ കൂട്ടിച്ചേർത്തു: 'ഞാൻ കുടിലിൽ നിന്നും പുറത്തിറങ്ങി അല്പദൂരം നടന്ന് അവിടെ അതിനെ കുഴിച്ചിട്ടു.'*

പലതും നമുക്ക് നേടാനാവുന്നില്ലല്ലോ-എന്തുകൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നത്?

ഉത്തരം: ഈ ലോകം നിങ്ങളുടെ ആവശ്യങ്ങളെ മുഴുവൻ നിവർത്തിച്ചുതരി 'യില്ല-നാം എല്ലാം പ്രതീക്ഷിയ്ക്കുന്നുണ്ടെങ്കിലും. നാം പ്രതീക്ഷിയ്ക്കുന്ന പലതും നിതൃതയുള്ളതല്ല. അത് നമുക്ക് സമാധാനമോ സന്തോഷമോ തരികയില്ല. മായയാണ് നമ്മെ നയിക്കുന്നത്. അതിനാൽ പലതുംനേടാൻ വേണ്ടി നാം സന്തോഷത്തിനുപകരം ബുദ്ധിമുട്ടുകളെ അനുഭവിക്കുന്നു. നാം നായയുടെ വാൽ നിവർത്താൻ വൃഥാ ശ്രമിക്കുന്നു. അതിൽ പരാജയമടയുന്നു. അതുതന്നെയാണ് ലൗകിക വിഷയങ്ങളിലെ കാര്യവും.

നാം ലോകത്തെ തൃപ്തിപ്പെടുത്താൻ ശ്രമിയ്ക്കുന്നു. പക്ഷെ വിജയം കൈവരുന്നില്ല. എപ്പോഴും പരാജയം തന്നെ അനുഭവിച്ചു കൊണ്ടിരിക്കുന്നു. 'പല്ലിൽനിന്നും രക്തം കിനിയുമ്പോൾ' നമുക്ക് ക്ഷമ നഷ്ടപ്പെടുന്നു. കുറച്ചുകഴിഞ്ഞ് നാം വീണ്ടും ശ്രമിച്ചുനോക്കുന്നു. ഇതാണ് ലോകത്തിന്റെ അവസ്ഥ. പണ്ടും ഇന്നും ഭാവിയിലും നാം ഇങ്ങിനെത്തന്നെയാണ്. ശരിയായ ജീവിതം നയിച്ച് അതിൽ ഈശ്വരസാക്ഷാത്ക്കാരം നേടി ഈ ചക്രത്തിൽനിന്നു മുക്തിനേടുക.

മഹാഭാരതത്തിൽ യക്ഷൻ യുധിഷ്ഠിരനോട് ലോകത്തിലെ ഏഴ് അത്ഭുതങ്ങളെക്കുറിച്ച് ചോദിക്കുന്നുണ്ട്. അതിലൊന്ന് ആശ്ചര്യമാകുന്നു. യുധിഷ്ഠിരൻ മറുപടി പറയുന്നു: 'നിത്യവും ബന്ധുക്കളും സുഹൃത്തുക്കളുമായി അനേകംപേർ മരിയ്ക്കുന്നത് ആളുകൾ കാണുന്നുണ്ട്. എന്നിട്ടും അവർ ഒട്ടും ശ്രദ്ധിക്കുന്നില്ല-അവർ ഒരു ദിവസം മരിക്കുമെന്ന്. അത് അത്ഭുതമല്ലേ? വൈരാഗ്യം നമുക്ക് വേണം. ശാരീരികമായ ബാഹ്യവൈരാഗ്യം മാത്രമല്ല വൈരാഗ്യമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.'*

---

* *തുടർന്ന് ബാബ പറയുന്നു: 'ഒരു ദിവസം ഞാൻ ഗോശാല (പശുപതിനാഥ ക്ഷേത്രം നില്ക്കുന്ന സ്ഥലം)യിൽനിന്ന് ശിവപുരിയിലേക്കു മടങ്ങുകയായിരുന്നു. ഗ്രാമവാസികൾ കൂട്ടംകൂടി ഒരു സന്യാസിയെ അടിയ്ക്കുന്നതു കണ്ടു. ഞാൻ കാരണം അന്വേഷിച്ചു. ഗ്രാമവാസികൾ പറഞ്ഞു: 'സന്യാസി ഒരു സ്ത്രീയെ പിന്തുടർന്നിരുന്നു.'*

ബാബ തുടർന്നു: അവർക്ക് കുറച്ച് പണം കൊടുത്ത് നിശ്ശബ്ദരാവാൻ ഞാൻ ആവശ്യപ്പെട്ടു. സന്യാസിയോട് മാപ്പു പറയാനും പറഞ്ഞു. ഒരു സന്യാസി ഈ ലോകത്തിലെ ഏറ്റവും ആദരണീയനായ വ്യക്തിയാകുന്നു. സന്യാസികളെ ആദരിക്കുക-എന്നാൽ ഇത്തരം സന്യാസികളെ വർജ്ജിക്കുക.'

ബാബ അക്കാലത്ത് ഗോസായി കുണ്ഡിൽ നിന്ന് ഒരു പൈൻ മരത്തൈ കൊണ്ടുവന്ന് ശിവപുരിയിൽ നടുകയുണ്ടായി. എന്നാൽ അത് പിന്നീട് ഉദ്യോഗസ്ഥർ മുറിച്ചുകളഞ്ഞു. ഇക്കാലത്ത് ശിവപുരിയിൽ നരിയിറങ്ങുക ഒരു നിത്യസംഭവമായിരുന്നു. കരടികളും അപൂർവ്വമായി വന്നിരുന്നു. 'ബാബയുടെ മുൻപിൽ അവ നിശ്ചലമാകും. ചില ഭക്ഷണ സാധനങ്ങൾ ബാബ, അവയ്ക്കിട്ടുകൊടുക്കും'- മാധവ് ഓർക്കുന്നു.

'പലപ്പോഴും വേട്ടക്കാർ വനത്തിൽ കടന്ന് മൃഗങ്ങളെ കൊല്ലും. പല മൃഗങ്ങളും വേട്ടക്കാർ വന്നാൽ ബാബയുടെ കുടിയ്ക്കു സമീപം വന്ന് രക്ഷതേടും. അതിനാൽ പലപ്പോഴും ആശ്രമ പരിസരത്ത് വേട്ട ക്കാർ ബഹളം സൃഷ്ടിക്കും. അവരിൽ പലരും സർക്കാരിൽ സ്വാധീ നമുള്ളവരായിരിക്കും. ചില വേട്ടക്കാർ വന്നാൽ ബാബയെ കുമ്പിട്ട് നമസ്ക്കരിച്ചുപോകും. ചിലർ ബാബയോട് എന്തിനാണ് ഇങ്ങനെ വിദൂരമായ കുന്നിൻ പുറത്ത് താമസിയ്ക്കുന്നത്? എന്നു ചോദിയ്ക്കും. ബാബ തമാശയായി പറയും: 'നിങ്ങൾക്ക് ബുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു. അതിനാലാണ് നിങ്ങൾ താഴ്വരയിൽ വസിക്കുന്നത്. ഈ കുന്നിൻ മുകളിലിരുന്ന് ഞാൻ ഉപയോഗിച്ച വെള്ളമാണ് നദിയിലൂടെ താഴ്വാരത്തെത്തുന്നത്. ആ വെള്ളം ഉപയോഗിക്കുന്നത് നിങ്ങളുടെ ബുദ്ധി വർദ്ധിപ്പിക്കും!' ഇതൊക്കെ കേൾക്കുന്നവർ ഉടൻ അവിടെ നിന്ന് രക്ഷപ്പെടും'-മാധവ് ബാജെ പറയുന്നു.

ചോദ്യം: ശിവപുരിയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞുതരിക?

ഉത്തരം: ശിവപുരി ദൈവിക സമ്പത്താൽ നിറഞ്ഞതാകുന്നു. നിങ്ങൾക്ക് ഒരു ശരിയായ ജീവിതം തുടങ്ങുന്നതിന് ഇവിടെ വന്ന് ഒരു വർഷമെങ്കിലും അഭ്യസിക്കാവുന്നതാണ്. നിങ്ങൾക്ക് സകല സമ്പത്തും ഇവിടെനിന്ന് നേടാവുന്നതാകുന്നു.

ചോദ്യം: എന്തിനാണ് സദാനന്ദൻ* എന്ന സന്യാസി ആശ്രമത്തിൽ വരുന്നവരിൽനിന്നും പണം പിരിച്ച് പ്രവൃത്തികൾ നടത്തിയിരുന്നത്? ഇത് ദൈവികമാർഗ്ഗത്തിൽ ശരിയാണോ?

ഉത്തരം: സദാനന്ദൻ ഒരു ഋഷി അഥവാ സന്യാസി ശ്രേഷ്ഠനാകുന്നു. അദ്ദേഹം ചെയ്തത് ലോകത്തിന്റെ വയർ നിറയ്ക്കാനാകുന്നു. ഒരു

---

* *ശിവപുരിയിൽവന്ന ഒരു സന്യാസി കുറെക്കാലം ബാബയെ സേവിച്ചിരുന്നു. സദാനന്ദൻ എന്നായിരുന്നു പേര്. കുറച്ചുകാലം കഴിഞ്ഞ് അദ്ദേഹം ബാബയുടെ ഉപദേശപ്രകാരം ചിലരിൽനിന്നും അല്പം പണം സ്വരൂപിച്ച് ചില ധാർമ്മിക അനുഷ്ഠാനങ്ങൾ നടത്തിവന്നു.*

സാധാരണ സന്യാസി ചെയ്യുന്നത് സദാനന്ദൻ ഒരിയ്ക്കലും ചെയ്യുകയില്ല.

ചോദ്യം: ആവശ്യമില്ലാത്തതും ഉപയോഗപ്രദമല്ലാത്തതുമായ പ്രവൃത്തികൾ അനുഷ്ഠിയ്ക്കുക ആശാസ്യമല്ല അല്ലേ?

ഉത്തരം: തീർച്ചയായും! അതിൽ അപകടമുണ്ട്! ഒരു ദിവസം ഒരാൾ ഒരു ബൈനോക്കുലറുമായി എന്റെ സമീപത്ത് വന്നു.* എന്നോട് ബൈനോക്കുലറുപയോഗിച്ച് ചുറ്റും നോക്കാനാവശ്യപ്പെട്ടു. ഞാൻ നോക്കിക്കൊണ്ടിരിക്കുമ്പോൾ അകലെ ഒരു മനുഷ്യൻ വീടിന്റെ മുമ്പിലിരുന്ന് കുളിയ്ക്കുന്നതു കണ്ടു. അത് കുറച്ചുനേരം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ബൈനോക്കുലർ തന്ന വ്യക്തിയോട് അത് നോക്കാൻ പറ

---

* *മാധവ് ബാജെ പറയുന്നു: 'ഒരു ദിവസം വൈകുന്നേരത്ത് ഞാൻ ബാബയ്ക്ക് ഒരു ചിലം (പുകവലിയ്ക്കാനുള്ളത്) ഒരുക്കിക്കൊടുത്ത്, കുടിലിന്റെ വാതിൽ ചാരി കാഠ്മണ്ഡുവിലേയ്ക്കു പോന്നു. വീട്ടിലെത്തിയ ഞാൻ വയറിളക്കം പിടിച്ച് കിടപ്പിലായി. കുറച്ചു ദിവസത്തിന് ശിവപുരിയിലേയ്ക്കു തിരിച്ചു പോകാനായില്ല. കുറച്ചു ദിവസം കഴിഞ്ഞ് കുറച്ചു ഭക്ഷണ സാധനങ്ങളുമായി ശിവപുരിയിലേക്ക് ചെന്നു. മുറിയിൽ കടന്ന് നോക്കിയപ്പോഴുണ്ട്; അന്ന് വിട്ടുപോരുമ്പോൾ എങ്ങിനെയാണ് ഇരുന്നിരുന്നത് അതുപോലെ ബാബ ഇരിയ്ക്കുന്നു. വാതിലിൽ മെല്ലെ തട്ടി ശബ്ദമുണ്ടാക്കിയപ്പോൾ ബാബ കണ്ണു തുറന്നു ചോദിച്ചു: 'നിങ്ങൾ ഗ്രാമത്തിലേയ്ക്കു പോയില്ലേ?' ഞാൻ എല്ലാകഥകളും വിസ്തരിച്ചു പറഞ്ഞു.' മാധവ് ബാജെ പറഞ്ഞു: 'ബാബ ചിരിച്ചു.'*

മറ്റൊരു സംഭവം കൂടി മാധവ് ബാജെ പറയുന്നു: 'വളരെ ശ്രദ്ധേയരായ അനേകം വിശിഷ്ട വ്യക്തികൾ ബാബയെ സന്ദർശിച്ചിരുന്നു. അതിൽ ഗാലേശ്വർ ബാബ എന്നൊരു വിശിഷ്ടനുണ്ടായിരുന്നു. ഗാലേശ്വർ എന്നത് കാഠ്മണ്ഡുവിലെ പടിഞ്ഞാറൻ പ്രാന്തപ്രദേശമാണ്. ഗാലേശ്വർ ബാബ നീലകണ്ഠ ക്ഷേത്രത്തിലെത്തി കയ്യിലുണ്ടായിരുന്ന ശംഖ് വിളിച്ചു. അത് ശിവപുരിയിൽ കേട്ടയുടനെ ബാബ മാധവിനോട് പറഞ്ഞു–കുറച്ചു ഭക്ഷണവും ചായയും തയ്യാറാക്കു. ഗാലേശ്വർ ബാബ വരുന്നുണ്ട്!'

പശുപതി പ്രദേശത്ത് ഒരു ബ്രഹ്മചാരി ഉണ്ടായിരുന്നു. ഒരുദിവസം ഈ ബ്രഹ്മചാരി മറ്റു ചിലരോടൊത്ത് ചില വസ്തുക്കൾ തേടിവന്നു. സ്വർണം തയ്യാറാക്കുന്നതിനായിരുന്നു വസ്തുക്കൾ തേടിയിരുന്നത്. ഇങ്ങിനെ സിദ്ധികൾ കാണിക്കുന്നതിലെ അപകടം ബ്രഹ്മചാരിയ്ക്കു ബാബ പറഞ്ഞുകൊടുത്തു. അയാളെ തീരെ ശ്രദ്ധിച്ചതുമില്ല. ഇവർ വസ്തുക്കൾ സംഘടിപ്പിച്ച് കാഠ്മണ്ഡുവിലെത്തി സ്വർണം നിർമ്മിക്കുന്നതിനു ശ്രമിച്ചു. ഇതിനിടയിൽ തീജ്വാലയിൽ പെട്ട് ബ്രഹ്മചാരിയുടെ രണ്ട് കണ്ണുകളും നഷ്ടപ്പെട്ടു.

ഞ്ഞപ്പോൾ അയാളും സമ്മതിക്കുകയുണ്ടായി- അനാവശ്യമായ കാര്യങ്ങൾ ശ്രദ്ധിക്കുക അപകടമാണ് എന്ന്.*

ചോദ്യം: ശാസ്ത്രങ്ങളിൽ ഈശ്വരനെക്കുറിച്ച് പറയുന്ന അനേകം വിഷയങ്ങൾ വായിയ്ക്കാറുണ്ട്. അതിനാൽ ശാസ്ത്രഗ്രന്ഥങ്ങളുടെ വായനകൊണ്ടുമാത്രം ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുമോ?

ഉത്തരം: വേദങ്ങളും ശാസ്ത്രങ്ങളും ഈശ്വരസാക്ഷാത്ക്കാരം നടത്താൻവേണ്ടി ഉള്ളതാകുന്നു. സ്വന്തമായി പരിശ്രമിച്ച് ഒന്നുകിൽ കാണുന്നതുവരെയോ അല്ലെങ്കിൽ അനുഭവിക്കുന്നതുവരെയോ നിങ്ങൾക്ക് പരമാത്മാവ് എങ്ങിനെയാണെന്ന് വളരെ വ്യക്തമായി പറയാൻ സാദ്ധ്യമല്ല. നാം ഇച്ഛിക്കുന്നതുപോലെയാണ് ഈശ്വരന്റെ രൂപം എന്നു പറയുന്നത് ഒരാൾക്ക് ചേർന്നതല്ല. ആദ്യം പരമാത്മാവിനെ

---

* *ഒരു ദിവസം അറിയപ്പെടുന്ന ഒരു വ്യക്തി തീർത്ഥാടനത്തിനൊരുങ്ങി. അയാൾ യാത്ര മംഗളകരമാകാൻവേണ്ടി ബാബയുടെ അനുഗ്രഹം വേണം എന്ന് പറഞ്ഞേൽപ്പിച്ച് കുറച്ചു പൈസയും കൊടുത്ത് ഒരു പരിചാരകനെ ബാബയുടെ അടുത്തേക്ക് പറഞ്ഞുവിട്ടു. ബാബ പറഞ്ഞു: 'അനുഗ്രഹം മാത്രം കൊണ്ട് പൂർണ്ണമായില്ല' എന്ന്. മനുഷ്യൻ അവന്റെ പ്രവൃത്തികളുടെ ഫലമാണ് അനുഭവിയ്ക്കുന്നത്. വരാനുള്ളത് മുൻകൂട്ടി തീരുമാനിയ്ക്കപ്പെട്ടിട്ടുള്ളതാണ്. യാത്രയുടെ സമാപ്തിയിൽ അവന്റെ അവസാന ശ്വാസവും നിലയ്ക്കുന്നു.*

തുടർന്ന് ഒരാൾ അനുഭവം പങ്കുവെയ്ക്കുന്നു: ഒരു ദിവസം ഒരു വ്യക്തി സ്വന്തം തോട്ടത്തിലുണ്ടായ ഒരു കുല പഴവുമായി ബാബയെ കാണാൻ വന്നു. സ്വീകരിച്ച ഉടനെ ബാബ പഴം തിരിച്ചു നൽകി അത് കുട്ടികൾക്ക് വിതരണം ചെയ്യാൻ ആവശ്യപ്പെട്ടു. ആ മനുഷ്യൻ പിന്നീട് മറ്റുള്ളവരോട് ഇപ്രകാരം പറഞ്ഞു: 'ഈ പഴക്കുല കണ്ട് എന്റെ വീട്ടിലെ കുട്ടികൾ ഏറെ മോഹിച്ചതാണ്. ഞാൻ ആർക്കും കൊടുക്കാതെയാണ് ബാബയുടെ അടുത്തേയ്ക്കു കൊണ്ടുവന്നത്. ബാബ പഴം തിരിച്ചുതന്നപ്പോൾ ഞാൻ ലജ്ജിച്ചുപോയി. ഉടൻ വീട്ടിലെത്തി അത് കുട്ടികൾക്ക് കൊടുക്കുകയും ചെയ്തു.'

രണ്ട് സുഹൃത്തുക്കൾ ആഴ്ചയിലൊരിക്കൽ ബാബയെ കാണാൻ വന്നിരുന്നു. രണ്ടുപേരും അവരുടെ പെൺമക്കളെ വിദേശത്തേയ്ക്കു പഠിക്കാനയച്ചു. അവധിക്കാലത്ത് നാട്ടിൽ തിരിച്ചെത്തിയ കുട്ടികൾ ബാബയെ കാണാൻ വന്നു. ഒരു പെൺകുട്ടിയുടെ കയ്യിൽ കുറച്ചു പഴങ്ങളുണ്ടായിരുന്നു. മറ്റേ പെൺകുട്ടി കയ്യും വീശിയാണ് വന്നത്. ബാബ രണ്ടാമത്തെ പെൺകുട്ടിയുടെ പിതാവിനോട് പറഞ്ഞു: 'നിങ്ങൾ ഇത്തരം ആചാരങ്ങൾ ശീലിയ്ക്കാൻ കുട്ടിയെ പഠിപ്പിക്കണം.'

ദർശിക്കുവാൻ ശ്രമിക്കുക-പിന്നീട് അതേക്കുറിച്ച് ആവശ്യമെങ്കിൽ പറയുക. ഒരു മാങ്ങയെക്കുറിച്ച് സംഭാഷണം നടത്തുന്നതും അത് സ്വാദു നോക്കുന്നതും രണ്ടാണ്. ഈശ്വരൻ എന്നത് അനുഭവിച്ചറിയേണ്ടതാണ്-വാക്കുകളും വായനയും ഒരു ഫലവും തരുന്നില്ല.

ചോദ്യം: ശരീരം ഇല്ലാതായ ശേഷം എങ്ങിനെയാണ് നമുക്ക് ആവശ്യമായ ഉപദേശങ്ങൾ സ്വീകരിയ്ക്കാനാവുക?

ഉത്തരം: നിങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ട മറ്റ് ആത്മാക്കളിൽ നിന്നു സ്വീകരിക്കാം. നിങ്ങൾക്ക് പൂർണ്ണമായ വിശ്വാസമുണ്ടെങ്കിൽ ആത്മാർത്ഥമായി നിങ്ങൾ ചോദിയ്ക്കുന്ന ഒരു സഹായം, രാത്രി ഉറങ്ങുന്നതിന് തൊട്ടുമുൻപായുള്ള നിങ്ങളുടെ പ്രാർത്ഥനയുടെ ഫലം തീർച്ചയായും ഉറക്കത്തിൽ സ്വപ്ന രൂപത്തിൽ നിങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ തരും. ഋഷിയായിരുന്ന രമണ മഹർഷിയും മറ്റും ഇത്തരത്തിൽ സഹായങ്ങൾ ചെയ്യാറുണ്ട്.

ചോദ്യം: ചിലപ്പോൾ നാം വളരെ വിനീതരാവുന്നു. മറ്റു ചിലപ്പോൾ മഹാദുഷ്ടരും. ബാബ! എന്താണിങ്ങനെ?

ഉത്തരം: വിനീതമായ മനസ്സോടെ നിങ്ങൾ ചെയ്യുന്ന പ്രവൃത്തി സദ്ഫലം തരുന്നു. സദ്ഫലത്തിന് അനേകകാലം നിലനിൽക്കാനുള്ള ശക്തിയുണ്ട്. പരുക്കൻ സ്വഭാവത്തിൽനിന്ന് എതിർഫലവും, വളരെ നൈമിഷികമായ ഒരു ഫലവും വന്നുചേരുന്നു.

കർമ്മങ്ങളിൽ ജാഗ്രത പാലിയ്ക്കുക. അതിൽനിന്ന് അകന്നു പോകാതിരിക്കുക. ദിവസം മുഴുവനും സമയം കിട്ടുമ്പോഴൊക്കെ നാം ഈശ്വരനെ സ്മരിക്കുക. എന്തിനാണ് നിങ്ങൾ അഗാധമായി ഈശ്വരവിചാരം നടത്തുന്നത്? അങ്ങിനെ ചെയ്യുമ്പോഴേ ഈശ്വരാനുഗ്രഹം നിങ്ങൾക്ക് ലഭിയ്ക്കുന്നുള്ളൂ. അതിനാൽ എപ്പോഴും ബുദ്ധനെ ഓർക്കുക. അദ്ദേഹം ദിവസംമുഴുവൻ പ്രാർത്ഥനാ നിരതനായിരുന്നു. അതിനാൽ അനേക വർഷങ്ങൾ കഴിഞ്ഞ് അദ്ദേഹത്തിന് പരമാത്മദർശനം ലഭിച്ചു. ബുദ്ധൻ സ്വന്തം ജീവിതത്തെ സ്നേഹിച്ചില്ല. ജീവിത സ്നേഹം നശ്വരവും ഈശ്വരസ്നേഹം അനശ്വരവുമാകുന്നു. അങ്ങിനെയൊരവസ്ഥയിലെത്തിച്ചേർന്നാൽ നിങ്ങൾക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കും.

ചോദ്യം: എന്തിനാണ് നാം ധാരണയും ധ്യാനവുമനുഷ്ഠിക്കുന്നത്?

ഉത്തരം: ജാഗ്രത്തായ അന്വേഷണത്തിന് ധാരണയും ധ്യാനവുമനുഷ്ഠിക്കുന്നത് നമ്മെ സഹായിക്കും. ആരാണ് ഞാൻ?- എന്നതാണ്

അന്വേഷണ വിഷയം. ഞാൻ എങ്ങിനെയാണ് വന്നത്? എന്താണ് ഈശ്വരൻ? ഈ ചോദ്യങ്ങൾക്കൊക്കെ മനുഷ്യൻ ഉത്തരമന്വേഷിക്കുന്നു. ലൗകിക വസ്തുക്കളിൽ മുഴുകുന്നത് ഈശ്വരദർശന ചിന്തയെ ബാധിക്കും. നിങ്ങൾ ദിവസവും ഉണക്കറൊട്ടി മാത്രം കഴിക്കണമെന്ന് പറയുന്നതുപോലെ കഠിനമാണത്. നേരിട്ടുള്ള അന്വേഷണം ഉണക്കറൊട്ടി പോലെയാണ്. ധ്യാനവും ധാരണയും ചോറും കറികളും പോലെ സ്വാദിഷ്ഠമാകുന്നു.

ചീത്ത കൂട്ടുകെട്ടുകളിൽനിന്നും അത്തരം മനുഷ്യരിൽനിന്നും അകന്നുനിൽക്കുക. മനുഷ്യജീവിതം എന്നത് സാധാരണമല്ല. നിങ്ങൾക്ക് ഈശ്വരദർശനം ലഭിച്ചില്ലെങ്കിൽ ഈ ജീവിതം ഒരു ശാപവും അപകടം നിറഞ്ഞതുമായി തീരുന്നു. ഈശ്വരനെ അറിയാതെ ഒന്നുമറിയുന്നില്ല. ആവശ്യമില്ലാത്തവ ഉപേക്ഷിച്ച്, ഈശ്വരനുവേണ്ടി കണ്ണീർ പൊഴിയ്ക്കുക. പ്രാർത്ഥിക്കുക. അനുഗ്രഹത്തിനായി ചോദിയ്ക്കുക. ഇതാണ് നിങ്ങൾ ചെയ്യേണ്ടത്.

ചോദ്യം: ഗ്രഹണങ്ങളെക്കുറിച്ച് അനേകം വിശ്വാസങ്ങൾ നമുക്കുണ്ടല്ലോ. എന്താണതിനടിസ്ഥാനം?*

ഉത്തരം: ഗ്രഹണങ്ങൾ വല്ലപ്പോഴും സംഭവിയ്ക്കുന്നതാണ്. അത് ഈശ്വരധ്യാനത്തിനായി നീക്കിവെയ്ക്കുക. അതിനായി ഈശ്വരൻ മനുഷ്യന് തരുന്ന അവസരമാണത്.

അത് ഒരു ഭാഗ്യക്കുറിപോലെയാകുന്നു. ഒരു പാവപ്പെട്ടവന് ലോട്ടറി കിട്ടിയാൽ വളരെ പെട്ടെന്ന് അവൻ സമ്പന്നനാവുന്നു. അതുപോലെ ഈ സമയവും ഈശ്വരചിന്തയ്ക്ക് നീക്കിവെയ്ക്കുക.

ചോദ്യം: നാം ഏകാദശിയ്ക്കു വ്രതമെടുക്കുന്നില്ലേ-അതെന്തിനാണ്?

ഉത്തരം: ചിലപ്പോഴൊയ്ക്കെ നിരാഹാരം അനുഷ്ഠിക്കുന്നത് നല്ലതാണ്. അതുപോലെ നിങ്ങളുടെ മനസ്സും ഇടയ്ക്ക് 'നിരാഹാരം' അനുഷ്ഠിക്കണം. മനസ്സ് സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും ഇഷ്ടത്തിനനുസരിച്ച് തുള്ളുന്നതുമാണ്. നിങ്ങൾ മനസ്സിന് ചിന്തകളുടെ ആഹാരം കൊടുക്കാതിരിക്കുക-പകരം ഈശ്വരചിന്തയിൽ മുഴുകുക.

ചോദ്യം: രാമായണത്തിൽ വസിഷ്ഠൻ, വിശ്വാമിത്രൻ എന്നീ മഹർഷിമാർ കൊട്ടാരങ്ങളിൽ നിത്യസന്ദർശകരാണെന്ന് പ്രസ്താവിക്കു

---

* *1950-കളിലാണ് ഈ ചോദ്യം എന്നത് വായനക്കാർ ഓർക്കുക.*

ന്നുണ്ട്! അതുപോലെ ചെയ്യുന്നതിനുപകരം ബാബ മാത്രമെന്താണ് കൊട്ടാരത്തിൽ ചെന്ന് രാജാവിനെ മുഖം കാണിയ്ക്കാത്തത്?

ഉത്തരം: ഇന്ന് ഭരണത്തിലിരിക്കുന്ന രാജാക്കൻമാർ ജനകനെപോലെ നന്മകളുള്ളവരായിരിക്കണം. ഇവരെ ജനകനുമായി താരതമ്യപ്പെടുത്താതിരിക്കുക. ഈ മനുഷ്യർ, ഭരണാധിപൻമാർ, ജനകനെപ്പോലെ ഗുണങ്ങളുള്ളവരാണെങ്കിൽ ഞാൻ തീർച്ചയായും അവരെ മുഖം കാണിക്കാൻ തയ്യാറാണ്.

ചോദ്യം: ബാബ! അങ്ങ് എന്തുകൊണ്ടാണ് മറ്റ് സന്യാസിമാരെപ്പോലെ യാത്ര, ജനങ്ങളെ ഉദ്ബുദ്ധരാക്കുന്ന പ്രസംഗങ്ങൾ ഇവ ചെയ്യാതിരിക്കുന്നത്. അങ്ങേയ്ക്ക് യാത്രചെയ്ത് ജനങ്ങളെ ചിന്തിപ്പിച്ച് ലോകത്തെ മാറ്റിക്കൂടേ?

ഉത്തരം: അത് എന്റെ കർമ്മമല്ല. ആരെങ്കിലും ഇവിടെവന്ന് എന്നോട് ചോദിക്കുകയാണെങ്കിൽ അവർക്ക് ഉത്തരം പറഞ്ഞുകൊടുക്കാനും മാർഗ്ഗനിർദ്ദേശം കൊടുക്കാനും ഞാൻ തയ്യാറാണ്. ആർക്കെങ്കിലും ദാഹിയ്ക്കുന്നുവെങ്കിൽ നിങ്ങൾപോയി ആ ഉറവയിൽ നിന്നും വെള്ളമെടുത്തു കൊണ്ടുവരിക. ദാഹിയ്ക്കുന്നവന്റെ അടുക്കലേയ്ക്ക് ഒഴുകിയെത്തുക ഉറവയുടെ കർമ്മമല്ല.

മറ്റൊരു തരത്തിൽ പറഞ്ഞാൽ ലോകത്തെ മുഴുവൻ ഒറ്റയടിയ്ക്കു മാറ്റുക എന്നത് സാധ്യമല്ല. ആദ്യം ഈശ്വരദർശനം നേടി ശക്തി സംഭരിയ്ക്കുക. പിന്നെ ഇഷ്ടമുണ്ടെങ്കിൽ മറ്റുള്ളവരെ മാറ്റാൻ ശ്രമിക്കുക. തീപ്പെട്ടിക്കൊള്ളികൾ ഉയർന്ന ചൂട് തരുമെന്ന് കരുതരുത് കൂടുതൽ ചൂട് ആവശ്യമുണ്ടെങ്കിൽ ഉണങ്ങിയ വിറക് പുല്ലുകൾ അതിൽ ചേർക്കുക. മഹാത്മാക്കളായിരുന്ന രാമനും കൃഷ്ണനും ബുദ്ധനും ലോകംമുഴുവൻ മാറ്റാൻ ഒരുമ്പെട്ടില്ല. എല്ലായിടത്തും വേദനയും സങ്കടവുമുണ്ട്. കൃഷ്ണൻ ലോകത്തിൽനിന്ന് ആസുരശക്തികളെ ഇല്ലാതാക്കാൻ ശ്രമിച്ചു. പക്ഷെ അദ്ദേഹത്തിന്റെ ജീവിതം ഒരു വേടന്റെ അമ്പാൽ അവസാനിച്ചു. ലോകം ഒരു ഇരുകാലി മൃഗത്തെപോലെയാകുന്നു. നിങ്ങൾ അതിന്റെ മുഖമാണ് കാണുന്നതെങ്കിൽ, വലിയ വായിലൂടെ അത് നമ്മെ അകത്താക്കാൻ ശ്രമിക്കും. അതുപോലെ ഈ ലോകം നിങ്ങളെ എതിർക്കുകയും നിരന്തരം ഓരോ ചുവടിലും നമ്മെ ആക്രമിക്കുകയും ചെയ്യും.

ചോദ്യം: മഹാത്മാക്കളായ അനേകം ചിന്തകർ നമുക്കുണ്ടല്ലോ. അവരെപ്പറ്റി എന്താണ് ബാബയുടെ അഭിപ്രായം?

ഉത്തരം: നിങ്ങളുടെ സംശയനിവൃത്തിക്കായി മാത്രം ഞാൻ ഉത്തരം പറയാം. ആരുടെയും കുറവുകളോ സംഭാഷണങ്ങളോ ചിന്തയിലെ വിടവുകളോ നമുക്ക് നോക്കേണ്ടതില്ല. ഞാൻ എല്ലാവരെയും സമന്മാരായി ബഹുമാനിക്കുന്നു. മറ്റുള്ളവരുടെ കുറവുകൾ കണ്ടെത്തുക എന്റെ പ്രവൃത്തിയല്ല.

ചോദ്യം: ദാനം എന്നതിന് ചില സൂചനകൾ തരുമോ?

ഉത്തരം: നാലുതരം ദാനങ്ങളുണ്ട്. ആദ്യത്തേത് മനസ്സിന്റെ ദാനമാകുന്നു. മറ്റുള്ളവരെക്കുറിച്ച് ചീത്തത്തം പറയാതിരിക്കുക. നല്ലതു മാത്രം ചിന്തിക്കുക. ചീത്ത മനോവിചാരങ്ങളെ നശിപ്പിച്ച് നല്ല ചിന്തകളെ ഈശ്വരങ്കൽ സമർപ്പിക്കുക. നിങ്ങൾ ചെയ്യുന്നതിന്റെ ഫലങ്ങൾ നാളെ നിങ്ങളെ തേടിയെത്തുന്നു. സമാനമായി നിങ്ങൾ എന്ത് ചിന്തിക്കുന്നുവോ, എന്തു പ്രവൃത്തിക്കുന്നുവോ അതിന്റെ ഫലങ്ങൾ നിങ്ങളെ തേടിയെത്തുന്നു.

രണ്ടാമത്തേത് വാക്കുകളിലെ ദാനമാകുന്നു. മറ്റുള്ളവരോട് മാന്യമായി സംസാരിക്കുക. അവരെ വേദനിപ്പിക്കുന്ന വാക്കുകൾ പറയാതിരിക്കുക. മറ്റുള്ളവരുടെ ഉത്കർഷത്തിനായി സത്യം പറയുക. ഇങ്ങിനെ നിങ്ങൾ ചെയ്യുന്നപക്ഷം എല്ലാവരും നിങ്ങളുടെ സുഹൃത്തുക്കളും നിങ്ങളുടെ ഉത്കർഷത്തിനായി സദാസേവന സന്നദ്ധരുമായിരിക്കും.

മൂന്നാമത് ശരീരംകൊണ്ടുള്ളതാകുന്നു. ആവശ്യമുള്ളവരെ എത്രകാലം വേണമെങ്കിലും സഹായിക്കാൻ സദാ സേവനസന്നദ്ധരാവുക.

നാലാമതായി സാമ്പത്തികമായ ദാനമനുഷ്ഠിക്കുക. നിങ്ങളുടെ വരുമാനത്തിന്റെ പത്തുശതമാനമെങ്കിലും ദാനമായി നൽകുക. ഇത് സ്വത്തിന്റെയും ദാനമാവാം.

ചോദ്യം: സ്വത്ത് ദാനം ചെയ്യുന്നതിന് എന്തെങ്കിലും നിയമമുണ്ടോ?

ഉത്തരം: സ്വത്തിനെ ദാനത്തിന് മുമ്പ് മൂന്ന് ഭാഗമാക്കുക. ഒരു ഭാഗം ആദ്ധ്യാത്മിക ഉന്നതി നേടിയ സാധകർക്കും അതിൽതന്നെ ഒരു ഭാഗം അദ്ധ്യാത്മിക സംഘടനകൾക്ക് നൽകുക. രണ്ടാമത്തെ ഭാഗം പഠിയ്ക്കാൻ സാധിക്കാതെ ഇരിയ്ക്കുന്ന കുട്ടികൾക്ക് കൊടുത്ത് അവരെ പഠിപ്പിക്കുക. ഇതിൽനിന്ന് ഒരു ഭാഗം വിദ്യാലയങ്ങൾക്കും കൊടുക്കാം. നിർദ്ധനരും അനാഥരുമായ ആളുകൾക്ക് മൂന്നാമത്തെ ഭാഗം ദാനം ചെയ്യണം.

ചോദ്യം: ബാബ! നമുക്ക് എങ്ങിനെയാണ് ലോകത്തെ സഹായിക്കാനും അതുവഴി അതിനെ നന്നാക്കാനും സാധിക്കുക?

ഉത്തരം: നിങ്ങളുടെ കർമ്മം ലോകത്തെ നന്നാക്കുകയില്ല. അങ്ങിനെ ശ്രമിക്കുകയുമരുത്. നിങ്ങൾ സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി കർമ്മങ്ങളനുഷ്ഠിക്കുക. നിങ്ങൾ ഒരു ശരിയായ ജീവിതം നയിക്കുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്ക് ലോകത്തെ നന്നാക്കുവാൻ അനേകം അവസരങ്ങൾ ലഭിയ്ക്കും. കാരണം നിങ്ങൾ നാലുതരത്തിലുള്ള ദാനങ്ങൾ വിവേകത്തോടെ അനുഷ്ഠിക്കുമ്പോൾ ലോകത്തിന് അത് നന്മ വരുത്തുന്നു.

അദ്ധ്യായം അഞ്ച്

ഭക്തി

ചോദ്യം: ബാബ, എന്താണ് ഭക്തി?

ഉത്തരം: ഭക്തി എന്നത് ഈശ്വരനിലുള്ള വിശ്വാസമാകുന്നു. ഭക്തി നിങ്ങൾക്ക് സന്തോഷം തരുന്നു. ഭക്തി എന്നത് ശരിയായ ജീവിതത്തിലെ ഒരു പക്ഷമാകുന്നു. സ്വധർമ്മമെന്നത് കർമ്മം, ഭക്തി, ജ്ഞാനം എന്നിവകളുടെ സംഗമമാകുന്നു. നിങ്ങൾ ശങ്കരാചാര്യരെ പോലെ ജ്ഞാനിയാകാൻ ശ്രമിക്കുക. ജൈമിനിയെപോലെ കർമ്മമനുഷ്ഠിക്കുകകയും നാരദനെപോലെ ഭക്തിയുള്ളവനുമാകുക. സുഖത്തിൽ കൂടുതൽ സന്തോഷിക്കാതെ പൂർണ്ണതയിലേക്ക് സഞ്ചരിക്കുക. ഭക്തിയിൽനിന്ന് കിട്ടുന്ന സുഖം ശാശ്വതമല്ല. നിങ്ങൾ ശരിയായ ജീവിതം നയിച്ച് സന്തോഷിയ്ക്കുക.

ദൈവത്തിലുള്ള ഭക്തി നമ്മെ കഷ്ടങ്ങളിൽ ദുഃഖത്തിന് കുറവുവരുത്താൻ സഹായിക്കും. മീരയ്ക്ക് ഈശ്വരനിൽ ഭക്തിയും സ്നേഹവുമുണ്ടായിരുന്നു. ഭാഗവതത്തിലെ അജാമിളന്റെ കഥ വായിക്കുക. ആ കഥയുടെ ആന്ത രാർത്ഥം മനസ്സിലാക്കി അതുപോലെ ഭക്തിയുണ്ടാകാനും ശ്രമിക്കുക.*

ചോദ്യം: ബാബ! ഒരാൾ ഈശ്വരാനുഭൂതി സ്വയം അനുഭവിക്കുകയാണോ അതോ മറ്റുള്ളവരുമായി പങ്കുവെയ്ക്കുകയാണോ ചെയ്യുന്നത്?

---

* *അജാമിളൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ ഒരു കള്ളനും അനാവശ്യമായി സമയം കളയുന്നതിൽ വ്യാപൃതനുമായിരുന്നു. അജാമിളന് പത്ത് മക്കളുണ്ടായി. അവസാനത്തെ പുത്രന്റെ പേര് നാരായണൻ എന്നായിരുന്നു. ആ മകനുമായി അജാമിളന് കൂടുതൽ അടുപ്പമുണ്ടായിരുന്നു. കാലക്രമത്തിൽ വൃദ്ധനായി തീർന്ന അജാമിളൻ മരണശയ്യയിൽ വീണു. കാലദൂതന്മാരെ കണ്ട് ഭയപ്പെട്ട അജാമിളൻ, മകനായ നാരായണനെ വിളിച്ചു. മഹാവിഷ്ണുവിന്റെ ദൂതൻമാർ ഇതുകേട്ട് ഉടൻ അവിടെ എത്തിച്ചേർന്നു. അവരും യമദൂതരും തമ്മിൽ തർക്കത്തിലായി. വിഷ്ണു ദൂതൻമാർ ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ അറിഞ്ഞോ അറിയാതെയോ തീയിൽപ്പെട്ടാൽ ദഹിച്ചുപോകും. അതുപോലെ നിങ്ങൾ അറിഞ്ഞോ അറിയാതെയോ ഈശ്വരനാമം ഉച്ചരിച്ചാൽ പാപമുക്തരാകും' (ഭാഗവതം: 6/1, 2, 3 കാണുക) ഭാഗവതത്തിൽ ഗോപികമാർക്ക് ശ്രീകൃഷ്ണനിലുള്ള ഭക്തികാണുക. നമുക്കും അതുപോലെ ഈശ്വരനിൽ അചഞ്ചലമായ ഭക്തി ഉണ്ടായിരിക്കണം.*

ഉത്തരം: മാങ്ങ തിന്നാമെന്നല്ലാതെ അതിന്റെ സ്വാദ് മറ്റുള്ളവരെ പറഞ്ഞ് മനസ്സിലാക്കുക ബുദ്ധിമുട്ടാണ്. എത്രതന്നെ പറഞ്ഞാലും മറ്റുള്ളവർക്ക് മനസ്സിലാവുകയുമില്ല. സ്വയം തിന്നുനോക്കണം. ഈശ്വ ദർശനവും അതുപോലെയാണ്. ആരുമായും അതിനെ പങ്കുവെയ്ക്കാനാവില്ല. കാരണം, അറിയുക എന്നത് പങ്കുവെയ്ക്കുക എന്നതിനേക്കാൾ ഉന്നതമാകുന്നു.

ചോദ്യം: ഭഗവത് ഗീതയിൽ വാസുദേവനാണ് സർവ്വജ്ഞനെന്ന് നാം വായിക്കുന്നുണ്ടല്ലോ. എന്താണതിന്റെ അർത്ഥം?

ഉത്തരം: നിങ്ങൾ വളരെ അച്ചടക്കത്തോടെ എന്റെ മുന്നിലിരിക്കുന്നു. ഇങ്ങനെ മറ്റുള്ളയിടത്തും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് ഏറെ ഗുണം വരും. സമാനമായി, നിങ്ങൾ ഈശ്വരനെ സകലരിലും ദർശിക്കുകയും സകലതും ഈശ്വര മഹത്വമുൾക്കൊണ്ടതാണെന്ന് മനസ്സിലാക്കുകയും ചെയ്യും. ഇതാണ് വാസുദേവൻ സർവ്വവ്യാപിയാണെന്ന് പറയാൻ കാരണം. നിങ്ങൾക്ക് എന്തെങ്കിലും ഈശ്വരനോട് ചോദിക്കാനുണ്ടെങ്കിൽ ആ ചോദ്യം നിങ്ങളോടുതന്നെ ചോദിക്കുക. മറ്റുള്ളവരോട് സൗഹൃദപരമായ ഒരു അന്തരീക്ഷം, മനോഭാവം പുലർത്താൻ ശ്രദ്ധിക്കുകയും ചെയ്യുക.*

ചോദ്യം: ബാബ! ദേവതകളെ ആരാധിക്കുന്നത് ശരിയാണോ?

ഉത്തരം: ദേവതകൾ ചിലത് നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നുണ്ട്. നിങ്ങൾക്ക് ഒരു തെറ്റുപറ്റി കുറ്റവാളിയായി തീർന്നുവെന്നിരിക്കട്ടെ. ദേവതകളെ ഭജിക്കുന്നത് നിങ്ങളിൽ ഒരുസമാധാനം കൈവരുത്തും. ദേവതാഭജനം ഈശ്വരമാർഗ്ഗത്തിൽ ഒരു സഹായകം മാത്രമാകുന്നു.

---

* *ഒരുദിവസം ബാബ ഒരു ഭക്തനെ ഈശ്വരമാർഗ്ഗത്തിലുള്ള അയാളുടെ മുന്നേറ്റത്തെ ശ്ലാഘിക്കുകയായിരുന്നു. അയാൾ വളരെ ആകാംക്ഷാഭരിതനായാണ് വീട്ടിലേക്ക് തിരിച്ചുപോയത്. പിറ്റേദിവസം ആ വ്യക്തി തിരിച്ചുവന്ന് ബാബയോട് പറഞ്ഞു: 'ബാബയുടെ വാക്കുകൾ എന്നിൽ ഏറെ അഭിമാനം വളർത്തിയിട്ടുണ്ട്!' എന്ന്.*

ബാബ മറുപടി പറഞ്ഞു: ഞാൻ നിങ്ങളുടെ ഉന്നതിയെക്കുറിച്ച് പറഞ്ഞപ്പോൾ നിങ്ങൾ ആകാംക്ഷാഭരിതനാവുകയും, നിങ്ങളിൽ തെറ്റുകൾ സ്വയം തിരുത്തുന്നതിനുള്ള ഒരു മാനസികാവസ്ഥ ഉണ്ടാവുകയും ചെയ്തു. അതു നന്നായി, സ്വയം തെറ്റുകൾ കണ്ടെത്തി തിരുത്തുക, അത് ഈശ്വരമാർഗ്ഗത്തിൽ വളരെ പ്രധാനമാകുന്നു.

അത് ഈശ്വരനെ കാണിച്ചുതരുന്നില്ല. ഈശ്വര സാക്ഷാത്ക്കാരത്തിന് നിങ്ങൾ സ്വയം പരിശ്രമിക്കേണ്ടതുണ്ട്.[1]

ചോദ്യം: ഭക്തിയുടെ വികാസത്തിനായി ഏതു പുസ്തകം വായിക്കാനാണ് ബാബ പറയുക?

ഉത്തരം: നിങ്ങൾ മഹാഭാരതം, രാമായണം, ഭാഗവതം എന്നിവ വായിക്കുക. അനേകം ഭക്തിസാന്ദ്രമായ പ്രാർത്ഥനകൾ (ഉദ്ധവന്റെ ഭാഗത്ത്) ഭാഗവതം പതിനൊന്നാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. പ്രാർത്ഥിക്കുന്നത് നിങ്ങൾക്ക് നല്ലതാണ്. ഇത്തരം മതഗ്രന്ഥങ്ങൾ വായിക്കുന്നത് ഒരുതരം ധ്യാനമാണ്. നാരായണീയം പഠിക്കുന്നത് ഭക്തിയെ ഉന്നതമാക്കുന്നു. ഈ ഗ്രന്ഥങ്ങളൊക്കെ വളരെ നിഷ്ക്കർഷയോടെ പഠിക്കാതിരുന്നാൽ നിങ്ങൾക്ക് സംശയനിവാരണം വരികയില്ല.[2]

ചോദ്യം: ബാബ! നാം എന്തിനാണ് ഇങ്ങനെ പുസ്തകങ്ങൾ വായിക്കുന്നത്?

ഉത്തരം: മഹാഭാരതം നിഷ്ക്കർഷയോടെ വായിക്കുന്നത് ബുദ്ധിവികാസത്തിന് നല്ലതാണ്. രാമായണം നിങ്ങളിൽ മര്യാദ വളർത്തുന്നു. ഭക്തി വളർത്താൻ ഭാഗവതം വായിക്കുക. ചിലർ ദൈവസ്മരണ മാത്രയിൽ കരയുന്നതു കണ്ടിട്ടില്ലേ? തുടക്കത്തിൽ അത് ദൈവവിശ്വാസം വളർത്താൻ സഹായകമാണ്. കാലക്രമത്തിൽ അത് വഴിയിൽ നഷ്ടപ്പെട്ടുപോകും. സമാനചിന്തയുള്ളവർ ഒരിടത്ത് സമ്മേളിച്ച് ഈശ്വര

---

1 *ഒരു ദിവസം ഒരു വ്യക്തി കുറച്ചു പഴങ്ങൾ കൊണ്ടുവന്ന് ബാബയ്ക്ക് കാഴ്ചവെച്ചു. ബാബ അതിൽനിന്ന് കുറച്ച് പഴങ്ങളെടുത്ത് ആ വ്യക്തിക്ക് തന്നെ കൊടുത്തു. ആ വ്യക്തി ഒന്നുമടിച്ചു. അയാൾ സംശയിച്ചു: 'ദൈവത്തിനും ഗുരുവിനും സമർപ്പിച്ചത് എടുക്കാമോ?'- എന്ന് ബാബയോട് ചോദിച്ചു. ബാബ പറഞ്ഞു: 'നിങ്ങൾ ഒരമ്പലത്തിൽ കൊണ്ടുചെല്ലുന്ന സാധനം ദേവന് സമർപ്പിച്ച ശേഷം തിരിച്ച് കുടുംബത്തിലേക്ക് തന്നെ കൊണ്ടുപോവാറില്ലേ?' അതിനാൽ ഇത് സ്വീകരിക്കുന്നതിൽ തെറ്റൊന്നുമില്ല.*

2 *നാരായണീയം എന്നത് മേൽപ്പത്തൂർ നാരായണ ഭട്ടതിരി രചിച്ച ഒരു ഭക്തികാവ്യമാകുന്നു. അദ്ദേഹം നാരായണീയമടക്കം 18 കാവ്യങ്ങൾ രചിച്ചിട്ടുണ്ട് എന്നു പറയുന്നു. നാരായണീയത്തിൽ 1046 ശ്ലോകങ്ങളുണ്ട്. ഈ ശ്ലോകങ്ങളിൽ വിഷ്ണുവിന്റെ കൃഷ്ണാവതാരത്തെ വാഴ്ത്തുന്നു. കവിക്ക് അസുഖം പിടിപെട്ട് ഗുരുവായൂരിലെത്തുന്നു. കൃഷ്ണ മാഹാത്മ്യം വാഴ്ത്തിയപ്പോൾ അസുഖം മാറുന്നു. ഭാഗവതത്തിന് പകരമായും ആളുകൾ ഈ ഗ്രന്ഥം പാരായണം ചെയ്യാറുണ്ട്. ജനങ്ങൾക്ക് കുറച്ചുസമയം കൊണ്ടു തന്നെ ഇതു വായിക്കാനാകും.*

നെപ്പറ്റി ചർച്ച നടത്തുന്നത് കണ്ടിട്ടില്ലേ? അവർ ഈശ്വരനാമം വാഴ്ത്തുന്നു. അത് ഈശ്വരഭജനത്തിനൊരുങ്ങുന്ന ഒരു വ്യക്തിക്ക് നല്ലതാണ്. ചിലർ ഈശ്വരനാമം ഭജിക്കാൻ ഇഷ്ടപ്പെടുന്നില്ല. അവർ ദൈവത്തെ അന്വേഷിക്കുന്നില്ല. അവരെ ഒരിക്കലും നിർബന്ധിച്ച് ഈശ്വരമാർഗ്ഗത്തിലെത്തിക്കാൻ ശ്രമിക്കരുത്.

ചോദ്യം: ബാബ! എപ്പോഴും നാം സ്വയം വലിയവരാണെന്ന് കരുതുകയും മറ്റുള്ളവരെ വിമർശിക്കാൻ മടികാട്ടാതിരിക്കുകയും ചെയ്യുന്നുണ്ടല്ലോ?

ഉത്തരം: മറ്റുള്ളവരിൽനിന്നും ഉയർന്നവരാണ് നിങ്ങളെന്ന് കരുതരുത്. മറ്റുള്ളവരുടെ നന്മ നിങ്ങളിൽ സ്വാംശീകരിക്കാൻ ശ്രമിക്കുക. അങ്ങിനെ വരുന്നതായാൽ ശരിയായ ജീവിതത്തിൽ നിങ്ങൾക്ക് നന്മയും പുരോഗതിയുമുണ്ടാവും.

ചോദ്യം: ബാബ! ഭക്തിയിലൂടെ നമുക്ക് സുഖമുണ്ടാകുന്നില്ലേ?

ഉത്തരം: വെള്ളം ഭൂനിരപ്പ് നോക്കി താഴേക്ക് ഒഴുകുന്നു. അതുപോലെ നമ്മളും സന്തോഷമുള്ളിടത്തേക്ക് എത്തുന്നു. നാം സുഖത്തിൽ ആസക്തരാകുന്നു. ഭക്തിയിൽനിന്നുള്ള സുഖത്തിന് അനശ്വരതയില്ല. നാം സന്തോഷമാണ് ആഗ്രഹിക്കുന്നത്. അത് കഷ്ടദായിനിയാണ്.

ചോദ്യം: അങ്ങിനെയെങ്കിൽ നമുക്ക് സുഖം വേണ്ടെന്നുണ്ടോ?

ഉത്തരം: സുഖമന്വേഷിച്ചുപോകേണ്ട. പകരം അത് നിങ്ങളെ തേടി വരികയാണെങ്കിൽ സ്വീകരിക്കുക. അങ്ങിനെ വരുന്ന സുഖം നിങ്ങളിൽ സംതൃപ്തി കൈവരുത്തും. രാജാവിനേക്കാളും സന്തോഷമുള്ളവനാണ് ഒരു ദരിദ്രൻ! നിങ്ങളുടെ പുര കത്തുമ്പോൾ നിങ്ങൾ വിലപ്പെട്ടതെല്ലാം പുറത്തേക്ക് വലിച്ചിടുന്നു. അതുപോലെ നിങ്ങൾ വിവേകവും വളർത്താൻ പരിശ്രമിക്കുക. പ്രഹ്ളാദനെപ്പോലെ സഹാനുശീലതയും ധ്രുവനെപോലെ ദൃഢനിശ്ചയവുമുള്ളവനുമാകുക.

ചോദ്യം: ഭക്തിക്ക് ദൃഢനിശ്ചയം ആവശ്യമുണ്ടോ?

ഉത്തരം: ദൃഢമല്ലാത്ത ഭക്തി വെറുതെയാണ്. വെള്ളം മുക്കാൻ നമുക്ക് ഒരു പാത്രം ആവശ്യമാണ്. ആ പാത്രത്തിന് ഒരു തുളയുണ്ടെങ്കിലോ? ആ തുള അടച്ചശേഷം നമുക്ക് വെള്ളമെടുക്കാം. അതുപോലെ ദൃഢമായത് എന്നാത് ഒരു നേരെയാക്കിയ പാത്രംപോലെയാകുന്നു. അതിൽ നമുക്ക് ഭക്തിയെ ചോരാതെ നിറയ്ക്കാം.

ചോദ്യം: ശ്രീകൃഷ്ണൻ സർവ്വജ്ഞനും സർവ്വശക്തിമാനും സർവ്വവ്യാപിയുമാണല്ലോ. എന്നാൽ നമ്മൾ കരുതുന്നത് ശ്രീകൃഷ്ണൻ

സ്വന്തം കുടുംബത്തെ ആദ്ധ്യാത്മിക വിഷയങ്ങൾ പഠിപ്പിച്ചില്ല എന്നാണ്. അത് സത്യമാണോ?

ഉത്തരം: ശരിയാണ്. ഒരാൾക്ക് മറ്റൊരാളെ ആദ്ധ്യാത്മികത പഠിപ്പിക്കാൻ വിഷമമാണ്. ഒരാളെയും നിർബന്ധിക്കയുമരുത്. ഒരു അന്വേഷകന് ഈശ്വരസാക്ഷാത്ക്കാരത്തിനായുള്ള അതിയായ ആഗ്രഹം ഉള്ളിൽ വേണം. ഭാഗവതത്തിലെ സാംബന്റെ കഥ ഉദാഹരണമായെടുക്കാം.*

ചോദ്യം: അങ്ങിനെയെങ്കിൽ അത്തരം വികൃതികളെ-ആളുകളെ-നന്നാക്കിക്കൂടെ?

ഉത്തരം: ഒരാളെയും മറ്റൊരാൾക്ക് നന്നാക്കാൻ സാധ്യമല്ല. ഓരോരുത്തരും നന്നാവാൻ സ്വയം പരിശ്രമിക്കണം. മറ്റുള്ളവരെ നന്നാക്കുക എന്നത് നമ്മുടെ കഴിവിനു പുറത്തുള്ള കാര്യമാണ്. നമുക്ക് സ്വയം നന്നാവാനുള്ള ഒരു ശക്തിയുണ്ട്. അങ്ങിനെ സ്വയം നന്നാവാതെ മറ്റുള്ളവരെ നന്നാക്കണമെന്ന് കരുതുന്നത് നായയുടെ വാൽ നിവർത്താൻ ശ്രമിക്കുന്നതുപോലെയാണ്.

ചോദ്യം: ലോകത്തിൽ പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. കലിയുഗത്തിൽ കൃഷ്ണനാമം ജപിക്കുകയും മറ്റ് യുഗങ്ങളിൽ യജ്ഞങ്ങളനുഷ്ഠിക്കുകയും വേണമെന്ന്. എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത്?

ഉത്തരം: ആദ്യം നാം ഒന്നു മനസ്സിലാക്കുക- ഈശ്വരസാക്ഷാത്ക്കാരം നേടിയില്ലെങ്കിൽ ജന്മം ഒരു ശിക്ഷയായാണ് നമുക്ക് തോന്നുക എന്ന്.

---

* *ശ്രീകൃഷ്ണൻ ആസുര ശക്തികളെ നിഗ്രഹിച്ച് ലോകത്തെ തിന്മയിൽ നിന്നും രക്ഷിച്ചു. അൻപത്താറുകോടി യദുകുല വംശികൾ ലോകത്തിൽ ബാക്കിയായി. അവർ ലോകത്തിന് ഒരു ഭാരമായി. അതിൽ സാംബനുമുണ്ടായിരുന്നു. സാംബൻ കൃഷ്ണന്റെ മകനായിരുന്നു. കുറെ വികൃതിക്കുട്ടികൾ കൂടി ഒരു ദിവസം പിണ്ഡാരകം എന്ന സ്ഥലത്തുപോയി- മഹാഋഷിമാരായ വിശ്വാമിത്രൻ, ദുർവാസാവ് എന്നിവർ തപസ്സുചെയ്യുന്ന സ്ഥലമാണത്. കുട്ടികൾ മഹർഷിമാരുമായി തമാശ പറയാനാരംഭിച്ചു. അവർ സാംബനെ ചൂണ്ടി ഋഷിയോട് ചോദിച്ചു: 'ഈ കുട്ടി ഗർഭിണിയാണ്. എന്നു പ്രസവിയ്ക്കുമെന്നും കുട്ടി ആണോ പെണ്ണോ എന്നും പറയാമോ?' സത്യം മനസ്സിലാക്കിയ മഹർഷി ശപിച്ചു: സാംബൻ പ്രസവിയ്ക്കുന്നത് ഒരു ഇരുമ്പു കഷണമായിരിക്കുമെന്നും അതിനാൽത്തന്നെ യാദവകുലം നശിക്കുമെന്നും പറഞ്ഞു. (ഭാഗവതം 11-ാം അദ്ധ്യായം കാണുക.)*

ഈശ്വരസാക്ഷാത്ക്കാരം നേടാതെ നമുക്ക് ശാശ്വത വസ്തുതകൾ മനസ്സിലാവുകയില്ല. ജീവിതം നശ്വരമാണ്. ഈശ്വര സാക്ഷാത്ക്കാരം ലഭിച്ച ശേഷം മാത്രമേ നിങ്ങളിലെ അജ്ഞാനം നീങ്ങി ജന്മ-മൃത്യു ചക്രത്തിൽ നിന്ന് മോചനം ലഭിക്കുകയുള്ളൂ. ഈശ്വര ദർശനം ലഭിക്കാൻ പ്രാർത്ഥന നിങ്ങളെ സഹായിക്കും. കലിയുഗം പ്രശ്നങ്ങൾ നിറഞ്ഞതാണ്. ഈശ്വരസാക്ഷാത്ക്കാരമാണ് മറ്റു യുഗങ്ങളിൽ നിന്ന് വ്യത്യസ്തമായി കലിയുഗത്തിൽ മുക്തിയിലേക്കുള്ള മാർഗം.

ചോദ്യം: ഭക്തിയിൽ എത്ര ആഴത്തിലേക്ക് നാം പോവണം?

ഉത്തരം: എത്രകൂടുതൽ ഈശ്വരനെ ഓർക്കുന്നുവോ അത്രയും ആഴത്തിൽ നിങ്ങൾ ഭക്തിയിൽ ചരിയ്ക്കുന്നു. ഭക്തികൂടുമ്പോൾ വിവേകവും സ്വാഭാവികമായി വർദ്ധിക്കുന്നു. രാജാവിന്റെ അനുഗ്രഹം വേണമെങ്കിൽ നിങ്ങൾ അദ്ദേഹം പറയുന്നത് കേൾക്കാനും അദ്ദേഹത്തെ സദാ ഓർക്കാനും ശ്രമിക്കും. അദ്ദേഹത്തെ അറിയുമെന്ന് വെറുതെ പറഞ്ഞിട്ട് കാര്യമില്ല. അദ്ദേഹത്തെ സേവിക്കാനും സന്തോഷിപ്പിക്കാനും ശ്രമിക്കുമ്പോൾ അദ്ദേഹം നിങ്ങൾക്ക് ആവശ്യമുള്ളത് തരാൻ തയ്യാറാകും. അദ്ദേഹം സംതൃപ്തനായി നിങ്ങളെ സ്വീകരിക്കാൻ തയ്യാറാകും.

ചോദ്യം: ബാബ! നാം സന്തോഷഭരിതരാകുന്നത് നമ്മുടെ കർമ്മങ്ങൾക്ക് സ്വീകരിക്കാവുന്ന ഒരു പരിണാമം ഉണ്ടാവുമ്പോഴാണല്ലോ. അതുപോലെ ദുഃഖിക്കുന്നത് കർമ്മങ്ങൾക്ക് എതിർ പരിണാമം ഉണ്ടാകുമ്പോഴാണ്. എന്തുകൊണ്ട്?

ഉത്തരം: നിങ്ങൾ എന്തു ചെയ്യുമ്പോഴും മനസ്സ് ശുദ്ധീകരിക്കപ്പെട്ടില്ലെങ്കിൽ അത് എതിർഫലമാണ് ഉണ്ടാക്കുക. എന്നാൽ നിങ്ങൾ കരുതുന്നത് പ്രവൃത്തി ചെയ്യുക എന്നത് നിങ്ങളുടെ കർത്തവ്യമാണെന്നും അതിന് സദ്ഫലം ലഭിക്കുമെന്നുമാണ്. ഈ അവസരത്തിലാണ് നിങ്ങളിലെ വിവേകം ഉണരേണ്ടത്. ഒരിടത്തും സന്തോഷമോ ദുഃഖമോ ഇല്ല. എല്ലാം നിങ്ങളുടെ മനസ്സ് ഉണ്ടാക്കുന്നത് മാത്രമാകുന്നു.

അദ്ധ്യായം ആറ്

ഗുരു

ചോദ്യം: ബാബ! എന്തിനാണ് നാം ഗുരുവിനെ ആഗ്രഹിക്കുന്നത്?

ഉത്തരം: ഭാഷാ പഠനത്തിനൊരുങ്ങുന്ന ഒരു കുട്ടി ആദ്യം ന ഘലണ്ടു വിനെ ആശ്ര യിക്കുന്നു. അതുപോലെ ശരിയായ ജീവിതം എന്നുവെച്ചാൽ എന്താണെന്ന് പഠിക്കാൻ നിങ്ങൾക്ക് ഒരു ഗുരു കൂടിയേ തീരൂ. എപ്പോഴും ഓർക്കുക. ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച ഒരു വ്യക്തിയെ മാത്രമേ ഗുരുവായി സ്വീകരിക്കാവൂ. ആദ്യം വേണ്ടത് ഗുരുവിലുള്ള വിശ്വാസമാകുന്നു. അദ്ദേഹത്തിൽ അർപ്പിക്കുക. അതിനർത്ഥം ഗുരുവിനെ ശാരീരികമായി പിന്തുടരണമെന്നല്ല. ഗുരുവാണി അനുസരിയ്ക്കണമെന്നും അഭ്യസിക്കണമെന്നുമാകുന്നു.

ചോദ്യം: എന്തിനാണ് ബാബ ഇങ്ങിനെ ഈശ്വരസാക്ഷാത്ക്കാരം നേടിയ വ്യക്തിയെ മാത്രമേ ഗുരുവായി സ്വീകരിക്കാൻ പാടുള്ളൂ എന്ന് പറയുന്നത്?

ഉത്തരം: ഒരു നല്ല തോട്ടക്കാരന് ആ തോട്ടത്തിൽ വിരിയുന്ന പൂക്ക ളെക്കുറിച്ച് നല്ല ജ്ഞാനമുണ്ടായിരിക്കും. അയാൾക്ക് ചെടികളെക്കു റിച്ചും ഏതൊക്കെ കാലത്താണ് വളം കൊടുക്കേണ്ടതെന്നും അറി യും. എന്നാലേ ആ തോട്ടത്തിൽ അയാളുടെ ഇഷ്ടത്തിനനുസരിച്ച് എല്ലാ കാലത്തും പൂക്കളുണ്ടാകൂ. അതുപോലെ ഈശ്വരസാക്ഷാ ത്ക്കാരം നേടിയ ഒരു ഗുരുവിനു മാത്രമേ തന്നിൽ അർപ്പിച്ച ഒരു വ്യക്തിയുടെ മനസ്സറിയാനും അതനുസരിച്ച് പറഞ്ഞുകൊടുക്കാനും സാധിക്കുകയുള്ളൂ.

ഗുരുവചനം ഇത്തരത്തിലായാൽ ആളുകൾക്ക് എളുപ്പത്തിൽ മനസ്സി ലാക്കാനും മുന്നോട്ടുപോകാനും സാധിക്കും. നിങ്ങൾ ഒരു ഗുരുവിനെ തീരുമാനിക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. തുടർന്ന് ബാബ ഒരനു ഭവം പറയുന്നു:

ഒരു ദിവസം ഞാൻ പച്ചപ്പുല്ല് നിറഞ്ഞ ഒരു തോട്ടത്തിൽ വിശ്രമിക്കു കയായിരുന്നു. കുറെപ്പേർ എന്റെ നേർക്കു വരുന്നതുകണ്ടു. പട്ടാള ക്കാർ മാർച്ച് ചെയ്തുവരികയാണ് എന്നു കണ്ട് ഞാൻ ഉറക്കെ നില വിളിച്ചുകൊണ്ട് വലത്തേക്ക് തിരിഞ്ഞു. അവരും വലത്തേക്ക് തിരി ഞ്ഞു. ഉടനെ കമാൻഡർ എന്നോട് എന്തിനാണ് ഇങ്ങിനെ ചെയ്ത തെന്ന് വിളിച്ചു ചോദിച്ചു. ഞാൻ പറഞ്ഞു 'നിങ്ങളുടെ കൂട്ടുകാർ

വേണ്ടത്ര ശിക്ഷണം ലഭിച്ചവരല്ല. അവർക്ക് നിങ്ങളുടെ ഉത്തരവുകൾ വേണ്ടപ്രകാരം മനസ്സിലാക്കാനുള്ള കഴിവില്ല. അതിനാലാണ് അവർ എന്റെ കരച്ചിൽ നിങ്ങളുടെ ഉത്തരവാണെന്ന് ധരിച്ച് മറുവശത്തേയ്ക്ക് തിരിഞ്ഞത്. നിങ്ങൾ അത് ശ്രദ്ധിച്ചില്ലേ?'

ചോദ്യം: വേണ്ടത്ര മനസ്സിലാക്കാതെ നമുക്ക് ഗുരുവചനം പരിശീലിച്ച് തുടങ്ങാനാവുമോ?

ഉത്തരം: അതെ. വേണ്ടത്ര മനസ്സിലാക്കാതെ ഗുരുവചനം പരിശീലിച്ച് തുടങ്ങിയാൽ ചില പ്രതിബന്ധങ്ങൾ ഉണ്ടാകും എന്നേയുള്ളൂ.

ഒരു നടപ്പാതയുടെ അരികിൽ ഒരു പാമ്പുണ്ടായിരുന്നു. അത് വഴിയെ പോകുന്നവരെയെല്ലാം കടിച്ചുവന്നു. ഒരു ദിവസം ഒരു ഋഷി അതിലൂടെ നടന്നു പോവുകയായിരുന്നു. സർപ്പം ഋഷിയെ കടിക്കാനായി പത്തിവിടർത്തിയടുത്തു. ഋഷി പറഞ്ഞു: 'സർപ്പമേ നീ ആ പൊത്തിൽ പോയി ഈശ്വര വിചാരം ചെയ്ത് കാലക്ഷേപം ചെയ്യുക.' പാമ്പ് മാളത്തിലേക്ക് ഇഴഞ്ഞുപോയി, എന്നിട്ട് ഈശ്വരധ്യാനം ചെയ്തു വന്നു. സന്യാസി അദ്ദേഹത്തിന്റെ വഴിയ്ക്കും പോയി. കുറച്ചുകഴിഞ്ഞ് കുറെ കുട്ടികൾ അതുവഴി വന്നു. മാളത്തിൽ പാമ്പുണ്ടെന്ന് മനസ്സിലാക്കി അവർ കല്ലെടുത്തെറിയാൻ തുടങ്ങി. ഈശ്വരധ്യാനത്തിലേർപ്പെട്ട പാമ്പ് പ്രതികരിക്കാൻ പോയതുമില്ല.

പാമ്പ് ഏറുകൊണ്ട് ചാവാറായിരുന്നു. സന്യാസി മടങ്ങി വരുന്നത് അത് കണ്ടു. പാമ്പ് നടന്നതെല്ലാം പറഞ്ഞ് സന്യാസിയോട് ചോദിച്ചു: 'എന്തൊരു അവിവേകമാണ് അങ്ങു പറഞ്ഞുതന്നത്. ഞാൻ ചാവാറായിരിക്കുന്നു.'

സന്യാസി അതിന് മറുപടി പറഞ്ഞു: 'നിങ്ങളെ ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ നിങ്ങളയാളെ തിരിച്ച് ആക്രമിക്കുക. അല്ലെങ്കിൽ നിങ്ങൾ അപകടത്തിൽ വീഴാം.'

തുടർന്ന് ബാബ പറയുന്നു: 'എന്നെ കുട്ടിക്കാലത്ത് എന്റെ സഹോദരി വെറുതെ തല്ലിയിരുന്നു. ഞാനത് ഒരിക്കൽ അമ്മയോട് പറഞ്ഞു. അമ്മ പറഞ്ഞു-ആവശ്യമില്ലാതെ സഹോദരി നിന്നെ അടിക്കുകയാണെങ്കിൽ നീ തിരിച്ചും ഒന്നു കൊടുക്കുക. അമ്മ പറഞ്ഞപോലെ ഞാൻ ചെയ്തു. അന്നുതൊട്ട് സഹോദരി എന്നെ അടിയ്ക്കുന്നത് നിർത്തുകയും ചെയ്തു.'

ചോദ്യം: നമുക്ക് ഒരു ഗുരു മതിയോ അതോ അതിലധികം ആവശ്യമുണ്ടോ?

ഉത്തരം: വാല്മീകിയുടെ കഥ വായിക്കുക. നിങ്ങൾക്ക് ഗുരുവിൽ പൂർണ വിശ്വാസവും അർപ്പണവുമുണ്ടെങ്കിൽ ആ ഗുരു ഈശ്വരസാക്ഷാത്ക്കാരം നേടിയ വ്യക്തിയെങ്കിൽ മറ്റുള്ളവരുടെ ആവശ്യമില്ല. നിങ്ങൾ ഒരു കടയിലേക്ക് അരി വാങ്ങാനായി പോയി എന്നു കരുതുക. ആ കടയിൽ നിങ്ങൾക്കാവശ്യമുള്ള അരി ലഭിച്ചുവെങ്കിൽ പിന്നെ നിങ്ങൾ മറ്റൊരു കടയിൽ കയറേണ്ട ആവശ്യമില്ല.

ചോദ്യം: ഗുരുവില്ലെങ്കിൽ നാം അരക്ഷിതരാവുമോ?

ഉത്തരം: ആവും. ഒരിക്കൽ നാരദ മഹർഷി ശ്രീകൃഷ്ണനെ കാണാനെത്തി. കുറച്ചു കഴിഞ്ഞപ്പോൾ എന്തിനോ അദ്ദേഹമെഴുന്നേറ്റു പോയി തിരിച്ചുവന്നു. ശ്രീകൃഷ്ണൻ പരിചാരകനോട് ചാണകം തളിച്ച് ശുദ്ധമാക്കാൻ പറഞ്ഞു. ഇതറിഞ്ഞ നാരദൻ കൃഷ്ണനോട് കാരണമന്വേഷിച്ചു. കൃഷ്ണൻ പറഞ്ഞു: 'നാരദാ.. അങ്ങേയ്ക്ക് ഒരു ഗുരുനാഥനില്ല! ഗുരുനാഥനില്ലാത്ത ഒരു വ്യക്തി ഇരുന്നയിടം അശുദ്ധമാണ്!'

നാരദൻ ഉടൻ അവിടെനിന്നും യാത്രതിരിച്ചു. വഴിയ്ക്ക് ഒരു മുക്കുവനെ കണ്ടുമുട്ടി. ഗുരുവായി സ്വീകരിക്കാൻ തയ്യാറാണെന്ന് പറഞ്ഞു. ഉടനെ അയാൾ നാരദനോട് മത്സ്യം പിടിക്കുവാൻ പറഞ്ഞു. നാരദൻ മത്സ്യം പിടിക്കാൻ തുടങ്ങി. മുക്കുവൻ മണൽകൊണ്ട് ഒരു മത്സ്യരൂപമുണ്ടാക്കി അതിനെ മൂന്നുതവണ പ്രദക്ഷിണം വെയ്ക്കുവാൻ നാരദനോടാവശ്യപ്പെട്ടു. പ്രദക്ഷിണം പൂർത്തിയാക്കിയ നാരദനോട് മുക്കുവൻ പറഞ്ഞു: 'അങ്ങയുടെ 804 കോടി ജന്മങ്ങൾ തീർന്നിരിക്കുന്നു! ഇനി ശ്രീകൃഷ്ണന്റെ അടുത്തേക്ക് മടങ്ങിപ്പോവുക!'

---

* *ഒരിടത്ത് രത്നാകരൻ എന്നൊരു തസ്ക്കരനുണ്ടായിരുന്നു. ഒരുദിവസം അയാൾ നാരദനെ കണ്ടുമുട്ടി. നാരദൻ രത്നാകരനോട് രാമനാമം ജപിക്കാനാവശ്യപ്പെട്ടു. പക്ഷേ അറിവില്ലാത്ത രത്നാകരൻ 'രാമ' എന്നതിനുപകരം 'മാര' എന്നു ജപിച്ചു തുടങ്ങി. അദ്ദേഹത്തിന് ഗുരുവായ നാരദനിൽ പൂർണ വിശ്വാസമുണ്ടായിരുന്നു. അതിനാൽ പിന്നീട് മഹർഷി വാത്മീകി എന്ന് പ്രസിദ്ധനായി.*

സനത് കുമാരൻ എന്ന ശ്രേഷ്ഠൻ നാരദനോട് പറയുന്നു: 'അങ്ങേയ്ക്ക് എല്ലാ ലൗകിക കാര്യങ്ങളും അറിയുമെങ്കിൽ അതിനർത്ഥം അങ്ങേയ്ക്ക് ഒന്നുമറിഞ്ഞുകൂടാ എന്നാകുന്നു. എന്നാൽ ഈശ്വരനെ അറിയുമെങ്കിൽ അങ്ങേയ്ക്ക് എല്ലാമറിയാമെന്നർത്ഥമാകുന്നു. ഞാൻ പറഞ്ഞപോലെ ചെയ്യുക. എന്നിൽ വിശ്വസിക്കുക. അങ്ങേയ്ക്ക് ഞാൻ സകല അറിവുകളും തരാം.'

നാരദൻ ഉടൻ കൃഷ്ണന്റെ അടുത്ത് തിരിച്ചെത്തി കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു. കൃഷ്ണൻ പറഞ്ഞു: 'ഇപ്പോൾ അങ്ങേയ്ക്ക് ഒരു ഗുരുവുണ്ടായിരിക്കുന്നു. ആർക്കും ഒരു ലക്ഷ്യം പൂർത്തീകരിക്കുവാനുണ്ടെങ്കിൽ ആ വ്യക്തി ഒരു ഗുരുവിൽ സമർപ്പിക്കുകയും ഗുരുവചനം ചിന്തിക്കുകയും വേണം. പക്ഷെ അഹങ്കാരം മാറാതെ ഒരാൾക്ക് ഈശ്വരസാമീപ്യം ലഭിയ്ക്കുകയില്ല.'

ചോദ്യം: നമുക്ക് അനേകം കർമ്മങ്ങളനുഷ്ഠിക്കാനുണ്ട്. ഏതിലാണ് നാം ശ്രദ്ധിക്കേണ്ടത്?

ഉത്തരം: അത്യാവശ്യ കർമ്മങ്ങൾ പൂർത്തീകരിക്കുക. അത് നിങ്ങളെ ഈശ്വരസമക്ഷത്തിലെത്തിയ്ക്കും. ആവശ്യമില്ലാത്തത് ഒഴിവാക്കുക. ഈശ്വരനോട് പ്രാർത്ഥിക്കുക-അവിടുത്തെ ഭജിക്കാൻ അവസരം ലഭിച്ചതിന്. ആത്മാർത്ഥമായി പ്രാർത്ഥിക്കുക-സ്വപ്നത്തിലൂടെയെങ്കിലും നിങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ തന്നതിന്.

ഏകലവ്യനെക്കുറിച്ചറിയുക. ഗുരുവചനം പിന്തുടരാൻ അദ്ദേഹം സ്വന്തം ജീവിതം വരെ ഉഴിഞ്ഞുവെച്ചു. അന്ന് ഏകലവ്യന് ഈശ്വര സാമീപ്യം ലഭിച്ചു.

ചിലപ്പോൾ നിങ്ങൾ മെല്ലെ ജീവിതത്തെ സമീപിക്കുന്നവരായിരിക്കാം. എങ്കിലും നിങ്ങൾ ക്ഷമ നഷ്ടപ്പെടാതെ ഈശ്വരനെപ്പറ്റി ചിന്തിക്കുക.

ചോദ്യം: എന്തുകൊണ്ടാണ് എല്ലാ അന്വേഷകർക്കും ഈശ്വരസാക്ഷാത്ക്കാരം ലഭിക്കാത്തത്?

ഉത്തരം: അവർക്ക് ഈശ്വര സാക്ഷാത്ക്കാരം ലഭിച്ച ഒരു ഗുരുവിനെ കാണാനുള്ള ആന്തരികമായ വാഞ്ഛയില്ല. ചീത്തശീലങ്ങളായ അജ്ഞാനം, അഹങ്കാരം എന്നിവ അവരെ നിരന്തരം സ്വാധീനിച്ചുകൊണ്ടിരിക്കും.

ചോദ്യം: ഈ ലോകത്ത് ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച ആത്മാക്കൾ ജീവിച്ചിരിപ്പുണ്ടോ?

ഉത്തരം: ഉവ്വ്. അങ്ങിനെയുള്ളവരുണ്ട്.

ചോദ്യം: എന്തുകൊണ്ടാണ് ഇത്തരം മഹാത്മാക്കൾ പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ട് ജനങ്ങളെ ഉദ്ബുദ്ധരാക്കാൻ ശ്രമിക്കാത്തത്?

ഉത്തരം: അവർ ശാന്തരായും അറിയപ്പെടാനാഗ്രഹിക്കാതെയും ജീവിക്കുന്നു. അവർക്ക് അവരുടെ കർമ്മങ്ങളെക്കുറിച്ചറിയാം. അവർ ഏകാന്തതയെ ഇഷ്ടപ്പെടുന്നവരും എന്നാൽ ശരിയായ അന്വേഷികളെ നയിക്കുന്നവരുമാകുന്നു. ഗുരുവിനെ ആത്മാർത്ഥമായും വിശ്വാസത്തോ

ടെയും അന്വേഷിക്കുക. രമണനെപ്പോലുള്ള മഹർഷികൾ ശരിയായ അന്വേഷകരെ സഹായിക്കുന്നു. സിദ്ധികൾ ലഭിച്ചവർ അത് പൊതു സമക്ഷം കാണിക്കാൻ ശ്രദ്ധിക്കുന്നു. എന്നാൽ ശുദ്ധികൾ അഥവാ ദൈവോന്മുഖമായ ആത്മാക്കൾ സ്വകാര്യ ജീവിതം നയിക്കുന്നു. അതിന് ആദ്യം പറഞ്ഞ സിദ്ധിയുള്ളവരേക്കാൾ മൂല്യമുണ്ട്. ബുദ്ധിയാണ് ശരിയായ വഴികാട്ടി. ശരിയായ ജീവിതമെന്നത് ബുദ്ധിയുടെ വഴിയാകുന്നു.

ചോദ്യം: ബാബ! അങ്ങുപറഞ്ഞില്ലേ-ഒരു സത്യാന്വേഷിക്ക് എപ്പോഴും ഈശ്വര സാക്ഷാത്ക്കാരം ലഭിച്ച ഗുരു ആവശ്യമുണ്ടെന്ന്. എന്നാൽ ആത്മീയ ഉന്നതി ലഭിച്ച രമണമഹർഷിയെപ്പോലുള്ളവർക്ക് ഒരു ഗുരുവുമില്ല-എന്തുകൊണ്ട്?

ഉത്തരം: രമണമഹർഷിയുടെ അവസ്ഥ വ്യത്യസ്തമാണ്. അദ്ദേഹത്തിന്റെ മനസ്സ് വളരെ വ്യത്യസ്തവും അദ്ദേഹം നേരിട്ട പ്രതിസന്ധികളാൽ ഉറച്ചതുമാണ്. അതിനാൽ അദ്ദേഹത്തിന്റെ ഈശ്വരചിന്തനം വളരെ ദൃഢവും അദ്ദേഹം നേരിട്ട പ്രതിസന്ധികളിൽനിന്ന് നേടിയ അറിവിൽനിന്നുള്ളതുമാകുന്നു.

ചോദ്യം: നാം ശ്രീരാമകൃഷ്ണ പരമഹംസനെക്കുറിച്ചും ശ്രീ അരവിന്ദനെക്കുറിച്ചും വായിക്കുന്നു. അതുപോലെ മറ്റു ശ്രേഷ്ഠരുടെ ധ്യാനത്തിലുള്ള പരിചയത്തെക്കുറിച്ചുമറിയുന്നു. ഈശ്വരസാക്ഷാത്ക്കാരത്തിന് ഇത്തരം അറിവുകൾ നേടിയാൽ മതിയോ?

ഉത്തരം: പൂർണ്ണമായും ധ്യാനത്തിൽ അല്ലെങ്കിൽ ഈശ്വരചിന്തയിൽ മുഴുകിയാൽ നമുക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കും. ഇതിന് പരിചയത്തിന്റെ ആവശ്യമില്ല. ധ്രുവന്റെ ഉദാഹരണമെടുക്കുക. ധ്രുവന് ഈശ്വരസാക്ഷാത്ക്കാരമുണ്ടാകുന്നത് പൂർണ്ണമായ ധ്യാനത്തിൽ മുഴുകിയപ്പോഴാകുന്നു.

ചോദ്യം: രാമകൃഷ്ണ പരമഹംസർ വളരെവലിയ ഋഷിശ്രേഷ്ഠനാകുന്നു, എന്നിട്ടും അദ്ദേഹത്തിന് കാൻസർ പിടിച്ചു. എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത്?

ഉത്തരം: ഇത് ശാരീരികമായ അസുഖമാകുന്നു. ശരീരത്തിൽ രോഗങ്ങൾ വരാം-അവ മാറാം. ശ്രീരാമകൃഷ്ണന്റെ മനസ്സ് വളരെ ശുദ്ധമായിരുന്നതിനാൽ അദ്ദേഹത്തെ നാം നിർമ്മലതയുടെയും വിശുദ്ധിയുടെയും രൂപമായി കാണുന്നു. ഇത്തരം ആത്മാക്കളുടെ ഓർമ്മ നമ്മിൽ സന്തോഷം വളർത്തുന്നു. നിങ്ങൾക്ക് ദൈവമാർഗ്ഗത്തിൽ രാമകൃഷ്ണനെപ്പോലെ ഭ്രാന്തനാവാം, ഒപ്പം ഒരുകാര്യം ഓർക്കുക-നി

ങ്ങളുടെ ഭ്രാന്ത് മറ്റുള്ളവർക്ക് അലോസരമാകരുത്. നിങ്ങൾക്ക് മറ്റു ള്ളവരിൽനിന്നു ശിക്ഷ കിട്ടിയാൽ അത് നിങ്ങളുടെ അറിവില്ലായ്മ യിൽനിന്നും ഇഷ്ടം, കോപം, മറ്റു ചീത്തശീലങ്ങൾ എന്നിവയിൽ നിന്നും ലഭിച്ചതാണെന്നറിയുക.

(ഒരിടത്ത് പരാമർശിച്ചു കണ്ടിട്ടുണ്ട്-രാമകൃഷ്ണ പരമഹംസൻ മരണശയ്യയിൽ കിടക്കുമ്പോൾ, ഗോവിന്ദൻ എന്നൊരു സന്ന്യാസി ശ്രേഷ്ഠൻ അവിടെ സന്നിഹിതനായിരുന്നുവെന്ന്)

ചോദ്യം: അങ്ങു പറഞ്ഞല്ലോ മൂന്ന് ഗുണങ്ങൾ എല്ലാ സന്ന്യാസിക്കും അത്യാവശ്യമാണെന്ന്. പക്ഷെ രാമകൃഷ്ണൻ, രമണ മഹർഷി എന്നീ മഹർഷിമാർ ഈ മൂന്ന് ഗുണങ്ങളനുസരിച്ചിരുന്നില്ലല്ലോ?

ഉത്തരം: അവരുടെ മനസ്സ് വളരെ ഉറച്ചതും നിർമ്മലവുമായിരുന്നു. ഇക്കാരണത്താൽ ഈ ഗുണങ്ങളാൽ അവർ ഈശ്വരങ്കലേക്ക് നേരെ എത്തപ്പെട്ടു. ശ്രീരാമകൃഷ്ണ പരമഹംസർ യജ്ഞം, തപം, ദാനം എന്നിവയെ ശരിയായും ലളിതമായും അനുഷ്ഠിക്കുകയും കുടും ബത്തെ സംരക്ഷിക്കുയും ക്ഷേത്രവൃത്തികളിൽ വ്യാപൃതനാവുകയും ചെയ്തു. നാം ഈശ്വരനിൽ പൂർണമായും വിശ്വാസത്തിലേർപ്പെട്ടാൽ, നമുക്ക് ഈശ്വരസാക്ഷാത്ക്കാരം ഒരു ഗുരുവിന്റെ ആവശ്യമില്ലാതെ തന്നെ ലഭിക്കും. രാമകൃഷ്ണ പരമഹംസരുടെ പത്നി ഒരു മാതൃകാ ഹിന്ദുമഹിളയാകുന്നു.

ചോദ്യം: നാം പ്രശ്നങ്ങളിൽ ബുദ്ധിമുട്ടുകയും ലോകത്തെക്കുറിച്ച് ഉത്കണ്ഠാകുലരാവുകയും, പേടിയോടെ ജീവിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണിത്?

ഉത്തരം: ഇത് ഇന്നത്തെ ഒരു പ്രശ്നം മാത്രമല്ല. ഇന്നലെയും ഇങ്ങി നെയായിരുന്നു. നാളെത്തെ മനുഷ്യരും ഇത്തരത്തിലാവും. മനുഷ്യൻ എല്ലാക്കാലത്തും ബുദ്ധിമുട്ടുകളിൽ ജീവിച്ചുകൊണ്ടിരിക്കുന്നു.

നാം ഒരു രാജ്യത്ത് ജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. അവി ടുത്തെ നികുതി വ്യവസ്ഥ, മറ്റ് നിയമങ്ങൾ എന്നിവ അനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. അവ അനുസരിച്ചില്ലെങ്കിൽ ശിക്ഷകൾ ലഭി ക്കുകയും നാം പ്രശ്നങ്ങളിൽ അകപ്പെടുകയും ചെയ്യും. ഈ പ്രപ ഞ്ചത്തിൽ ഈശ്വരസവിധത്തിൽ നാം നമ്മുടെ കർമ്മങ്ങൾ അനുഷ്ഠി ക്കുകയും നിയമങ്ങൾ അനുസരിക്കുകയും വേണം. അതിന് ഈശ്വ രൻ നമ്മെ ഈ ശരീരം തന്ന് അനുഗ്രഹിച്ചിരിക്കുന്നു. നാം ഈ ശരീ രത്തെ സംരക്ഷിക്കുക, കുടുംബത്തെ കാക്കുക. അതിനായി ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും വൃത്തികളിൽ ഏർപ്പെടുകയും ചെയ്യേ

ണ്ടതുണ്ട്. ഈ കർമ്മാനുഷ്ഠാനങ്ങൾ നികുതി കെട്ടുന്നതിന് സമമാകുന്നു.

എത്ര ഭക്ഷിക്കണമെന്ന് തീരുമാനിക്കുക. എത്ര ഉറങ്ങണമെന്ന് ഉറപ്പിക്കുക. എന്താണ് കാണേണ്ടതെന്ന് മനസ്സിലാക്കുക. എത്ര സമ്പാദിക്കണമെന്നും എത്ര മണിക്കൂർ ഉറങ്ങണമെന്നും എത്രനേരം കുടുംബത്തോടൊപ്പം ചിലവിടണമെന്നും കരുതുക. ഇങ്ങിനെ പ്രവർത്തിക്കുന്നതായാൽ പ്രശ്നങ്ങളുണ്ടാവുകയില്ല. നമ്മുടെ മനസ്സ് നിത്യവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ അവ ദിവ്യവും ദൈവീകവുമാകുന്നു. അങ്ങിനെ കർമ്മങ്ങളനുഷ്ഠിക്കുന്നതായാൽ നിങ്ങൾ ആകാംക്ഷാഭരിതരാവുന്നില്ല. ഈശ്വരചിന്തയിൽ മുഴുകുകയാണെങ്കിൽ നിങ്ങൾക്ക് ഭയമുണ്ടാകാതിരിക്കുകയും പ്രശ്നങ്ങളിൽ നിന്ന് മോചനം ലഭിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെ നാം ഉയർന്ന ആനന്ദമെന്നും സ്വാതന്ത്ര്യമെന്നും പറയുന്നു.

ചോദ്യം: ഹിന്ദുക്കൾ ജാതിബോധത്താൽ പലതായി തിരിഞ്ഞിരിക്കുന്നു. ഹരിജനങ്ങളെ തൊടാൻ ചിലയിടത്ത് ചിലർ മടികാണിക്കുന്നു. അതു ശരിയാണോ?

ഉത്തരം: സർവ്വരും മനുഷ്യരാകുന്നു. വൃത്തികെട്ടവൻ ആരായിരുന്നാലും ഏത് വർണ്ണക്കാരനായാലും തൊടുന്നത് ആരോഗ്യത്തിന് നന്നല്ല. ഹരിജനങ്ങളെ തൊടുന്നതുകൊണ്ട് ഒന്നും സംഭവിക്കുകയില്ല-അയാൾ നിത്യേന കുളിക്കുകയും ശരീരവൃത്തി സൂക്ഷിക്കുകയും ചെയ്യുന്നവനാകുകയും വേണം. ഒരു ബ്രാഹ്മണൻ വൃത്തികെട്ടവനും അനാരോഗ്യകരമായ ശീലങ്ങൾ അനുഷ്ഠിക്കുന്നവനും ആണെങ്കിൽ അയാളെ തൊടരുത്.

ഒരു ദിവസം ശങ്കരാചാര്യർ ഗംഗയിൽ കുളിച്ച് വിശുദ്ധ ദർശനത്തിനായി പോകയായിരുന്നു. വഴിയിൽ ഒരു തൂപ്പുകാരൻ കിടക്കുന്നുണ്ടായിരുന്നു. ശങ്കരാചാര്യർ തൂപ്പുകാരനോട് വഴി മാറിത്തരാൻ ആവശ്യപ്പെട്ടു. തൂപ്പുകാരൻ ചോദിച്ചു: 'അതുപറയാൻ അങ്ങാരാണ്? അങ്ങ് ഈ ശരീരത്തോടാണോ എന്നിലുള്ള ആത്മാവിനോടാണോ പറയുന്നത്? ശരീരത്തോടാണെങ്കിൽ ഞാനും അങ്ങയും തമ്മിൽ ഒരു വ്യത്യാസവുമില്ല. അല്ല, മറിച്ച് ആത്മാവിനോടാണെങ്കിൽ (ഇരുവരിലും) ഒന്നുതന്നെയാകുന്നു!' ശങ്കരാചാര്യർ ലജ്ജിച്ചുപോയി.

ചോദ്യം: അങ്ങുപറഞ്ഞല്ലോ-ആത്മസാക്ഷാത്ക്കാരത്തിനുശേഷമേ ഈശ്വരസാക്ഷാത്ക്കാരം സാദ്ധ്യമാകൂ എന്ന്. എന്താണതുകൊണ്ട് അർത്ഥമാക്കുന്നത്?

ഉത്തരം: ആത്മസാക്ഷാത്ക്കാരം നേടിയ ഒരു വ്യക്തിയുടെ മനസ്സ് ലൗകിക ചിന്തകളിൽ നിന്ന് മുക്തമായിരിക്കും. അയാളുടെ മനസ്സ് ഈശ്വരചിന്തയിൽ മുഴുകിയിരിക്കും. രമണ മഹർഷിയെപ്പോലെ ധ്യാനത്തിലേർപ്പെട്ടാൽ ലൗകിക സന്തോഷങ്ങളിൽ അയാൾക്ക് ആസക്തി കുറയും. അതിനുശേഷം ആ വ്യക്തി ഈശ്വരനുമായി 'യോഗ'മാവുന്നു-അഥവാ ഉൾച്ചേരുന്നു. ഭഗവത്ഗീതയിൽ പറയുമ്പോലെ.

സന്തോഷം

ചോദ്യം: ബാബ! ഉദ്ദേശിക്കുന്ന രീതിയിൽ സന്തോഷം നമുക്കുളവാകുന്നില്ല. എന്താണതിനു കാരണം?

ഉത്തരം: ലൗകിക ജീവിതത്തിൽ നാം നേടുന്ന സമ്പത്തിന്റെയും നമ്മുടെ വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് സന്തോഷത്തിന് സ്ഥാനം കൊടുക്കുന്നത്. ഈശ്വരനെ ദർശിച്ചാലല്ലാതെ നിങ്ങൾക്ക് അതിൽ പൂർണ്ണതയുണ്ടാകില്ല. എല്ലാം ഈശ്വരാനുഗ്രഹമാണ്. ഈശ്വരൻ എന്തൊക്കെ തരുന്നുവോ അതിൽ സന്തോഷവാനായിരിക്കുക.

ഏകാന്തതയുടെ മഹത്വം

ചോദ്യം: ബാബ! എങ്ങിനെയാണ് നാം ബുദ്ധിയെ കൂർമ്മതയുള്ളതാക്കുക?

ഉത്തരം: ബുദ്ധി തീക്ഷ്ണമാക്കണമെങ്കിൽ നിങ്ങൾ കൂടുതൽ സമയം ഏകാന്തതയിൽ ചിലവഴിക്കുക. നിശ്ശബ്ദതയുടെ സംഗീതം അനുഭവിച്ചറിയുക. കൂർമ്മബുദ്ധിയുണ്ടെങ്കിൽ ഈശ്വരചിന്തനം എളുപ്പമാകും. സമ്യക് ജീവിതം നയിക്കുക എന്നതുതന്നെ ഒരുതരം ഏകാന്തതയാണ്.

അദ്ധ്യായം ഏഴ്

അറിയപ്പെടാത്ത സ്ഥലങ്ങളും ലളിതമായ സത്യങ്ങളും

(മിയൻസ് ആസ്ത്രേലിയക്കാരനായ ഒരു ഡോക്ടറാകുന്നു. അദ്ദേഹം കാഠ്മണ്ഡുവിലെത്തി 1960 കാലത്ത് ബാബയെ സന്ദർശിച്ച വിവരണമാണ് താഴെ കൊടുക്കുന്നത്)

കൂടുതൽ യോഗികളെ കാണണമെന്ന് ഞാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അതിന് കാഠ്മണ്ഡുവിലേക്ക് പോകാൻ ന്യൂഡൽഹിയിലെ ആളുകൾ എന്നോടാവശ്യപ്പെട്ടു. അതിനാൽ ഞാൻ വിമാനമാർഗ്ഗം കാഠ്മണ്ഡുവിലേക്കുപോയി. ഒരു പഴയ ഡി സി-3 വിമാനത്തിൽ വളരെയധികം സാധനങ്ങളുമായുള്ള യാത്ര അല്പം സാഹസം തന്നെയായിരുന്നു.

ജീവിതത്തിൽ നാം പലരെയും കണ്ടുമുട്ടും. അവരിൽ വളരെ കുറച്ചുപേർ നമ്മളിൽ നിർണ്ണായക സ്വാധീനം ചെലുത്തും. അത് ചിലപ്പോൾ ഒരു സ്കൂൾ ടീച്ചറോ, ബുദ്ധിമാനായ മനുഷ്യനോ, വളരെ ലളിതമായി ആത്മാർത്ഥതയോടെ ജീവിക്കുന്ന ഒരാളോ, ചിലപ്പോൾ ഒരു ചെറിയ കുട്ടിയോ ആയിരിയ്ക്കാം. അങ്ങിനെ കാണപ്പെടുന്നത് ചില സന്ദർഭങ്ങളിൽ, ചില അനുഭവങ്ങൾ നമ്മെ ആഴത്തിൽ സ്വാധീനിയ്ക്കുമ്പോഴാകുന്നു. അങ്ങിനെയൊരു സന്ദർഭം ജീവിച്ചിരിയ്ക്കുന്നവരെ തേടിയെത്തുന്നത് ഇവിടെ ചേർക്കുന്നു.

അത് ഹിമാലയത്തിലെ താഴ്വരയിൽ കാഠ്മണ്ഡുവിനടുത്തുവെച്ചായിരുന്നു. ഞാൻ യോഗികളെ അന്വേഷിച്ചു നടക്കുകയായിരുന്നു. ചില യോഗികൾ മനസ്സിനെ നിയന്ത്രിച്ച് വേദനയ്ക്ക് വിരാമമിടും എന്നു കേട്ടിരുന്നു. ഒരു വഴികാട്ടി എന്നോട് ഒരു വൃദ്ധനുണ്ടെന്നും, അദ്ദേഹം വളരെയകലത്തല്ലാതെ ഒരിടത്ത് താമസിക്കുന്നുണ്ടെന്നും പറഞ്ഞു. ഞാൻ മറ്റുപലയോഗികളെയും പലസമയത്തായി കണ്ടിരുന്നു. അനേകം ക്രിസ്തുസഭയിലുള്ളവരെയും കാണുകയുണ്ടായി. പക്ഷെ ഈ മനുഷ്യൻ വ്യത്യസ്തനായിരുന്നു. ആ മനുഷ്യൻ ഞാൻ കണ്ട മറ്റേതൊരു മനുഷ്യനിൽ നിന്നും മാറ്റമുള്ളയാളായിരുന്നു. അദ്ദേഹം ഒരു ഋഷിപുംഗവനായിരുന്നു. അദ്ദേഹത്തിന്റെ സന്നിധിയിലെത്തിയ ഉടൻതന്നെ ഞാനതു മനസ്സിലാക്കി. വനം അല്പം തെളിച്ചിടത്ത് അദ്ദേഹം താമസിച്ചിരുന്നു. അദ്ദേഹത്തിന് ചുറ്റുമായി കാണാൻ

സാധിക്കാത്ത ഒരു പ്രഭാവലയം ഉണ്ടായിരുന്നതായി നമുക്കനുഭവപ്പെടും. നിങ്ങൾ അദ്ദേഹത്തിന്റെ സന്നിധിയിലാണെങ്കിൽ ഒരു ശാന്തത നിങ്ങൾക്കനുഭവപ്പെടും. അപ്പോൾ ശരീരവും, മനസ്സും അയഞ്ഞ് ഒരു പ്രകൃതിദത്തമായ ഏകമാണെന്ന ബോധം നമ്മിലുണ്ടാവും.

ആദ്യത്തെ അഭിമുഖം നടത്തുമ്പോൾ എനിക്ക് അദ്ദേഹത്തെക്കുറിച്ച് ഒന്നുമറിയാമായിരുന്നില്ല. അദ്ദേഹത്തിന്റെ വയസ്സിനെക്കുറിച്ചോ, ഋഷി എന്ന നിലയ്ക്കുള്ള സ്ഥാനമോ ഒന്നും. അത് എനിക്ക് അദ്ദേഹത്തിന്റെ ചുറ്റുമുള്ള ഒരു തേജോ വലയത്തിൽനിന്ന് ഉടൻ ബോധ്യമായി. എനിക്ക് അത് എങ്ങിനെയായിരുന്നുവെന്ന് നിങ്ങളോടു പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. കാരണം അതുമായി താരതമ്യപ്പെടുത്താവുന്ന മറ്റൊന്നും വേറെ എന്റെ അറിവിലില്ല. കാഴ്ചയിൽ അദ്ദേഹം വൃദ്ധനായിരുന്നു. ഞാൻ കേട്ടത് അദ്ദേഹത്തിന് നൂറ്റിമുപ്പത്തിനാല് വയസ്സായെന്നാണ്. അതുതന്നെ കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസിയിലെ ഒരു ജോലിക്കാരൻ ഒരിക്കൽ അന്വേഷിച്ചറിഞ്ഞതു കൊണ്ടാണ്. ഏറ്റവും പ്രധാനം മറ്റു യോഗികളിൽനിന്ന് വ്യത്യസ്തമായി അദ്ദേഹത്തിന് വളരെ നല്ല ഇംഗ്ലീഷിൽ സംസാരിക്കാനറിയാമായിരുന്നുവെന്നതാണ്. അത് അദ്ദേഹം നൂറുവർഷം മുമ്പ് പഠിച്ചതായിരുന്നു. അതാകട്ടെ വിശാലമായ ഒരു തീർത്ഥാടനത്തിന്റെ ഭാഗമായും. അദ്ദേഹം പറഞ്ഞത് ഒരു ദിവസത്തിൽ പതിനാറു മണിക്കൂർ ധ്യാനവും, രണ്ടു മണിക്കൂർ ഉറക്കവും, ബാക്കി ആറുമണിക്കൂറിൽ എപ്പോഴും എനിക്ക് വരാമെന്നുമായിരുന്നു. അതിനാൽ ഞാൻ എല്ലാ ദിവസവും അദ്ദേഹത്തിനടുക്കൽ ചെന്നു. വനത്തിൽ അദ്ദേഹത്തോടൊപ്പമിരുന്നു. അദ്ദേഹത്തിന്റെ ഋഷിതുല്യമായ ജ്ഞാനം, ജീവിതത്തെക്കുറിച്ചും, മരണത്തെക്കുറിച്ചും, ഇശ്വരനെക്കുറിച്ചും, മനുഷ്യനെക്കുറിച്ചുമുള്ള ബോധം എന്നിൽ നിറച്ചു.

ഞാനദ്ദേഹത്തോടു ചോദിച്ചു തുടങ്ങുന്നത് 'വേദന'യെ സൂചിപ്പിച്ചുകൊണ്ടാണ്. എന്റെ മനസ്സിലെ ഏറ്റവും പ്രധാനവും അതുതന്നെയായിരുന്നു.

മിയൻസ്: അങ്ങെപ്പോഴെങ്കിലും വേദന എന്ന പ്രശ്നത്തിലകപ്പെട്ടിട്ടുണ്ടോ?

ഉത്തരം: ഇല്ല.

ചോദ്യം: വേദന എന്ന വികാരം തോന്നിയിട്ടില്ലേ?

ഉത്തരം: ഉവ്വ്. എനിക്ക് വേദനിച്ചിട്ടുണ്ട്. പക്ഷെ അതിൽ 'കുത്തുന്ന വേദന' ഉണ്ടായിട്ടില്ല.

ഈ രണ്ടു ചോദ്യങ്ങളിലെ ഏതാനും വാക്കുകൾ എന്റെ പ്രവൃത്തിയിലും ജീവിതത്തിലും വളരെ സ്വാധീനം ചെലുത്തിയവയാണ്. വേദനിച്ചിട്ടുണ്ട്, പക്ഷെ അതിൽ മുറിവേറ്റ അനുഭവം ഉണ്ടായിട്ടില്ല! എന്തൊരു അത്ഭുതമാണ് ഈ വാക്കുകൾ തരുന്നത്. എനിയ്ക്കും, എന്റെ രോഗികൾക്കും, മറ്റു ഡോക്ടർമാർക്കും, അവരുടെ രോഗികൾക്കും! ഇതിന്റെ സാധ്യതകൾക്ക് ഒരു അറ്റവുമില്ല. ഒരു ഋഷിയെപ്പോലിരിക്കുന്ന നൂറ്റിമുപ്പത്തിനാലു വയസ്സായ ഒരു മനുഷ്യനിൽ നിന്ന് പലതും പഠിക്കാനുണ്ടെന്നും ശ്രദ്ധിക്കാനുണ്ടെന്നും ഞാൻ മനസ്സിലാക്കി. അതെ, തീർച്ചയായും അതി ബൃഹത്തുതന്നെയായിരുന്നു.

പിന്നെയും ചോദിച്ചപ്പോൾ അദ്ദേഹം വിസ്തരിച്ചത് എനിക്ക് കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കിത്തന്നു. സംസാരിക്കുന്നതിനിടയ്ക്ക് എന്തെങ്കിലും ശരിയല്ലെന്ന് തോന്നിയാൽ അദ്ദേഹം കാലുകൾ നീട്ടുമായിരുന്നു. എന്നാൽ അതിൽ വേദനയൊന്നുമുണ്ടായിരുന്നില്ല, ഒരു അസ്വസ്ഥതയും പ്രകടമാക്കപ്പെട്ടതുമില്ല. അതൊക്കെ സാധാരണ നമ്മൾ കാണുന്നതു തന്നെയായിരുന്നു. ഒരു പൂർണ്ണതയുടെ അടുത്തുവെച്ച് ഞരമ്പുകൾ ചില ക്രമീകരണം നടത്തുന്നതുമാത്രമായിരുന്നു അത്. ഈ ഋഷിതുല്യനായ മനുഷ്യന്റെ അപരിചിതമായ സാഹചര്യവും വളരെ തന്മയത്വമുള്ളതും ആർക്കും പ്രതീക്ഷിയ്ക്കുന്നപോലെത്തന്നെയുള്ളതുമായിരുന്നു.

ഈ ചുരുങ്ങിയ വാക്കുകൾ, അവനവനിലുണ്ടാവുന്ന ഒരു ചിന്ത അതായത് വേദനയിൽ കുത്തുന്നതായൊന്നും ആവശ്യമില്ലെന്നത്, എന്നെ അനേകം കാര്യങ്ങളിൽ അന്വേഷണങ്ങൾ നടത്തുന്നതിലേക്ക് നയിച്ചു. പല പരീക്ഷണങ്ങളും ഞാൻ നടത്തി. അറിയാൻ പാടില്ലാത്ത പലതും ഞാൻ അന്വേഷിച്ചു. എല്ലാം എനിക്കുവേണ്ടിയും എന്റെ രോഗികൾക്കുവേണ്ടിയുമായിരുന്നു. വീട്ടിൽ തിരിച്ചെത്തിയ ഉടൻതന്നെ ഞാനൊരു കാര്യം മനസ്സിലാക്കിയത് എന്റെ മനസ്സിനെ ഒരു ബോധതലത്തിൽ, യോഗയിലെ ധ്യാനതുല്യമായ അവസ്ഥയിൽ നിർത്തുകയും അയഞ്ഞ അവസ്ഥയിൽ എത്തിക്കുകയും ചെയ്യേണ്ടതാണ് എന്നതാണ്. ഈ മാനസികാവസ്ഥയിൽ സ്ഥിരത വേദന നിറഞ്ഞതാണെങ്കിലും അതൊട്ടും മുറിപ്പെടാതിരിക്കുമെന്ന് ഞാൻ ആ വയോവൃദ്ധൻ പറഞ്ഞതോർത്തു.

പിന്നെ മറ്റൊരവസരവും കൈവന്നു. പല പ്രധാന അവസരങ്ങളും ഞാൻ വിട്ടുകളഞ്ഞിരുന്നു. ആലങ്കാരികമായി എനിക്ക് ഒരു ഇളകിയ പല്ല് പറിച്ചു കളയാനുണ്ടായിരുന്നു. എന്റെ മനസ്സിലുണ്ടാ

യിരുന്ന തത്വങ്ങൾ പ്രയോഗിച്ച് സാധൂകരിക്കേണ്ടിയിരുന്നു. മറ്റൊരർത്ഥത്തിൽ ഒരു മഹത്തായ പരീക്ഷണത്തിന് ഞാൻ മുതിരുകയായിരുന്നു. ഞാനതിനെക്കുറിച്ച് മനസ്സിലാക്കി. എന്റെ മനസ്സിന്റെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കാതെയായിരുന്നെങ്കിൽ വളരെ വേദനാജനകമായിത്തീരുമായിരുന്നു അത്. ഒരു വസ്തുതയായിരുന്നു അത്. ഞാൻ വളരെയധികം ചിന്തിച്ച് ഒരു സമാപ്തിയിൽ എത്തിച്ചേർന്നു. അത് ആ വൃദ്ധനായ രോഗിയുടെ ആശയങ്ങളെ ഒന്നു പരീക്ഷിക്കണമെന്നുതന്നെയായിരുന്നു. എന്റെ സ്ഥിരം ദന്തവൈദ്യൻ കൂടുതൽ പഠിക്കാൻ മിനക്കെടാതെ എന്നെ നേരെ ദന്തശസ്ത്രക്രിയ നടത്തുന്ന വിദഗ്ദ്ധന്റെ അടുത്തേക്ക് പറഞ്ഞയച്ചു. പക്ഷെ ഞാൻ മറ്റൊരു പല്ലു ചികിത്സകനായ സുഹൃത്തിന്റെ അടുത്തേക്ക് ചെന്നു. ഞാൻ ഒരു പരീക്ഷണത്തിനായാണ് വന്നിരിക്കുന്നതെന്നും അതിന് സഹകരിക്കണമെന്നും ആ ചങ്ങാതിയോട് ആവശ്യപ്പെട്ടു. എന്റെ പല്ലു പറിയ്ക്കേണ്ടതുണ്ടെന്നും എന്നാൽ വേദനാ സംഹാരികൾ ഒന്നും തരരുതെന്നും അയാളെ ധരിപ്പിച്ചു.

ആദ്യം ആ സുഹൃത്ത് എന്റെ ആശയത്തെ എതിർത്തു. അവസാനം എന്റെ വാശിയിൽ സമ്മതിച്ച് ഒരു എക്സ്-റേ എടുത്ത് ആ ജോലി എത്രത്തോളം വിഷമകരമാണെന്ന് അറിയണമെന്നാവശ്യപ്പെട്ടു. പിറ്റേദിവസം അദ്ദേഹം ഫോണിൽ വിളിച്ച് ഈ പല്ലെടുക്കുന്നത് അല്പം ബുദ്ധിമുട്ടാണെന്നും അതിനാൽ വേദനാസംഹാരി കൂടാതെ കഴിയില്ലെന്നും എന്നോടു പറഞ്ഞു. എന്റെ പദ്ധതി പരാജയപ്പെട്ടുവെന്ന് ഞാൻ കരുതി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഒരു ദിവസം ആ സുഹൃത്തിനെ ഞാൻ യാദൃച്ഛികമായ ചന്തയിൽവെച്ചു കണ്ടുമുട്ടി. എന്റെ പരീക്ഷണം വളരെ പ്രധാനപ്പെട്ടതാണ് എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. എനിയ്ക്കതിൽ താത്പര്യമുള്ളതുകൊണ്ടാണ് അദ്ദേഹത്തെ വീണ്ടും നിർബന്ധിക്കുന്നതെന്നും പറഞ്ഞു ധരിപ്പിച്ചു. അങ്ങിനെ അദ്ദേഹം അതിന് തയ്യാറായി. ഇതിന്റെ പശ്ചാത്തലത്തെക്കുറിച്ച് ഒരു സൂചന ഞാൻ അദ്ദേഹത്തിന് കൊടുത്തിരുന്നു. ഒരുപക്ഷെ ഈ പരീക്ഷണത്തിന് ഒരു ചീത്ത തുടക്കമായിരിക്കാം ഉണ്ടായിരിക്കുകയെന്നും, അത് മാനസികമായി ഈ പരീക്ഷണത്തെ പ്രതികൂലമായി ബാധിച്ചേക്കുമെന്നും ഞാനാസുഹൃത്തിനെ പറഞ്ഞു ധരിപ്പിച്ചു. മറ്റൊരു കാര്യം പറഞ്ഞത് ഞാനൊരു മനക്കരുത്തുള്ള ആളൊന്നുമല്ല എന്നാണ്. സാധാരണ അവസരങ്ങളിൽ ഞാൻ വേദനയോട് വളരെ ദുർബ്ബലമായ മനസ്സോടെയാണ് പ്രതികരിക്കാറുള്ളത്.

എല്ലാം പറഞ്ഞുറപ്പിച്ച് അദ്ദേഹത്തിന്റെ രോഗികൾക്കായുള്ള കസേരയിൽ മുട്ടുകുത്തി, കൈകൾ ആകാശത്തേയ്ക്കുയർത്തിപ്പിടിച്ച് ഞാനിരുന്നു. ആ ദിവസം രാവിലെ ഞാൻ അരമണിക്കൂർ നേരം മനസ്സിനെ അയഞ്ഞ രീതിയിലാക്കാൻ ശ്രമിച്ചിരുന്നു. ഉയർത്തിപ്പിടിച്ച കൈകൾ ഞാൻ സാവധാനത്തിൽ താഴ്ത്തുമെന്നും, അതാണ് ശസ്ത്രക്രിയ തുടങ്ങാനുള്ള സൂചനയെന്നും മുൻപെ പറഞ്ഞുവെച്ചിരുന്നു. പറഞ്ഞപോലെ ഞാൻ കൈകൾ താഴോട്ടാക്കി, അദ്ദേഹം എന്റെ പല്ല് പറിച്ചെടുക്കുകയും ചെയ്തു.

ആ യോഗി പറഞ്ഞിരുന്നതുപോലെ എനിക്ക് വേദന അനുഭവപ്പെട്ടു. എന്നാൽ അതിൽ തീവ്രവ്രണിതമായതൊന്നും ഉണ്ടായിരുന്നില്ല. ഇത് എന്റെ ചെവിയിൽ ഒരു പ്രത്യേക ശബ്ദത്തെ കൊണ്ടെത്തിച്ചു. അത് ഒരു പ്രത്യേക അവസ്ഥയായിരുന്നു. മറ്റുള്ളവയുമായി താരതമ്യപ്പെടുത്താൻ സാധിക്കാത്ത ഒന്നായിരുന്നു അത്. ഞാൻ ഉറങ്ങുകയൊന്നുമായിരുന്നില്ല. ഞാൻ പൂർണ്ണബോധത്തോടെ ആ ദന്തവൈദ്യനുമായി സഹകരിച്ചു. ആ സുഹൃത്തിന് ഹിപ്നോട്ടിസത്തെക്കുറിച്ച് ഒന്നുമറിയുമായിരുന്നില്ല.

പിന്നീട് സുഹൃത്ത് പറഞ്ഞു: 'താൻ മോണകീറി പുറത്തേയ്ക്കെടുക്കുകയായിരുന്നുവെന്ന്' അദ്ദേഹം ആ പരീക്ഷണത്തെക്കുറിച്ച് ആസ്ട്രേലിയയിലെ മെഡിക്കൽ ജേർണലിൽ ഒരു ചെറിയ കുറിപ്പെഴുതുകയും ചെയ്തു.

ഇതെല്ലാം കുറച്ചുകാലം മുൻപ് നടന്നതാണ്. അതിനുശേഷം ഞാൻ സമാനരീതിയിൽ എന്റെ കഴുത്തിൽനിന്നും ഒരു ചെറിയമുഴ നീക്കം ചെയ്യുകയും, രണ്ടു പല്ലുകൾകൂടി പറിച്ചെടുക്കുക യുമുണ്ടായി. എല്ലാറ്റിലും ശ്രദ്ധേയമായ വസ്തുത, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ബാധിച്ച് വേദനാ സംഹാരികൾ കൂടി ഫലിക്കാതായി കിടക്കുന്ന രോഗികളുടെ മുൻപിൽ എനിക്ക് ഇത് പ്രദർശിപ്പിക്കാനായി എന്നതും അതിലൂടെ എങ്ങിനെയാണ് വേദന നിയന്ത്രിക്കേണ്ടതെന്ന് അവരെ പറഞ്ഞു മനസ്സിലാക്കാൻ സാധിച്ചു എന്നുമാണ്.

അങ്ങിനെ പറഞ്ഞിരുന്നതുപോലെ അതിൽ വേദനയുണ്ടെങ്കിലും വ്രണിതമായതൊന്നും ഉണ്ടായിരുന്നില്ല. ഞാനിവ തുടരാൻതന്നെ തീരുമാനിച്ചു. യോഗി പറഞ്ഞിരുന്നതുപോലെ അവ എന്റെ രോഗികൾക്കു മുൻപിൽ പ്രദർശിപ്പിച്ചു. *(അപൂർണം)*

അദ്ധ്യായം എട്ട്
ഈശ്വരൻ അഥവാ പരമാത്മാവ്

ചോദ്യം: ബാബ! പരമാത്മാവ് അഥവാ ഈശ്വരൻ എന്നാൽ എന്താണ്?

ഉത്തരം: ആധുനിക കാലത്ത് ജനങ്ങൾ ഈശ്വരനിൽ പൊതുവെ വിശ്വസിക്കുന്നില്ല. ഈ പ്രപഞ്ചത്തിൽ ഒരു സൃഷ്ടാവ് ഉണ്ടായിരിക്കണമെന്നും അത് ഈശ്വരനോ പ്രകൃതിയോ ആണെന്നും കരുതിവരുന്നു. സകലസൃഷ്ടിയും ഈശ്വരന്റേതാകുന്നു. മനുഷ്യന്റെ ലക്ഷ്യമെന്നത് ഈശ്വരനിലെ അവ്യക്തതയെ സാക്ഷാത്ക്കരിക്കുക എന്നതാകുന്നു. ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ ഒരാൾ പൂർണമായും ഈശ്വരാന്വേഷണത്തിൽ അർപ്പിക്കുകയും വേണം.

ചോദ്യം: എങ്ങിനെയാണ് ഈശ്വരചിന്തനം ആരംഭിക്കേണ്ടത്?

ഉത്തരം: നിങ്ങൾ ഈശ്വരനെ നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു രൂപത്തിൽ ഓർത്ത് തുടങ്ങുക. ഈശ്വരന് ഒരു രൂപം കൊടുത്തു തുടങ്ങുന്നതാണ് നല്ലത്. ധ്യാനത്തിലിരിക്കുമ്പോൾ നാല് കൈകളോടും രണ്ടു കണ്ണുകളോടും കൂടിയ നാരായണനെ ഓർക്കുക. പിന്നെ ഈശ്വരനെ ഓർക്കുമ്പോൾ രൂപമില്ലാതാക്കാൻ ശ്രമിക്കണം. നിങ്ങളുടെ കർമ്മങ്ങളിൽ വ്യാപൃതരാവുക. ഈശ്വരാനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഈശ്വരസൃഷ്ടിയെയും പൂർണതയെയും അറിയുക.

ചോദ്യം: എന്തു കാരണത്താലാണ് നാം ഈശ്വരധ്യാനത്തിൽ സദാ മുഴുകാത്തത്?

ഉത്തരം: നിലം സിമന്റിട്ടാൽ അതിൽ വെള്ളം താഴോട്ട് കിനിഞ്ഞിറങ്ങുകയില്ല. അതുപോലെ നിങ്ങളുടെ മനസ്സ് നിറയെ അനാവശ്യമായ ചിന്തകൾ നിറഞ്ഞാൽ അതിൽ ഈശ്വരചിന്ത കിനിഞ്ഞിറങ്ങുകയില്ല. അതിനാൽ അനാവശ്യ ചിന്തകൾ ഒഴിവാക്കി ഈശ്വരചിന്തയ്ക്ക് സ്ഥാനം നൽകുക. നിങ്ങളുടെ ജീവിതത്തിന്റെ അവസാന നിമിഷത്തിൽ നിങ്ങൾക്ക് ഈശ്വരനാമം ജപിക്കാൻ സാധിക്കാതെ മനസ്സു നിറയെ പൂർവ്വകാല സ്മരണകളെക്കൊണ്ട് നിറയും. അതിനാൽ തുടക്കത്തിൽതന്നെ അവശ്യകർമ്മങ്ങളിൽ മനസ്സിനെ വ്യാപരിക്കുക. അതുപോലെ ഈശ്വരവിചാരത്തിലും ശ്രദ്ധിക്കുക. നിങ്ങൾ ഈശ്വരമനനത്തിൽ ഏർപ്പെടുമ്പോൾ മനസ്സ് മറ്റെന്തെങ്കിലും കാര്യത്തിൽ

വ്യാപൃതമായി യാത്രയായാൽ ആ കർമ്മത്തിന് ഒരു ഫലവുമില്ലാതെ വരും. അത് വ്യഥാവ്യായാമമായി തീരും *

ചോദ്യം: ബാബ! നമുക്ക് ദൈവിക ചിന്തയിൽ, ധ്യാനത്തിൽ വിവിധ ഘട്ടങ്ങളുണ്ടോ?

ഉത്തരം: ഈശ്വര ചിന്തയിൽ മൂന്ന് ഘട്ടങ്ങളുണ്ട്. 1) ധാരണ 2) ധ്യാനം 3) സമാധി.

ധാരണ: ഇത് ഒന്നാമത്തെ ഘട്ടമാകുന്നു. ഇടസമയത്ത് അന്വേഷകൻ ഈശ്വരനെ സ്മരിക്കുന്നതും ഈശ്വരമഹത്വം അറിയുന്നതും ഇതിഹാസ-പുരാണങ്ങളിൽ നിന്നുള്ള പാഠം ഉൾക്കൊള്ളുന്നതും ശാസ്ത്രങ്ങൾ അറിയുന്നതും ഈശ്വരനാമം ജപിക്കുന്നതും ഈശ്വര മാഹാത്മ്യം പറയുന്ന വേദികളിൽ പങ്കെടുക്കുന്നതുമാകുന്നു.

ധ്യാനമെന്നത് ഒരു വസ്തുവെ കേന്ദ്രീകരിച്ച് ഈശ്വരനെ കുറെ സമയം സ്മരിക്കുക എന്നതാകുന്നു.

---

* *ബാബ കുറച്ചുകാലം പശുപതിനാഥ ക്ഷേത്രത്തിന് കിഴക്കായി ബാഗ്മതി നദിയുടെ തീരത്ത് താമസിക്കുകയുണ്ടായി. അവിടെ ചില അന്ത്യകർമ്മങ്ങൾ നടത്താനായി ജനങ്ങൾ വന്നിരുന്നു. സമീപത്തായി ഒരു സത്രമുണ്ടായിരുന്നു. പലരും അവരുടെ ബന്ധുക്കളുമായി ഈ സത്രത്തിലെത്തി അവസാനനാളുകൾ കഴിച്ചിരുന്നു. നേപ്പാളിലെ ആചാരമനുസരിച്ച് അന്ത്യത്തോടടുത്ത വ്യക്തിയുടെ സമീപത്തിരുന്ന് ആളുകൾ ഈശ്വരനാമം ജപിക്കുകയും അതിനാൽ ആ വ്യക്തിയുടെ വിചാരം ഈശ്വരോന്മുഖമായിത്തീരുകയും ചെയ്യുന്നു. അതുപോലെ ഒരു വ്യക്തി തന്റെ അന്ത്യസമയത്ത് ഈശ്വരനാമം ജപിച്ചാൽ ഈശ്വരനിൽ ലയിക്കുമെന്നും വിശ്വസിക്കുന്നു.*

ബാബ, പരിചാരകനായ മാധവനോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ കേൾക്കുക, ബന്ധുക്കൾ ഉറക്കെ ഈശ്വരനാമം ജപിച്ച് മരണാസന്നനായ വ്യക്തിയുടെ ചിന്ത ലൗകികതയിൽനിന്നും ഈശ്വരനിൽ വ്യാപരിപ്പിക്കുവാൻ ശ്രമിക്കുന്നു. അത് നന്ന്. പക്ഷെ അത് ആ വ്യക്തിയുടെ മുൻകാല കർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്നു. പൂർവ്വകാലത്ത് അവർ ഈശ്വരവിചാരം ഒട്ടും നടത്താതെ അവസാന നിമിഷത്തിൽ ഈശ്വരനാമം ജപിക്കുന്നത് ഒട്ടും ഫലം തരികയില്ല. അതിനാൽ കർമ്മങ്ങളിൽ വ്യാപരിക്കുക. ഒപ്പം ഈശ്വരനെ തുടക്കത്തിലേ ഓർക്കുകയും ചെയ്യുക. നിങ്ങൾ ജീവിതത്തിൽ പകുതിയിലധികം സമയവും ഈശ്വരനെ ഓർക്കാതെ കഴിച്ചുകൂട്ടിയെങ്കിൽ അത് മുമ്പ് പറഞ്ഞ സിമന്റ് ഫലകത്തിന് സമമാകുന്നു. ജലം ഇറങ്ങാത്തതുപോലെ ദൈവവിചാരവും മനസ്സിൽ കടന്നുവരാതാവുന്നു. ഈശ്വരചിന്ത ആദ്യമേ പരിശീലിക്കുക.'

സമാധി എന്നാൽ ഈശ്വരമാർഗ്ഗത്തിൽ കേന്ദ്രീകരിച്ച് ചരിയ്ക്കുക എന്നതാകുന്നു.

ചോദ്യം: ധാരണയും ധ്യാനവും എങ്ങിനെയാണ്?

ഉത്തരം: പാതയോരത്തും കടൽത്തീരത്തും യുദ്ധകാലത്ത് മൈനുകൾ കുഴിച്ചിടുന്നത് ശത്രുക്കളെ ഇല്ലായ്മ ചെയ്ത് രാജ്യത്തെ രക്ഷിക്കുക എന്നതിനാകുന്നു. എന്നാൽ ബുദ്ധിമാനായ ശത്രു സ്വകാര്യമായി ചാരന്മാരെ അയച്ച് വിവരങ്ങൾ മനസ്സിലാക്കി തഞ്ചത്തിൽ ആക്രമിക്കുന്നു. ധാരണയും ധ്യാനവും രണ്ട് വസ്തുതകളാണ്-ഒരു ബുദ്ധിമാനായ ചാരനിൽ ഒളിഞ്ഞു കിടക്കുന്നതുപോലെ, ഇവ രണ്ടും ഈശ്വരമാർഗ്ഗത്തിലേക്ക് വഴി തെളിക്കുന്നു.

മറ്റൊരർത്ഥത്തിൽ ധ്യാനമെന്നത് അഗാധമായ ചിന്തതന്നെയാണ്. ധ്യാനത്തിലൂടെ നമ്മുടെ ആരോഗ്യം വർദ്ധിക്കുന്നു. അത് നല്ല ചിന്തകളെ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്നു. ഇതാണ് ആത്മീയതയുടെയും മനസ്സിന്റെയും ഉയർച്ചയുടെ പ്രധാന ലക്ഷ്യം. ധ്യാനത്തിന് ഒരുനല്ല വൃത്തിയുള്ള മുറി തെരഞ്ഞെടുക്കുക. അന്തരീക്ഷം കിട്ടുന്നതിനും മനസ്സിനെ ഊഷ്മളമാക്കുന്നതിനും ചന്ദനത്തിരികൾ കത്തിച്ചുവെയ്ക്കാം. രാമൻ, കൃഷ്ണൻ, ബുദ്ധൻ എന്നീ ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച മഹാത്മാക്കളുടെ ചിത്രങ്ങൾ കൊണ്ട് ആ മുറി അലങ്കരിക്കാം.

ചോദ്യം: ഏത് ആസനമാണ് അല്ലെങ്കിൽ ഏതുരീതിയാണ് ധ്യാനത്തിന് നല്ലതായിട്ടുള്ളത്?

ഉത്തരം: നിങ്ങൾക്ക് എളുപ്പത്തിൽ സാധിക്കുന്ന ഒരു രീതിയിലിരിക്കുക. അത് മനസ്സിന് ശാന്തതയും ഒരു ലാഘവവും കൈവരുത്തും. നിങ്ങൾക്ക് ദീർഘനേരം ധ്യാനിച്ച് ശീലമില്ലെങ്കിൽ ധ്യാനത്തിലിരിക്കുമ്പോൾ ഈശ്വരരൂപങ്ങളിലെ ഒരു ശരീരഭാഗം മനസ്സിലോർക്കുക. ജപിച്ചുകൊണ്ട് തുടങ്ങിക്കോളൂ. ഈശ്വരനാമജപം തന്നെ. ഈശ്വരനെ ഓർക്കുക-അത് ഏതു വിധേനെയെങ്കിലും.

ചോദ്യം: നാം ഈശ്വരനെ ഒരു രൂപത്തിൽ ധ്യാനിച്ചു തുടങ്ങുകയും തുടരുകയും ചെയ്യാമോ?

ഉത്തരം: ഈശ്വരനെ ഓർക്കുമ്പോൾ ഒരു രൂപമുണ്ടായിരിക്കുന്നത് തുടക്കത്തിൽ നന്ന്. ഒരു വഴിയാത്രക്കാരന് എപ്രകാരമാണോ ഒരു വഴിയമ്പലം അഭയസ്ഥാനമാകുന്നത് അതുപോലെ ഈശ്വരമാർഗ്ഗത്തിൽ ചിന്തിക്കുന്നവന് അത് അഭയസ്ഥാനമാകുന്നു. പുഷ്പങ്ങൾ, പഴങ്ങൾ

എന്നിവ സമർപ്പിക്കുന്നതോടൊപ്പം ഈശ്വരമഹിമയും വാഴ്ത്തുക. നിങ്ങളെ പൂർണ്ണമായും ഈശ്വരനിലർപ്പിക്കുക. നാം എപ്പോഴും ഈശ്വരന് ചുറ്റും പലവിധ കാര്യങ്ങളിലായി തിരക്കുള്ളവരാകുക. നിരന്തരം അന്വേഷണത്തിലേർപ്പെടുക: ഞാൻ ആരാണ്? എന്തുകൊണ്ടാണ് നാം ഇവിടെ വന്നത്? ആരാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചത്? എന്നിങ്ങനെ. ഈ വഴിയിലൂടെ മുന്നോട്ടു നടന്നാൽ നിങ്ങൾക്ക് ഉള്ളിലുള്ളത്ര പുരുഷന്റെ കാഴ്ചപ്പാടിനെക്കുറിച്ചുള്ള അറിവ് കിട്ടും. അതിനുശേഷം നിങ്ങൾ ഈശ്വരനെക്കുറിച്ചറിയുന്നു. അതാണ് സാധനയുടെ അവസാനത്തെ ഘട്ടവും.

നിഴൽ നിങ്ങളുടെ എത്ര അടുത്താണോ അതിലും ചേർന്ന് ഈശ്വരനെ ഓർക്കുക. അനേകമർത്ഥങ്ങൾ പലഘട്ടങ്ങളിലായി: ധ്യാനം, ധാരണ എന്നിവയിലൂടെ ഈശ്വരനെ ഓർക്കുക. ഇത് നിങ്ങളുടെ സമാധി എന്ന അവസാനഘട്ടത്തെ എളുപ്പമുള്ളതാക്കും. ഇങ്ങിനെ പരിചയിച്ചുകഴിഞ്ഞാൽ നിങ്ങളുടെ പുറം പ്രവൃത്തികൾ അത് കുറയ്ക്കുകയും നിയന്ത്രണ വിധേയമാക്കുകയും ചെയ്യും. എന്താണ് ആവശ്യമുള്ളത് അത് മാത്രം നിങ്ങൾ ചെയ്യും. സ്വയം അന്വേഷിക്കുന്നതിനും ഈശ്വരനെ ഓർക്കുന്നതിനും നിങ്ങൾക്ക് ധാരാളം സമയം ലഭിക്കും. ഒരു ദിവസം ഈശ്വരൻ ഒരു മിന്നൽ വെളിച്ചംപോലെ നിങ്ങളുടെ മനസ്സിൽ വരും-ധ്രുവനിൽ പ്രകാശിച്ചപേലെ. നിങ്ങൾ ഈശ്വരനെ കണ്ടുകഴിഞ്ഞാൽ പിന്നെ ആനന്ദത്തിന് ഒരു അതിരുമുണ്ടാകുകയുമില്ല. അജ്ഞാനവും, പ്രശ്നങ്ങളും, വേദനകളും എന്നെന്നേക്കുമായി പോയിമറയും. അതിനുശേഷം നിങ്ങൾ ഒരു നല്ല മനുഷ്യനാകും. ആരാണോ ഈശ്വരനെ കാണുന്നത് ആ വ്യക്തി ഈശ്വരൻ തന്നെയാകുന്നു.

ചോദ്യം: നാം ഈശ്വരനെ പൂർണ്ണഭക്തിയോടെ ഓർക്കുന്നു. ചിലപ്പോൾ നമ്മുടെ കണ്ണുകളിൽനിന്നും വെള്ളം വീഴാൻ തുടങ്ങുന്നു. ഇത് ഒരു ശരിയായ ലക്ഷണമാണോ?

ഉത്തരം: തുടക്കത്തിൽ ഒരു സത്യാന്വേഷകന് ഇത്തരത്തിൽ വികാരമുണ്ടാകുക സാധാരണമാണ്. അത് ഈശ്വരവിശ്വാസത്തിന്റെ ഒരു തരം അടിത്തറ തന്നെയാകുന്നു.നിങ്ങൾ ഈശ്വരവിചാരത്തിൽ കൂടുതൽ ആഴത്തിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ നിങ്ങൾ തീർച്ചയായും ഈ ശീലം നിർത്തണം. കണ്ണീർ നിങ്ങളുടെ ദൗർബല്യത്തിന്റെ സൂചനകൂടിയാണ്. 'ഓം' എന്ന് ഓരോ ശ്വാസത്തിലും ഉച്ചരിക്കുക. ആവശ്യമില്ലാത്ത വസ്തുക്കളും വിഷയങ്ങളും ഒഴിവാക്കുക.

ചോദ്യം: ബാബ! ബുദ്ധിയും വിശ്വാസവും കൊണ്ട് എന്താണ് നമുക്ക് നേടാനാവുക?

ഉത്തരം: ബുദ്ധിശക്തികൊണ്ട് നമുക്ക് ലോകത്തെ ജയിക്കാനാകും. അതുവഴി ലൗകിക സുഖങ്ങളും, സമ്പത്തും, ഐശ്വര്യവും വന്നു ചേരും. വിശ്വാസം കൊണ്ട് നമുക്ക് അനശ്വരമായ വസ്തുതയെ അഥവാ ഈശ്വരനെ ദർശിക്കാനാവുന്നു. നിങ്ങളുടെ നിത്യകർമ്മങ്ങളനുഷ്ഠിക്കുക. അത് കൃത്യതയോടെ ചെയ്തുതീർക്കുക. അത് സദാ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അങ്ങിനെയായാൽ നിങ്ങൾ സകലകാര്യങ്ങളിലും കൃത്യനിഷ്ഠയുള്ളവരായിത്തീരും.

ഈശ്വരനെ കാണാതെ, ഒരാളും അല്ലെങ്കിൽ ഒരു വസ്തുതയും നിങ്ങൾക്ക് അനുകൂലമാകുന്നില്ല എന്നതാണ് സത്യം. ധ്യാനത്തിൽ നിങ്ങൾ അഗാധമായി പോവുകയാണെങ്കിൽ നിങ്ങൾക്ക് ഒരു അനുഭവം വന്നുചേരും-അത് ഈശ്വരനും നിങ്ങളും ഒന്നാണ് എന്നതാകുന്നു. വിവരണങ്ങളിലൂടെ ഈശ്വരനെന്താണെന്ന് പറയുക സാദ്ധ്യമല്ല. പക്ഷെ അത് അനുഭവിയ്ക്കാവുന്നതാണ്. വസ്തുതകളും വിഷയങ്ങളും പിന്തുടരുക-അവ ഈശ്വരവിചാരത്തിന് ആവശ്യമാണെങ്കിൽ, ഈശ്വരചിന്തയ്ക്ക് ആവശ്യമില്ലാത്തവ പൂർണ്ണമായും ഒഴിവാക്കുക. മനസ്സുകൊണ്ട് ഈശ്വര ശക്തിയെന്തെന്ന് അറിയുക സാദ്ധ്യമല്ല. നിങ്ങൾ ഈശ്വരനെ കണ്ടുകഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് സകല ശക്തികളെയുംകുറിച്ച് അറിയാനാകും.

ചോദ്യം: ഈശ്വരനെക്കുറിച്ചുള്ള വായനാനുഭവം മാത്രം മതിയോ നമുക്ക്?*

ഉത്തരം: ഈശ്വരനെക്കുറിച്ചുള്ള വിവരണങ്ങളും ആ അനുഭവവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒരാൾ ലണ്ടൻ നഗരത്തെപ്പറ്റി കേട്ടു പഠിക്കുന്നുവെന്നിരിക്കട്ടെ. ചിലതൊക്കെ അയാൾക്കറിയാനാകും. വായിച്ചതിനും കേട്ടതിനുമുപരി നാം ലണ്ടൻ നഗരത്തിലെത്തിയാൽ നമുക്ക് ആ നഗരമെന്തെന്ന് ശരിയായി അറിയാനാകും. അതുപോലെ വേദങ്ങളും ശാസ്ത്രങ്ങളും ഈശ്വരനെക്കുറിച്ച് പറയുന്നു. അതു പോരാ. നാം ഈശ്വരനെ സാക്ഷാത്ക്കരിക്കണം. നമ്മുടെ സ്വന്തം പരിശ്രമം കൊണ്ട് നമുക്കതിന് സാധിക്കണം. അതിന് ഈശ്വരസാക്ഷാത്ക്കാരം നേടിയ ഒരു ആത്മാവിന്റെ ശിക്ഷണം നമുക്കാവശ്യമാണ്.

* *പല ചോദ്യങ്ങളും പല കാലത്തായി പലരും ചോദിച്ചതാകുന്നു. അതിനാൽ ചോദ്യങ്ങളുടെ ചില ആശയങ്ങൾക്ക് സാമ്യമുണ്ടാകും. എങ്കിലും വിട്ടുകളയേണ്ട എന്നുകരുതി ചേർക്കുന്നു.*

ചോദ്യം: ബാബ! അങ്ങ് ഇപ്പോഴും ഈശ്വര ദർശനം ഓർക്കുന്നുണ്ടോ?

ഉത്തരം: ഉവ്വ്. നിങ്ങൾ എത്രയോ കാതം സഞ്ചരിച്ച് ഇന്ന് ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. എന്നിട്ടും നിങ്ങളുടെ വീടിനെ നിങ്ങൾ നന്നായോർക്കുന്നു. അതിന്റെ ചുമരുകൾ, മുറികൾ, ചുമരിലെ വർണ്ണങ്ങൾ തുടങ്ങി പലതും. എനിയ്ക്ക് അവയുടെ വിവരണം നന്നായോർക്കാൻ സാധിക്കുന്നുണ്ട്. നിങ്ങൾ നിങ്ങളുടെ വീടിനെ എത്ര വർണ്ണിച്ചാലും ഞാൻ അതു കാണുന്നില്ല. അങ്ങിനെയല്ലേ? നിങ്ങൾ അമേരിക്കയിൽ ചെന്നാലും നിങ്ങളുടെ വീടിനെ ഓർക്കുന്നു. അതുപോലെ ഞാൻ ഈശ്വരദർശനത്തെ ഓർക്കുന്നു. അത് എങ്ങിനെയെന്ന് വിവരിക്കുക സാദ്ധ്യമല്ല. നിങ്ങൾതന്നെ അത് കാണാൻ ശ്രമിക്കുക.

ഒരു രൂപ നഷ്ടപ്പെട്ടാൽ നിങ്ങൾ അത് തുടർച്ചയായി ഓർക്കാൻ ശ്രമിക്കും. രൂപ ഉണ്ടാവാൻ സാധ്യതയുള്ള സകല സ്ഥലത്തും നിങ്ങൾ തിരയും. ആ രൂപ കണ്ടെത്തുന്നതുവരെ നിങ്ങൾ നിരാശയുള്ളവനായിരിക്കും. അതുപോലെ ഈശ്വരനും സദാ നിങ്ങളോടൊപ്പമുണ്ടെങ്കിലും അജ്ഞതയാൽ അത് നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. രൂപ തിരയുമ്പോലെ ഈശ്വരനെയും തിരയുക, കിട്ടും.

ഒരിക്കൽ ജനക മഹാരാജാവ് ശുകദേവനുമൊന്നിച്ച് ധർമ്മകാര്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. അപ്പോൾ കൊട്ടാരത്തിന് തീപ്പിടിച്ചു. ശുകദേവൻ ഉടൻ അക്ഷമനായി. അദ്ദേഹം ദണ്ഡും വെള്ളപ്പാത്രവുമായി ഇറങ്ങി. ജനകൻ പേടികൂടാതെ അവിടെ നിന്നു. രാജാവ് ശുകദേവനോട് പറഞ്ഞു: 'നോക്കൂ! അങ്ങ് ഇപ്പോഴും സ്വാർത്ഥതയുടെ പിടിയിലാണ്-സ്വാർത്ഥത ഈശ്വരസാക്ഷാത്ക്കാരത്തിന് തടസ്സമാണ്. ഇത്തരത്തിലുള്ള സ്നേഹം മനസ്സിൽനിന്ന് പോയാലേ ഈശ്വരസാക്ഷാത്ക്കാരം സാദ്ധ്യമാകൂ. ലൗകിക ജീവിതത്തോടുള്ള അഭിവാഞ്ഛ, ഈശ്വരനിലുള്ള വിശ്വാസത്തെ ഇല്ലാതാക്കും.'

ചോദ്യം: നാം നമ്മുടെ ശരീരത്തെ ശ്രദ്ധിച്ച് ഈശ്വരസാക്ഷാത്ക്കാരത്തിനായി ശ്രമിച്ചു കൂടെ? അത് നമ്മുടെ സ്വാർത്ഥതയാണോ?

ഉത്തരം: അതെ. അത് അങ്ങിനെത്തന്നെയാണ്. നിങ്ങളുടെ കർമ്മങ്ങൾ അനുഷ്ഠിച്ചു തുടരുക. ഈശ്വരനിൽ പൂർണ്ണമായി അർപ്പിക്കുക.*

---

* *കാഠ്മണ്ഡുവിന് തെക്കായി ഗോദാവരി എന്നൊരു സ്ഥലമുണ്ട്. ബാബ അവിടെ താമസിക്കുമ്പോൾ താഴ്വരയിൽ ശക്തമായൊരു ഭൂകമ്പമുണ്ടാവുകയും ആയിരക്കണക്കിനാളുകൾ മരിക്കുകയും ചെയ്തു.*

ഭൂകമ്പ സമയത്ത് രണ്ട് കൃഷിക്കാർ ആശ്രമ പരിസരത്ത് തടമെടുക്കുകയാ

ചോദ്യം: നാം കേൾക്കുന്നുണ്ട് പല ഗ്രഹങ്ങളും ഒരേ നിരയിൽ വന്നാൽ ഭൂമിയിൽ ഭൂകമ്പം പോലുള്ള ദുരന്തങ്ങളും വന്നുചേരുമെന്ന്. നാം അതിൽ പേടിയുള്ളവരാണ്. എന്താണിത്?

ഉത്തരം: ചാന്ദ്രമാസത്തിലെ കറുത്തപക്ഷത്തിൽ അല്ലെങ്കിൽ ഒരു വെളുത്ത വാവിൻനാൾ; കൊടുങ്കാറ്റും കൊണ്ടുവരുന്ന ഒരാളെ നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടോ? നമ്മുടെ പരിധിയ്ക്കപ്പുറത്തുള്ള പ്രകൃതി ദുരന്തങ്ങളെ കരുതിയിരിക്കുക. ഓരോരുത്തരും ഈശ്വരവിചാരത്തിലേർപ്പെടുകയും കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുക. നിങ്ങൾ വളരെ ശ്രദ്ധിയ്ക്കണം. നാം ഈശ്വരവിചാരത്തിലേർപ്പെടാതിരുന്നാൽ നമ്മുടെ ജന്മം ശപിക്കപ്പെട്ടതാണെന്നും നാം ബുദ്ധിമുട്ടിൽ വീണുകഴിഞ്ഞുവെന്നും നമുക്കു തോന്നാം. ഈശ്വരവിചാരത്തിൽ ഏർപ്പെടാതെ ഈ ബുദ്ധിമുട്ടുകളിൽനിന്നു കരകയറാൻ നമുക്ക് സാദ്ധ്യമല്ല. നാം ജന്മമെടുത്തതിനെക്കുറിച്ച് നരകത്തിലേക്ക് വീണുകഴിഞ്ഞുവെന്ന് ചിന്തിക്കുക. ഈശ്വരനില്ലാതെ ജീവിതം അസഹനീയമാണ്. ശ്രീ അരവിന്ദൻ ഈശ്വരനോട് പ്രാർത്ഥിച്ചു: 'ഭഗവാനേ! അങ്ങ് ഒരു അറവുകാരനെപ്പോലെയാണ്. ഞാനൊരു ആട്ടിൻകുട്ടിയും! അങ്ങ് എന്തുതന്നെ മനോവ്യാധികൾ തന്നാലും ഞാൻ സഹിക്കും. ഞാൻ മരിക്കാൻ തയ്യാറാണ്. പക്ഷെ എനിക്ക് അങ്ങയുടെ ദർശനം സാധിക്കണം!'

ചോദ്യം: ഈ പ്രപഞ്ചം ബ്രഹ്മാവ് സൃഷ്ടിച്ചതാണോ?

ഉത്തരം: ഈ പ്രപഞ്ചം ബ്രഹ്മസൃഷ്ടിയാണെന്ന് കരുതുന്നതിനുപകരം ഇത് ബ്രഹ്മശക്തിമൂലമാണെന്ന് കരുതുക.

നിങ്ങൾ കുട്ടികളെ ശിക്ഷിക്കുമ്പോൾ അവർ നിങ്ങളെ വിട്ടുപിരിഞ്ഞുപോവുന്നതിനുപകരം കരഞ്ഞ് നിങ്ങളുടെ കീഴിൽതന്നെ വരുന്നില്ലേ? അതുപോലെ നിങ്ങളും ഈശ്വരങ്കൽ സകല വേദനകളും മറന്ന് സമർപ്പിക്കുക.

യിരുന്നു. അവർ ഭൂകമ്പം ശ്രദ്ധിക്കാതെ പണിയെടുത്തുകൊണ്ടിരുന്നു. ആ രണ്ടു കൃഷിക്കാരെ ചൂണ്ടിക്കാണിച്ചുകൊണ്ട് മാധവനോട് ബാബ പറഞ്ഞു: നോക്കൂ! ആ രണ്ടു പണിക്കാർ അവരുടെ കർമ്മത്തിൽ മാത്രം ശ്രദ്ധിച്ചിരിക്കുന്നു. ആരാണോ ഈശ്വരദർശനത്തിന് ശ്രമിക്കുന്നത്; ആ വ്യക്തി ഈശ്വരനിൽ അർപ്പിക്കുകയും മനസ്സിനെ മറ്റു കാര്യങ്ങളിൽ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക. അതിന് ആ രണ്ടു കൃഷിക്കാരെ ശ്രദ്ധിച്ചാൽ മതിയാകും. ഭൂമി കുലുങ്ങുമ്പോഴും അവർ കർമ്മത്തിൽ വ്യാപൃതരാണ്.

നാമൊക്കെ വിവിധ പ്രശ്നങ്ങളും ആകാംക്ഷകളും പേടിയും ബാധിച്ച് ജീവിക്കുകയാണ്. ഒരു മഹർഷിയുടെയോ ചെറിയ കുട്ടിയുടെയോ കൂടെ ജീവിക്കുമ്പോൾ സമാധാനമായി സമയം കഴിയ്ക്കാൻ നമുക്ക് സാധിക്കുന്നു. ഈശ്വരൻ നിങ്ങളുടെ ആത്മാർത്ഥമായ സ്നേഹമാണ് കാംക്ഷിക്കുന്നത്. അതിനാൽ ലൗകികകാര്യങ്ങളിൽ അധികം നട്ടം തിരിയാതെ ഈശ്വരനെ അറിയുക.

ചോദ്യം: നിത്യ കർമ്മങ്ങളെ നാം പുനഃപരിശോധിക്കേണ്ടതുണ്ടോ?

ഉത്തരം: ഉണ്ട്. ഉറങ്ങുന്നതിനു മുമ്പ് അല്പനേരം നിങ്ങൾ അന്നത്തെ പ്രവൃത്തികളെ പുനഃപരിശോധിക്കുക. ഇന്നത്തെ വീഴ്ചകളും പരാജയങ്ങളും തിരുത്തി നാളെ കൂടുതൽ ഉന്മേഷത്തോടെ മുന്നേറുക. പിറ്റേന്നുരാവിലെ കിടക്കയിൽനിന്ന് എഴുന്നേറ്റുവരുമ്പോൾ ഈശ്വര ചിന്തക്കായി കൂടുതൽ സമയം നീക്കിവെച്ചിരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

കഴിഞ്ഞ ദിവസത്തെ പ്രവൃത്തികളിൽനിന്ന് കിട്ടിയ അനുഭവം ശരിയാക്കി നാളെയ്ക്കായി തയ്യാറെടുക്കുക.

ചോദ്യം: എന്താണ് പ്രാർത്ഥന? പ്രാർത്ഥിച്ചു കഴിയുമ്പോൾ എന്താണ് സംഭവിക്കുന്നത്?

ഉത്തരം: പ്രാർത്ഥന എന്നത് ഈശ്വരനും നിങ്ങളും തമ്മിൽ വിശ്വാസമുണ്ടാക്കാനുള്ള ഒരു മാധ്യമമാകുന്നു. പ്രാർത്ഥന ഭക്ഷണം പോലെയാണ്. ആരാണോ ഈശ്വരസാക്ഷാത്ക്കാരത്തിന് ശ്രമിക്കുന്നത്, ആ വ്യക്തി ഈശ്വരപ്രാർത്ഥന അനുഷ്ഠിക്കണം. ഈശ്വരനാമം ചൊല്ലുമ്പോഴും മഹിമ വാഴ്ത്തുമ്പോഴും ഈശ്വരവിശ്വാസം നിങ്ങളിൽ വർദ്ധിക്കുന്നു. ഓർക്കുക, ഈശ്വരൻ നമ്മുടെ അത്യാവശ്യ പ്രാർത്ഥനകളെ മാത്രമേ സ്വീകരിക്കുകയുള്ളൂ.

ഒരു മരക്കുറ്റി നീക്കി മറ്റൊരിടത്തെത്തിക്കണമെങ്കിൽ അത് ആദ്യം മണ്ണിൽനിന്നടർത്തിയെടുക്കണം. മണ്ണ് ഉറച്ചതാണെങ്കിൽ അത് പ്രയാസമാണ്. മണ്ണ് നനച്ചുകൊടുത്താൽ അത് കുറച്ചുകൂടി എളുപ്പമാകും. നാം കുറ്റി പറിച്ചെടുക്കാൻ മുഴുവൻ ശക്തിയും പ്രയോഗിക്കണം.

അതുപോലെയാണ് പ്രാർത്ഥനയും. അതുമാത്രം പോരാ. പ്രാർത്ഥന ഉറച്ച മണ്ണിലേക്ക് വെള്ളമൊഴിക്കുന്നതുപോലെയാകുന്നു. ഈശ്വരന്റെ ഇച്ഛപോലെ കർമ്മമനുഷ്ഠിക്കുക. പ്രാർത്ഥന നമ്മുടെ മനസ്സിലെ ആസുര ശക്തികളെ ഇല്ലാതാക്കും. അതിനാൽ നാം

പ്രാർത്ഥനയുമായി മുന്നോട്ടു പോകുമ്പോൾ മനസ്സിലെ ആസുരശക്തികൾ ഇല്ലാതാകുന്നു.

പരിശ്രമിച്ചാൽ നിങ്ങൾക്ക് ഈശ്വരസാക്ഷാത്ക്കാരമടക്കം എന്തും നേടാനാവും. ഒരു കണക്കിന്, ഈ ലോകം എന്നത് നശ്വരവും ഈശ്വരൻ എന്ന സത്യം അനശ്വരവുമാകുന്നു. ഈശ്വരദർശനം കിട്ടിക്കഴിഞ്ഞാൽ പിന്നെ ബാക്കിയൊന്നുമില്ലാതാകും. അതിനാൽ കർമ്മങ്ങളിൽ വ്യാപൃതരാവുക-ഈശ്വരസാക്ഷാത്ക്കാരത്തിനായി പരിശ്രമിക്കുക.

നാം ജനിച്ചതുതന്നെ ഈശ്വരനെ ദർശിക്കുന്നതിനു വേണ്ടിയാകുന്നു. താരതമ്യേന എല്ലാവരും ചെയ്യുന്നതും ശരിതന്നെയാണ്. യഥാർത്ഥത്തിൽ പറഞ്ഞാൽ പലപ്രവൃത്തികളും ശരിയല്ല. പക്ഷെ സൂക്ഷ്മമായി നോക്കിയാൽ പല തെറ്റുകളും കാണാൻ സാധിക്കും. നമുക്ക് എളുപ്പത്തിൽ സത്യത്തെക്കുറിച്ച് പറയാൻ സാധിക്കുമെങ്കിലും ആസുരവൃത്തികളെക്കുറിച്ച് പറയുക എളുപ്പമല്ല. ഇത് ഒന്നുകൂടി വിശദമാക്കാം: മറ്റുള്ളവർ നിങ്ങളിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുവെന്നിരിക്കട്ടെ നിങ്ങൾ അവ സ്വീകരിക്കുന്നത് വിഷമത്തോടെ ആയിരിക്കും. എന്നാൽ മറ്റുള്ളവർ നിങ്ങളുടെ തെറ്റുകളെയും പ്രശംസിച്ചുവെന്നിരിക്കട്ടെ-നിങ്ങൾ സന്തോഷവാനാകുന്നു. ഇതാണ് നിങ്ങളുടെ തീരുമാനം.

ഒരു കണക്കിൽ പറഞ്ഞാൽ ഈ ലോകത്തിന് മാറ്റം വന്നുകൊണ്ടിരിക്കുന്നു എന്നതാണ് ശരി. എന്നാൽ അപ്പോഴും ചില വസ്തുതകൾ മാറാതെയിരിക്കുന്നു. അന്നും സൂര്യൻ കിഴക്കുദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യും. അതുപോലെ ജനനവും മരണവും, കരച്ചിലും ചിരിയും, സന്തോഷവും ദുഃഖവും മാറ്റമില്ലാതെ തുടരുന്നു.

ചോദ്യം: നാം നമ്മുടെ സംവേദനേന്ദ്രിയങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ ബുദ്ധിമുട്ടുന്നു. അതുപോലെ ലൗകിക സന്തോഷങ്ങൾക്കും അല്ലേ?

ഉത്തരം: നോക്കൂ! ലോകം ഒരു മിഥ്യയാകുന്നു. ബ്രഹ്മം മാത്രമാണ് സത്യം. നിങ്ങളുടെ പ്രവൃത്തികളിൽ നിങ്ങൾ മുഴുകുകയും ഈശ്വരനെപ്പറ്റി ചിന്തിക്കുകയും ചെയ്യുക, ഇത് ഇന്ദ്രിയങ്ങളുടെ മേൽ വിജയം വരിയ്ക്കാൻ നിങ്ങളെ സഹായിക്കും. ലൗകിക സുഖങ്ങളിലെ ആകാംക്ഷ കുറയ്ക്കും. ആദി ശങ്കരാചാര്യർ പറഞ്ഞു: 'ബ്രഹ്മസത്യം! ജഗന്മിഥ്യ!' അദ്ദേഹം ഒരിക്കലും ജനങ്ങളോട് പ്രവൃത്തികളെ ഉപേ

ക്ഷിക്കാൻ ആവശ്യപ്പെട്ടില്ല. ഈശ്വരചിന്തനത്തിൽ നിന്നുമാറി നിൽക്കാനാവശ്യപ്പെട്ടില്ല. നമുക്ക് നമ്മുടേതായ കർമ്മമുണ്ട്. അതിൽ പ്രവർത്തിക്കാതെ വെറും അപ്രായോഗിക അറിവുകൾകൊണ്ട് ഒരു പ്രയോജനവുമില്ല.

ചോദ്യം: എന്താണ് നമ്മുടെ ശക്തനായ ശത്രു?

ഉത്തരം: നിങ്ങളുടെ അഹങ്കാരമാണ് മുഖ്യശത്രു. അത് നിങ്ങളിലുറങ്ങിക്കിടക്കുന്നു. ഈശ്വരസാക്ഷാത്ക്കാരം നേടിയ ശേഷവും നിങ്ങളിലതുണ്ടാവാം. കാരണം കൃഷ്ണൻ, ഗീതയിൽ പറയുമ്പോലെ ഈശ്വരന്റെ മായയെ നിങ്ങൾക്ക് ഭേദിയ്ക്കാനാവില്ല.

ചോദ്യം: എങ്ങിനെയാണ് ഈശ്വരവിചാരം നമ്മുടെ മനസ്സിൽ രൂഢമൂലമാകുക?

ഉത്തരം: നിങ്ങൾക്ക് ഈശ്വരനെ കാണുന്നതിനായുള്ള ഒരു പൂർണ്ണ മാനസിക തയ്യാറെടുപ്പുണ്ടാവണം. എല്ലാം ഈശ്വരനിൽ പൂർണ്ണമായും സമർപ്പിക്കുക. ജീവിതത്തിനോടുള്ള വിരക്തി കുറെ കൂട്ടിക്കൊണ്ടു വരിക. ജീവിതം കൂടുതൽ സുഖകരമാക്കണമെന്ന് നിങ്ങൾ കരുതുമ്പോൾ അത് കൂടുതൽ ബുദ്ധിമുട്ടുകൾ നിറഞ്ഞതാകുന്നു. ഈശ്വരനിൽ കൂടുതൽ വിശ്വാസമർപ്പിക്കുമ്പോൾ ജീവിതം കൂടുതൽ ലളിതമാകുന്നു. ഉപനിഷത്തിൽ ഋഷിയായ യാജ്ഞവല്ക്യനും അദ്ദേഹത്തിന്റെ രണ്ടു പത്നിമാരും തമ്മിലുള്ള സംഭാഷണം ശ്രദ്ധിയ്ക്കുക. യാജ്ഞവല്ക്യൻ തന്റെ സമ്പത്തുമുഴുവൻ രണ്ടു പത്നിമാർക്കുമായി ദാനം ചെയ്ത് കാട്ടിലേക്ക് പുറപ്പെടാൻ തയ്യാറെടുത്തു. കൂട്ടത്തിൽ ചെറുപ്പക്കാരിയായ ഭാര്യ പറഞ്ഞു: 'ഈ സമ്പത്ത് എന്നെ ഈശ്വരങ്കലേക്ക് കൂടുതലടുപ്പിക്കുമോ? സമ്പത്തുകൊണ്ട് ലൗകിക സുഖങ്ങൾ നേടാനേ സാധിക്കുകയുള്ളൂ. അതിനാൽ ഞാൻ അങ്ങയെ കാട്ടിലേക്ക് അനുഗമിക്കുന്നു!'

ഗീത നമ്മെ കർമ്മത്തെക്കുറിച്ചറിയാനും അത് നടപ്പിലാക്കാനും പഠിപ്പിക്കുന്നു. അത്യാവശ്യ കർമ്മങ്ങൾ മാത്രമനുഷ്ഠിക്കുക. അല്ലെങ്കിൽ നിങ്ങൾ അപകടത്തിൽ വീഴാം! അലക്കുകാരന്റെയും കഴുതയുടെയും നായയുടെയും കഥ കേട്ടിട്ടില്ലേ?*

---

* *തുടർന്ന് ബാബ അലക്കുകാരന്റെ കഥ പറയുന്നു. ഒരിടത്ത് ഒരലക്കുകാരനുണ്ടായിരുന്നു. അയാൾക്ക് വളർത്തു മൃഗങ്ങളായി ഒരു കഴുതയും നായയും കൂടെയുണ്ടായിരുന്നു. ഒരുദിവസം എന്തോ കാര്യത്തിന് ദേഷ്യംവന്ന അലക്കുകാരൻ നായയെ അടിച്ചു. നായക്കു വല്ലാതെ ദേഷ്യം വന്നു. അന്നു*

ചോദ്യം: കൻഷൻ ചെയ്തതുപോലെ നാം ഈശ്വരനെ ഭജിയ്ക്കട്ടേ?

ഉത്തരം: നിങ്ങൾക്ക് ഈശ്വരനെ ഇഷ്ടമുള്ളതുപോലെ ഭജിക്കാം. കൻഷൻ സ്മരിച്ചതുപോലെയാണെങ്കിൽ വളരെ സമയമെടുക്കും.

ചോദ്യം: അങ്ങിനെയെങ്കിൽ നാം കൻഷനെപ്പോലെ ഈശ്വരദർശനത്തിനായി പൂർണ്ണമാകേണ്ടതില്ലേ?

ഉത്തരം: നിങ്ങളുടെ ചിന്തനത്തിൽ എന്താണ് ഈശ്വരൻ? എങ്ങിനെയാണ് ഈശ്വരൻ? എന്താണ് സത്യം? ഈ ചോദ്യങ്ങളെപ്പോഴും ഉണ്ടായിരിക്കണം. ഇങ്ങനെ ഒരു മുഹൂർത്തം അഥവാ നാല്പ്പത്തിയെട്ട് മിനുട്ട് നിങ്ങൾ പൂർണ്ണമായി ചിന്തിയ്ക്കുമ്പോൾ ഈശ്വരൻ നിങ്ങളുടെ മുമ്പിൽ വരുന്നു. ഈശ്വരദർശനം കിട്ടിയാൽ പിന്നെ നിങ്ങളുടെ സകല പ്രശ്നങ്ങളും അവസാനിക്കും. അതിന് മുമ്പ് ആരും പൂർണ്ണനല്ല. സകലരും അജ്ഞന്മാരാകുന്നു. ഭഗവാൻ ബുദ്ധൻപോലും സ്വന്തം മനസ്സിനകത്തേക്ക് ഒരു പ്രകാശദീപം കൊളുത്താനാണ് ആവശ്യപ്പെട്ടത്. ഒരുകാര്യം മനസ്സിലാക്കുക. നാം എപ്പോൾ വേണമെങ്കിലും മരിയ്ക്കും. അതിനാൽ ഈശ്വരനെ ഓർക്കുക. ഈ ചിന്ത എപ്പോഴും നിങ്ങളുടെ മനസ്സിലുണ്ടായിരിക്കണം. തണുപ്പ്, ചൂട്. വെറുപ്പ്, സ്നേഹം ഇവയെക്കുറിച്ചുള്ള ചിന്തകൾ മാത്രം മനസ്സിൽ സൂക്ഷിക്കുന്നതു നന്നല്ല.

ചോദ്യം: മനുഷ്യനിലുപരിയായി മാലാഖമാരും മറ്റും ഈ പ്രപഞ്ചത്തിലുണ്ടെന്ന് പറയുന്നുണ്ടല്ലോ? അവരെ നമുക്ക് കാണാൻ പറ്റുമോ?

ഉത്തരം: ഉവ്വ്! അങ്ങിനെയുള്ള ശക്തികളുമുണ്ട്! അവ ശരീരമുള്ളവയിൽനിന്ന് വ്യത്യസ്തരാണ്. ഒരു മനുഷ്യന് ആഗ്രഹിച്ചാൽ ഇവരോട് ആശയവിനിമയം ചെയ്യാൻ സാധിക്കും. എന്നാൽ ഇത്തരം വിഷയങ്ങളിൽ ശ്രദ്ധിക്കാതെ നാം ഈശ്വരചിന്തനത്തിൽ മുഴുകുക. നചി

രാത്രി ആ വീട്ടിൽ ഒരു കള്ളൻ കടന്നു. കഴുത കള്ളനെ കണ്ടു. അത് നായയോട് പറഞ്ഞു: 'ഉറക്കെ കുരച്ച് വീട്ടുടമസ്ഥനെ ഉണർത്തൂ...'

നായ അതൊട്ടും ശ്രദ്ധിച്ചില്ല. അവസാനം വിനീതനും യജമാനസ്നേഹമുള്ളവനുമായ കഴുത ഉറക്കെ നിലവിളിക്കാൻ തുടങ്ങി. ഞെട്ടിയുണർന്ന അലക്കുകാരൻ കാര്യമറിയാതെ കഴുതയെ അടിക്കാൻ തുടങ്ങി. കഴുത അടികൊണ്ടു ചത്തു. കള്ളൻ സൂത്രത്തിൽ രക്ഷപ്പെടുകയും ചെയ്തു.

രാത്രി അസമയത്ത് ഉറക്കെ നിലവിളിക്കുക കഴുതയുടെ പ്രവൃത്തിയായിരുന്നില്ല!

കേതസ്സ് പരമാത്മാദർശനത്തിൽ കാണിച്ച ആകാംക്ഷപോലെ ഇത്തരം വിഷയങ്ങളിൽ ശ്രദ്ധിക്കാതെ നിങ്ങളും പ്രയത്നിക്കുക.

ചോദ്യം: ഈശ്വരനെ ദർശിച്ചുകഴിഞ്ഞാൽ ഒരു മനുഷ്യന് എന്താണ് സംഭവിക്കുക?

ഉത്തരം: ഈശ്വരദർശനം നേടിയ ഒരു വ്യക്തി സർവ്വശക്തനും സകല അറിവുകൾ ഉൾക്കൊണ്ടവനുമായിരിക്കും. അറിയുന്നതിനായി ഇനി ഒന്നും അയാളിൽ ബാക്കിയുണ്ടാവില്ല.

ചോദ്യം: ഈശ്വരസാക്ഷാത്ക്കാരത്തിനായി സകലതും കുടുംബത്തി ലേൽപ്പിച്ച് കാട്ടിൽപോയി ധ്യാനിക്കട്ടെ?

ഉത്തരം: കാട്ടിൽപോയി ഏകാന്തമായി ഒരു ഗുഹയിലിരിക്കുക എന്ന തുകൊണ്ട് ലൗകിക ജീവിതത്തെ ഉപേക്ഷിക്കുക എന്നർത്ഥമാകു ന്നില്ല. നിങ്ങളുടെ മനസ്സ് അപ്പോഴും നിങ്ങളുടെ കൂടെയുണ്ട്. നിങ്ങ ളുടെ മനസ്സിൽ ഈശ്വരചിന്ത സൂക്ഷിക്കേണ്ടതുണ്ട്. മനസ്സ് ആസുര ചിന്തകൾക്ക് അടിമപ്പെട്ട് പൂർവ്വ സ്മൃതികളിലേക്ക് മടങ്ങുന്നു.

ഭഗവാൻ പറഞ്ഞു: ആരാണോ ശരിയായ ജീവിതം നയിക്കു ന്നത് ആ വ്യക്തി സ്വന്തം വീട്ടിൽവെച്ചുതന്നെ ഈശ്വരനെ സാക്ഷാ ത്ക്കരിക്കുന്നു. അവശ്യകർമ്മങ്ങളനുഷ്ഠിച്ച ശേഷം ഈശ്വരനെ സ്മരിച്ച് ജീവിക്കുന്നത് ലൗകിക ജീവിതത്തെ ഉപേക്ഷിച്ചതിന് തുല്യ മാകുന്നു. ഒട്ടും നിരാശരാകാതിരിക്കുക! ധൈര്യശാലിയും ജീവിതത്തെ നല്ലരീതിയിൽ സമീപിക്കുന്നവനുമാകുക. പീത്തചിന്തകൾ നിങ്ങളെ ഒരിക്കലും ഈശ്വരനിലടുപ്പിക്കുകയില്ല. അതിനാൽ അവ ഉപേക്ഷി ക്കുക. ഈശ്വരസാക്ഷാത്ക്കാരം എന്ന ലക്ഷ്യം ബുദ്ധിമുട്ടു നിറഞ്ഞ തെങ്കിലും അതിനുശേഷം നമുക്ക് സകല ലക്ഷ്യങ്ങളിൽനിന്നും ആകാംക്ഷകളിൽനിന്നും മോചനം ലഭിക്കും. ശരീരത്തിൽ ഒരു ശസ്ത്രക്രിയ വേണ്ടിവന്നാൽ അത് കഴിഞ്ഞ ഉടനെ വേദന തോന്നു മെങ്കിലും പിന്നീട് എല്ലാംമാറി സുഖമായാൽ നാം സന്തോഷഭരിത രാവുന്നു.

അഹങ്കാരത്തെ നശിപ്പിക്കുക. അത് ലൗകികജീവിതം ഉപേക്ഷി ക്കുന്നതിനു തുല്യമാണ്. പേരും യശസ്സും ഈശ്വരമാർഗ്ഗത്തിലുള്ള തടസ്സങ്ങളാകുന്നു. യോഗവാസിഷ്ഠം വായിക്കുക, ലോകമെന്നത് മന സ്സിന്റെ സൃഷ്ടി മാത്രമാണെന്ന് നമുക്ക് മനസ്സിലാക്കാം. ഇക്കാര്യം മനസ്സിലോർത്താൽ പിന്നീട് ഈ ലോകത്തിൽ ജീവിക്കുക എന്ന തിനും ഉപേക്ഷിക്കുക എന്നതിനും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നു മനസ്സിലാകും. ശ്രീരാമചന്ദ്രൻ വീടുപേക്ഷിച്ച് കാട്ടിലേക്ക് ഏകാ

ന്തവാസത്തിന് പുറപ്പെട്ടു. പക്ഷെ ഗുരുവായ വസിഷ്ഠൻ സകല സംശ യങ്ങളുമകറ്റി അദ്ദേഹത്തെ ഗൃഹത്തിൽതന്നെ നിർത്തി. (രാമായണം)

ഈശ്വരസാക്ഷാത്ക്കാരമെന്നത് മനുഷ്യ ജീവിതത്തിന്റെ പരമലക്ഷ്യമാകുന്നു. സകലദേവതകളും മനുഷ്യരൂപമെടുക്കാൻ താത്പര്യം കാണിച്ചവരാകുന്നു. ഈ ജീവിതത്തിൽ മാത്രമേ ഈശ്വരദർശനത്തിനുള്ള അവസരമുള്ളൂ. സകലതും ഈശ്വരസൃഷ്ടികളാകുന്നു. ഈശ്വരന്റെ ഇച്ഛപോലെയതല്ലാതെ ഒന്നും സാദ്ധ്യമല്ല. ഒരു വ്യക്തിയുടെ മനസ്സ് നന്മയിലും തിന്മയിലും വ്യവഹരിക്കുന്നതും ഈശ്വരേച്ഛകൊണ്ടാകുന്നു.

ചോദ്യം: സകല ജീവികളിലും ഈശ്വരനെ ദർശിക്കാനാവുമോ?

ഉത്തരം: ഉവ്വ്. നിങ്ങൾക്ക് ചിന്തിയ്ക്കാം. പക്ഷെ ചില വ്യത്യാസങ്ങളുണ്ട് എന്നറിയുക.

ഒരു ദിവസം ഒരു ഗുരുനാഥൻ തന്റെ കുട്ടികളോട് പറഞ്ഞു: 'പോയി സകല ജീവികളിലും മനുഷ്യരിലടക്കം ഈശ്വരസാന്നിധ്യമുണ്ടോ എന്നറിയുക'. എല്ലാവരും സന്തോഷത്തോടെ വീട്ടിലെത്തി. ഒരു ശിഷ്യൻ തന്റെ വഴിയിൽ മദിച്ചുവരുന്ന ഒരു ആനയെ കണ്ടു. അതിന്റെ പുറത്ത് കുടിയിരുപ്പായ പാപ്പാൻ ആളുകളോട് വഴിമാറി രക്ഷപ്പെട്ടുകൊള്ളാൻ അലറി വിളിക്കുന്നുണ്ടായിരുന്നു. കാൽനടക്കാരടക്കം സകലരും വഴിയിൽ നിന്നോടി രക്ഷപ്പെട്ടു.

എന്നാൽ ഗുരുവിന്റെ വചനമോർത്തുവരുന്ന ശിഷ്യൻ ഇതൊക്കെ ശ്രദ്ധിച്ചശേഷം മുന്നോട്ടുതന്നെ നടന്നു. അയാൾ ആനയിലുള്ള ഈശ്വരാംശത്തെക്കുറിച്ച് ആലോചിച്ചു. എന്തിനാണ് ഈശ്വരൻ നമ്മെ ശിക്ഷിക്കുന്നത്? യഥാർത്ഥത്തിൽ അയാൾ ഈശ്വരനെയും പാപ്പാന്റെ മനസ്സിനെയും മറക്കുകയാണ് ചെയ്തത്. അടുത്തെത്തിയ ആന അയാളെ വീശിയെറിഞ്ഞു. ഇതുപോലെ വിവേചനത്തെക്കുറിച്ചുള്ള ശരിയായ ബോധമില്ലാതെ വന്നാൽ നാം മാർഗ്ഗം നഷ്ടപ്പെട്ട് പ്രശ്നങ്ങളിലകപ്പെടും.

സകല ജീവികളിലും ഈശ്വരനെ ദർശിക്കുക എന്നത് നമ്മുടെ കർമ്മമാണെങ്കിലും, നിത്യജീവിതത്തിൽ വിവേചനം അനുഷ്ഠിച്ചില്ലെങ്കിൽ ബുദ്ധിമുട്ടിലെത്തിച്ചേരും. ഒരു ഗൃഹനാഥന് സദ്സന്താനങ്ങൾ ആവശ്യമാണെന്നതുപോലെ, ഒരു ഗുരുവിന് നല്ല ശിഷ്യരും ആവശ്യമാണ്. കൃഷ്ണനെയും അർജ്ജുനനെയും ഉദാഹരണമായെടുക്കുക

ചോദ്യം: ബാബ! ഞങ്ങൾ കുടുംബമുള്ളവരാണ്. ഞങ്ങൾക്ക് വളരെ പ്രശ്നങ്ങൾ തരണം ചെയ്യേണ്ടിയിരിക്കുന്നു. എന്താണ് ചെയ്യുക?

ഉത്തരം: നമ്മുടെ പ്രവൃത്തികളിൽ പൂർണ്ണ ശ്രദ്ധവാന്മാരായിരിക്കുക. അങ്ങിനെ വന്നാൽ ഈശ്വരൻ എപ്പോഴും നിങ്ങൾക്ക് കൂടുതൽ നല്ല അവസരങ്ങൾ നൽകിക്കൊണ്ടിരിക്കും.

ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു. അയാൾ ഈശ്വരനിലർപ്പിച്ച് തന്റെ പ്രവൃത്തികൾ ചെയ്തുപോന്നു. അയാൾക്ക് ഭാരിച്ച കുടുംബകാര്യങ്ങളുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ ഒരു കുട്ടിയെ പ്രസവിച്ചു. അന്നുതന്നെയായിരുന്നു അയാൾ തന്റെ വയലിൽ വിത്തുകൾ വിതച്ചതും.

ഒരു ദിവസം ഒരു മഹർഷി അയാളുടെ വീട്ടിലെത്തി ഭിക്ഷ ചോദിച്ചു. കൃഷിക്കാരൻ കുറച്ചുധാന്യം തരാമെന്ന് പറഞ്ഞ് വയലിൽ ചെന്ന് അല്പം കതിർ അരിഞ്ഞുകൊണ്ടുവന്നു. പിറ്റേദിവസം വയലിലെത്തിയ കർഷകൻ താനരിഞ്ഞെടുത്ത നാമ്പുകൾ മുളച്ചതിൽ മുത്തുകൾ വിളഞ്ഞിരിക്കുന്നത് കണ്ടു. അങ്ങിനെ അയാൾ തന്റെ പ്രാരാബ്ധങ്ങളിൽ നിന്നും മുക്തനായി. സദ്വൃത്തിമാനായ ആ വ്യക്തിയെ ഈശ്വരൻ കടാക്ഷിച്ചു.

ചോദ്യം: എന്താണ് അഹങ്കാരവും ആത്മാവും?

ഉത്തരം: ശരിയായി പറഞ്ഞാൽ 'ഞാൻ' ആണ് ആത്മാവ്. നിങ്ങൾ നിങ്ങളെത്തന്നെ 'ഞാൻ' എന്നു വിളിക്കുമ്പോൾ, ആത്മാവിനെ ആവിഷ്ക്കരിക്കാതെ അത് അഹങ്കാരമാകുന്നു. നിങ്ങൾക്ക് പ്രായോഗിക പരിചയമില്ലാതെ ഒരു വസ്തുവിനെക്കുറിച്ചും വിഷയത്തെക്കുറിച്ചും പൂർണ്ണമായി വിവരിക്കാനാവില്ല.

ചോദ്യം: എന്താണ് നിർവ്വികല്പ സമാധി?

ഉത്തരം: നിർവ്വികല്പ സമാധി എന്നത് ഈശ്വരനിലുള്ള നിങ്ങളുടെ അന്വേഷണത്തിന്റെ ഉയർന്ന തലമാകുന്നു. ഈ അവസ്ഥയിൽ നിങ്ങളുടെ മനസ്സ് സകല പ്രശ്നങ്ങളിൽനിന്നും മോചിതവും ശാന്തവുമായിരിക്കും. ഒരർത്ഥത്തിൽ അന്വേഷകൻ നേടുകതന്നെയാണ് ചെയ്യുന്നത്. പക്ഷെ, മൃത്യു കൈവരിക്കുന്നില്ല. അത് സ്വപ്നങ്ങളില്ലാത്ത ഒരുറക്കംപോലെയാകുന്നു. ശരിയായ സമാധിയിൽ നിങ്ങൾ കരുതുന്നു-'ഞാൻ ഈശ്വരനെ സ്മരിക്കുന്നു എനിക്കതിനുള്ള കഴിവുണ്ടെന്ന്. ഈ ചിന്ത അങ്ങിനെ മുന്നോട്ടുകൊണ്ടുപോവുന്നു.'

ചോദ്യം: അങ്ങു പറഞ്ഞല്ലോ, നാം തന്നെ പരമാത്മാവിനെ സാക്ഷാ

ത്കരിക്കണമെന്ന്? പ്രപഞ്ച സ്രഷ്ടാവിനെ ആവിഷ്ക്കരിക്കുക എന്ന്. എന്നാൽ നമ്മുടെ അച്ഛനമ്മമാരല്ലേ നമ്മുടെ സ്രഷ്ടാക്കൾ?

ഉത്തരം: ആരാണ് നിങ്ങളുടെ അച്ഛനമ്മമാരെ സൃഷ്ടിച്ചത്? അവരുടെ അച്ഛനമ്മമാർ- അല്ലേ? ഇങ്ങിനെ പുറകിലേക്ക് ചോദിച്ചുപോയാൽ ഒരു ദിവസം നിങ്ങൾക്ക് ശരിയായ ഉത്തരം കിട്ടും. അത് ഒരു പ്രധാന പ്രേരകത്തെക്കുറിച്ചുള്ളതോ, സ്രഷ്ടാവിനെക്കുറിച്ചുള്ളതോ ആയിരിക്കും. ഒരു നദിയുടെ ഉറവിടം അന്വേഷിച്ചുപോകുന്ന ഒരാൾ അത് കണ്ടെത്തണമെങ്കിൽ ആ നദി ഒഴുകി വരുന്ന വഴിയേ പുറകിലേക്ക് നടക്കേണ്ടതുണ്ട്. ഒരു ദിവസം അയാൾ നടന്നു നടന്ന് ഒരു ചെറിയ ഗുഹാമുഖത്തെത്തുന്നു. അതാണ് ലക്ഷ്യസ്ഥാനമെന്ന് കരുതുന്നു. ഇതുതന്നെയാണ് പ്രപഞ്ച സ്രഷ്ടാവിനെക്കുറിച്ചുള്ള സങ്കല്പത്തിനടിസ്ഥാനം.

ഈശ്വരസാക്ഷാത്കാരം നേടിയ ഒരു ആത്മാവ് പറയുന്ന വഴിയെ മുന്നോട്ടു പോവുക.

ചോദ്യം: നമ്മുടെ ശരീരം ഒരു ചില്ലുകൊട്ടാരം തകരുന്നതുപോലെ ഇല്ലാതാവുമെന്നും, അതിനാൽ സത്യത്തെ വേഗത്തിൽ കണ്ടെത്തണമെന്നുമല്ലേ ബാബ പറയുന്നത്?

ഉത്തരം: അതെ! നിങ്ങൾ കേട്ടിട്ടുണ്ടാവും; നിങ്ങളുടെ ശരീരം ചില്ലുകൊട്ടാരംപോലെ തകരുന്നുവെന്നൊക്കെ എങ്ങിനെയാണ് നിങ്ങൾ പറയുന്നത്? അത് ഒരു കണക്കിൽ ശരിയാണെങ്കിലും അറിവില്ലായ്മയിൽ നാം സ്വയം ഒരിയ്ക്കലും ആവിഷ്ക്കരിക്കാൻ മുതിരുന്നില്ല എന്നതാണ് സത്യം. ആദ്യം അതിന് മുതിരുക. ഈശ്വരൻ സകലതിലും സകലയിടത്തുമുണ്ട്. നാം ഈശ്വരനെ സദാ സമയവും സ്മരിക്കുക. ഈശ്വരാനുഗ്രഹത്താൽ സകലതും നമുക്കനുകൂലമായിത്തീരും. മനുഷ്യൻ ശക്തനാണ്. എന്നാൽ ഈശ്വരൻ സർവ്വശക്തനാകുന്നു. ഇത്തരം ഒരു ചിന്ത നിങ്ങൾ വികസിപ്പിച്ചെടുക്കണം. സകലതും ഈശ്വരങ്കലർപ്പിക്കുക.

ചോദ്യം: തിരഞ്ഞുപോകുന്ന നമ്മൾ അവസാനം ഈശ്വരനെ കണ്ടെത്തുമെന്ന് തന്നെയല്ലേ ബാബ പറയുന്നത്?

ഉത്തരം: ഈശ്വരനാണ് സകലതിന്റെയും സ്രഷ്ടാവ്. ഇന്ന് ഈശ്വരൻ അകലെയാണെന്ന് നമുക്ക് തോന്നുന്നു. മനുഷ്യന് ഈശ്വരനെ തിരഞ്ഞു കണ്ടെത്താൻ സാധ്യമല്ല. കുറെക്കാലം തുടർച്ചയായി ധ്യാനത്തിലിരുന്നാൽ ആ വ്യക്തിക്ക് ഈശ്വരനെ മുന്നിൽ കൊണ്ടുവരാൻ സാധിക്കും. ധ്രുവനെ നോക്കുക! അതിനാൽ നിങ്ങൾ കർമ്മ

ങ്ങളനുഷ്ഠിച്ച് ഈശ്വരധ്യാനത്തിൽ മുഴുകുക. ഈശ്വരൻ നിങ്ങളുടെ മുന്നിൽ വരും.[1]

ചോദ്യം: നാം ഈശ്വരസാക്ഷാത്ക്കാരം വളരെ വേഗത്തിൽ വേണ മെന്ന് കരുതുന്നത് എന്തുകൊണ്ടാണ്?

ഉത്തരം: പ്രകൃതിനിയമമാണത്. നാം കുറെ വിത്തുകൾ വിതച്ചാൽ അത് മുളച്ച് തൈ ആയി ഫലം കിട്ടാൻ ഒരു നിശ്ചിത സമയമെടു ക്കുന്നു. ഫലത്തിനായി കാത്തിരിക്കുക. അതുപോലെ നിങ്ങൾ കർമ്മ ങ്ങളനുഷ്ഠിച്ച്, ഈശ്വരധ്യാനത്തിൽ ശ്രദ്ധിച്ചു മുന്നോട്ടുപോവുക. ഒരു ദിവസം ഫലം ഉണ്ടാവുകയും നിങ്ങൾ വിജയത്തിലെത്തുകയും ചെയ്യുന്നു. മനുഷ്യന് ക്ഷമ കുറവാണ്. അവൻ സകലതും ക്ഷിപ്ര സാദ്ധ്യമാകണമെന്ന് ശഠിക്കുന്നു. ഇത് ഒരു ദുരന്തമാകുന്നു.

ക്ഷമയോടെ ജീവിക്കുക. സകലതും ക്ഷമയോടെ, സാവധാന ത്തിലൊരു ആമയെപ്പോലെ അനുഷ്ഠിക്കുക.[2]

---

1 *തുടർന്ന് ബാബ ധ്രുവന്റെ കഥ പറയുന്നു. ധ്രുവൻ തന്റെ രണ്ടാനമ്മയുടെ പോര് സഹിയ്ക്കവയ്യാതെ കാട്ടിൽ ഏകാന്ത വാസത്തിന് പോകുന്നു. വഴി യിൽവെച്ച് നാരദനെ കണ്ടുമുട്ടി. ഒരു മരത്തിന് ചുവട്ടിലിരുന്ന് ധ്യാനത്തി ലമർന്നു. നാരദൻ ഭഗവാന്റെ സവിധത്തിലെത്തി ധ്രുവനെക്കുറിച്ച് പറയു ന്നു. ഭഗവാൻ നാരായണൻ, നാരദനോട് ധ്രുവന്റെയടുത്തുപോകാൻ പറ യുന്നു. നാരദൻ മഹാവിഷ്ണു പറഞ്ഞപ്രകാരം ധ്രുവനോട് അടുത്ത മര ക്കൊമ്പിൽ എത്ര ഇലയുണ്ട്- എണ്ണാമോ?- എന്നു ചോദിക്കുന്നു. അതി ലുള്ള ഇലയുടെ അത്രയും ജന്മങ്ങൾ തീർന്നാലേ ധ്രുവന് ഈശ്വര സാമീപ്യം ലഭിയ്ക്കൂ എന്നു പറയുന്നു. ധ്രുവനിൽ ഈശ്വരന്റെ ഈ വാക്ക് സന്തോഷമുളവാക്കുന്നു. ഇതൊരു മഹാഭാഗ്യമായി കരുതിയ ധ്രുവൻ ഇപ്ര കാരം പറഞ്ഞു: 'ഞാൻ ഭാഗ്യവാനത്രേ! ഇത്രയും എണ്ണം ജന്മങ്ങൾ തീർന്നാൽ എനിക്ക് ഈശ്വര ദർശനം സാധിക്കുമല്ലോ!'*
ഇതുകേട്ട മഹാവിഷ്ണു ധ്രുവന്റെ മുന്നിൽ അവതരിക്കുന്നു. ഒരു സിംഹ രൂപത്തിൽ മുന്നിൽ വന്ന് ഗർജ്ജിക്കുകയാണ് ചെയ്തത്. ഒരു ജന്മം തീർന്നു കിട്ടിയല്ലോ എന്നു കരുതി ധ്രുവൻ സന്തുഷ്ടചിത്തനാകുന്നു. അവസാനം ഈശ്വരൻ ധ്രുവന് മുന്നിൽ ശരിയായ രൂപത്തിൽ അവതരിക്കുന്നു.

2 *തുടർന്ന് ബാബ ആമയുടെ കഥ പറയുന്നു. സുഹൃത്തുക്കളായ ഒരാമയും മുയലും കൂടി ഒരു സ്ഥലത്തേക്ക് യാത്രയായി. മുയൽ പറഞ്ഞു: 'എനിക്കു വേഗത്തിൽ ഓടാൻ സാധിക്കും.' മുയൽ മുന്നിലോടി. ക്ഷമാപൂർവ്വം സാവ ധാനത്തിൽ ആമ പിറകെ വന്നു. ഓടിത്തളർന്ന് മുയൽ വഴിയിൽ കിടന്നുറ ങ്ങി. ആമ മുന്നിലെത്തി. ഉറക്കമുണർന്ന മുന്നോട്ടോടിയെത്തിയ മുയൽ ആമ ആദ്യം ലക്ഷ്യത്തിലെത്തിയത് കാണുന്നു. മുയലിന് നാണക്കേട് തോന്നുന്നു.*

ചോദ്യം: ഭാഗവതം വായിക്കുമ്പോൾ ഗോപികമാർക്ക് കൃഷ്ണനോട് രാഗദ്വേഷങ്ങൾ ഉള്ളതായി അറിയുന്നു. അവരുടെ ഈ അവസ്ഥ ശരിയാണോ?

ഉത്തരം: രാഗദ്വേഷങ്ങൾ- ഇവ രണ്ടും മനസ്സിന്റെ കുറവിനെ കാണിക്കുന്നു. തുടക്കത്തിൽ ഗോപികമാർക്ക് കൃഷ്ണനോട് തികഞ്ഞ ഭക്തിയാണുള്ളത്. അവർ കൃഷ്ണന് മുന്നിൽ സ്വയം സമർപ്പിച്ചിരിക്കുന്നു. കൃഷ്ണൻ മഥുരക്ക് പോകുമ്പോൾ ഗോപികമാർ നിരാശാഭരിതരാകുന്നുണ്ട്. പിന്നീട് ഉദ്ധവൻ അവരോട് സകല കഥകളും പറയുന്നു. അവർ അതിന്റെ അർത്ഥം മനസ്സിലാക്കുകയും സ്വന്തം കർമ്മങ്ങളിൽ മുഴുകുകയും ചെയ്യുന്നു. പിന്നീട് അവർ കൃഷ്ണനെ കാണുന്നത് സ്യമന്തപഞ്ചക തീർത്ഥത്തിൽ (കുരുക്ഷേത്രം) വെച്ച് സൂര്യഗ്രഹണത്തിനു ശേഷമാകുന്നു. അവർ തെറ്റുകൾ തിരിച്ചറിയുകയും തുടർന്ന് വിവേചനമില്ലാത്ത അവസ്ഥയിൽ ശരിയായ ജീവിതം നയിക്കുകയും ചെയ്യുന്നു.*

ചോദ്യം: ബാബ!! അങ്ങ് ഈശ്വര സാക്ഷാത്ക്കാരം നേടിയിട്ടുണ്ടോ?

ഉത്തരം: ഉവ്വ്.

---

* *ബാബ തുടരുന്നു: 'കൃഷ്ണൻ അവരോട് പറയുന്നു. എന്റെ പ്രിയപ്പെട്ട ഗോപികമാരേ! ലൗകിക വൃത്തികൾ ഒരു ഭരണിപോലെയാകുന്നു. അതിൽ മുക്കുന്ന വസ്ത്രമാകട്ടെ പഞ്ചഭൂതങ്ങൾ (ജലം, വായു, അഗ്നി, ഭൂമി, ആകാശം എന്നിവ) പോലെയാകുന്നു. അത് സകലയിടത്തുമുണ്ട്. അതുപോലെ ഞാനും മനുഷ്യനിലടക്കം, സകല ഭൗതിക വസ്തുക്കളിലുമുണ്ട്. ഈ പഞ്ചഭൂതങ്ങളിൽനിന്ന് ജഡപദാർത്ഥങ്ങളുണ്ടാകുന്നു. അതുപോലെ ഞാനും സകല ജീവജാലങ്ങളിലും വസിക്കുന്നു. മറ്റൊരർത്ഥത്തിൽ അവയൊക്കെ എന്നിൽ നിന്നൊട്ടും വ്യത്യാസമില്ലാത്തവയാകുന്നു.'*

കൃഷ്ണനിൽനിന്ന് ഈ വാക്യങ്ങൾ കേട്ട ഗോപികമാർ അവരുടെ അഹങ്കാരം കൈവെടിഞ്ഞു. അവർ ഈശ്വരന്റെ മഹിമയെന്തെന്നറിഞ്ഞു. അവർ കൃഷ്ണന് മുമ്പിൽ സ്വയം അർപ്പിച്ചുകൊണ്ടു പറഞ്ഞു: അല്ലയോ ഭഗവാനേ! എല്ലാ അറിവുള്ളവരും ഈശ്വര സാക്ഷാത്ക്കാരം നേടിയവരും പറയുന്നുണ്ട്-ഈശ്വരനിൽ അർപ്പിക്കുക ഒന്നുമാത്രമാണ് പ്രാപഞ്ചിക കർമ്മ വൈതരണി. കടക്കാനുള്ള ഒരു മാർഗ്ഗം എന്ന്. ഞങ്ങളാകട്ടെ കുടുംബവൃത്തികളിൽ പൂർണ്ണമായും നിരതരായിരിക്കുന്നു. ഞങ്ങൾ അങ്ങയുടെ കരുണയ്ക്കായി പ്രാർത്ഥിക്കുന്നു. ഞങ്ങൾ അങ്ങയെ ഓർക്കുന്നു. അതുപോലെ അങ്ങയെ സാക്ഷാത്ക്കരിക്കുന്നു. അങ്ങയുടെ അനുഗ്രഹത്താൽ ഞങ്ങളുടെ ആഗ്രഹങ്ങൾ വളരെ വേഗത്തിൽ ഫലവത്തായിരിക്കുന്നു. (ഭാഗവതം-82-ാം അദ്ധ്യായം കാണുക).

ചോദ്യം: അങ്ങു പറയുന്നു, അങ്ങേയ്ക്ക് ഈശ്വര സാക്ഷാത്ക്കാരം ലഭിച്ചിട്ടുണ്ടെന്ന്. പക്ഷെ അങ്ങേയ്ക്ക് ചില രോഗങ്ങളുണ്ടുതാനും. എന്തുകൊണ്ടാണ് ഇങ്ങനെ വരുന്നത്?

ഉത്തരം: മനുഷ്യശരീരം രോഗങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഈശ്വര സാക്ഷാത്ക്കാരം നേടിയ വ്യക്തിയും ശാരീരിക രോഗങ്ങളെ നേരിടുന്നുണ്ട്. ഞാൻ എന്റെ പൂർവ്വ പ്രവൃത്തികളെ അഥവാ പ്രാരബ്ധങ്ങളെയാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എനിക്ക് അതിനു മുമ്പിലേക്ക് പോകാൻ വയ്യ. എന്റെ സമചിത്തതയെ അത് വ്യക്തമായി സ്വാധീനിക്കുന്നു. എനിക്ക് ശാരീരിക അവശതകളുണ്ട്-പക്ഷെ അതിൽ വേദന ഒട്ടുമില്ല! മനുഷ്യൻ, ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്-അവൻ ഈശ്വരന്റെ ഇച്ഛാനുവർത്തി മാത്രമാണെന്ന് അവൻ കർമ്മങ്ങളിൽനിന്ന് ക്രമേണ മോചനം നേടുകയും, അഹങ്കാരം പാടെ ഇല്ലാതാക്കുകയും വേണമെന്ന്.

ചോദ്യം: നമുക്ക് എന്തുകൊണ്ടാണ് ഉടൻ ഈശ്വരനെ സാക്ഷാത്ക്കരിക്കാൻ സാധിക്കാത്തത്?

ഉത്തരം: എന്റെ കുടിൽ നിൽക്കുന്നത് കാടിന്റെ നടുവിലാകുന്നു. ഇവിടെനിന്നു നോക്കിയാൽ പശുപതിനാഥ ക്ഷേത്രം കാണുകയില്ല. കാരണം മരങ്ങളും മറ്റും കാഴ്ചക്ക് തടസ്സമായി നിൽക്കുന്നു. ആ മരങ്ങൾ അവിടെ ഇല്ലെങ്കിൽ നിങ്ങൾക്ക് പശുപതിനാഥ ക്ഷേത്രം കാണാൻ സാധിക്കും.

അതുപോലെ നിങ്ങളുടെ മനസ്സ് അഹങ്കാരത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. ആ അഹങ്കാരത്തെ ഇല്ലാതാക്കിയാൽ മാത്രമേ നിങ്ങൾക്ക് ഈശ്വരനെ കാണാൻ സാധിക്കുകയുള്ളൂ. ഈശ്വരനെ കാണണമെങ്കിൽ അഹങ്കാരമാകുന്ന വൃക്ഷങ്ങളെ നിശ്ശേഷം വെട്ടിക്കളയുക. അങ്ങയെ കൂടുതലറിയാൻ അവസരങ്ങളുണ്ടാകേണമേ എന്ന് ഈശ്വരനോട് എപ്പോഴും പ്രാർത്ഥിക്കുക. നിങ്ങൾക്ക് ഈശ്വരനോട് കലഹിക്കാം-ഈശ്വര ചിന്തക്ക് കൂടുതൽ അവസരം ലഭിക്കുന്നില്ല എന്നു പറഞ്ഞ് നിങ്ങൾ ഈശ്വരനെ ഓർക്കുക-രാമകൃഷ്ണ പരമഹംസൻ ചെയ്തതുപോലെ.

ചോദ്യം: ഹിമാലയ പർവ്വത സാനുക്കൾ ഇവിടെ നിന്നു നോക്കിയാൽ മഞ്ഞുകാലത്ത് തീരെ കാണാൻ സാധിക്കാത്തതുപോലെ, ഈശ്വര ദർശനത്തിന് അഹങ്കാരമാകുന്ന മഞ്ഞുരുകണമെന്നാണോ ബാബ പറയുന്നത്?

ഉത്തരം: അതെ! ഈശ്വരനെന്നത് ചിന്തക്ക് ഉപരിയും; മനുഷ്യൻ

ബോധചിന്തയുടെ തടവുകാരനുമാകുന്നു. തല വെള്ളത്തിൽ മുക്കിപ്പിടിച്ചാൽ ചുറ്റുമുള്ളതൊന്നും നിങ്ങൾക്ക് കാണാൻ സാധിക്കുകയില്ല. തലയുയർത്തിയാൽ നിങ്ങൾക്ക് നാലുപുറവും കാണാൻ സാധിക്കും. നാം ബോധചിന്തയാൽ ചുറ്റപ്പെട്ടിരിക്കുകയാണ്. ബോധ വസ്തുക്കൾ നമ്മെ ഭരിച്ചുകൊണ്ടിരിക്കുന്നു. ഇവയ്ക്കുപരി കടന്നു ചെന്നാൽ നമുക്ക് ഈശ്വരനെ കാണാൻ സാധിക്കും.

ചോദ്യം: ഈ ബോധചിന്തയിൽനിന്നും മോചനം നേടാൻ എന്താണ് വഴി?

ഉത്തരം: ഈശ്വരനെ അഗാധമായി അന്വേഷിക്കുക. നിങ്ങൾ ഈശ്വരമാർഗ്ഗത്തിൽ മുന്നോട്ടുപോവുകയാണെങ്കിൽ ഈ ബോധചിന്ത നിങ്ങളെ അലട്ടുകയില്ല.

ചോദ്യം: ബാബ! ബോധചിന്താ ക്ഷേത്രം എന്ന് ഭഗവത്ഗീതയിൽ പരാമർശിക്കുന്നുണ്ടോ?

ഉത്തരം: ഉവ്വ്. ക്ഷേത്രം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു വ്യക്തിയുടെ ഉള്ളിലുള്ള 'ഇടം' എന്നാണ്. ഈ വ്യക്തിയെ ക്ഷേത്രജ്ഞനെന്നും വിശേഷിപ്പിക്കുന്നു. ബോധം നിങ്ങളുടെ ശരീരസംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. അതിന് ധ്യാനമോ ഈശ്വരചിന്തയോ ആവശ്യമില്ല. മറ്റുതരത്തിൽ പറഞ്ഞാൽ, ഈ ബോധചിന്തയാണ് നമ്മെ തടവുകാരനാക്കുന്നത്. ഈശ്വരമാർഗ്ഗത്തിലൂടെ ചരിയ്ക്കുന്നതിന് ഇതാണ് തടസ്സവും.

ചോദ്യം: ബാബ! നമുക്കുചുറ്റുമായി അനേകം വസ്തുക്കളുണ്ട്. അതുപോലെ നമുക്ക് വ്യത്യസ്ത സ്വഭാവമുള്ളവരുമായും പലവിധ ചിന്തകളുള്ളവരുമായും പെരുമാറേണ്ടിവരുന്നു. നാം ചിന്തിക്കുന്നത് ഇതൊക്കെ ഈശ്വരമാർഗ്ഗത്തിൽ നമുക്ക് തടസ്സമായി വരുന്നു എന്നാണ്. അങ്ങിനെയല്ലേ?

ഉത്തരം: അതെ. നിങ്ങൾക്ക് പൂവിന്റെ സുഗന്ധത്തെ കാണാൻ സാധിക്കുമോ? അതുപോലെയാണ് ഈ വസ്തുക്കളും. മറ്റുള്ളവരുമായുള്ള പെരുമാറ്റം നമുക്ക് ഈശ്വരവിചാരത്തിനുള്ള തടസ്സമായി വരും.

നമുക്ക് ഒരു ലക്ഷ്യമുണ്ട്. നാം ഇന്ന് അനുഭവിക്കുന്നത് മുൻകാല പ്രവൃത്തികളുടെ ഫലമാകുന്നു. നിങ്ങൾ കടൽത്തീരത്ത് ചെന്ന് ഒരു പാത്രത്തിൽ കുറച്ച് വെള്ളം കോരിയെടുക്കുക. കൈയിൽ ഒരു ചെറിയ കയ്യിലേ ഉള്ളൂവെങ്കിൽ നിങ്ങൾക്ക് കുറച്ച് വെള്ളമേ എടുക്കാൻ സാധിക്കുകയുള്ളൂ. ഒരു ചെറിയ കയ്യിലിനെ ഒരു വലിയ പാത്ര

മായി താരതമ്യപ്പെടുത്താൻ സാധിക്കുമോ? ഇനി ആ പാത്രത്തിന് താഴെ ഒരു തുളയുണ്ടെങ്കിൽ നിങ്ങൾക്ക് അത് അടയ്ക്കാതെ വെള്ളം കോരിയെടുക്കാൻ സാധിക്കുമോ?

അതുപോലെയാണ് ഒരു ഈശ്വരസാക്ഷാത്ക്കാരം നേടിയ ഗുരുവിന്റെ വചനവും. അത് ഉൾക്കൊള്ളാനുള്ള കഴിവും നടപ്പാക്കാനുള്ള ശേഷിയുമില്ലെങ്കിൽ നിങ്ങൾക്ക് ഒന്നും മനസ്സിലാക്കാൻ സാധിക്കയില്ല. സ്വന്തം മനസ്സിനെ പൂർണ്ണമായും ശൂന്യമാക്കുക, പിന്നെ അതിൽ ഈശ്വര സത്ത നിറയ്ക്കുക. നിങ്ങളുടെ മനസ്സിന് ഒരു തുളയുണ്ടെങ്കിൽ ആദ്യം അതടയ്ക്കുക.

ചോദ്യം: ഈശ്വര സാക്ഷാത്ക്കാരത്തിനുശേഷം, നാം മുൻ പ്രവൃത്തികളുടെ ഫലം യഥാർത്ഥത്തിൽ അനുഭവിക്കുന്നുണ്ടോ?

ഉത്തരം: ഉണ്ട്. ഈശ്വര സാക്ഷാത്ക്കാരത്തിന് ശേഷവും നാം പൂർവ്വ പ്രവൃത്തികളുടെ, പ്രാരബ്ധങ്ങളുടെ ഫലം അനുഭവിക്കുന്നുണ്ട്. എന്താണ് നിങ്ങളുടെ ലക്ഷ്യം. നമ്മുടെ പ്രാരബ്ധം ഒടുങ്ങിയാൽ മാത്രമേ നമുക്ക് പുർവ്വ ജന്മ മൃത്യുചക്രത്തിൽ നിന്നു മോചനം ലഭിക്കുകയുള്ളൂ. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ ആത്മാവ് നിത്യതയിൽ ലയിക്കുകയുള്ളൂ. നമ്മുടെ ബുദ്ധികൊണ്ട് പ്രാരബ്ധത്തിന് ഒരു മാറ്റവും വരികയില്ല. മറിച്ച് പ്രാരബ്ധം നിങ്ങളുടെ ബുദ്ധിയെ നയിക്കുന്നു.

ഒരു സമുദ്രത്തിന് നടുവിലെത്തിയാൽ നിങ്ങൾക്ക് ഒരുപക്ഷെ ദിശ നഷ്ടപ്പെട്ടേക്കാം. അങ്ങിനെ നഷ്ടപ്പെടുമ്പോൾ ഒരിക്കലും ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കാതെ വരുന്നു. അപ്പോൾ കൈയ്യിൽ ഒരു വടക്കുനോക്കി യന്ത്രമുണ്ടെങ്കിൽ ദിശ കണ്ടെത്തി ലക്ഷ്യത്തിലെത്തിച്ചേരാം. അതുപോലെ ശരിയായ ജീവിതവും ഒരു വടക്കുനോക്കി യന്ത്രമാണ്-അത് നമ്മിൽ ദിശാബോധം സൃഷ്ടിച്ച് ഈശ്വരങ്കൽ അടുപ്പിക്കുന്നു. അതിനർത്ഥം ജനന-മൃത്യു ചക്രത്തിൽനിന്നുമുള്ള പൂർണ്ണമായ മോചനം എന്നാകുന്നു.

ചോദ്യം: എന്തിനാണ് നാം യജ്ഞം, ദാനം, തപസ്സ് ഇവയനുഷ്ഠിക്കുന്നത്?

ഉത്തരം: നാം ശരിയായ ജീവിതം അനുഷ്ഠിക്കാൻ തുടങ്ങിയാൽ ആദ്യം നമുക്ക് ഒരു തോന്നൽവരും. അത് നാം മറ്റുള്ളവരിൽ നിന്ന് ഉയർന്നവരും, അവരെക്കാൾ നല്ലവരുമാണെന്ന തോന്നലാണ്. എന്നാൽ നമുക്ക് ഒന്നുമറിഞ്ഞുകൂട എന്നതാണ് സത്യം. ഇതാണ് ഞാനെന്ന ഭാവം. ഇതു വളരെ അപകടകരവും ഈശ്വര മാർഗ്ഗത്തിൽ

ബുദ്ധിമുട്ടുകളുണ്ടാക്കുന്നതുമാണ്. അതിനാൽ നാം അഹങ്കാരത്തെ പൂർണ്ണമായും ഇല്ലാതാക്കണം.

ഉദാഹരണത്തിന് നിറഞ്ഞൊഴുകുന്ന ഒരു നദി അതിന്റെ തടങ്ങളിൽ നിന്നും പലതും പിഴുതെടുത്ത് മറ്റ് പലയിടത്തും കൊണ്ടു ചെന്ന് നിക്ഷേപിക്കുന്നു. അഹങ്കാരമെന്നത് ഈ മാലിന്യനിക്ഷേപം പോലെയാകുന്നു. ഈ മാലിന്യം നീക്കിയല്ലാതെ നമുക്ക് വെള്ളത്തിന്റെ അടിത്തട്ട് കാണാൻ കഴിയുകയില്ല. യജ്ഞ, ദാന, തപങ്ങൾ മാലിന്യങ്ങളെ നീക്കാനുള്ളതാണ്. അത് ഈശ്വരമാർഗ്ഗത്തിൽ നമ്മുടെ യാത്രയ്ക്കു സഹായകരമാകുന്നു.

ചോദ്യം: എന്താണ് തപസ്സ്?

ഉത്തരം: തപസ്സ് എന്നാൽ ചിട്ടയായ ജീവിതംതന്നെയാണ്. ഇത് നിങ്ങളുടെ കർമ്മങ്ങളെ അർത്ഥവത്താക്കുന്നു. മറ്റുള്ളവരോട് കരുണയും താഴ്ചയും പ്രകടിപ്പിക്കുക. തപസ്സ് രണ്ട് ഭാഗമാക്കിയിട്ടുണ്ട്. ഒന്ന് മനസ്സ് കൊണ്ടുള്ളത് എന്നും മറ്റേത് ബുദ്ധികൊണ്ടുള്ളതെന്നും.

മനസ്സ്:- മനസ്സിനെ നിങ്ങൾ ശ്രദ്ധിക്കുക. അതിനാൽ മനസ്സ് നിയതമായ കർമ്മങ്ങളിലല്ലാതെ ഏർപ്പെടുന്നതല്ല. വികാര പ്രകടനങ്ങളിലും, ചിന്തകളിലും, ബന്ധങ്ങളിലും, അതുപോലെയുള്ള അനാവശ്യ വിഷയങ്ങളിലും അത് ആവശ്യത്തിലേറെ ഇടപെടുന്നില്ലെന്ന് ഉറപ്പുവരുത്തുക. ഉദ്ദേശിച്ച ഫലം കിട്ടിയില്ലെങ്കിൽ നിങ്ങൾക്ക് ദേഷ്യം വരും. അതുപോലെ ഉദ്ദേശിച്ച ഫലം കിട്ടിയാലോ, നിങ്ങൾ ക്ഷമ ഇല്ലാതെ സന്തോഷത്തിൽ മുഴുകും. അതിനാൽ ഈ വിഷയങ്ങളിൽ ജാഗ്രത പാലിക്കുക.

ബുദ്ധി:- നിങ്ങൾ എപ്പോഴും ബുദ്ധി ഉപയോഗിച്ചുകൊണ്ടിരിക്കുക. നിങ്ങളിൽ നിന്നും ആസുരശക്തികളെ ഒഴിച്ചുനിർത്തുക. അതുപോലെ അനാവശ്യമായ കൂട്ടുകെട്ടുകളും ഒഴിവാക്കുക.

ഒരു കുട്ടി മരിച്ചു കഴിഞ്ഞാലും അമ്മ ആ കുട്ടിയെ എന്നും ഓർത്തു കൊണ്ടിരിക്കും. അവർ കരയും കണ്ണീർ പൊഴിക്കും. ആ കുട്ടിയെ ഓർക്കുമ്പോഴൊക്കെ ആ അമ്മ ദുഃഖനിമഗ്നയാവും. അതുപോലെ നിങ്ങളും ഈശ്വരനെപ്പറ്റി ചിന്തിക്കുക. അത് 'തൈലധംബത്' അഥവാ ഒരു വലിയ ചെമ്പിൽ നിന്നും ചെറിയ പാത്രത്തിലേക്ക് എണ്ണ ഊറ്റിയെടുക്കുംപോലെയാകുന്നു. ഈശ്വരനെ ദർശിക്കാതെ നിങ്ങൾ പൂർണ്ണനാകുകയില്ല എന്നു കരുതുക. ചെറുനദികൾ ഒന്നുചേർന്ന് സമുദ്രത്തിൽ ഉൾച്ചേരുംപോലെ നാം ഈശ്വരനിലേക്കൊഴുകി അതിൽ ലയിക്കുക.

നാം എപ്പോഴും ഈശ്വരനെ ഓർക്കുക. ഈശ്വര കടാക്ഷത്തിനും കാഴ്ചപ്പാടിനും വേണ്ടി നിരന്തരം ചോദിച്ചുകൊണ്ടിരിക്കുക. ഒരു ചെറിയ ഇടുക്കിലൂടെയാണ് നദിയൊഴുകുന്നതെങ്കിൽ അതിലെ ഒഴുക്ക് ശക്തികൂടിയും, പരന്നൊഴുകുമ്പോൾ ശക്തി കുറഞ്ഞുമിരിക്കും. അനാവശ്യവിഷയങ്ങളിൽ വ്യാപൃതമായ നിങ്ങളുടെ മനസ്സും. അത് പരന്നൊഴുകുന്ന നദിപോലെയാണ്. നിങ്ങൾക്ക് വേഗത്തിൽ ഈശ്വരനിലെത്തിച്ചേരേണ്ടതുണ്ട്. അതിനാൽ നിങ്ങൾ അനാവശ്യവിഷയങ്ങളിൽ വ്യാപൃതരാവാതിരിക്കുക.

ഒരിടത്ത് നൂറടി കുഴിച്ചാലേ വെള്ളം കിട്ടുവെന്നിരിക്കട്ടെ. നിങ്ങൾ ഒരടി വീതമുള്ള നൂറു കുഴികൾ കുത്തിയാൽ വെള്ളം കിട്ടുമോ? അതുപോലെയാണ് നിങ്ങൾ ഈശ്വരനെ അന്വേഷിക്കുമ്പോൾ; ആഴത്തിൽ ചിന്തിച്ച് ഈശ്വരസാക്ഷാത്ക്കാരം നേടാൻ ശ്രമിക്കണം.

ചോദ്യം: നാം ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ ഈശ്വരൻ നമ്മെ സഹായിക്കുമെന്ന് പറയുന്നത് ശരിയാണോ?

ഉത്തരം: നിങ്ങളുടെ നിത്യസഹചാരിയായ ഒരു പരിചാരകന് ചികിത്സക്കാവശ്യമായ കാര്യങ്ങൾ നാം ചെയ്യാറുണ്ട്. ആ പരിചാരകൻ നമ്മെ വിട്ടുപോവുകയാണെങ്കിൽ നാം എങ്ങിനെയാണ് അയാളെ സഹായിക്കുക? അതുപോലെ നാം ഈശ്വരനിലർപ്പിച്ച് പ്രാർത്ഥിച്ചാൽ ഈശ്വരൻ നമ്മെ ആപത്തിൽ സഹായിക്കും. നിങ്ങളുടെ സമയം അതിനായി നീക്കിവെക്കുക.

ചോദ്യം: നമുക്ക് നമ്മുടെ പ്രവൃത്തികളനുസരിച്ചുള്ള ഫലം പ്രതീക്ഷിക്കാമോ?

ഉത്തരം: പുറമെനിന്നുള്ള പലതും ഈശ്വര സാക്ഷാത്ക്കാരത്തിനുള്ള വഴിയിലെ തടസ്സമാകുന്നു. ഈശ്വരനെ ആവശ്യമെങ്കിൽ നിങ്ങൾ കാക്കത്തൂവലുകൾപോലെ, ബ്രഹ്മാവ്- വിഷ്ണു-മഹേശ്വരൻ എന്നീ ചിന്തകളെ ഉപേക്ഷിക്കുക. ഭൗതികവസ്തുക്കളിലെ ചിന്തകൾ കൈവെടിയുക. ലൗകിക കാര്യങ്ങളിൽനിന്നും ഒരു ഫലവും പ്രതീക്ഷിക്കാതിരിക്കുക. നിങ്ങൾ ചെയ്യുന്നതിന്റെ ഫലം സാമാന്യേന നിങ്ങളെത്തന്നെ തേടിവരും. ഈശ്വരചിന്തയുടെ ഫലം പ്രതീക്ഷിക്കാവുന്നതാണ്. അതുപോലെ ഈശ്വരസാക്ഷാത്ക്കാരയത്നത്തിന്റെയും.

ചോദ്യം: നമുക്ക് ലൗകിക ഉത്തേജനത്തിൽനിന്നും സംതൃപ്തി ലഭിക്കുന്നില്ലേ?

ഉത്തരം: നിങ്ങൾക്ക് ലൗകിക കാര്യങ്ങളിൽനിന്നും സംതൃപ്തി ലഭി

ക്കുന്നത് ജീവിതത്തിൽ മാത്രമാണ്. ഈശ്വരവിഷയത്തിലല്ല. ഈശ്വരചിന്തയൊഴിച്ചുള്ള സകല ചിന്തകളും മനുഷ്യന്റെ ശക്തരായ ശത്രുക്കളാകുന്നു.

ചോദ്യം: അങ്ങിനെയെങ്കിൽ ഈശ്വരനിലുള്ള താത്പര്യം മറ്റ് ഭൗതിക വസ്തുക്കളിലുള്ള താത്പര്യത്തേക്കാൾ ശക്തമാകേണ്ടതല്ലേ?

ഉത്തരം: അതെ! ശരിയായ ജീവിതം പരിശീലിക്കുക. അത് മറ്റ് ആഗ്രഹങ്ങളിലുള്ള നിയന്ത്രണത്തിന് ഒരു പാഠമാകണം. ജീവിതം എന്നത് നിങ്ങൾക്ക് ഈശ്വരനെ ഓർമ്മിച്ച് മുന്നോട്ടുപോകാനുള്ള ഒരു മാർഗ്ഗമാകുന്നു.

ചോദ്യം: ബാബ! നാം എപ്പോഴും പേടിയോടെയും ആകാംക്ഷയോടയും ജീവിച്ചുകൊണ്ടിരിക്കുന്നു. എന്താണിങ്ങനെ?

ഉത്തരം: മനുഷ്യമനസ്സ് മുഴുവൻ പേടികൊണ്ടും ആകാംക്ഷകൊണ്ടും നിറഞ്ഞിരിക്കുന്നു. അനാവശ്യ ചിന്തകൾ നമ്മിൽ പ്രശ്നങ്ങളെ പത്തിരട്ടി വർദ്ധിപ്പിക്കുന്നു. അതുപോലെ പേടി നൂറിരട്ടിയായും കൂട്ടുന്നു. ഈശ്വരനെ പ്രാർത്ഥിക്കുക എന്നതിന് ഈശ്വരസ്നേഹം കൂട്ടുക എന്നർത്ഥമാകുന്നു. നാം എപ്പോഴും നമ്മുടെ ജീവിതത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുന്നു. ഭാവിയെ കുറിച്ചും മരണത്തെക്കുറിച്ചും ആലോചിക്കുമ്പോൾ നാം പേടിക്കുന്നു. ഇത്തരം കാര്യങ്ങളാൽ നാം സദാ ആശങ്കാകുലരായിരിക്കുന്നു. ഭഗവാൻ ബുദ്ധന് വൃക്ഷത്തിന് ചുവട്ടിലിരുന്ന് ധ്യാനിക്കുമ്പോൾ അനേകം പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. ഒരുപാട് ചീത്ത ശക്തികൾ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തെ പേടിപ്പിക്കാൻ നോക്കി. പിന്നീട് അതി സുന്ദരികളായ സ്ത്രീകളുടെ ഊഴമായി. ബുദ്ധൻ സ്വന്തം മാനസികമായ ഉറപ്പിൻമേൽ ഈശ്വരനെ മാത്രം ചിന്തിച്ച് സകല ബുദ്ധിമുട്ടുകളും തരണം ചെയ്ത് ഈശ്വരസാക്ഷാത്ക്കാരം നേടി.

ചോദ്യം: ചുറ്റുമെന്തെങ്കിലും കാണുമ്പോഴേക്കുതന്നെ നാം പേടിക്കുന്നു. എന്താണെന്നറിയാത്തതും കാണാത്തതുമായ വസ്തുക്കളും നമ്മെ ഭയപ്പെടുത്തുന്നു. അങ്ങനെയല്ലേ?

ഉത്തരം: അതെ! ഈ വസ്തുക്കൾ തടസ്സങ്ങൾ തന്നെയാണ്. നിങ്ങൾ ഈ തടസ്സങ്ങളെ കടന്നുപോകേണ്ടിയിരിക്കുന്നു. അവ നമ്മെ ഈശ്വരനിലേക്ക് പോവാൻ അനുവദിക്കയില്ല. കഠോപനിഷത്തിലെ നചികേതസിന്റെ കഥ മനസ്സിലാക്കുക. മരണത്തിന്റെ ദേവതയായ യമരാജൻ അവന്റെ മനസ്സ് ലൗകിക കാര്യങ്ങളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുകയുണ്ടായി. എല്ലാം നചികേതസ് ഓരോന്നായി തിരസ്ക്കരിച്ചു

കൊണ്ടിരുന്നു. എന്നാൽ നിത്യനായ ഈശ്വരനെ മാത്രം കാംക്ഷിച്ചു. അവൻ ഇഷ്ടപ്പെട്ടതെല്ലാം തിരസ്ക്കരിച്ചു. ചോദിച്ചതോ ആന്തരിക നന്മയ്ക്കുതകുന്നതു മാത്രവും. നിങ്ങൾക്കുമതുപോലെ ഈശ്വരസാക്ഷാത്ക്കാരത്തിനായി വേഗത്തിൽ യത്നിക്കാം.

ചോദ്യം: എന്തുകൊണ്ടാണ് സകല മനുഷ്യർക്കും ഈശ്വരസാക്ഷാത്ക്കാരം സാധിക്കാത്തത്?

ഉത്തരം: സകലർക്കുമറിയാം, എല്ലാ മനുഷ്യജീവികളും മടിയരാണെന്ന്. കുറച്ചു സന്തോഷമോ സമാധാനമോ കിട്ടിയാൽതന്നെ ഇനി മുന്നോട്ടുപോവേണ്ട എന്നുവെയ്ക്കുന്നവരാണവർ. ധൈര്യശാലിയായ ഒരാത്മാവ് ഒരിക്കലും ഈ വിഷയങ്ങളിൽ തടഞ്ഞു നിൽക്കയില്ല. ആ വ്യക്തി ഈശ്വര സാക്ഷാത്ക്കാരത്തിനായി യത്നിക്കുന്നു. അതിനാൽ, ഈശ്വരനെ ഓർക്കാൻ കിട്ടുന്ന ഏതൊരവസരവും കളയരുത്. തുടക്കത്തിൽ ഈശ്വരചിന്തക്ക് ഏതാനും നിമിഷങ്ങൾ നീക്കിവെക്കുക. പക്ഷെ, നിങ്ങൾ തുടർച്ചയായി പരിശീലിച്ച് മുന്നോട്ടുപോയാൽ, നിങ്ങൾക്ക് പിന്നീട് കൂടുതൽ സമയം ലഭിക്കുന്നതും, ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുന്നതുമാണ്.

ചോദ്യം: സംശയങ്ങളിലും ബുദ്ധിമുട്ടുകളിലും നമുക്ക് സന്തോഷം ലഭിക്കുമോ, ബാബ?

ഉത്തരം: സംശയങ്ങളിലും ബുദ്ധിമുട്ടുകളിലും നിങ്ങൾക്ക് സന്തോഷം ലഭിക്കാം. പക്ഷെ, ഈശ്വരദർശനം നേടിയാലല്ലാതെ നിങ്ങൾക്ക് പൂർണ്ണ സന്തോഷം ലഭിക്കുകയില്ല. വിവേചനത്തോടെയല്ലാതെ, വൈകാതെ നിങ്ങളുടെ പ്രവൃത്തികൾ മുഴുവനാക്കുക.

ചോദ്യം: ഈശ്വര സാക്ഷാത്ക്കാരത്തിന് ഒട്ടും ആഗ്രഹിക്കാത്ത ഒരു വ്യക്തിയെ നിർബന്ധിക്കാമോ?

ഉത്തരം: ഒരാൾക്ക് ഈശ്വര ദർശനത്തായുള്ള ഉത്കൃഷ്ടമായ ഒരാഗ്രഹമുണ്ടായിരിക്കണം. ഒരാൾക്ക് മറ്റൊരാളെ നിർബന്ധിക്കാൻ സാധ്യമല്ല. ഈ ലൗകികകാര്യങ്ങളിൽനിന്ന് മാറി നിൽക്കുകയാണെങ്കിൽ മാത്രമേ, നിങ്ങൾക്ക് ഈശ്വര മാർഗ്ഗത്തിൽ മുന്നോട്ടുപോകാനാവൂ.

ചോദ്യം: ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈശ്വരസാമീപ്യമനുഭവിക്കാതെയുള്ള ജീവിതം അസഹനീയമാണെന്നല്ലേ? ഈ ലോകവും അതിലെ ഭൗതിക വസ്തുക്കളും നമുക്ക് സംതൃപ്തി നൽകുന്നില്ല എന്നല്ലേ?

ഉത്തരം: അതെ! ഈശ്വരദർശനം അനുഭവിയ്ക്കാത്ത ജീവിതം അസഹനീയമാണ്. നിങ്ങളുടെ കർമ്മം അനുഷ്ഠിക്കുക. ഈശ്വരനെ ആരാധിക്കുക. ഈ ലോകത്തിൽ ഒന്നും ശാശ്വതമല്ല. എല്ലാ ലൗകിക വസ്തുക്കളും നശ്വരമാണ്. ശരിയായി ഈശ്വരസ്നേഹം വളർത്തുക. ഈശ്വരനിഷ്ടപ്പെടുന്നതുമാത്രം ചെയ്യുക. ഈശ്വരനുമാത്രമേ നിങ്ങളുടെ ആവശ്യങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ. ഈശ്വരൻ നിങ്ങളുടെ ആവശ്യങ്ങളെ നിറവേറ്റുന്നു. അതിന് നിങ്ങളുടെ പൂർണ്ണമായ അർപ്പണം ആവശ്യമുണ്ട്.

ചോദ്യം: ഈശ്വരദൃഷ്ടി നമ്മിൽ പതിഞ്ഞാൽത്തന്നെ ധാരാളമായോ?

ഉത്തരം: മതി. ഒരുപിടി കഴിച്ചാൽതന്നെ ഭക്ഷണത്തിന്റെ രുചി അറിയാമല്ലോ. അതുപോലെതന്നെയാണ് ഈശ്വരദൃഷ്ടി പതിയുന്നതും.

നാം എല്ലാം സന്തോഷഭരിതരായിരിക്കുവാൻ ഈശ്വരൻ ആവശ്യപ്പെടുന്നു. പക്ഷെ, നാം സകല പ്രവൃത്തികളും നമ്മുടെ ഇഷ്ടത്തിനനുസരിച്ച് ചെയ്യുന്നു. നാമെന്താണോ ചെയ്യേണ്ടിയിരുന്നത് ആ പ്രവൃത്തിയിലല്ല നാം ഏർപ്പെടുന്നത് എന്നത് നമ്മുടെ തെറ്റാകുന്നു. ഒരു രാജാവ് തന്റെ നാട്ടുകാരൊക്കെ സന്തോഷഭരിതരായിരിക്കാൻ ഇഷ്ടപ്പെടുന്നു. എന്നാൽ എപ്പോഴും ഒരാൾ കുറ്റം ചെയ്യുന്നു. അത് രാജാവിന്റെ വീഴ്ചയാണോ? അല്ല. ഈശ്വരദർശനം ലഭിക്കുന്നതുവരെ; നമുക്ക് പൂർണ്ണമായ അറിവുണ്ടായി എന്ന് പറയുക സാദ്ധ്യമല്ല. ഈശ്വരനെ അറിയുന്നില്ലെങ്കിൽ ഒന്നുമറിയുന്നില്ല. അതിനാൽ ആദ്യം ഈശ്വരദർശനത്തിനായി ശ്രമിക്കുക.

ഒരിക്കൽ ആറു കണ്ണുകാണാത്തവർ ആനയെപ്പറ്റി കേട്ടറിഞ്ഞു ചർച്ച ചെയ്യാൻ തുടങ്ങി. അവസാനമവർ ആനയെ കാണാൻ തീർച്ചയാക്കി. ആറുപേരും ചേർന്ന് ആനയുടെ അടുത്ത് ചെന്ന് അതിന്റെ വിവിധ ശരീരഭാഗങ്ങളിൽ തൊട്ടുനോക്കി. ഒരാൾ കാലാണ് തൊട്ടത്. അയാൾ അത് തൂണാണെന്ന് പറഞ്ഞു. അങ്ങിനെ ഓരോരുത്തരും ഓരോ ഭാഗങ്ങൾ തൊട്ട് തങ്ങളുടെ ഭാവനയ്ക്കനുസരിച്ച് വ്യാഖ്യാനിച്ചു. ആർക്കും അതെന്താണെന്ന് മനസ്സിലായില്ല. അതുപോലെ, ഈശ്വരനെക്കുറിച്ചറിയാത്ത നാം ആ കുരുടരെപോലെയാകുന്നു.

ചോദ്യം: ഇരുട്ടുനിറഞ്ഞ മുറിയിൽ ഒരു വിളക്കുമായി കടന്നുചെല്ലുമ്പോൾ നമുക്ക് എല്ലാം കാണാൻ സാധിക്കുന്നു. ഈശ്വരകടാക്ഷം ഈ വെളിച്ചത്തെപ്പോലെയാണെന്നാണോ ബാബ പറയുന്നത്?

ഉത്തരം: അതെ. ഈശ്വര ദർശനമെന്നത് ഒരു ഇരുണ്ട മുറിയിൽ വിളക്ക് കൊളുത്തുന്നതുപോലെയാകുന്നു. ഇപ്പോൾ നാം ഇരുട്ടിനാൽ

അഥവാ അജ്ഞതയാൽ ചുറ്റപ്പെട്ടിരിക്കുന്നു. അതിനാൽ നമുക്കൊന്നും കാണാൻ സാധ്യമല്ല. ഒരു കയറിനെചവിട്ടി പാമ്പാണെന്ന് നാം ധരിക്കുന്നു. ചിന്തകളിലൂടെ നാം പലവിധ സ്വപ്നങ്ങളും കാണുന്നു. അതുപോലെ നാം പലവിധ കാഴ്ചപ്പാടുകളിൽ നിന്നും മുന്നോട്ടു പോവേണ്ടതുണ്ട്.

ചോദ്യം: അങ്ങിനെയെങ്കിൽ ഈശ്വര സാക്ഷാത്ക്കാരം വളരെ എളുപ്പമാകേണ്ടതല്ലേ? ഇന്നുനാമത് ബുദ്ധിമുട്ടുനിറഞ്ഞതാണെന്ന് ധരിച്ചിരിക്കുന്നു.

ഉത്തരം: മഹദ് വ്യക്തികളായ ബുദ്ധനും യേശുവും പറഞ്ഞു തന്ന വഴികൾ ബുദ്ധിമുട്ട് നിറഞ്ഞതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ചോദ്യം: ബാബ! നമ്മൾ തെറ്റു ചെയ്യുന്നത് കർമ്മാനുഷ്ഠാനങ്ങളിലെ വീഴ്ചകളിൽ മാത്രമാണോ? അങ്ങിനെയങ്കിൽ എന്താണതിന് കാരണം.

ഉത്തരം: കർമ്മാനുഷ്ഠാനങ്ങളിലെ വീഴ്ചകളിൽ ഭയപ്പെടരുത്. ആ തെറ്റുകൾ ആവർത്തിക്കാതിരിക്കുക ഈശ്വരനെ ദർശിക്കണമെന്ന ആഗ്രഹത്തിൽ തയ്യാറെടുക്കുക. മരിക്കുകയാണെങ്കിൽ അങ്ങനെയെന്ന് കരുതുക. അതിൽ ചീത്ത ഫലപ്രതീക്ഷയുടെ കാര്യമില്ല. എല്ലായ്പ്പോഴും പുരോഗമനപരമായ കാഴ്ചപ്പാട് സ്വീകരിക്കുക. അങ്ങിനെ ഈശ്വരമാർഗ്ഗത്തിൽ മുന്നേറുക.

ചോദ്യം: ബാബ! ഈശ്വര സാക്ഷാത്ക്കാരത്തിനുവേണ്ടി നമ്മുടെ പ്രയത്നം എത്രത്തോളം ആവശ്യമുണ്ട്?

ഉത്തരം: അതെ-എനിക്കും അങ്ങിനെത്തന്നെയാണ്. അർക്കും നിങ്ങൾക്ക് ഈശ്വരനെ കാണിച്ചുതരാൻ സാധ്യമല്ല. ഈശ്വരസാക്ഷാത്ക്കാരം നേടിയ ഒരു ഗുരുവിന്റെ വചനങ്ങളെ പിന്തുടരുക. ഈശ്വര ദർശനം മാത്രമായിരിക്കണം നിങ്ങളുടെ ലക്ഷ്യം. ധർമ്മമനുഷ്ഠിച്ച് ദൈവിക ഭാവത്തെ പിന്തുടരുക. ഏതു സാഹചര്യത്തിലും നിങ്ങൾ പ്രവർത്തിച്ചു നടപ്പാക്കണമെന്നാഗ്രഹിച്ച കാര്യം നടപ്പിൽവരുത്തുക. ഒന്നും നേടാതെ എങ്ങിനെയാണ് നിങ്ങൾ ധർമ്മം കൊടുക്കുക. ഇന്നു സമ്പാദിക്കുക. എന്നാലേ നാളെ ദാനം കൊടുക്കാൻ സാധിക്കുകയുള്ളൂ. ഈശ്വരസാക്ഷാത്ക്കാരമെന്ന ലക്ഷ്യത്തിനായി നിങ്ങൾക്ക് ചിലതൊക്കെ ത്യജിക്കേണ്ടിവരും. സുഖങ്ങൾ ത്യജിക്കുക. എപ്പോഴും കർമ്മത്തിൽ വ്യാപൃതരായി ഈശ്വരനെ ഓർക്കുക.

വെണ്ണയെടുക്കാൻ നാം തൈര് കടയേണ്ടതുണ്ട്. അതുപോലെയാണ് ഈ പ്രപഞ്ചത്തിൽ ഈശ്വരനും. മനസ്സിനെ കടഞ്ഞു പാക

പ്പെടുത്തിയെടുക്കുമ്പോൾ ഈശ്വരദർശനം സാധ്യമാകുന്നു. അതു മാത്രമാണ് ജനന-മരണ ചക്രത്തിൽനിന്ന് മോചനം നേടാനുള്ള മാർഗ്ഗം. സ്വന്തം പ്രവൃത്തികൾ കുറയ്ക്കുക. അതിൽ സമ്പാദ്യശീല വുമാകാം. ഈശ്വരവിചിന്തനത്തിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുക.

ചോദ്യം: ബാബ! എന്നാണ് നമുക്ക് സ്വതന്ത്രരാവാൻ സാധിക്കുക?

ഉത്തരം: മറ്റൊരാളുടെ ഗൃഹത്തിൽ ചുറ്റിത്തിരിയാനും നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാനും സാധിക്കുമോ? ഈ ലോകവും മറ്റൊരാളുടെ ഗൃഹമാണെന്നോർക്കുക. ഈശ്വരസാക്ഷാ ത്ക്കാരം നേടിയതിനുശേഷം നിങ്ങൾ സ്വതന്ത്രരാവുന്നു.

ചോദ്യം: നമുക്ക് ഈശ്വരന്റെ ശക്തി പൂർണ്ണമായും ഉൾക്കൊള്ളാനാ വുമോ?

ഉത്തരം: ആകാശത്തിന്റെ അതിർത്തി നിർണ്ണയിക്കാൻ നമുക്ക് ഒരി ക്കലും സാധ്യമല്ല. അതുപോലെ ഈശ്വരഭക്തി നമുക്ക് ഒരിക്കലും ലഭ്യമാകുകയില്ല. ഈശ്വരൻ കടൽപോലെയാണ്. ഈ പ്രപഞ്ച ത്തിലെ സകല വസ്തുക്കളും ആ സമുദ്രത്തിലെ തിരമാലകളാകു ന്നു. എപ്പോഴും സ്വീകാര്യമായ നിലപാടെടുക്കുക. നമുക്ക് ഈശ്വര മഹത്വം വാക്കുകളാൽ പ്രകടിപ്പിക്കാൻ സാധ്യമല്ല.

ചോദ്യം: എങ്ങിനെയാണ് നമുക്ക് ഈശ്വരനിൽ വിശ്വാസം വളർത്താ നാവുക?

ഉത്തരം: നിങ്ങളിപ്പോൾ ഇവിടെയാണ്. നിങ്ങൾ എന്നെ കാണുന്നുണ്ട്. ഞാൻ നിങ്ങളെയും. നാം ഈ ലോകത്തിലെ പലതും കണ്ടുകൊ ണ്ടിരിക്കുന്നു. ആരാണ് ഇതൊക്കെ സൃഷ്ടിച്ചത്? തീർച്ചയായും ആരോ ഉണ്ട്. ഇങ്ങിനെ പല ചോദ്യങ്ങളും തുടക്കത്തിൽ നമ്മുടെ മനസ്സിൽ ഉയർന്നുവരും. നാം സ്വയം ഉത്തരം കണ്ടെത്തി മുന്നോട്ടു പോവുക യാണെങ്കിൽ, നമുക്ക് ഈശ്വര വിശ്വാസം വളർത്താനാവും.

ചോദ്യം: എങ്ങിനെയാണ് സമൂഹത്തിൽ അന്തസ്സും ധാരാളം പണവും നേടുക എന്ന് പറഞ്ഞുതരുമോ?

ഉത്തരം: എന്റെ പീടികയിൽ ഈശ്വരവിചിന്തനത്തിനുള്ള വസ്തുക്കൾ മാത്രമേയുള്ളൂ. നിങ്ങൾക്ക് ഈ വിഷയങ്ങൾക്ക് പുറത്തുള്ള കാര്യ ങ്ങൾ വേണമെന്നുണ്ടെങ്കിൽ, മറ്റെവിടെയെങ്കിലും പൊയ്ക്കൊള്ളുക!

ചോദ്യം: ഈശ്വരനിൽ വിശ്വാസം വളരുന്നുണ്ടെന്ന് എങ്ങിനെയാണ് നാമറിയുക?

ഉത്തരം: നിങ്ങൾ ആവശ്യമില്ലാത്ത ലൗകിക കാര്യങ്ങളിൽനിന്ന് അക

ലാൻ ശീലിച്ചുവെങ്കിൽ അതിനർത്ഥം നിങ്ങൾ ഈശ്വരനിൽ വിശ്വാ സമാർജ്ജിക്കുന്നു എന്നതാണ്. ചുറ്റുമുള്ള ലോകത്ത് ഉഴന്നു നടക്കുന്നു എന്നതിനർത്ഥം നിങ്ങൾക്ക് ഈശ്വരവിശ്വാസം കുറവാണ് എന്നാണ്. ഈശ്വരൻ നിങ്ങളുടെ കൂടെയുണ്ടെന്നും, ആ ശക്തി പ്രയോജനപ്രദ മായ ഒരുയാത്രയിൽ വഴികാട്ടുമെന്നും എപ്പോഴും ഓർക്കുക. നിങ്ങൾ ശ്രമിച്ചാൽ ഈശ്വരൻ എപ്പോഴും നിങ്ങളെ സഹായിക്കാൻ തയ്യാറാ ണെന്നറിയുക. എപ്പോഴും ഈശ്വരനെ ഓർക്കുന്നത്; എന്തിലും ഏതിലും ഓർക്കുന്നത്; ശത്രുവിനെ സകലമൂലയും ചേർന്ന് വളയു ന്നതിനു തുല്യമാകുന്നു.

ഭാഗവതത്തിലെ സുദാമാവിന്റെ കഥ ഓർക്കുക. ദരിദ്രനായിരു ന്നിട്ടുകൂടി അദ്ദേഹം എപ്പോഴും ഈശ്വരനെ ഓർത്തു ജീവിച്ചു. ഈശ്വ രാനുഗ്രഹത്താൽ അദ്ദേഹത്തിന് സമ്പത്തും സന്തോഷവും വന്നു ചേർന്നു. സന്തോഷവും ദുഃഖവും ഋതുക്കൾപോലെയാകുന്നു. പല കാലത്തായി ചൂടും തണുപ്പും വേനൽക്കാലത്തും മഞ്ഞുകാലത്തും വന്നു പോകുന്നില്ലേ. ചില അവസരങ്ങളിൽ നാം പൊടുന്നനെ സന്തോ ഷഭരിതരാവുകയും ദുഃഖിതരാവുകയും ചെയ്യുന്നു. സന്തോ ഷത്തെമാത്രം തേടിപ്പോകാതിരിക്കുക. കുചേലൻ ചെയ്തതുപോലെ പുറമെ ദരിദ്രനായി ലളിതജീവിതം നയിച്ചും; ആന്തരികമായി-മാന സികമായി-ശരിയായ ജീവിതം നയിച്ചും ഈശ്വരനെ ധ്യാനിച്ചും ജീവി ക്കുക. എല്ലാ ഉയർച്ചയും സാധ്യമാകും.

ചോദ്യം: പക്ഷെ ബാബ! ജീവിതം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ നമുക്ക് നല്ല വീടും അന്തരീക്ഷവും, പണവും, മറ്റ് ആവശ്യമുള്ള വസ്തുക്കളും കൂടാതെ കഴിയില്ലല്ലോ. അങ്ങിനെയല്ലേ?

ഉത്തരം: ജീവൻ നിലനിർത്താനും നിത്യവൃത്തി കഴിച്ചുകൂട്ടാനും നമുക്ക് ഒരു യോജിച്ച വീടുവേണം. നാം ആവശ്യമുള്ള വസ്തുക്കൾ ശേഖരിക്കുമ്പോൾ അവ ഈശ്വരമാർഗ്ഗത്തിൽ നമ്മെ സഹായിക്കു ന്നതാണെന്ന് ഉറപ്പുവരുത്തണം. മനസ്സിനെ നിയന്ത്രിക്കാൻ സാധി ച്ചാൽ നിങ്ങൾക്ക് ഈശ്വര സാക്ഷാത്ക്കാരം നേടിയ ഒരു വ്യക്തിയെ പ്പോലെ ജീവിതം നയിക്കാവുന്നതാണ്.

ചോദ്യം: ഈശ്വരനെക്കുറിച്ചറിയാൻ ശാസ്ത്രഗ്രന്ഥങ്ങൾ പാരായണം ചെയ്താൽ മതിയോ?

ഉത്തരം: ഈശ്വരനെക്കുറിച്ചുള്ള പരാമർശങ്ങൾ കൊണ്ടുമാത്രം അറിവു പൂർണ്ണമാകുന്നില്ല. ഒരു മാങ്ങ തിന്നുമ്പോൾ മാത്രമേ അതിന്റെ സ്വാദ് നിങ്ങളുടെ നാവിലൂറുന്നുള്ളൂ. ഒരു പൂവെടുത്ത് മണക്കുമ്പോൾ

മാത്രമേ അതിന്റെ പരിമളം അറിയുന്നുള്ളൂ. അതുപോലെ നിങ്ങളും ഈശ്വരനെ ദർശിക്കുക. വെറും വിവരണങ്ങൾ അപ്രായോഗികമാണ്. നിങ്ങൾ തന്നെ ഈശ്വരസാക്ഷാത്ക്കാരത്തിനായി യത്നിക്കുക. അങ്ങിനെ ഈശ്വരന്റെ സൗന്ദര്യം നിങ്ങളറിയുക.

ചോദ്യം: നാം ലൗകിക ചിന്തകളിൽ പെട്ടുഴന്നാൽ എന്താണ് സംഭവിക്കുക?

ഉത്തരം: നിങ്ങളുടെ ഊർജ്ജവും സമയവും നഷ്ടപ്പെടും. നിങ്ങൾ സമയം ഈശ്വരാന്വേഷണത്തിനുപയോഗിക്കുക. സൂര്യരശ്മികൾ ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ചാൽ കൊടുംചൂട് ഉണ്ടാവും. അല്ലെങ്കിൽ നമുക്ക് അധികം ചൂട് അനുഭവപ്പെടുന്നില്ല. നാമെങ്ങനെയാണ് ജന്മ മൃത്യു ചക്രത്തിൽ നിന്നു മോചിതരാവുക? ഇതും ഈശ്വരചിന്തതന്നെയാണ്. കുട്ടികരയുമ്പോൾ അമ്മയ്ക്കറിയുന്നു. അതിന് ഭക്ഷണത്തിന് കാലമായെന്ന്. അതുപോലെ ധ്യാനത്തിലേർപ്പെട്ടും അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലുമല്ലാതെ ഈശ്വരൻ നിങ്ങളുടെ മുന്നിലവതരിക്കുകയില്ല. ഒരു സ്ത്രീലമ്പടൻ അയാളുടെ സ്നേഹിതയെക്കുറിച്ചുമാത്രം ചിന്തിക്കുന്നതുപോലെയും; ഒരു പിശുക്കൻ പണത്തിനുള്ള ദുരയാൽ അതിനുപിറകെ ഓടുന്നതുപോലെയും നിങ്ങൾ ഈശ്വര ചിന്തയിൽ മുഴുകുക. കിടക്കുന്നതിന് മുമ്പ് ഈശ്വരനെ ഓർക്കുക. ഈശ്വര ദർശനം നിങ്ങൾക്ക് ഉറക്കത്തിൽ സ്വപ്നരൂപേണ ലഭിക്കും.

ചോദ്യം: ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ ഒരന്ധന് കാഴ്ചശക്തി ലഭിക്കുമെന്നും, ഊമയായ വ്യക്തിക്കു സംസാരിക്കാനാവുമെന്നും, ഒരു മുടന്തന് പർവ്വതാരോഹണം ചെയ്യാനാവുമെന്നും ശാസ്ത്രങ്ങളിൽ പറയുന്നുണ്ടല്ലോ. എന്താണ് അതുകൊണ്ട് അർത്ഥമാക്കുന്നത്?

ഉത്തരം: നിങ്ങൾക്ക് ഈശ്വരനിൽ വിശ്വാസമുണ്ടായിരിക്കണം. പ്രഹ്ലാദന് മരത്തൂണിൽകൂടി ഈശ്വരസാന്നിധ്യം ഉണ്ടെന്ന് ഉറപ്പുണ്ടായിരുന്നു. ഇതാണ് സത്യം. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ നിങ്ങൾക്ക് എന്തും ലഭിക്കും. ഞാൻ ഈശ്വരനെ ദർശിയ്ക്കുന്നു, ഞാൻ ഈശ്വരനോട് പ്രാർത്ഥിക്കുന്നു, ഞാൻ ഈശ്വരനിലേക്ക് അടുക്കുന്നു; ഇതായിരിക്കണം നിങ്ങളുടെ അവസ്ഥ.

ചോദ്യം: ബാബ! ഇത് അഹങ്കാരംതന്നെയല്ലേ?

ഉത്തരം: അല്ല! ഇത് അഹങ്കാരമല്ല. നിങ്ങളുടെ ഏകലക്ഷ്യം ഈശ്വര ദർശനമായിരിക്കണം. ഈശ്വരൻ നിങ്ങളെ സംരക്ഷിക്കും. ജീവിതാവസാനം വരെ ഈശ്വരൻ നിങ്ങളുടെ പ്രവൃത്തികളെ സൂക്ഷ്മനിരീക്ഷണം നടത്തുന്നുണ്ടെന്ന് കരുതണം. മരണാനന്തരം നിങ്ങൾ നേടി

യവയുടെ ഫലങ്ങൾ നിങ്ങളെ തേടിയെത്തുമെന്നും കരുതുക. ഈശ്വരൻ ചെയ്യുന്നതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ എന്തും നിങ്ങളുടെ ഉത്ക്കർഷത്തിനു വേണ്ടിയാകുന്നു എന്ന ചിന്ത നിങ്ങളിലുണ്ടാവണം. അങ്ങിനെ നിങ്ങൾ എപ്പോഴും ഈശ്വരനെ വാഴ്ത്തണം. ആവശ്യമെങ്കിൽ ഈശ്വരനെ നിന്ദിച്ചു പറയാം- പ്രത്യേകിച്ചും ചിന്തിക്കാൻ സമയം ലഭിക്കാത്തതിന് നിങ്ങൾ ആത്മാർത്ഥമായി ഈശ്വരനെ ആഗ്രഹിച്ചാൽ; ഈശ്വരൻ നിങ്ങളെ സകല പ്രതിബന്ധങ്ങളിൽ നിന്നും രക്ഷിക്കും. അതിൽ അകാലമരണവും ഉൾപ്പെടും. രാമകൃഷ്ണ പരമഹംസൻ വാളെടുത്ത് മരിക്കാനായി പുറപ്പെടുമ്പോൾ ഈശ്വരനാണ് അദ്ദേഹത്തെ രക്ഷിച്ചത്. പ്രഹ്ലാദൻ അഗ്നിയിലേക്ക് എറിയപ്പെട്ടെങ്കിലും ഈശ്വരൻ രക്ഷിച്ചു.

ചോദ്യം: ബാബ! നമുക്ക് ഈശ്വരനെ ധ്യാനിക്കുവാൻ ഒരു രൂപം ആവശ്യമുണ്ടെന്നും ഇല്ലെന്നും പറയുന്നുണ്ടല്ലോ. അതിൽ ഏതാണ് ശരിയെന്ന് ഒന്നു പറഞ്ഞുതരുമോ?

ഉത്തരം: ചിലർ പറയും ഈശ്വരധ്യാനത്തിന് രൂപം ആവശ്യമുണ്ടെന്ന്. ചിലർ മറിച്ചും. ശരിക്കുപറഞ്ഞാൽ രണ്ടുകൂട്ടരും പറയുന്നത് ശരിയല്ല. തുടക്കത്തിൽ ഒരു രുപമുണ്ടായിരിക്കുന്നതാണ് നല്ലത്. നാം എന്തെങ്കിലും വസ്തു തയ്യാറാക്കുമ്പോൾ അതിന്റെ വലുപ്പം, വർണം, രുപം എന്നിവ ആലോചിക്കുന്നില്ലെ. നാം എപ്പോഴും ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. ആരാണോ ഈശ്വരദർശനത്തിന് മുതിരുന്നത്, വേണമെങ്കിൽ ആ വ്യക്തിക്ക് രൂപത്തോടെയോ അല്ലാതെയോ ധ്യാനത്തിലേർപ്പെടാം. ഒരുഘട്ടത്തിലെത്തിചേർന്നാൽ മാത്രമേ നമുക്ക് ഇത് മനസ്സിലാവുകയുള്ളു. അതിനാൽ നമുക്ക് ശരിയായ ജീവിതം നയിക്കുന്നതിന് ഈശ്വരസാക്ഷാത്ക്കാരം നേടിയ ഒരു ഗുരു ആവശ്യമാകുന്നു.

ചോദ്യം: ഈശ്വരദർശനത്തിന് നാം എന്തെങ്കിലും പ്രത്യേക വിദ്യാഭ്യാസം നേടേണ്ടതുണ്ടോ? അക്ഷരജ്ഞാനമില്ലാത്തവനും ഈശ്വരദർശനം സാധ്യമാണോ?

ഉത്തരം: ഈശ്വര സാക്ഷാത്ക്കാരത്തിന് പാണ്ഡിത്യം ആവശ്യമില്ല. അന്വേഷകന് ഈശ്വരദർശനത്തിനായി ആത്മാർത്ഥമായ ആഗ്രഹം ഉണ്ടായിരിക്കണം. ഈശ്വരസാക്ഷാത്ക്കാരത്തിനായുള്ള മാർഗ്ഗം എന്നത് വളരെ തടസ്സങ്ങൾ നിറഞ്ഞ വഴിയാകുന്നു. നാം ശരിയായ ജീവിതത്തിൽ നിഷ്കർഷ ചെലുത്തുക. അതുമാത്രമാണ് തടസ്സങ്ങളെ നീക്കാനുള്ള ഒരേയൊരു പോംവഴി. അങ്ങിനെ മുന്നോട്ടു പോവുക.

ഒരു ദിവസം നമുക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കും.

ചോദ്യം: എങ്ങിനെയാണ് ബുദ്ധിയെ കൂർമ്മതയുള്ളതാക്കുക?

ഉത്തരം: അറിവില്ലായ്മയാലും, ചീത്ത കൂട്ടുകെട്ടുകളാലും മനുഷ്യൻ അവിവേകത്തോടെ പലതും ചെയ്യും. വിവേകത്തിന്റെ അഭാവത്തിൽ ബുദ്ധിയെ മൂർച്ചയുള്ളതാക്കാൻ എളുപ്പമല്ല. കർമ്മങ്ങളനുഷ്ഠിച്ച് മുന്നോട്ടു പോകുമ്പോൾ നിങ്ങളിൽ ദൈവികഭാവം ഉൾച്ചേരുന്നു. അത് ബുദ്ധിയെ കൂടുതൽ കൂർമ്മതയുള്ളതാക്കാൻ സഹായിക്കുന്നു.

ചോദ്യം: ജീവിതത്തിൽ ഈശ്വരസാക്ഷാത്ക്കാരം വേണമെന്നുണ്ടെങ്കിൽ നാം എന്താണ് ചെയ്യേണ്ടത്?

ഉത്തരം: നാം ഈശ്വരനെ പൂർണ്ണമായി സ്നേഹിക്കുക, ഒപ്പം ജീവിതത്തെ വെറുക്കാൻ പഠിക്കുക. ബുദ്ധനെയും ധ്രുവനെയും പോലെ ഉറച്ച തീരുമാനമെടുക്കുക. മരണത്തിന് കീഴടങ്ങിയാൽക്കൂടി ഈശ്വര സാക്ഷാത്ക്കാരം നേടുമെന്ന് ഉറപ്പിക്കുക. ഈശ്വര സാക്ഷാത്ക്കാരം നേടിയിട്ടില്ലെങ്കിൽ ജീവിതം അസഹനീയമാണ്. നിങ്ങൾ ഈ ചിന്ത വളർത്തിയെടുക്കുക. അന്വേഷകനൊരു ബുദ്ധമതാനുയായിയാണെങ്കിൽ തീർച്ചയായും അയാൾ ശാസ്ത്രങ്ങളിൽ, ത്രിപിടകത്തിന്റെ അർത്ഥവുമറിഞ്ഞിരിക്കണം. ബുദ്ധന് ഈശ്വര സാമീപ്യം ലഭിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അറിഞ്ഞിരിക്കണം. ഇതൊക്കെ ബുദ്ധവചനങ്ങളിലെ അന്തഃസത്തയാകുന്നു.

സമാനമായി കൃഷ്ണനും അർജ്ജുനനും ഗീതയിൽ പറയുന്ന സ്തുതികളും പഠിച്ചു മനസ്സിലാക്കുക. അതിലെ വിശ്വാസത്തിൽ ഓർക്കുക. ഈശ്വരനെ ഏറ്റവും ഉയർന്ന തലത്തിൽ ഓർക്കുകയും ബഹുമാനിക്കുകയും ചെയ്യുക. ഈശ്വരാനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഒപ്പം ഈശ്വരധ്യാനത്തിനായി കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് പ്രാർത്ഥിക്കുക.

ചോദ്യം: ഈശ്വരനെക്കുറിച്ച് ദേഷ്യപ്പെട്ട് പറയുന്നത് ദോഷകരമല്ലേ?

ഉത്തരം: അതിൽ ദോഷമൊന്നുമില്ല. നിങ്ങൾക്ക് ദേഷ്യപ്പെടാൻ ഒരു ശക്തി കൈവരുന്നതിന് ഈശ്വരാനുഗ്രഹം വേണമല്ലോ.

ചോദ്യം: ആധുനിക ലോകത്ത് ഈശ്വര സാക്ഷാത്ക്കാരം നേടുക സാധ്യമാണോ?

ഉത്തരം: സാധ്യമാണ്. വളരെയെളുപ്പത്തിൽ ചെയ്യാവുന്ന ഒരു കാര്യം ശ്രദ്ധിക്കണമെന്നുമാത്രം. അത് ഈശ്വരസാക്ഷാത്ക്കാരം നേടിയ ഒരു ഗുരുവിന്റെ വചനങ്ങളെ പിന്തുടരുക എന്നതാകുന്നു. ഒരു ദിവസം

നിങ്ങൾക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കും. നിങ്ങൾ യമ നിയമങ്ങൾ പരിശീലിക്കണം. അത് നിങ്ങളുടെ മനസ്സിനെയും, ബുദ്ധിയെയും, ആത്മാവിനെയും ശുദ്ധീകരിക്കും. അത് ഈശ്വരസാക്ഷാത്ക്കാരം സാധ്യമാക്കും.*

ചോദ്യം: ശാസ്ത്രങ്ങളിൽ കൃഷ്ണൻ പൂർണ്ണ ഈശ്വരാവതാരമാണെന്ന് പറയുന്നു. എന്നാൽ മറ്റു പലരും ഭാഗികമാണെന്ന് പറയുന്നു ഇതിൽ ഏതാണ് സത്യം?

ഉത്തരം: സകല സൃഷ്ടികളുടെയും, ശക്തികളുടെയും, അറിവിന്റെയും ആനന്ദത്തിന്റെയും അടിസ്ഥാനം ഒന്നുതന്നെയാകുന്നു. അതിനെ നമുക്ക് ഏതു പേരിട്ടും വിളിക്കാം. രാമനെന്നും, കൃഷ്ണനെന്നും, ഈശ്വരനെന്നും, അല്ലാഹുവെന്നും പലരും പലരീതിയിൽ വിളിക്കാൻ ഇഷ്ടപ്പെടുന്നു. ഈ ലോകത്തിലെ സകലതും ഈശ്വരസൃഷ്ടികളാണെന്ന് നിങ്ങളറിയുക. ലോകം ഉണ്ടാവുന്നതിനു മുമ്പെ ഈശ്വരനുണ്ട്. ലോകത്തിന്റെ ഉയർച്ചയിലും നാശത്തിലും ഈശ്വരസാന്നിധ്യമുണ്ട്. ഈശ്വരനൊന്നുതന്നെയാണ്. അതിന് വ്യത്യാസം വരിക വയ്യ.

പണ്ഡിതന്മാർ കൃഷ്ണന് പതിനാറ് കലകളുണ്ടെന്ന് പറയുന്നു. കൃഷ്ണന് പൂർണ്ണമായ അറിവും, അടിസ്ഥാനമായ കാര്യങ്ങളെ കൂട്ടിച്ചേർക്കാനുള്ള ശക്തിയുമുണ്ട്. മറ്റ് അവതാരങ്ങൾ അവയിൽ തന്നെ ലയിക്കാറില്ല. അവ എന്നത് അടിസ്ഥാനത്തെയും സത്യത്തിന്റെ സാക്ഷാത്ക്കാരത്തെയും ഉദ്ദേശിക്കുന്നു. അറിവുള്ളവർ കൃഷ്ണനെ ഒരു പൂർണ്ണ അവതാരമായി കരുതുന്നു. അതിനു മുകളിൽ പറഞ്ഞ വിവരണം മതിയാകുകയും ചെയ്യുന്നു. ശരിക്കു പറഞ്ഞാൽ പ്രപഞ്ച

---

* *ഭാഗവതത്തിൽ പന്ത്രണ്ടുതരം യമനിയമങ്ങൾ ഉണ്ടെന്ന് പറയുന്നു;*

യമം അഥവാ സംയമം: 1. അഹിംസ. 2. സത്യസന്ധത. 3. കക്കാതിരിക്കുക. 4. ചീത്തകൂട്ടുകെട്ടുകളിൽപ്പെടാതെ ശ്രദ്ധിക്കുക. 5. ലജ്ജയുള്ളവനാകുക. 6. സമ്പാദിക്കാതിരിക്കുക. 7. ഈശ്വരചിന്ത. 8. മൗനം അനുഷ്ഠിക്കുക. 9. നേരെനിൽക്കുക. 10. മാപ്പു കൊടുക്കുക. 11. പേടിയില്ലാതിരിക്കുക.

നിയമം അഥവാ തത്വങ്ങൾ: 1. ആന്തരിക ശുദ്ധീകരണം. 2. ബാഹ്യശുദ്ധീകരണം. 3. ജപം. 4. ധ്യാനം. 5. ഹവനം. 6. ശ്രദ്ധ അഥവാ വിശ്വാസം. 7. അതിഥികളെ പരിചരിക്കുക. 8. ഈശ്വരാരാധന. 9. ദൈവിക ചിന്തയോടെയുള്ള തീർത്ഥാടനം. 10. പരോപകാരം. 11. ഗുരുക്കൻമാരെ പരിചരിക്കുക.

സ്രഷ്ടാവായ ഈശ്വരനൊഴിച്ച് വെറെയൊന്നുമില്ല.

ചോദ്യം: അങ്ങിനെയെങ്കിൽ കൃഷ്ണൻ വളരെ ഉയർന്നു നിൽക്കുന്ന ദേവതയല്ലേ? ക്രിസ്തു, ബുദ്ധൻ തുടങ്ങിയവരിൽനിന്നും വലിയവനല്ലേ?

ഉത്തരം: ഇല്ല-ഇങ്ങിനെ താരതമ്യപ്പെടുത്തി പറയരുത്. പേരുകൾ പറയുന്നത് വെറുതെ വാഗ്വാദത്തിനാണ്. എല്ലാവരും സ്വതന്ത്രരായി അവർക്കിഷ്ടമുള്ള ഉയർന്ന ശക്തിയുടെ പേർ പറയുന്നു. ഒരാൾ ക്രിസ്തുവാണ് ഉയർന്നവനെന്നു പറയുമ്പോൾ മറ്റൊരാൾ കൃഷ്ണനെയും, പലരും രാമനെയും, ശിവനെയും, ദുർഗ്ഗയെയും പറ്റി പറയുന്നു. എല്ലാം വ്യക്തികളുടെ ഇഷ്ടങ്ങളാണ്. ഒരുകാര്യം മാത്രമേയുള്ളൂ. ഏതൊരു ശക്തിയിലാണ് അയാൾക്ക് വിശ്വാസമെങ്കിൽ അതാണ് വലിയ ശക്തിയെന്ന് അയാൾ പറയുന്നു. ചിലർ ജലത്തെ ശാസ്ത്രീയമായി H_2O എന്നു പറയുന്നു. ചിലർ വെള്ളമെന്നും. നിങ്ങൾ ജലത്തെ H_2O എന്നുമാത്രമേ വിളിയ്ക്കുന്നുള്ളുവെങ്കിൽ അത് നിങ്ങളുടെ തെറ്റാണ്. ഒരു പേരിനെ മറ്റൊരു പേരുമായി താരതമ്യപ്പെടുത്തരുത്. നമുക്ക് ഈശ്വരദർശനത്തിനായി തീവ്രമായ ഒരു വാഞ്ഛയുണ്ടായിരിക്കണം. ഈശ്വരനെ പ്രീതിപ്പെടുത്താനുള്ള ഗുണങ്ങൾ നാം നേടിയിരിക്കണം. അറിവില്ലായ്മയിൽ നാം പേരുകളെ ചൊല്ലി കലഹിക്കുന്നു. അത് മനുഷ്യൻമാർ തമ്മിലുള്ള കലഹത്തിന് കാരണമാകുന്നു.

ചോദ്യം: എന്റെ സുഹൃത്തുകൾ പലപ്പോഴും മുസ്ലിം-ക്രിസ്ത്യൻ പള്ളികളിലും അമ്പലങ്ങളിലും പോവുന്നുണ്ട്. നാമതിനെ ചീത്ത പറയാറുണ്ട്. അത് ശരിയാണോ?

ഉത്തരം: ഈ സ്ഥലങ്ങളിൽ പോവുന്നതിന് ആളുകളെ നാം വിലയിരുത്തരുത്. ഒരു ഈശ്വരാന്വേഷകന് വേണമെങ്കിൽ ഈ സ്ഥലങ്ങളിൽ പോകാം. അത് നന്മയെ സ്വാംശീകരിക്കുന്നതിന് സഹായിക്കും. നിങ്ങൾക്ക് ഈശ്വരസാന്നിധ്യം എവിടെയുമുറപ്പിക്കാം. ഈശ്വരചിന്തയിൽ വീണ്ടും വീണ്ടും ആഴത്തിലിറങ്ങിച്ചെല്ലുമ്പോൾ നിങ്ങൾക്ക് ഈശ്വരസാക്ഷാത്ക്കാരം കുറഞ്ഞ സമയംകൊണ്ടുതന്നെ ലഭിക്കുന്നു.

ഹിന്ദുമതം അനുശാസിക്കുന്നത് നാം ഈശ്വരനിൽ വിശ്വാസം ആർജ്ജിച്ച് പൂർണ്ണമായി ഈശ്വരസമർപ്പണം നടത്തണമെന്നാകുന്നു. മറ്റൊരർത്ഥത്തിൽ യോഗവും യോഗാസനങ്ങളും ഈശ്വരദർശനത്തിന് ആവശ്യമില്ല എന്നുതന്നെയാകുന്നു. സ്വയം യത്നമില്ലാതെ നിങ്ങൾക്ക് ഈശ്വരനെ ദർശിക്കാൻ സാധ്യമല്ല. അതിനാൽ ഈശ്വരനെക്കുറിച്ച്

ചിന്തിക്കുന്നതിനു സമയം കണ്ടെത്തുക. എന്റെ ഗുരു എന്നെ പഠിപ്പിച്ചതിതാണ്.

ഉദ്ധവൻ അനേകവർഷക്കാലം കൃഷ്ണനെ പരിചരിച്ചു. കൃഷ്ണൻ ശരിയായ ജീവിതത്തെക്കുറിച്ച് വിസ്തരിച്ചു പറഞ്ഞുകൊടുത്തു. അവസാനം ബദരിയിലേക്ക് ഹിമാലയ സാനുക്കൾ കയറി തപസ്സിനായി പോകാൻ ഉപദേശിച്ചു. ഈശ്വരൻ അഥവാ ഗുരു നിങ്ങൾക്ക് ഒരു വഴികാണിച്ചുതരും. അത് ഈശ്വരനിലേക്കുള്ളതുതന്നെയായിരിക്കും. നിങ്ങൾ ഒറ്റയ്ക്ക് യാത്രചെയ്യേണ്ടിവരും. ഗുരുവിന്റെ വചനത്തെ ശ്രദ്ധിച്ചു പരിശീലനം തുടങ്ങുക. ഗുരുവചനമില്ലാതെ നിങ്ങൾക്ക് ഈശ്വരദർശനം സാധ്യമല്ല.

ചോദ്യം: അതിനാൽ നാം ധൃതിയിൽ ഈശ്വരദർശനത്തിന് ശ്രമിക്കേണ്ടതുണ്ടോ?

ഉത്തരം: വേണം. നിങ്ങളിതാ വീടുവിട്ട് എന്നെ കാണാൻ വന്നിരിക്കുന്നു. എന്നെ കാണലാണ് നിങ്ങളുടെ പ്രധാന ആഗ്രഹം. അതിനാൽ വരുന്ന വഴിയിൽ പലതും കണ്ടുവെങ്കിലും നിങ്ങൾ ശ്രദ്ധിക്കുകയുണ്ടായില്ല. അതുപോലെ ഈശ്വരമാർഗ്ഗത്തിൽ നിങ്ങൾ നിന്നുപോകാതെ സാക്ഷാത്ക്കാരത്തിനായി പരിശ്രമിക്കുക. ശരിക്കുപറഞ്ഞാൽ ഈശ്വരദർശനം ഉയർന്ന മൂല്യമുള്ള ഒരു കാര്യമാകുന്നു. ഈശ്വരദർശനം നേടിയില്ലെങ്കിൽ ജീവിതം അസഹനീയമാകുന്നു. അതിനാൽ ആദ്യം ഈശ്വരദർശനത്തിനായി ശ്രമിക്കൂ. ലോകനിയമങ്ങളും ഈശ്വരനിയമവും വ്യത്യസ്തമാണ്. നന്നായി പ്രവൃത്തിച്ചാൽ നിങ്ങൾക്ക് നല്ല ഫലവും പാരിതോഷികവും ലഭിക്കുന്നില്ലേ? അതുപോലെ ചീത്ത പ്രവൃത്തിച്ചാൽ ശിക്ഷയും ലഭിക്കുന്നു.

ചോദ്യം: ഏതുതലത്തിലാണ് നമുക്ക് ഈശ്വരദർശനം സാധ്യമാകുക?

ഉത്തരം: മനസ്സും, ബുദ്ധിയും ആത്മാവും ശുദ്ധീകരിക്കപ്പെട്ടാൽ നിങ്ങൾക്ക് ഈശ്വരനെ ദർശിക്കാനാവും.

ചോദ്യം: എന്നാണ് നമുക്ക് ഇതൊക്കെ തെളിമയുള്ളതാക്കാനാവുക?

ഉത്തരം: നിങ്ങളുടെ കർമ്മങ്ങൾ വിവേകത്തോടെ വിവേചനരഹിതമായി ചെയ്തുതീർക്കുമ്പോൾ, മനസ്സിൽ മറ്റൊന്നുമില്ലാത്ത അവസ്ഥ വരുമ്പോൾ മനസ്സ് ശുദ്ധീകരിക്കപ്പെടുന്നു. നിങ്ങളുടെ പ്രവൃത്തികളുടെ അനുകൂലമായ ഫലങ്ങൾ കിട്ടിത്തുടങ്ങുമ്പോൾ ബുദ്ധിശരിയാണെന്ന് നിങ്ങൾ ധരിച്ചുകൊള്ളുക. ഈശ്വരവിചാരത്തിൽ മുഴുകുമ്പോൾ നിങ്ങളുടെ ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു.

ചോദ്യം: ഈശ്വരൻ സകലതിലും അന്തർലീനമായിട്ടുണ്ട്, ഈശ്വരൻ ശക്തമാനാണ് എന്നൊക്കെ നാം കേൾക്കുന്നുണ്ട്. പക്ഷെ ഒരിടത്തും നമുക്ക് ഈശ്വരനെ കാണാൻ കഴിയുന്നില്ല. എന്തുകൊണ്ടാണ്?

ഉത്തരം: നിങ്ങൾക്ക് അനേകം വേലക്കാരുണ്ടെന്ന് കരുതുക. നിങ്ങൾ അവർക്ക് കൂലികൊടുക്കുന്നത് അവരുടെ പണി ചെയ്യാനുള്ള സന്നദ്ധത നോക്കിയായിരിക്കും. ഒരുതരത്തിൽ പറഞ്ഞാൽ നിങ്ങളാണെല്ലാം. മറ്റൊരുവശത്ത് നിങ്ങൾ ആരുമല്ല. കാരണം നിങ്ങൾ ആളുകളുടെ കഴിവുകൾ നോക്കിക്കൊണ്ടിരിക്കുന്ന വ്യക്തിമാത്രമാകുന്നു. അതുപോലെ ഈശ്വരനാണ് സകലതുമെന്ന് പറയാം. പക്ഷെ, കർമ്മങ്ങളനുഷ്ഠിക്കാതെ, ഈശ്വരൻ നിങ്ങളുടെ മുന്നിൽവരികയില്ല. നിങ്ങളുടെ കർമ്മം ഈശ്വരനെ ഓർക്കുക എന്നതാകുന്നു. ഈശ്വരനെ നിങ്ങൾ ഓർക്കുമ്പോൾ ഈശ്വരൻ നിങ്ങളുടെ മുന്നിൽ വരുന്നു, അല്ലെങ്കിൽ ഒരിക്കലും അടുത്ത് വരികയില്ല.

ചോദ്യം: മനുഷ്യൻ ശരിയായ വഴിയിലൂടെയാണ് പോകുന്നതെന്ന് എങ്ങിനെയാണ് നാം അറിയുക?

ഉത്തരം: ഒരു മുള്ളുകൊണ്ട് ഒരാൾ കുത്തിയാൽ നിങ്ങൾക്ക് മുറിയും. ആദ്യം നിങ്ങൾ ദേഹത്ത് നിന്ന് ആ മുള്ള് വലിച്ചൂരിയെടുക്കും. പിന്നെ അത് ചെയ്തയാളെ അന്വേഷിക്കും. ആദ്യം വേദനയിൽനിന്നും പ്രശ്നങ്ങളിൽനിന്നും മുക്തിനേടുക-പിന്നെ തിരയുക. അങ്ങിനെ ഈശ്വരനെയും അന്വേഷിക്കുക. അങ്ങിനെ എല്ലാം വ്യക്തമാകും.

മനുഷ്യൻ ഈശ്വരന്റെ ഒരു സാധാരണ ഭൃത്യൻ മാത്രവും, ഈശ്വരൻ വലിയ മഹത്വമുള്ള യജമാനനുമാകുമ്പോൾ മനുഷ്യൻ ശരിയായ ദിശയിൽ മുന്നോട്ടുപോകുന്നു.

ചോദ്യം: എന്തുകൊണ്ടാണ് ഈശ്വരസാക്ഷാത്ക്കാരം ഈ നിമിഷത്തിലും അത്യാവശ്യമായിരിക്കുന്നത്?

ഉത്തരം: മരണത്തിന് മുമ്പ് നിങ്ങൾ ഈശ്വരനെ സാക്ഷാത്ക്കരിക്കുക. മരണത്തിനുശേഷം എന്തുസംഭവിക്കുമെന്ന് ആർക്കറിയാം. ദിവസവും സൂര്യനുദിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? സൂര്യാസ്തമയത്തിനു മുമ്പ് ലക്ഷ്യത്തിലെത്താൻ ശ്രമിക്കുക. മടി എന്ന ചീത്തശീലത്തെ ഉപേക്ഷിക്കുക. അത് നിങ്ങളുടെ മാർഗ്ഗത്തിൽ തടസ്സങ്ങളുണ്ടാക്കും. എന്റെ മുമ്പിൽനിന്ന് എഴുന്നേറ്റാൽ ഉടൻ നിങ്ങൾ വീട്ടിലെത്തുകയില്ല. അതിന് ഓരോ അടിവെച്ച് നടന്ന് വീട്ടിലെത്തേണ്ടതുണ്ട്. അതുപോലെ ശരിയായ ജീവിതം നയിച്ച് ഈശ്വരനിലെത്തിച്ചേരുക. വഴിയിൽ നിൽക്കുകയോ തിരിഞ്ഞുനോക്കുകയോ ചെയ്യരുത്. മറ്റുള്ളവ

രുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാതിരിക്കുക. മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കാൻ നിന്നാൽ നിങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. അസുഖങ്ങൾ ആക്രമിക്കുമ്പോൾ ശരീരത്തിന് ഭാരം തോന്നാറില്ലേ? അജ്ഞതയെ മാറ്റി നിർത്തിയാലല്ലാതെ നമ്മളിലെ പുരുഷൻ സന്തോഷിക്കുകയില്ല.

ചോദ്യം: പല മതങ്ങളും തത്വങ്ങളും നമുക്കു ചുറ്റുമുണ്ടല്ലോ അതിലേതെങ്കിലും ഒന്ന് നാം പിന്തുടരേണ്ടതുണ്ടോ?

ഉത്തരം: ഉണ്ട്. ലോകത്തിൽ പല മതചിന്തകളും നിലനിൽക്കുന്നുണ്ട്. ചിലത് അദ്വൈതത്തെയും, ചിലവ ദ്വൈതത്തെയും ചിലവ വിശിഷ്ടാദ്വൈതത്തെയും പിന്തുടരുന്നു. ചിലവ നമ്മോട് ഈ ജീവിതത്തെ സ്നേഹിക്കരുതെന്ന് പറയുന്നു. ഈ ലോകത്തെയും ലൗകികകാര്യങ്ങളെയും സ്നേഹിയ്ക്കരുതെന്നും മറിച്ച് ഈശ്വരനെ സ്നേഹിക്കുക എന്നും അവ പറയുന്നു. പക്ഷെ ഈ ലോകത്തെയും, അതിലെ നിങ്ങളുടെ കുടുംബത്തെയും, നിങ്ങളുടെ ശരീരത്തെയും നിങ്ങൾക്ക് ഉപേക്ഷിക്കാൻ സാധിക്കുമോ? അങ്ങിനെ അവർ പറയുന്നതനുസരിച്ച് ചെയ്താൽ പട്ടിണിയും ദാഹവുമായിരിക്കും ഫലം. ദാഹിച്ചും വിശന്നുമിരിക്കുന്ന നിങ്ങൾക്ക് ഈശ്വരനെപ്പറ്റി ചിന്തിക്കാൻ പറ്റുമോ? നാം വിശപ്പിനെയും ദാഹത്തെയും കുറിച്ച് മാത്രം ചിന്തിക്കും.

വളരെ വ്യത്യസ്തമായി; പലരും നമ്മോട് ജീവിതത്തെ ആനന്ദകരമാക്കാൻ പറയുന്നു. അവർ പറയുംപോലെ നമുക്ക് ജീവിതം ആസ്വദിക്കാം. പക്ഷെ ഈ സന്തോഷാവസരങ്ങളിലൊക്കെ യഥാർത്ഥത്തിൽ നാം ആനന്ദിക്കുന്നുണ്ടോ? ഇവയൊക്കെ നശ്വരമാണ്. അവ പെട്ടെന്ന് വരികയും വളരെ പെട്ടെന്നുതന്നെ നമ്മളിൽ നിന്നകന്നു പോകയും ചെയ്യുന്നു. തുടക്കത്തിൽ നാം സകലതും ആസ്വദിക്കുന്നു. കാലം ചെല്ലുന്തോറും ആ ആനന്ദത്തിന്റെ ഉറവിടംതന്നെ ദുഃഖത്തിന്റെയും പ്രശ്നങ്ങളുടെയും കൂടി ഉറവിടമാകുന്നു.

മറ്റുചിലർ നമ്മോട് ഈശ്വരനോട് ഭക്തിയുള്ളവരായിരിക്കാൻ മാത്രമാവശ്യപ്പെടുന്നു. എന്നാൽ ഭക്തിമാത്രംകൊണ്ട് പൂർണ്ണമാകുന്നുണ്ടോ?

ചുരുക്കിപ്പറഞ്ഞാൽ, ശരിയായ ജീവിതം നമ്മുടെ മനസ്സിനെ തിരക്കുള്ളതാക്കുകയും ഈശ്വരനിലേക്കുള്ള കർമ്മങ്ങളെ അനുഷ്ഠിക്കാൻ ശ്രദ്ധിപ്പിക്കുകയും ചെയ്യുന്നു. ശരിയായ ജീവിതത്തിന്റെ അനുഷ്ഠാനത്തിനിടയ്ക്ക്, നമുക്ക് ഈശ്വര സാക്ഷാത്ക്കാരം ഈ ജീവിതത്തിൽ തന്നെ നേടാനാവുകയും ചെയ്യുന്നു.

ചോദ്യം: നാം പറയുന്നു-നമുക്ക് ഈശ്വരനെ വേണമെന്ന്. ഈശ്വരൻ നമ്മിൽനിന്ന് ഏറെ അകലത്തിലാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടുതാനും. ഇങ്ങിനെ തോന്നുന്നത് നമ്മുടെ അറിവില്ലായ്മയാലാണോ അതോ ഈശ്വര വിശ്വാസത്തിലെ കുറവുകാരണമാണോ?

ഉത്തരം: അവർക്ക് ഈശ്വരനിൽ വിശ്വാസമുണ്ട്. നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ ഈശ്വരനടുത്തുതന്നെയുണ്ട്. ഈശ്വരൻ സകലയിടത്തുമുണ്ട്. ചലിയ്ക്കുന്നതും ചരഗതിയില്ലാത്തതുമായ സകലതിലും ഈശ്വരൻ അന്തർലീനനായിരിക്കുന്നു.

ചോദ്യം: എന്തിനാണിങ്ങനെ യജ്ഞ-ദാന-തപങ്ങൾ അനുഷ്ഠിക്കണമെന്ന് പറയുന്നത്; ബാബ!

ഉത്തരം: ഒരു കാന്തത്തിന് ഇരുമ്പിനെ ആകർഷിക്കാനാകും. എന്നാൽ കുറച്ച് നാരങ്ങ ആ ഇരുമ്പിന് മുകളിൽ പിഴിഞ്ഞുനോക്കൂ. അത് ആകർഷണവിധേയമാകയില്ല. യജ്ഞ-ദാന-തപങ്ങൾ നാരങ്ങനീര് പിഴിഞ്ഞൊഴിയ്ക്കും പോലെയാകുന്നു. ലോകം ഒരു കാന്തത്തെപ്പോലെ ആകർഷണ ശക്തിയുള്ളതാണ്. യജ്ഞ-ദാന-തപങ്ങൾ അനുഷ്ഠിക്കുന്നത് ലോകത്തിനോടുള്ള ആകർഷണത്തെ ഉപരോധിക്കാൻ പര്യാപ്തമാണ്. ലോകം പിന്നെയും നമ്മെ പിടിച്ചുവലിച്ചുകൊണ്ടിരിക്കും.

ഒരാൾ മകനെ പണം സമ്പാദിക്കാനായി വിദേശത്തേക്കയച്ചു. മകൻ ഒന്നും സമ്പാദിക്കാതെ തിരിച്ചുവന്നപ്പോൾ അച്ഛൻ നിരാശാഭരിതനായി. ഈശ്വരൻ നമുക്ക് മനുഷ്യജീവിതം തന്നിരിക്കുന്നത് ഈശ്വരദർശനത്തിനുവേണ്ടിയാണ്. നാം ആ ലക്ഷ്യം നിറവേറ്റാതിരുന്നാൽ ഈശ്വരൻ സന്തോഷിയ്ക്കയില്ല. ഇന്ന് നിങ്ങൾക്ക് ധാരാളം സമയമുണ്ട്. ശരിയായ ജീവിതം അനുഷ്ഠിച്ച് ഈ ലോകം വിടുന്നതിനു മുൻപ് ഈശ്വര സാക്ഷാത്ക്കാരം നേടുക.

ചോദ്യം: ബാബ! എന്തൊക്കെ അവശ്യകാര്യങ്ങളാണ് നാം നടപ്പിൽ വരുത്തേണ്ടത്?

ഉത്തരം: ജീവിതത്തിൽ മൂന്നുകാര്യങ്ങളാണ് നാം പിന്തുടരേണ്ടത്. ഒന്ന്: ശരീരത്തെ സംരക്ഷിക്കുക. രണ്ട്: ദൈവീക ഗുണങ്ങൾ ശീലിക്കുക. മൂന്ന്: ഈശ്വരധ്യാനം അഥവാ ശരിയായ ജീവിതം നയിക്കുക.

ചോദ്യം: ബാബ! നമുക്ക് വളരെ ശത്രുക്കളുണ്ട്. അതിൽ ആരോടാണ് നാം പോരാടേണ്ടത്?

ഉത്തരം: ഏറ്റവും ശക്തിമാനായ ശത്രുവിനെ നേരിട്ടു സമയം കള

യാതെ, ദുർബ്ബലരായവരെ ഓരോന്നായി നേരിടുക. ശക്തിമാനായ ഒരു ശത്രുവിന് അങ്ങോട്ടെതിരിടാതെതന്നെ നിങ്ങളെ ഉന്മൂലനം ചെയ്യാൻ സാധിക്കും എന്നോർക്കുക. അത് മടി, ആർത്തി, ദ്വേഷ്യം എന്നിവയാകുന്നു.

ചോദ്യം: ബാബ! മെസ്മറിസം, തൂനമൂന* തുടങ്ങിയ ആഭിചാരങ്ങളെക്കുറിച്ച് പറഞ്ഞു തരുമോ?

ഉത്തരം: അത് പിന്തുടരുന്നത് നന്നല്ല. വളരെ ഊർജ്ജം വെറുതെ കളയേണ്ടിവരും. അവ ചീത്തഫലങ്ങൾ തരും. ഒരു കുറഞ്ഞ ചാലക കമ്പിയിൽകൂടി ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുതി കടത്തിവിടുമ്പോലെയാണിത്. അതു നന്നല്ല.

അദ്ധ്യായം ഒമ്പത്

'ഭൗതികമായ വേർപെടൽ ഒരു വേർപെടലേയല്ല'

ഹ്യൂറിപ്പ്മാന്റെ കുറിപ്പുകൾ

(ഹ്യൂറിപ്പ്മാന് ഒരു അമേരിക്കൻ സഞ്ചാരിയാകുന്നു)

അഘോരി ബാബയുമായി സംസാരിച്ച ദിവസം ഞാനൊരു വിശുദ്ധനും വൃദ്ധനുമായ സാധുവിനെ കണ്ടുമുട്ടുകയുണ്ടായി. ഈ സാധുവിനെക്കുറിച്ച് പഴയ ഒരു സിലോൺ സുഹൃത്തിന്റെ വിധവ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. അവരുടെ ഭർത്താവ് എങ്ങിനെയാണ് 'കെ' എന്ന പട്ടണത്തിനു സമീപമുള്ള കൊടുംകാട്ടിലെ മലമുകളിൽ താമസിച്ചിരുന്ന സാധുവുമായി ബന്ധപ്പെട്ടത് എന്നതായിരുന്നു ആ വിധവയുടെ വിവരണങ്ങളിലേറെയും വന്നത്. അവരുടെ ഭർത്താവ് പോകുമ്പോൾ ആയുധമേന്തിയ പട്ടാളക്കാർ അകമ്പടിയായുണ്ടായിരുന്നു. അവർ അദ്ദേഹത്തിനോട് എങ്ങിനെയാണ് സാധുവിന്റെ അടുത്തേക്ക് തെറ്റാതെ വഴിനടക്കേണ്ടതെന്നും സുരക്ഷിതമായി എത്തേണ്ടത് എന്നും പറഞ്ഞുകൊടുത്തിരുന്നു. ആഗതനോട് വന്നതിന്റെ ഉദ്ദേശ്യം ചോദിച്ചതിനുശേഷം സംഭാഷണത്തിലേക്കു കടക്കുംമുമ്പ് വന്നയാൾ ആ സാധുവിനോട് ഇപ്രകാരം ചോദിച്ചു: 'ഈ പട്ടാളക്കാരോട് തന്റെ സംഭാഷണം കഴിയുംവരെ ഒന്നു കാത്തുനിൽക്കാൻ പറയട്ടെ! എനിക്കു തിരിച്ചുപോകാനുള്ള വഴി ശരിയായി അറിഞ്ഞുകൂടാ!'

ആ വിശുദ്ധനായ സാധു പറഞ്ഞു: 'അതിന്റെ കാര്യമില്ല നിങ്ങൾക്ക് തിരിച്ചുപോകാനാവുമ്പോൾ എന്റെ വളർത്തു കടുവയെ വഴി കാണിക്കാനായി വിടാം. അവന് വഴിയറിയാമെന്നുമാത്രമല്ല, നിങ്ങൾ അവന്റെകൂടെ ഏറെ സുരക്ഷിതനുമായിരിക്കും.'*

ആ വിധവ തുടർന്നു: 'അന്ന് എന്റെ ഭർത്താവ് കണ്ട ആ കടുവ ആ വിശുദ്ധനെ ഏറെക്കാലം സേവിച്ചിരുന്നതായി നാട്ടുകാർ പറഞ്ഞ് അറിഞ്ഞിരുന്നു. പിന്നീട് ആ കടുവ ചത്തുപോയി.'

ഇത്രയൊക്കെ കേട്ടറിഞ്ഞ ശേഷമാണ് ഞാൻ ആ വിശുദ്ധനെ കാണാനായി യാത്ര തിരിച്ചത്. പട്ടണത്തിൽനിന്നും ഒരു ഡോക്ടറെ

---

* *കാഠ്മണ്ഡുവിൽ ബാബയെക്കുറിച്ച് ഇത്തരം കഥകൾ വേറെയില്ല എന്നത് ശ്രദ്ധേയമാണ്.*

വഴികാണിക്കാനായി കൂടെ കൂട്ടിയിരുന്നു. കൂടാതെ, മലമുകളിലെ താമസക്കാരോടും വഴി ചോദിച്ചുകൊണ്ടിരുന്നു. വഴിയിൽ കണ്ട ഒരു പണിയുമില്ലാതെ നിന്നിരുന്ന ഒരുകൂട്ടം ആളുകൾക്കിടയിൽ നിന്നും രണ്ട് ആൺകുട്ടികളെ ഡോക്ടർ കൂട്ടുപിടിച്ചു. ഞങ്ങൾ നദി കടന്ന് ഒരു മൈൽ നടന്ന് കാടിനകത്തേക്ക് പ്രവേശിച്ചു. പിന്നെ അനേകം അടികൾ മുകളിലേക്ക് മലകയറിപ്പോയി. അവസാനം ഞങ്ങൾ ഒരു ചെറിയ നടപ്പാത കണ്ടെത്തി. അതിൽകൂടി നൂറുവാര മുന്നോട്ടു നടന്നപ്പോൾ ചെറുതല്ലാത്ത ഒരു മരക്കൂട്ടം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. അതിൽ മരങ്ങളിൽനിന്ന് മരങ്ങളിലേക്ക് വള്ളികൾ തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ഒരു പടിയും ചുറ്റുമായി വേലിയും അതിനുണ്ടായിരുന്നു. എന്റെ വഴികാട്ടി എന്തോ ഉച്ചത്തിൽ പറഞ്ഞപ്പോൾ ഒരു ചെറുപ്പക്കാരൻ പടിയുടെ അടുത്തേക്കുവന്നു. വഴികാട്ടിയോട് എന്തോ സംസാരിച്ചശേഷം അയാൾ വന്നവഴിയെ തിരികെപ്പോയി. മരക്കൂട്ടങ്ങൾക്കിടയിലൂടെ കുറച്ചുദൂരെ ഒരുചെറിയ കുടിലും അതിനുമുകളിൽ മുള വിതാനിച്ചതും എന്റെ ശ്രദ്ധയിൽപ്പെട്ടു.

കുറച്ചു നിമിഷങ്ങൾക്കകം തിരികെപ്പോയ ആൾ ചിരിച്ചുകൊണ്ട് പടിയ്ക്കടുത്തേക്കുവന്നു. അയാൾ എന്നോട് ചിരിക്കുകയും ഞങ്ങളെ അകത്തേക്ക് ക്ഷണിക്കുകയും ചെയ്തു. ഞങ്ങൾ അയാളെ പിന്തുടർന്നു. നാല്പതടി നടന്നപ്പോൾ ഒരു ചെറിയ കുടിലിന് മുമ്പിലും പിന്നീട് ഒരു വലിയ മരക്കുടിലിന് മുമ്പിലും ഞങ്ങളെത്തിച്ചേർന്നു. വലിയ കുടിലിന് മൂന്നുവശത്തും ചെറിയ മുറ്റമുണ്ടായിരുന്നു. മുറ്റത്തിന്റെ അങ്ങെയറ്റത്ത് വെളുത്ത നിറത്തിൽ വസ്ത്രങ്ങളണിഞ്ഞ ഒരുരൂപം ശ്രദ്ധയിൽപ്പെട്ടു. ഞങ്ങൾ ഇടതുവശത്തുകൂടെ നടന്ന് ആ സാധുവിന് മുന്നിലെത്തി. വെള്ളമുടിയും താടിയും. തെളിഞ്ഞ കറുത്ത കണ്ണുകൾ. ചെറുപുഞ്ചിരിയോടെയുള്ള മുഖം, വളരെ മിനുസമുള്ള നെറ്റി. ഇത്രയുമാണ് ഉടൻ ശ്രദ്ധയിൽപ്പെട്ടത്. അദ്ദേഹം സാവധാനത്തിൽ നീങ്ങി. തനിയ്ക്ക് നൂറ്റിയിരുപത് വയസ്സ് കഴിഞ്ഞെന്ന് അദ്ദേഹം പറഞ്ഞു. പിൽക്കാലത്ത് ഞാൻ പലരിൽനിന്നായി മനസ്സിലാക്കിയത് അദ്ദേഹത്തിനിതുപറയുമ്പോൾ നൂറ്റിമുപ്പത് വയസ്സായിരുന്നുവെന്നാണ്.

അദ്ദേഹം എന്റെ മുന്നിൽനിന്ന് ചിരിച്ചപ്പോൾ എനിക്ക് ഒരു വികാരം അനുഭവപ്പെട്ടു. അത് ജീവിതത്തിൽ അതിനുമുമ്പ് ഒറ്റപ്രാവശ്യം മാത്രമേ എനിക്ക് തോന്നിയിരുന്നുള്ളൂ. അത് മൗണ്ട് ആതോസിലെ ഒരു സന്യാസിയുടെ മുന്നിൽ നിന്നപ്പോൾ മാത്രമായിരുന്നു.

അദ്ദേഹത്തിൽനിന്ന് സ്നേഹവും നന്മയും വികിരണം ചെയ്തിരുന്നു.

ആ വിശുദ്ധൻ എന്നെ കെട്ടിമറച്ച പൂമുഖത്തേക്ക് ഒരു വാതിലിലൂടെ ആനയിച്ചു. അവിടെ ഒരു ബഞ്ചും കസേലയും ഉണ്ടായിരുന്നു. മുകളിൽനിന്ന് കെട്ടിത്തൂക്കിയ നിലയിൽ ഒരു ആട്ടുകട്ടിലുമുണ്ടായിരുന്നു. ആ മുറി വളരെ വൃത്തിയുള്ളതായിരുന്നു. നിലത്ത് ചാരനിറത്തിലുള്ള ചെറുകല്ലുകൾ പാകിയിരുന്നു. സാധു എന്നോട് കസേലയിരിക്കാൻ ആംഗ്യം കാണിച്ചു. അദ്ദേഹം മെതിയടിയിൽനിന്നിറങ്ങി അവിടെ കിടന്നിരുന്ന ആട്ടുകട്ടിലിൽ ഇരുന്നു. വളരെ സൗകര്യപൂർവ്വം കാലുകൾ മടക്കി ചമ്രംപടിഞ്ഞ് മറ്റാർക്കും അങ്ങിനെ എളുപ്പത്തിൽ സാധിക്കില്ല എന്നുതോന്നിക്കുംവിധം അദ്ദേഹം ഇരുന്നു.

ഞാൻ എന്റെ സിലോൺ സുഹൃത്തിനെക്കുറിച്ചു പറഞ്ഞുതുടങ്ങി. സാധു അദ്ദേഹത്തെക്കുറിച്ചോർത്തു. 'അദ്ദേഹം വളരെ നല്ല മനുഷ്യനായിരുന്നു'-സാധു പറഞ്ഞു. വളരെ ഉച്ചത്തിലല്ലാതെ മധുരതരമായാണ് അദ്ദേഹം സംസാരിച്ചത്. അദ്ദേഹത്തിന്റെ ഇംഗ്ലീഷ്ഭാഷാപ്രയോഗം വളരെ ഉയർന്നതോ എന്നാൽ താഴ്ന്നതോ ആയിരുന്നില്ല. അതിനാൽ അദ്ദേഹം പലതും നിഷേധിക്കുമ്പോൾ ഒരേ വാക്കുതന്നെ ഉപയോഗിച്ചുവന്നു. നൂറ്റാണ്ടിന്റെ തുടക്കത്തിൽ മൂന്നുകൊല്ലം അദ്ദേഹം ഇംഗ്ലണ്ടിൽ ചിലവഴിച്ചിരുന്നതിനെക്കുറിച്ച് പറഞ്ഞു. അതിനുശേഷം അമേരിക്കയിലും കഴിഞ്ഞുവെന്ന് പറഞ്ഞു. (പാശ്ചാത്യമാതൃകയിൽ) 'ഫാദർ!' എന്നുവിളിച്ചുകൊണ്ട് ഞാൻ ചോദിച്ചു: 'ഭഗവത്ഗീതയിലെ ഒന്നാമദ്ധ്യായത്തിൽ ഒരാൾ വായിക്കുന്നത് എങ്ങിനെ ഒരു മനുഷ്യൻ ജീവിക്കണമെന്നാണ്. എങ്ങിനെയാണ് ഒരാൾ അങ്ങിനെ ജീവിക്കാനായി പഠിക്കുക?'

'ഒരു ദിവസത്തെ രണ്ടായി വിഭജിയ്ക്കുക എന്നത് അനിവാര്യമാണ്'-അദ്ദേഹം പറഞ്ഞു. 'ഒരു പകുതി മനുഷ്യന് കർമ്മങ്ങൾ അനുഷ്ഠിക്കാനുള്ളതാകുന്നു. ബാക്കി ഈശ്വരചിന്തക്കുവേണ്ടിയുള്ളതും. പക്ഷെ ഒരാൾ അറിഞ്ഞിരിക്കേണ്ട വസ്തുത ഏതൊക്കെയാണ് അവശ്യകർമ്മങ്ങൾ എന്നതാകുന്നു. അതുപോലെയാണ് ഏതൊക്കെയാണ് അനാവശ്യമെന്നും. വെറും ആഗ്രഹങ്ങൾ നിറവേറ്റാനുള്ളതല്ല കർമ്മം. ഉദാഹരണത്തിന് ഭക്ഷണംതന്നെയെടുക്കുക. സ്വാദിനെ കണക്കാക്കി ശരീരത്തിന് ആവശ്യമുള്ളതിലധികം ഊർജ്ജത്തെ കൊടുക്കാതെ അല്പമോ കൂടുതലോ അല്ലാതെ ഭക്ഷണം കഴിക്കുക. ബോധപൂർവ്വം ഇത്തരത്തിൽ ഭക്ഷണത്തെ ഉപയോഗിക്കുക, കർമ്മവും ബോധപൂർവ്വം അനുഷ്ഠിക്കുക.' പിന്നീട് അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു:

'അത് തുടക്കത്തിൽ അല്പം ബുദ്ധിമുട്ടുതന്നെയാണ്. അത് ഏറെ പരിശീലനം വേണ്ടതാകുന്നു. അങ്ങിനെ പരിശീലിച്ചാൽ അത് എളുപ്പവുമാണ്.'

ഞാൻ ചോദിച്ച ഒരു ചോദ്യം ത്രിഗുണങ്ങളെങ്ങനെയാണ് ലോകത്തിന് അടിസ്ഥാനമായിരിക്കുന്നത്? എന്നതാകുന്നു. അവ പ്രപഞ്ചശക്തികളാകുന്നത് എങ്ങിനെ എന്നും ചോദിച്ചു. 'ഇപ്പോൾ നാം എങ്ങിനെയാണോ അങ്ങിനെ വരാൻ കാരണം ത്രിഗുണങ്ങളുടെ കരുണയാണ്.'-അദ്ദേഹം മറുപടി പറഞ്ഞു. 'അത് നമ്മളിലൂടെ പ്രവർത്തിക്കുന്നു. നാം അതിന്റെ അകന്ന കളിപ്പാവകളാണ്. നാം പഠിക്കേണ്ടത്, ത്രിഗുണങ്ങളെ എങ്ങിനെ നമ്മുടെ പരിചാരകരാക്കാം എന്നതാകുന്നു. ഇതിനർത്ഥം, അബോധമായതും എന്നാൽ സന്നദ്ധതയോടെ, അല്ലാത്തതുമായ എല്ലാ പ്രവൃത്തികളും ഒഴിവാക്കുക എന്നതാകുന്നു. ബോധപൂർവ്വമല്ലാതെ ചെയ്യുന്നത് യഥാർത്ഥത്തിൽ നാം അനുഷ്ഠിക്കുന്ന പ്രവർത്തിയല്ല. അത് നമ്മുടെ കർമ്മങ്ങളെ വളരെ ഗുണകരമായ ഒരു വഴിയിലൂടെ നയിക്കുക എന്നതാകുന്നു. ഒരു മനുഷ്യൻ തന്റെ കർമ്മങ്ങളെയും, തന്നിലെ വ്യക്തിയെയും വേർതിരിച്ചറിയേണ്ടതാകുന്നു. വ്യക്തി എന്നത് ശരീരം മാത്രമല്ല,അത് അയാളുടെ വികാരങ്ങളോ, ചിന്തകളോ, അല്ല. ബോധപൂർവ്വമായ ഒരു കർമ്മം അനുഷ്ഠിക്കുമ്പോൾ, ആ വ്യക്തി തന്നെ തിരിച്ചറിയാൻ പഠിക്കുന്നു. തന്റെ ഉള്ളിലെ ബോധത്തിലൂടെ വ്യക്തിത്വത്തിലേക്ക് വരുന്നു. ഇവയൊക്കെ സ്വന്തം ശരീരത്തിൽനിന്ന് വ്യതിരിക്തമാണ് എന്നയാൾ മനസ്സിലാക്കുന്നു. അങ്ങിനെ മനുഷ്യൻ ചെയ്യുന്നതെല്ലാം ത്രിഗുണങ്ങളുടെ ഗുണപരമായ ഒരു വഴിയിലൂടെ അല്ല എന്നയാൾ മനസ്സിലാക്കുന്നു. അയാൾക്ക് തിരഞ്ഞെടുക്കാനുള്ള ഒരു അവസരം ലഭിക്കുന്നു. അകത്ത് അയാൾ സ്വതന്ത്രനാണ്. പുറത്ത് ആ വ്യക്തിക്ക് ബോധപൂർവ്വം പ്രവർത്തിക്കേണ്ടിവരുന്നു. അത് സന്ദർഭോചിതമാകുന്നു.'-ബാബ പറഞ്ഞു നിർത്തി.

ബാബ തുടർന്നു: 'ചില അവസരങ്ങളുണ്ട്. ഉദാഹരണത്തിന് ചിലപ്പോൾ മനുഷ്യന് ദേഷ്യപ്പെടേണ്ടിവരും. അപ്പോൾ അകത്ത് ദേഷ്യം ഒളിപ്പിക്കാതെ ദേഷ്യഭാവം പുറമെ ബോധപൂർവ്വം കൈക്കൊള്ളുക. ആ വ്യക്തി സ്വന്തം മനസ്സിനെ നിയന്ത്രിക്കുക. അത് ശാന്തവും (ദേഷ്യം അകത്തേക്ക്) തൊടാൻ പറ്റാത്ത അവസ്ഥയിലുമാക്കുക.'

എന്നോട് സാധു ഊർജ്ജത്തെപ്പറ്റി ചോദിക്കാനുള്ള ഒരു സൂചന തന്നു. 'മനുഷ്യന് പലവിധത്തിലുള്ള ഊർജ്ജ ഗുണങ്ങളുമുണ്ട്.'-

അദ്ദേഹം പറഞ്ഞു. എല്ലാ കർമ്മങ്ങൾക്കും ഒരു ഗുണമുണ്ട്. നിങ്ങൾക്കറിയാം ഓരോ ഇന്ധനങ്ങൾക്കും വ്യത്യസ്തമായ ദഹന ശേഷിയുണ്ടെന്ന്. അതുപോലെ ഒരു ഗുണത്തിന്റെ ആധിക്യം അതു കൊണ്ടുചെയ്യാൻ ഉദ്ദേശിക്കുന്ന കർമ്മത്തിലും അധികമാണെങ്കിൽ; അത് ഉയർന്ന ഒരു കർമ്മത്തിനുവേണ്ടി ഉയർന്ന തലത്തിലുള്ള ഒരു ഊർജ്ജമായി മാറ്റപ്പെടും.

സാധു കുറെനേരം മൗനമായിരുന്നു. 'മനുഷ്യൻ ശ്വാസത്തിലൂടെയാണ് ഊർജ്ജത്തെ ഉൾക്കൊള്ളുന്നത്'-അദ്ദേഹം തുടർന്നു. പക്ഷെ അത് എല്ലാവർക്കും ഒരുപോലെയല്ല. എന്തുതരം ഊർജ്ജത്തിന്റെ തലമാണ് വേണ്ടതെങ്കിൽ അതാണ് ആളുകൾ അന്തരീക്ഷത്തിൽ നിന്ന് ശ്വസിച്ചെടുക്കുന്നത്. അത് സ്വന്തം അകത്തുള്ള ചേതനയ്ക്കനുസരിച്ച് വ്യത്യസ്തമായിരിക്കുന്നു.'

ഞാൻ ശ്വസന ക്രിയകളെക്കുറിച്ച് ചോദിച്ചു. 'അത് അപകടമാണ്.'-അദ്ദേഹം മറുപടി പറഞ്ഞു. 'പുസ്തകങ്ങളിൽ പറയുന്നപോലെ ശ്വസനക്രിയകളനുഷ്ഠിക്കരുത്. പകരം അതറിയുന്ന ഒരാളുടെ സമീപത്തുനിന്നു മനസ്സിലാക്കുക. പക്ഷെ ശരീരത്തിനു വളരെ ആരോഗ്യകരമായ ഒരു ശ്വസനക്രിയ ആർക്കും ചെയ്യാവുന്നതായുണ്ട്. വളരെ നീണ്ട ശ്വാസം അകത്തേയ്ക്കെടുക്കലും പുറത്തേക്കെടുക്കലും (മൂന്നു മുതൽ ആറു സെക്കന്റ് വരെ). ഒരു മനുഷ്യൻ നിരന്തരം ഇത് തുടർന്നാൽ ഒരു നൂറുവയസ്സുവരെ സാധാരണ ജീവിക്കാറുണ്ട്.'

ഞാൻ പിന്നീട് പറഞ്ഞത് ഇരുനൂറുവർഷംവരെ ജീവിക്കുന്ന ഋഷിമാരെക്കുറിച്ചുള്ള കഥകൾ വായിച്ചതിനെക്കുറിച്ചാണ്. 'ഇതു സാധിക്കുമോ?'-ഞാൻ ചോദിച്ചു. 'തീർച്ചയായും സാധിക്കും'-അദ്ദേഹം പറഞ്ഞു. 'ഒരാളുടെ ശ്വസനത്തിനുള്ള മാർഗ്ഗവും, ആ വ്യക്തിയുടെ ജീവിതവും തമ്മിൽ അഭേദ്യമായൊരു ബന്ധമുണ്ട്. ചില പ്രത്യേക ശ്വസനക്രിയകളിലൂടെ ദീർഘശ്വാസം സാധ്യമായാൽ ആയിരം വർഷം വരെ ജീവിയ്ക്കാനാകും. ഇതുകൂടി കേൾക്കുക'-അദ്ദേഹം കൂട്ടിച്ചേർത്തു. 'അങ്ങിനെ ദീർഘജീവിതം നയിക്കുന്നവർക്ക് വളരെ തീക്ഷ്ണമായ ഭൗതികജീവിതം നയിക്കാനാവില്ല.'

എന്താണ് അദ്ദേഹം പറയുന്നത് എന്ന് വളരെ ശ്രദ്ധയോടെ ഞാനിരുന്ന് കേൾക്കുകയായിരുന്നു. എന്റെ ജീവിതത്തിൽ ഞാൻ പരിചയപ്പെട്ട വളരെയധികം ആളുകളിൽനിന്നു വ്യത്യസ്ഥമായി അദ്ദേഹം ജീവിതത്തിലെ പ്രധാന ഗുണം ആധികാരികമായ ശബ്ദത്തിൽ വെറും മിഥ്യാ സങ്കല്പങ്ങളെക്കുറിച്ചല്ലാതെ ജീവിതത്തിലൂടെ തെളിഞ്ഞ

വസ്തുതകളുടെ അടിസ്ഥാനത്തിൽ പറഞ്ഞുകൊണ്ടിരുന്നു. അതേ സമയം എന്തോ ഒന്ന് ഞങ്ങൾക്കിരുവർക്കുമിടയിലൂടെ സഞ്ചരിച്ചതായി തോന്നിയിരുന്നു. അത് അദ്ദേഹം പറഞ്ഞ വാക്കുകളുടെ ആകർഷണമായിരുന്നില്ല. അത് സ്നേഹത്തിന്റെയും നന്മയുടെയും ലാളിത്യത്തിന്റെയും ഒരു വികിരണമായിരുന്നു. അതുതന്നെയാണ് എന്നെ 'ഫാദർ' എന്ന് സംബോധന ചെയ്യാൻ പ്രേരിപ്പിച്ചത്. ഒട്ടും ബഹുമാനം കുറച്ചായിരുന്നില്ല, അദ്ദേഹത്തിന്റെ പ്രായാധിക്യത്തിൽ അങ്ങിനെ ഞാൻ സംബോധന ചെയ്തത്. മറിച്ച്, ആ വിളി എന്റെ ഹൃദയത്തിൽ നിന്നായിരുന്നു.

എങ്ങിനെയാണ് ഒരു ഗുരു തന്റെ ശിഷ്യരെ പഠിപ്പിക്കേണ്ടത് എന്നു ഞാൻ ചോദിച്ചു. 'വളരെ എളുപ്പമാണത്' -അദ്ദേഹം പറഞ്ഞു. 'ഒരു തത്വവും പഠിപ്പിക്കേണ്ടതില്ല. പ്രായോഗിക വശങ്ങളിൽ ഊന്നൽ നൽകുക. ശിഷ്യന് തെറ്റിയാൽ മാത്രം ഗുരു ഇപ്രകാരം പറഞ്ഞു കൊടുക്കുക: 'അതു തെറ്റായ പ്രവർത്തിയാണെന്ന്' കുറച്ചു വർഷങ്ങൾകൊണ്ട് ഒരു വ്യക്തിക്ക് ശരിയായ വഴിയിലൂടെ പോകാനാവും.'

അത് എന്റെ അദ്ദേഹത്തിന്റെ കൂടെയുള്ള അവിസ്മരണീയമായ ഒരു മണിക്കൂർ സമയമായിരുന്നു. തിരിച്ച് വളരെ വികാരഭരിതനായാണ് ഞാൻ മടങ്ങിയത്. പിരിയും മുമ്പ് അദ്ദേഹത്തിന്റെ ഒരു ഫോട്ടോ എടുക്കാൻ എനിക്ക് സമ്മതം തന്നു. അദ്ദേഹം അപ്പോൾ അധികം വസ്ത്രം ധരിച്ചിരുന്നില്ല. കൂടാതെ മെതിയടിയിൽനിന്ന് കാലുകൾ പുറത്തേക്ക് വെച്ചിരുന്നു. പിരിയുമ്പോൾ വളരെ ശാന്തനായി അദ്ദേഹം അവസാന വാക്കുകൾ ഇപ്രകാരം പറഞ്ഞു: 'വളരെ എളുപ്പമുള്ള കാര്യങ്ങൾ ചെറിയതായി പരിശീലിക്കുക.' ആ വാക്കുകളിൽ സ്നേഹത്തിന്റെയും നന്മയുടെയും ഒരു കാന്തികഭാവമുണ്ടായിരുന്നു.

പിന്നീട് അഞ്ചുവർഷത്തിന് എനിയ്ക്ക് ആ സാധുവിനെ കണ്ടുമുട്ടാനായില്ല.

പിന്നെ അതിനായി മുതിർന്നപ്പോൾ വഴികാട്ടികളായി രണ്ടു ചെറിയ ആൺകുട്ടികളെ പട്ടണത്തിന്റെ പുറത്തുനിന്നും ഞാൻ കൂടെ കൂട്ടിയിരുന്നു. ആദ്യംപോയപ്പോൾ നടന്ന വഴിയിലൂടെയല്ലാതെ മറ്റൊരുവഴിയിലൂടെയാണ് ഈ കുട്ടികൾ എന്നെ കൊണ്ടുപോയത്. അത് വേലിക്കരികിലൂടെയുള്ള മുകളിലേക്കുള്ള വഴിയാണെന്ന് ഞാൻ എളുപ്പത്തിൽ തിരിച്ചറിഞ്ഞു.

പടിയുടെ സമീപമെത്തിയപ്പോൾ ഞാനുറക്കെ ഒച്ചവെച്ചു. ഒരു ആൺകുട്ടി പടിയുടെ സമീപത്തുവന്നപ്പോൾ ഞാൻ കീശയിൽനിന്നും

മേൽവിലാസമെഴുതിയ ഒരു കടലാസെടുത്ത് അയാളെ ഏൽപ്പിച്ചു. ആ കുട്ടി തിരിച്ചുപോയി, കുറച്ചു സമയത്തിനകം തിരിച്ചുവന്നു, പടി തുറന്നു തരികയും ചെയ്തു. ഞാൻ വഴികാട്ടികളായി കൂടെവന്ന ആൺകുട്ടികൾക്ക് 'ബക്ഷീഷ്' കൊടുത്തു. പിന്നെ പടികടന്ന് സാവധാനത്തിൽ സാധുവിന്റെ ചെറുകുടിലിനടുത്തേക്ക് നടന്നു. പിന്നെയും എനിക്ക് മറ്റൊരു ലോകത്തിൽ പ്രവേശിച്ച അനുഭവമുണ്ടായി. അത് ചന്തയിൽനിന്ന് വാങ്ങുന്ന ദിനപ്പത്രങ്ങൾ തരുന്ന അറിവുകളിൽനിന്ന് വ്യത്യസ്തമായിരുന്നു.

മുൻപ് ഞാൻ കണ്ടതും എന്റെ ഓർമ്മയിൽ വ്യക്തമായി ഉണ്ടായിരുന്നതുമായ ഇടതുവശത്തുകൂടെയുള്ള പ്രവേശനവും, തട്ടിക കൊണ്ട് മറച്ച വരാന്തയും, പച്ചക്കല്ലുകൾ പാകിയ നിലവും, അതേപടി കടന്നുപോയി. ബാബ ആട്ടുകട്ടിലിൽ ഇരുന്ന് ചെറുതായി ആടിക്കൊണ്ടിരുന്നു. ആ കാഴ്ചയിൽത്തന്നെ ഞാൻ അഗാധമായ ആനന്ദത്തിലേക്ക് താണുപോയി. പരസ്പരം കൈകൊടുത്ത ശേഷം, വഴിയിൽ മഴച്ചാറലിൽ ഞാൻ പിടിച്ചിരുന്നതും വെള്ളമിറ്റിറ്റു വീഴുന്നതുമായ വലിയ ശീലക്കുട നിലത്തുവെക്കാൻ ബാബ ആംഗ്യം കാണിച്ചു. ഞാൻ കുടയും എന്റെ ക്യാമറവെച്ച സഞ്ചിയും നിലത്തുവെച്ചു. ബാബയെ നോക്കി അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സന്തോഷവാനായി നിശബ്ദനായി ഞാനിരുന്നു.

ഞങ്ങളുടെ സംഭാഷണം തുടങ്ങിയത് ശ്രദ്ധ കിട്ടാനായി 'നാമെന്താണ് ചെയ്യേണ്ടത്?' എന്ന വിഷയത്തെക്കുറിച്ച് ചോദിച്ചുകൊണ്ടായിരുന്നു.

'അതിൽ രണ്ടുകാര്യങ്ങളുണ്ട്'-അദ്ദേഹം മറുപടി പറഞ്ഞു. 'ഒന്നാമതായി ധ്യാനിക്കുകയും ഒപ്പം ശ്വാസം ക്രമീകരിക്കുകയും ചെയ്യുക. നട്ടെല്ലും തലയും ശരിയായി ക്രമീകരിക്കുന്നതിന് അത് വളരെ പ്രധാനമാണ്.' അദ്ദേഹം അങ്ങിനെയുള്ള അവസ്ഥ കാണിച്ചുതരികയും ചെയ്തു. ഈ നൂറ്റിമുപ്പത്തിഅഞ്ചാം വയസ്സിലും അദ്ദേഹത്തിന്റെ ശരീരം ലാളിത്യമാർന്നതാണ് എന്നത് ഏറെ അത്ഭുതപ്പെടുത്തി. 'ശ്വസനം ദീർഘമാക്കുകയും ശാന്തമായിരിക്കുകയും വേണം'- അദ്ദേഹം തുടർന്നു. 'ഇതേസമയം നാലു ദശകളിലും വേണം.'- അകത്തേയ്ക്കെടുക്കുക, ശ്വാസം പിടിക്കുക, പുറത്തേക്ക് വിടുക, ശ്വാസം പിടിക്കുക എന്നിങ്ങനെയുള്ള നാലു ദശകളാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഓരോ അവസ്ഥയും നാലഞ്ചു നിമിഷങ്ങൾ നീണ്ടു നിൽക്കുന്നതായിരുന്നു. പിന്നെ ആ അവസ്ഥയിൽ നിന്നുമാറി

അദ്ദേഹം തുടർന്നു: 'രണ്ടാമതായി ശാസനമാണ്. ഒരാൾ ഒരു വാചകമെങ്കിലും ഒരു സമയത്ത് പഠിച്ച്, അതിന്റെ അർത്ഥം മനസ്സിലാക്കണം.'

അദ്ദേഹം കുറച്ചുനേരം നിർത്തിയശേഷം വീണ്ടും തുടർന്നു: 'പത്തു കല്പനകളെക്കുറിച്ച് നിങ്ങൾക്കറിയുമോ?' ഞാൻ ഇല്ലെന്ന് തലയാട്ടി. 'അവയ്ക്കനുസരിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾ ഈശ്വരസമീപത്തിലെത്തും.'

അപ്പോൾ ഞാൻ ചോദിച്ചു: 'ഒരു വ്യക്തി ഈശ്വരസമീപത്തിലെത്തിയാൽ മാത്രമേ യഥാർത്ഥ മനുഷ്യനാവുന്നുള്ളുവെന്നുണ്ടോ?' അദ്ദേഹം ചിരിച്ചു: 'തീർച്ചയായും, അങ്ങിനെത്തന്നെ.'

'എന്താണ് അങ്ങിനെ? -ഞാൻ ചോദിച്ചു. 'ചിലർക്ക് ഈശ്വരനെ കാണാം, ചിലർക്ക് പറ്റില്ല എന്നിങ്ങനെ?'

'മനുഷ്യൻ ഈശ്വരനെ കാണുന്നില്ല'-അദ്ദേഹം ഉത്തരം പറഞ്ഞു. 'കാരണം അവൻ സന്തോഷത്തിൽ മുങ്ങിക്കിടക്കുന്നു.' 'എന്താണത്?'-ഞാൻ ചോദിച്ചു. 'അതിനെയാണോ മനുഷ്യന്റെ ആത്മാവ് എന്നുപറയുന്നത്?'

'മനുഷ്യന്റെ ആത്മാവ്'-അദ്ദേഹം പ്രതിവചിച്ചു. 'അതാണ് ശരിയായ 'ഞാൻ.' അതിനെ നിർവ്വചിക്കാൻ സാധ്യമല്ല. അത് അനുഭവിച്ചറിയേണ്ടതാകുന്നു.'

'എങ്ങിനെയാണ് ചിന്തയെ ശാന്തമാക്കുന്നതിനായി ഒരു വ്യക്തി പഠിക്കേണ്ടത്?'

'ഇത് തുടക്കത്തിൽ ബുദ്ധിമുട്ടാണ്'-അദ്ദേഹം പറഞ്ഞു. 'പക്ഷെ പരിചയംകൊണ്ട് എളുപ്പമാവും.'

കുറച്ചുനേരം ആരും ഒന്നും പറഞ്ഞില്ല. പിന്നെ അദ്ദേഹം തുടർന്നു: 'ഒരു മനുഷ്യൻ അവന്റെ അവശ്യകർമ്മങ്ങൾ അനുഷ്ഠിച്ചിരിക്കണം. ബാക്കി സമയം ഈശ്വരചിന്തനത്തിനായി മാറ്റിവെയ്ക്കണം. പിന്നീട് ആ വ്യക്തിക്ക് കർമ്മങ്ങളനുഷ്ഠിച്ചുകൊണ്ടുതന്നെ ഈശ്വരദർശനത്തിനായി ശ്രമിക്കാൻ പറ്റും. ആ വ്യക്തി കർമ്മങ്ങളനുഷ്ഠിക്കുമ്പോൾ ആഗ്രഹങ്ങളെ മാറ്റിനിർത്തണം. എന്തൊക്കെയാണോ വഴിയിൽ നിൽക്കുന്നത്, കാണുന്നത്, അതൊക്കെ കഴിഞ്ഞ കാലത്തെ ജീവിതത്തിന്റെ സ്വാധീനത്താലുള്ളതാകുന്നു. ഒരു പത്തു വർഷം നിരന്തരം പരിചയിച്ചാൽ ഈശ്വരന്റെ സമീപത്തേയ്ക്കെത്താനാകും.'

ഞാൻ അദ്ദേഹത്തോട് ഒരു വിവരണമാവശ്യപ്പെട്ടു. ഒരു മനുഷ്യൻ ദീർഘകാലം പ്രയത്നിച്ചാൽ മുഖംതന്നെ മാറിപ്പോകും എന്നതിനെക്കുറിച്ചായിരുന്നു അത്.

'ഈ മുഖങ്ങൾ വന്നുചേരുന്നത് കഴിഞ്ഞകാലത്തിൽനിന്നാണ്'-അദ്ദേഹം പറഞ്ഞു. 'അതിൽ പല അടരുകളുമുണ്ട്. പക്ഷെ അതിന് അത്ര വലിയ പ്രാധാന്യമൊന്നുമില്ല.'

'ചിലരുണ്ട് അങ്ങിനെ'-അദ്ദേഹം കുറച്ചുകഴിഞ്ഞു പറഞ്ഞു. 'അവർ പ്രത്യേക ശക്തികൾ വേണമെന്നും, സവിശേഷമായ അനുഭവങ്ങൾ വേണമെന്നും കരുതുന്നു. ഇത് ഈശ്വരമാർഗ്ഗത്തിൽ നിന്നും നിങ്ങളെ അരികിലേക്ക് തള്ളിമാറ്റുന്നു. ഒരിക്കൽ ഒരു മനുഷ്യന് ഈശ്വരനെന്തെന്ന് അറിയാൻ സാധിച്ചാൽ എല്ലാ അറിവുകളും എല്ലാ ശക്തികളും ആ വ്യക്തിക്ക് ലഭിക്കും. പിന്നെ, അയാൾക്ക് മറ്റൊന്നും തേടിപ്പോകേണ്ടതില്ല.'

'പല ശാസ്ത്രങ്ങളിലും പറയുന്നുണ്ട്'-ഞാൻ പറഞ്ഞു, 'മനുഷ്യന് രണ്ടാമതൊരു ശരീരമാവാമെന്ന്. ആ ശരീരം വളരെ നശ്വരവുമാണെന്ന് പറയുന്നു. എന്താണ് അതെന്ന് പറഞ്ഞു തരുമോ?'

'നിങ്ങൾക്കറിയാവുന്ന ഒരുകാര്യമുണ്ട്. സ്വപ്നത്തിൽ നിങ്ങളുടെ ശരീരമെങ്ങിനെയായിരിക്കുമെന്ന്.'-അദ്ദേഹം ഉത്തരം പറഞ്ഞു. 'നശ്വരമായ ഒരു ശരീരത്തെക്കുറിച്ച് ശാസ്ത്രങ്ങൾ പറയുന്നുണ്ട്. പക്ഷെ ഇതും ആദ്യ ശരീരത്തോടൊപ്പം നശിക്കുന്നു. അത് പൂർണ്ണമായ ബോധം മാത്രമാണ്. അതാണ് ഓരോരുത്തരും അന്വേഷിക്കേണ്ടതും.'

പിന്നെയും കുറച്ചുനേരത്തിന് അദ്ദേഹമൊന്നും പറഞ്ഞില്ല. 'ബോധത്തിന് മൂന്നുതലങ്ങളുണ്ട്. അഗാധമായ ഉറക്കം, സ്വപ്നത്തോടുകൂടിയ ഉറക്കം, ഉണർന്നിരിക്കുന്ന അവസ്ഥ എന്നിങ്ങനെ. ഈ മൂന്നു ബോധതലങ്ങളെയും കടന്ന് നാം മുന്നോട്ടുപോവണം.'

'ചിലപ്പോൾ'- ഞാൻ പറഞ്ഞു. 'എനിക്ക് ഉറക്കത്തിൽ ബോധചിന്ത ഉണ്ടാവാറുണ്ട്.'

'അങ്ങിനെവന്നാൽ'-അദ്ദേഹം പറഞ്ഞു. 'നിങ്ങൾ ഈശ്വരന് വളരെ അടുത്താണെന്ന് കരുതുക.'

'ഏതാണ് ശരിയായ വഴി'-ഞാൻ അദ്ദേഹത്തോട് ചോദിച്ചു. 'മനസ്സിലെ സത്യത്തെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതാണോ? അതോ ഹൃദയത്തിൽ ഉൾച്ചേർക്കുന്നതോ?'

'എല്ലാ സത്യവും'-അദ്ദേഹം പറഞ്ഞു. 'ഹൃദയത്തിൽ നിന്നാണ് വരുന്നത്.'

ഇന്ത്യ വിടുന്നതിനുശേഷം ഇറാനിലെ സൂഫികളുടെ കൂടെ കുറച്ചുദിവസം കഴിയാനാണ് ഞാനിഷ്ടപ്പെടുന്നതെന്ന് അദ്ദേഹത്തോട് പറഞ്ഞു. 'അവരോട് ചോദ്യങ്ങൾ ചോദിക്കുക'-അദ്ദേഹം പറഞ്ഞു. 'അവരുടെ ഉത്തരങ്ങളിൽനിന്ന് നിങ്ങൾ കൂടുതൽ അർത്ഥങ്ങൾ കണ്ടെത്തിയേക്കാം.'

'നിങ്ങൾക്കറിയുമോ രഥവും, കുതിരകളും, സാരഥിയും ആയ ഒരു ചിഹ്നത്തിന്റെ അർത്ഥമെന്തെന്ന്?'-അദ്ദേഹം ചോദിച്ചു.

ഞാൻ ഇല്ലെന്ന് തലയാട്ടി. 'എന്നിലെ ഞാൻ ആണ് ആ പറയുന്ന ഗുരു. ആ ഗുരുവാണ് തേരു തെളിക്കുന്നവനോട് നിർദ്ദേശിക്കുന്നത്.'

'ഒരു വ്യക്തി തന്റെ ചുറ്റുമുള്ള സകലമൃഗങ്ങളോടും പക്ഷികളോടും വൃക്ഷലതാദികളോടും തുറന്ന മനസ്സുള്ളവനായിരിക്കണം.'

ഞാൻ പിന്നീട് വരും ദിവസങ്ങളിൽ അദ്ദേഹത്തെ വന്നു കണ്ടോട്ടെ? എന്നു ചോദിച്ചു. 'നിങ്ങൾക്ക് പത്തുമുതൽ നാലുവരെയുള്ള ഏതു സമയത്തും വരാം. അതാണ് പകൽ സമയത്ത് സാധാരണ ആളുകൾ എന്നെ കാണാൻ വരാറുള്ള സമയം.'

ഞങ്ങളുടെ സംഭാഷണം ഒരു മണിക്കൂറിൽ അല്പം സമയമധികമെടുത്തുകൊണ്ട് അങ്ങിനെ അവിടെ അവസാനിച്ചു.

പിറ്റെദിവസം രാവിലെ ഞാൻ എന്റെ പകൽയാത്രക്ക് പോവുമ്പോഴെടുക്കാറുള്ള ചോറ്റിൻപാത്രവുമെടുത്ത് ചുട്ടുപൊള്ളുന്ന പാറകൾക്കിടയിലൂടെ അഘോരി ബാബ അവിടെയുണ്ടോ എന്ന് അന്വേഷിച്ച് ചെന്നു. അഘോരി ബാബ ദൂരെയെവിടെയോ പോയിരുന്നു. ഒരു വലിയ ഹിന്ദുക്ഷേത്രത്തിന്റെ നടയിലായിരുന്നു അദ്ദേഹം സാധാരണ ഇരിക്കാറുണ്ടായിരുന്നത്. ആ ക്ഷേത്രത്തിനകത്തേക്ക് ഒരു യൂറോപ്യനെയും കടത്തിവിടുമായിരുന്നില്ല. വടക്കെ ഇന്ത്യയിൽ നിന്നുള്ള അനേകം തീർത്ഥാടകർ അവിടെ തിങ്ങിനിറഞ്ഞിരുന്നു.

അവിടെനിന്നും ഞാൻ ബാബയുടെ തോട്ടത്തിലേക്ക് പോകാൻ രണ്ടു ചെറിയ ആൺകുട്ടികളെയും കൂടെകൂട്ടി. ഞങ്ങൾ നദി കടന്ന് നടകൾ കയറി ചെറുക്ഷേത്രങ്ങൾ കടന്ന് മുന്നോട്ടുപോയി. അതിലൊന്നിൽ ഒരു ശിവലിംഗം എന്റെ ശ്രദ്ധയിൽപ്പെട്ടു. വിശുദ്ധരെന്ന് വിശ്വാസികൾ കരുതുന്ന കുരങ്ങൻമാരുടെ കൂട്ടം അവിടെയെങ്ങുമുണ്ടായിരുന്നു.

ഞാൻ കുരങ്ങന്മാരുടെ കുറെ ചിത്രങ്ങളെടുക്കുകയും, വഴിയെക്കുറിച്ച് കുട്ടികളോട് അഭിപ്രായം ചോദിക്കുകയും ചെയ്തു. ബാക്കിയുള്ള പടികൾ കയറി കുന്നിന് മുകളിലേക്ക് നടന്നു. ഇപ്പോൾ കുട്ടികൾ മുൻപ് ഞാൻ നടന്നിട്ടില്ലാത്ത മറ്റൊരു വഴിയാണ് കാണിച്ചുതന്നത്. അത് ഒരു അരുവിയുടെ തീരത്തുകൂടെയുള്ളതും മറ്റ് ശിവക്ഷേത്രങ്ങളുടെ സമീപത്തു കൂടെയുള്ളതുമായിരുന്നു. കാടിനുപുറത്തുകൂടെയായിരുന്നു ഞങ്ങളേറെയും നടന്നത്. വഴി കുറെചെന്നപ്പോൾ മറ്റൊരു വലിയ ഹിന്ദുക്ഷേത്രത്തിന് സമീപമെത്തി. പിന്നെയും കുട്ടികൾ ക്ഷേത്രത്തിനകത്തേക്ക് കടക്കുന്നതിൽനിന്നും എന്നെ വിലക്കി. അതിന് കൊത്തുപണികളാലലങ്കരിച്ച ഭംഗിയുള്ള വാതിലുണ്ടായിരുന്നു. നദിക്ക് കുറുകെ, കുന്നിന് താഴോട്ടായിരുന്നു അതിന്റെ പ്രവേശന കവാടം. ഭംഗിയേറിയ ഒരു മുറ്റവും അതിനുണ്ടായിരുന്നു. ഞങ്ങൾ പടികൾ ഇറങ്ങി അമ്പലത്തിന്റെ അരികിലെത്തുകയും മറ്റൊരുകൂട്ടം പടികൾ അതിന്റെ മുറ്റത്തേക്ക് നയിക്കുന്നത് ശ്രദ്ധിയ്ക്കുകയും ചെയ്തു. ബഹുവർണ്ണങ്ങളാലലങ്കരിച്ച ചില രൂപങ്ങൾ ആ പടികൾക്കിരുവശവുമുണ്ടായിരുന്നു.

ഞാനവിടെ നിന്ന് ഒരു വലിയ ഫോട്ടോയെടുത്തു. അപ്പോൾ തലയില്ലാത്ത ഒരു കറുത്ത ആടിന്റെ ശരീരവുമെടുത്തുകൊണ്ട് ഒരാളും ഒരു കുട്ടിയും പടികളിറങ്ങിവന്നു. അപ്പോൾമാത്രം ബലികൊടുക്കപ്പെട്ടതായിരുന്നു അത്. ആ ചോരയിൽ കുതിർന്ന ബലി ഈശ്വരാരാധനക്ക് ഒരു മാർഗ്ഗമാണെന്നതും, ഏതാനും വാര അകലെമാത്രമാണ് ജീവിതത്തിന്റെ മഹത്വമറിയുന്ന ബാബ ഇരിക്കുന്നതെന്നും ആലോചിച്ച് ഒരു നിമിഷം ഞാനൊന്ന് അമ്പരന്നുപോയി. ആ സംഭവം പിന്നീട് എന്റെ വീടിനെക്കുറിച്ച് ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ഞങ്ങൾ വീണ്ടും നടന്നു മുന്നോട്ടുപോയി. നടവഴി അരുവിയുടെ തീരത്തുകൂടെതന്നെയുള്ളതായിരുന്നു. എളുപ്പവഴിയായിരിക്കണം. പെട്ടെന്ന് മുന്നിൽപ്പെട്ട ഒരു കുത്തനെയുള്ള കയറ്റം കയറി ചെല്ലുന്നത് ബാബയുടെ തോട്ടത്തിലേക്കാകുന്നു. ഞാനൊരു നിമിഷം നിന്ന്, പോക്കറ്റിൽനിന്ന് പൈസയെടുത്ത് ബക്ഷീഷ് കൊടുത്ത് എന്റെ വഴികാട്ടികളായ കുട്ടികളെ പറഞ്ഞയച്ചു.

മുൻപ് ചെയ്തതുപോലെ വരാന്തയിലേക്ക് കയറുന്നതിന് മുൻപ് മുറ്റത്തെ ചുറ്റുകയും മുന്നോട്ട് നടക്കുകയും ചെയ്തു. ബാബയുടെ കുടിലിന്റെ വാതിൽ അടഞ്ഞുകിടക്കുന്നത് ഞാൻ കണ്ടു. കുടി ശൂന്യ

മായിരുന്നു. ഞാൻ തിരിഞ്ഞപ്പോൾ എന്നെ തുറിച്ചുനോക്കിയിരുന്ന ഒരു മനുഷ്യനെ കാണുകയും, അയാൾ ഇരുപതുവാര അകലെ മരക്കൂട്ടത്തിനിടയിലേക്ക് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അവിടെ ഒരു കസേരയിലിരിക്കുന്ന ബാബയെ ഞാൻ ശ്രദ്ധിച്ചു.

ഞാൻ അദ്ദേഹത്തെ സംബോധന ചെയ്തശേഷം എതിർവശത്തിട്ടിരുന്ന ഒരു സ്റ്റൂളിൽ ഇരുന്നു. 'ഞാൻ സാധാരണ പകൽസമയത്ത് പുറത്തിരിക്കാറുണ്ട്.'-അദ്ദേഹം പറഞ്ഞു. 'ഇന്നലെ മഴകാരണം അങ്ങിനെയുണ്ടായില്ല.'

മരക്കസാലയിൽ അദ്ദേഹമിരിക്കുന്നതിന് താഴെയും പിന്നിലുമായി ഒരു വെളുത്ത കട്ടിത്തുണി വിരിച്ചിരുന്നു. അദ്ദേഹത്തിന്റെ മെതിയടി നിലത്ത് കസേലയ്ക്ക് പുറകിലായി കാണാമായിരുന്നു. അടുത്ത് മൂന്നു തട്ടുള്ള ഒരു ചെറിയ മേശ വെച്ചിരുന്നതിന് മുകളിലത്തെ തട്ടിൽ ഒരു ടിൻ നിറയെ സിഗരറ്റും കുറച്ച് തീപ്പെട്ടികളും വെച്ചിരുന്നു. അടുത്ത് തുപ്പൽ കോളാമ്പിയായി അദ്ദേഹം ഉപയോഗിച്ചിരുന്ന വെളുത്ത ഒരു ചെറു ഭരണിയുമുണ്ടായിരുന്നു. ഇടയ്ക്ക് സഹായികളായി നിന്നിരുന്ന ആളുകൾ കൊണ്ടുവന്ന വെള്ളം കുലുക്കുഴിഞ്ഞ് അദ്ദേഹം അതിൽ തുപ്പി. അദ്ദേഹത്തിന്റെ സഹായികളായി ഒന്നുരണ്ടുപേർ അവിടെ എപ്പോഴും ഉണ്ടായിരുന്നു.

എന്റെ അരമണിക്കൂർ നീണ്ട സംഭാഷണത്തിന് മുൻപായി മറ്റൊരു സന്ദർശകൻ അവിടേക്ക് കയറിവന്നു. ബാബ പറഞ്ഞത് അദ്ദേഹം ഒരു ഡോക്ടറാണെന്നും, ആസ്ത്രേലിയക്കാരനെന്നുമാണ്. എനിക്ക് വിരോധമില്ലെങ്കിൽ ഡോക്ടറും സംഭാഷണത്തിൽ കൂടിക്കൊള്ളട്ടെ എന്നും ബാബ ചോദിച്ചു. എന്തുകൊണ്ട് പാടില്ല? എന്ന എന്റെ മറുപടി കേട്ട് ആ ഡോക്ടർ എന്റെ അരികിലുണ്ടായിരുന്ന മറ്റൊരു സ്റ്റൂളിൽ വന്നിരുന്നു. താൻ പിറ്റേദിവസം രാവിലെ മടങ്ങുകയാണെന്ന് അദ്ദേഹം ക്ഷമാപണപൂർവ്വം പറഞ്ഞു. അതിനാൽ വേഗം തിരിച്ചു പോകണമെന്നും അദ്ദേഹം പറഞ്ഞു. പിന്നീട് ഞാൻ മനസ്സിലാക്കിയത് മറ്റൊരാളുടെ സ്വകാര്യ സംഭാഷണത്തിൽ ഇടപെടേണ്ടെന്ന് കരുതി അദ്ദേഹം സ്വയം സന്നദ്ധനായി വേഗം മടങ്ങുകയായിരുന്നുവെന്നാണ്.

ഞങ്ങളുടെ ഇന്നത്തെ സംഭാഷണം ഇടയ്ക്കിടക്ക് മുറിഞ്ഞുകൊണ്ടുള്ളതായിരുന്നു. ഉച്ചയ്ക്കുള്ള ഒരിടവേളയിൽ തന്നെ കാണാൻ വന്ന ഒരു ഹിന്ദുകുടുംബത്തെ അദ്ദേഹം സ്വീകരിക്കുകയുണ്ടായി. എനിക്ക് അവർ പറഞ്ഞതൊന്നും മനസ്സിലായില്ല. മെല്ലെ എന്റെ

നേരെ തിരിഞ്ഞുകൊണ്ട് അദ്ദേഹം ചോദിച്ചു: 'നിങ്ങൾ സന്തോഷവാനാണോ?' പക്ഷികളുടെ കളകൂജനവും ചെറുകാറ്റിൽ ഇലകൾ ചലിക്കുന്ന ശബ്ദവും ഒഴിച്ചാൽ അവിടെ നിറഞ്ഞുനിന്ന നിശബ്ദതയിലും ശാന്തതയിലും ഞാൻ തികച്ചും സന്തോഷവാനായിരുന്നു. ബാബയോടുള്ള എന്റെ വികാരപരമായ സമീപനം അദ്ദേഹത്തിൽനിന്നുള്ള സ്നേഹത്തിൽനിന്നും നന്മയിൽനിന്നും ഉത്തേജനം കൊണ്ടതായിരുന്നു.

'ഒരു മനുഷ്യൻ നാലുതരത്തിലുള്ള ത്യാഗമനുഭവിക്കണം.'- അദ്ദേഹം പറഞ്ഞു. ആദ്യത്തേത് മനസ്സുകൊണ്ടുള്ളത്. മറ്റുള്ളവരുടെ കുറവുകളെക്കുറിച്ച് ആലോചിക്കാതിരിക്കുക. രണ്ടാമതായി മറ്റുള്ളവരെ വേദനിപ്പിക്കുന്നതായി ഒന്നും പറയരുത്. മൂന്നാമതായി ശരീരം കൊണ്ടുള്ളതാണ്-മറ്റുള്ളവരെ ശാരീരികമായി സഹായിക്കാവുന്ന ഒരവസരവും കളയരുത്. നാലാമതായി സമ്പത്തും സ്വത്തുക്കളും അർഹിക്കുന്നവർക്ക് ദാനം ചെയ്യണം.

'ഒരു മനുഷ്യൻ ഇപ്രകാരം പ്രവർത്തിച്ചാൽ-ഫാദർ'-ഞാൻ ചോദിച്ചു. 'അയാൾക്കറിയാൻ കഴിയുമോ എന്താണ് ശരിയായ സ്നേഹമെന്ന്?'

അദ്ദേഹം ചിരിച്ചു: 'ശരിയായി അങ്ങിനെത്തന്നെ.'

വീണ്ടും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. 'ഇന്നലെ ഞാൻ പറഞ്ഞത് ഒരു മനുഷ്യൻ കർമ്മമനുഷ്ഠിച്ചു കഴിഞ്ഞാൽ ബാക്കി സമയം ഈശ്വരവിചാരത്തിനായി നീക്കിവെക്കണം എന്നതാകുന്നു. ഒരു മനുഷ്യന് മൂന്നുതരത്തിലുള്ള കർമ്മങ്ങളുണ്ട്. അതിലാദ്യത്തേത് ശരീരത്തെ ശ്രദ്ധിച്ച് അതിന്റെ പ്രവർത്തനങ്ങളെ നല്ല രീതിയിലാക്കുക എന്നതാകുന്നു.' പിന്നെ അദ്ദേഹം കുടിക്കാനായി ചൂടുവെള്ളം വെച്ചിരുന്ന ഒരു ഫ്ളാസ്ക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്ക് വെള്ളം ആവശ്യമുണ്ട്. ഫ്ളാസ്ക്ക് നിങ്ങൾക്ക് അപ്പോൾ ആവശ്യമില്ലാത്തതാണ്. പക്ഷെ ചൂടുവെള്ളം സൂക്ഷിച്ച് വേണ്ടപ്പോൾ കുടിക്കണമെങ്കിൽ നിങ്ങൾക്ക് ഫ്ളാസ്ക്ക് കൂടിയേ തീരൂ. ശരീരമെന്നത് ഈ ഫ്ളാസ്ക്കപോലെയാണ്'-അദ്ദേഹം പറഞ്ഞുനിർത്തി.

'ഒരു മനുഷ്യന്റെ രണ്ടാമത്തെ കർമ്മം കുടുംബത്തോടും വീടിനോടും, അവന്റെ രാജ്യത്തോടുമുള്ള കടപ്പാടാകുന്നു.'

'മൂന്നാമത്തെ പ്രവൃത്തി അവന്റെ ജോലിയോടുള്ളതാകുന്നു. ആ വ്യക്തി ചെയ്യുന്നത് അത്യാവശ്യമുള്ള കർമ്മമായിരിക്കണം. ബാക്കി സമയം ഈശ്വര ചിന്തനത്തിനായി മാറ്റിവെയ്ക്കുക.'

'അതു വളരെ ബുദ്ധിമുട്ടാണ്, സാർ'-ഞാൻ പറഞ്ഞു. 'ഏതാണ് അത്യാവശ്യം വേണ്ടതെന്ന് എങ്ങിനെയറിയും?' കർമ്മത്തെക്കുറിച്ച് അനേകം തെറ്റായ ആശയങ്ങൾ നിലവിലുണ്ടുതാനും.'

'ഒരു മനുഷ്യൻ അവന്റെ വിവേകം ഉപയോഗിക്കണം'-അദ്ദേഹം പ്രതിവചിച്ചു. 'അത് ഒരു വാഹനത്തെ അനേകം യാത്രാതടസ്സങ്ങളിലൂടെ ഓടിക്കുന്നതിന് സമമാകുന്നു.'

ആസ്ട്രേലിയൻ ഡോക്ടർ വേദനകളെക്കുറിച്ചുള്ളതും അതോടു ബന്ധപ്പെട്ടതുമായ പ്രശ്നങ്ങളെക്കുറിച്ച് വളരെ താത്പര്യമെടുത്ത് ചോദിച്ചു. അദ്ദേഹം ഹിപ്നോട്ടിസം വേദനാരഹിതമാക്കുന്നതിന് ഉപയോഗിക്കുന്നതിനെക്കുറിച്ചും സംസാരിച്ചു.

'വേദന ഒഴിവാക്കാൻ ബുദ്ധിമുട്ടുള്ളതാണ്'-ബാബ പറഞ്ഞു. 'നിങ്ങൾക്ക് വേദനയുടെ കാരണത്തെക്കുറിച്ചറിയാമെങ്കിൽ അതിനുള്ള മരുന്ന് കൊടുത്തുമാറ്റാം. അല്ലെങ്കിൽ നിങ്ങൾ അതിനുള്ള കാരണം പഠിക്കേണ്ടിവരും. വേദനയും സന്തോഷവും ചൂടും തണുപ്പും, ഒക്കെ വരുന്നതും പോകുന്നതുമായ ചില കാര്യങ്ങളാണ്.'

അദ്ദേഹം പറഞ്ഞുനിർത്തി, ഡോക്ടറുടെ മുഖത്തേക്ക് നോക്കി. 'പ്രശ്നമതല്ല, നിങ്ങൾ വേദനയെ ഇഷ്ടപ്പെടുന്നില്ല എന്നതാണ്. നിങ്ങൾ അതിനെ ഇഷ്ടപ്പെടാൻ പഠിക്കേണ്ടിയിരിക്കുന്നു.'

ഡോക്ടർ കുറച്ചുനേരത്തിന് ഒന്നും പറഞ്ഞില്ല. 'അങ്ങ് പറയുന്നത് ഒരു വ്യക്തി വേദനയോടും സന്തോഷത്തോടും യാതൊരു കരുണയും കാണിയ്ക്കരുതെന്നാണ്. പക്ഷെ ഇവിടെ ഈ ഉപവനത്തിൽ പക്ഷികളുടെ പാട്ടുകേട്ടും മനോഹരമായ ഈ വൃക്ഷങ്ങൾ കണ്ടും ഒരാൾക്ക് സന്തോഷിക്കാതിരിക്കാനാവുമോ?'

'സന്തോഷമെന്നത് അത്തരം അവസരങ്ങളിൽ ഉണ്ടാവുന്നതാവുന്നു. അതിന് ഞാനുദ്ദേശിച്ച ഹർഷാതിരേകം എന്ന അർത്ഥമല്ല ഉള്ളത്.'-ബാബ പറഞ്ഞു. 'ചീത്ത ഫലങ്ങളൊന്നും അതിനില്ല.'

ഡോക്ടർ വീണ്ടും ആശ്ചര്യപ്പെട്ടു. 'തീർച്ചയായും ഒരാൾ ആസുരഭാവത്തെ ഇഷ്ടപ്പെടാതിരിക്കേണ്ടതുണ്ട്.'

ബാബ പറഞ്ഞു: 'അല്ല! അത് ഉപയോഗശൂന്യമായതാണ്.'

ഡോക്ടർ മെസ്മറിസത്തെക്കുറിച്ച് ചോദിച്ചു. അത് ഇന്നലെ എന്നോടു സൂചിപ്പിച്ചതായിരുന്നു.

'മെസ്മറിസം നന്നല്ല'-ബാബ പറഞ്ഞു. 'അതിന് വളരെ ഊർജ്ജം ചെലവാക്കേണ്ടതുണ്ട്. ഒരു ചെറിയ കമ്പിയിൽകൂടി കൂടു

തൽ ശക്തിയേറിയ വൈദ്യുത പ്രവാഹം കടത്തിവിടുന്നതുപോലെയാണത്.'

ഒരു വ്യക്തി അത്യാവശ്യത്തിന് എത്രനേരം ഉറങ്ങണമെന്ന് ഡോക്ടർ ചോദിച്ചു. 'ഒരു രാത്രിയിൽ അഞ്ചെട്ടു മണിക്കൂർ ഉറങ്ങാം.'-ബാബ പറഞ്ഞു. 'ശാരീരികമായ ഉപയോഗം പോലെയാണ് അതിന്റെ അവസ്ഥയും. എനിക്ക് ശരീരം കൊണ്ടുള്ള പ്രവൃത്തികൾ കുറവാണ്. അതിനാൽ രണ്ടുമണിക്കൂർ ഉറങ്ങിയാൽ മതി.'

ഞാനൊരു അമേരിക്കൻ സിഗരറ്റ് അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹമതു സ്വീകരിച്ചു. അത് ഇംഗ്ലീഷ് തരത്തിനേക്കാൾ ശക്തിയേറിയതാണ് എന്ന് പറയുകയും ചെയ്തു.

'ഭക്ഷണം കഴിക്കുക, കുടിക്കുക, വലിക്കുക, ലൈംഗികകാര്യങ്ങളിലേർപ്പെടുക-എല്ലാം നമ്മുടെ ശരീരത്തിന്റെ കഴിവു നോക്കി വേണം. ഒരാൾ വയറിന്റെ പകുതി ഭക്ഷണം കൊണ്ടു നിറയ്ക്കുകയും, കാൽഭാഗം വെള്ളംകൊണ്ട് നിറയ്ക്കുകയും, ബാക്കി കാൽഭാഗം വെറുതെയിടുകയും വേണം. ലൈംഗികമായ ആവശ്യങ്ങളിൽ മനുഷ്യന്റെ ഊർജ്ജത്തിൽ നല്ലൊരുഭാഗവും പ്രധാനമായും നഷ്ടപ്പെടുന്നത് അതിലൂടെയാണ് എന്നോർക്കണം. ഒരുമാസത്തിൽ ഒരുതവണ മാത്രം പരസ്പരം ബന്ധപ്പെടുക. രണ്ടുകുട്ടികൾ ജനിച്ചു കഴിഞ്ഞാൽ പിന്നെ ഭാര്യാ, ഭർത്താക്കൻമാർ സഹോദരീ സഹോദരന്മാരെപോലെ കഴിയണം. ലൈംഗികത എന്നത് ഇച്ഛാശക്തിയുടെ എതിർഭാഗമാകുന്നു.'

ഞാൻ അദ്ദേഹത്തോട് കഠോപനിഷത്തിലെ നചികേതസ്സിന്റെ അഗ്നിയെക്കുറിച്ചുള്ള പരാമർശ ഭാഗത്തെക്കുറിച്ച് ചോദിച്ചു.

'അത് മനസ്സിന്റെ ജ്വലിക്കുന്ന മാർഗ്ഗമാണ് - ഏകമായ ഈശ്വരനിലേക്ക്' - അദ്ദേഹം പ്രതിവചിച്ചു.

വാക്കുകളിലൂടെ നടത്തുന്ന പ്രാർത്ഥനയെക്കുറിച്ച് ഞാൻ ചോദിച്ചു. 'വാക്കുകളിലൂടെ നടത്തുന്ന പ്രാർത്ഥനയും, ഈശ്വരനെ രൂപത്തോടെ കാണുന്നതും പ്രയോജനപ്രദമാണ്.'-അദ്ദേഹം പറഞ്ഞു. 'കാരണം ആ പ്രാർത്ഥനകൾക്ക് ഈശ്വരനിലേക്ക് മാനവ ഹൃദയങ്ങളെ ഉയർത്താനാകും. അവ യഥാർത്ഥത്തിൽ ധ്യാനം തന്നെയാണ്.'

വളരെ നീണ്ട മൗനത്തിനുശേഷം അദ്ദേഹം വീണ്ടും പറഞ്ഞു തുടങ്ങി: 'ഒന്നിനും ഈശ്വരസാക്ഷാത്ക്കാരത്തിനു പകരമായി മാറാനാവില്ല. ഇതിനുമാത്രമേ ശരിയായതിനെക്കുറിച്ചുള്ള അറിവുതരാൻ

സാധിക്കയുള്ളൂ. തന്റെ ഇന്ദ്രിയങ്ങളിലൂടെ ഒരു മനുഷ്യൻ നേടുന്ന അറിവുകൾ യഥാർത്ഥത്തിൽ ശരിയായ അറിവിന്റെ ഒരറ്റത്തു തൊടുന്നതുമാത്രമാകുന്നു. ഒരു നിമിഷം മാത്രമുള്ള സാക്ഷാത്കാരം മതി അറിവ് പൂർണ്ണമാകുവാൻ.'

'കൂടാതെ, ഈശ്വര സാക്ഷാത്ക്കാരത്തിന്റെ വേളയിൽ, ഒരു മനുഷ്യൻ പ്രപഞ്ച സത്യത്തെ നേരിട്ടുതന്നെ അറിയുന്നു. അതിലടങ്ങിയ നിയമങ്ങളെയും അവനറിയുന്നു.'

'അതെ, അതു വിവരിക്കാൻ സാധ്യമല്ല.' അദ്ദേഹം ഒന്നു നിർത്തി. 'ഒരു മനുഷ്യന്റെ ജീവിതകാലം മുഴുവനും ഈശ്വരനെപ്പറ്റിയുള്ള ബോധം കൈവരുത്താതെ ഒരു സ്വപ്നത്തിലെന്നപോലെ കഴിഞ്ഞുപോകുന്നു. ആ സ്വപ്നത്തിൽ അനേകം വൈരുദ്ധ്യങ്ങളെ അവൻ ദർശിക്കുന്നു, നല്ലതും അതിനടുത്ത് പ്രത്യക്ഷമായവയും.'

'ഭൗതിക ശരീരത്തിന്റെ മരണശേഷം എന്താണ് സംഭവിക്കുക?' -ഞാൻ ചോദിച്ചു.

'മരണശേഷം, രണ്ടാമത്തെ ശരീരം ഭൗതിക ശരീരത്തിനടുത്ത് കുറച്ചുനേരം ഉണ്ടായിരിക്കും. പിന്നെ അത് അവിടമുപേക്ഷിച്ച് മറ്റൊരു ഗ്രഹത്തിലേക്ക് പോകും. പിന്നെ അത് മറ്റൊരു ശരീരം കൈക്കൊള്ളും. ഈശ്വരസാക്ഷ്താക്കാരം ലഭിക്കുംവരെ ഈ പ്രവൃത്തി തുടർന്നുകൊണ്ടേയിരിക്കും.'

'എത്രകാലം?'-ഞാൻ ചോദിച്ചു. അങ്ങ് ഈ ശരീരവുംകൊണ്ട് ജീവിതവുമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നുണ്ടോ?'

'ഒരു രണ്ടുവർഷംകൂടി'-അദ്ദേഹം പ്രതിവചിച്ചു. 'ഇതിനകത്ത് വളരെക്കുറച്ച് ഊർജ്ജംകൂടി ബാക്കിനിൽക്കുന്നുണ്ട് ഇപ്പോൾ.'

'ഞാനതു കേട്ടിട്ടുണ്ട്'-ഞാൻ പറഞ്ഞു. 'ദിവ്യശരീരങ്ങളും ഭൂമിയും മറ്റ് ഗ്രഹങ്ങളും നക്ഷത്രങ്ങളും മനുഷ്യനിലുപരി ഒരുതലത്തിൽ സ്ഥിതിചെയ്യുന്നുവെന്ന്. അങ്ങിനെയല്ലേ?'

'അതെ!' അദ്ദേഹം പറഞ്ഞു. 'അത് അങ്ങിനെത്തന്നെ. വസ്തുക്കൾ എന്നത് ഊർജ്ജത്തിന്റെ ബഹിസ്ഫുരണമാകുന്നു. അതുകൊണ്ട് എവിടെ ഊർജ്ജമുണ്ടോ അവിടെ ബുദ്ധിയുമുണ്ട്.'

'അതും ഞാൻ കേട്ടിട്ടുണ്ട്'-ഞാൻ പറഞ്ഞു. 'ഈ സൗരയൂഥം തന്നെ ഒരു ജീവിത ജൈവഘടകമാണെന്ന്. അങ്ങിനെയല്ലേ?'

'അതെ'-അദ്ദേഹം ഉത്തരം പറഞ്ഞു. 'സൂര്യൻ ഹൃദയംപോലെയും, ഗ്രഹങ്ങൾ കൈകാലുകളെപ്പോലെയും. അങ്ങിനെത്തന്നെ.'

'അപ്പോൾ ജ്യോതിശാസ്ത്രം ഒരു യഥാർത്ഥ ശാസ്ത്രശാഖയാണോ?'

'അതെ. അങ്ങിനെയാണ്.'

ഞാൻ പിന്നീട് ചോദിച്ചത് കുട്ടികളെ വളർത്തുന്നതിനെക്കുറിച്ചാണ്. 'ആരാണോ ഈ ഉത്തരവാദിത്വം ശരിയായി കയ്യേൽക്കുന്നത് അയാൾ ഉടനറിയും-താൻ അതിന് എത്രത്തോളം അപര്യാപ്തമാണെന്ന്. എനിക്ക് ഒരു കുട്ടിയെ ജീവിതത്തിന് പര്യാപ്തമാക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് മനസ്സിലായിട്ടുണ്ട്. ഒരാൾ കുട്ടിക്ക് ഭക്ഷണവും, പാർപ്പിടവും, വസ്ത്രവും, വിദ്യാഭ്യാസവും കൊടുക്കുന്നു. പക്ഷെ എങ്ങിനെയാണ് ഒരു കുട്ടിയെ വികാരം വരുന്ന സന്ദർഭങ്ങളിൽ പ്രതികരിക്കാനും ശരിയായ മാർഗ്ഗം തിരഞ്ഞെടുക്കാനും എന്താണ് ജീവിതം എന്നറിയിക്കാനും പഠിപ്പിക്കേണ്ടത്.'

'അവർ തെറ്റായി പെരുമാറുമ്പോൾ'-അദ്ദേഹം പറഞ്ഞു. 'ഒരാൾ പറയണം ഇങ്ങനെയല്ലേ പെരുമാറേണ്ടതെന്ന്. അയാൾക്കതു മനസ്സിലാകും. ഒരാൾ ഒരുവഴി കണ്ടെത്തണം ചീത്തശീലങ്ങൾ തുടങ്ങുന്നതിൽ നിന്നും അവരെ വിലക്കാനും ആ ശീലങ്ങൾ അവരിലുറക്കുന്നതിനുമുമ്പായി നീക്കം ചെയ്യാനും. പിന്നീട് അവ മാറ്റാൻ ബുദ്ധിമുട്ടാണ്.'

'ലൈംഗികതയെക്കുറിച്ചുകൂടി'-ഞാൻ പറഞ്ഞു. 'ഒരാൾക്ക് എങ്ങിനെയാണ് ശരിയായ രീതിയിൽ മറ്റൊരാളെ മനസ്സിലാക്കി സഹായിക്കാനാവുക.' 'ഒരാൾക്ക് ഒരു പ്രയാസവുമില്ലാതെ അത് മനസ്സിലാകും.'-അദ്ദേഹം പറഞ്ഞു. 'അവർ അത് ശരിയായി പറയുകയാണെങ്കിൽ.'

ഉച്ചതിരിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. ഇത് അദ്ദേഹത്തിന് അല്പം വിശ്രമിക്കാനുള്ള സമയമാണെന്ന്.

ഡോക്ടർ അല്പസമയം മുൻപേ പോയിരുന്നു. എന്റെ കൈവശം ഏതാനും ഭക്ഷണ സാധനങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്ന് ഞാൻ ബാബയോട് പറഞ്ഞു. അദ്ദേഹത്തിന്റെ പരിചാരകൻ അയാൾ താമസിക്കുന്ന ഒരു ചെറുപുര ചൂണ്ടിക്കാണിച്ചുതന്നു. ഞാൻ അവിടെ നിലത്തിരുന്ന് ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്തു. പിന്നെ പുറംചാരിയിരുന്ന് അല്പം വിശ്രമിച്ചു. ഞാൻ എഴുന്നേറ്റ് അവിടം വൃത്തിയാക്കി. അപ്പോൾ പരിചാരകൻ വന്ന് ബാബയുടെ വിശ്രമം കഴിഞ്ഞുവെന്നും എന്നോട് വരാൻ ആവശ്യപ്പെട്ടുവെന്നും അറിയിച്ചു. ആ സമയത്ത് വളരെ അംഗങ്ങളുള്ള ഒരു ഹിന്ദു

കുടുംബം അവിടേക്ക് വന്നു. അതിൽ വളരെ വയസ്സായ ഒരു സ്ത്രീയും വളരെയധികം എണ്ണം ചെറിയ കുട്ടികളുമുണ്ടായിരുന്നു. ഞാൻ ബാബയെ വണങ്ങുകയും കുമ്പിട്ട് അദ്ദേഹത്തിന്റെ കാലുകളിൽ ചുംബിക്കുകയും ചെയ്തു. അവർ പറയുന്നത് എനിക്ക് മനസ്സിലായില്ല. പക്ഷെ അവർ ചെയ്ത ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു. ഒരു ചെറിയ പെൺകുട്ടിയുടെ ശരീരത്തിലെ തൊലിയുടെ നിറവ്യത്യാസമുള്ള ഭാഗം ചൂണ്ടിക്കാട്ടി അതെന്താണെന്ന് അവർ ബാബയോട് ചോദിച്ചു. പിന്നീട് ഞാൻ ഒരുകാര്യം മനസ്സിലാക്കുകയുണ്ടായി. ബാബ പാരമ്പര്യമായി ചികിത്സയറിയാവുന്ന ഒരു നല്ല വൈദ്യനായിരുന്നുവെന്ന്. ബാബയുടെ ആംഗ്യങ്ങളിൽനിന്നും ഒരു ചെടിയുടെ ഇലപറിച്ച്, കയ്യിലിട്ടുരച്ച്, അതിന്റെ ചാറ് നിറവ്യത്യാസമുള്ള ഭാഗത്ത് പുരട്ടുവാനാണ് പറയുന്നതെന്ന് ഞാൻ മനസ്സിലാക്കി.

ഹിന്ദു കുടുംബം പോയതിനുശേഷം കുറച്ചുകഴിഞ്ഞ് മറ്റൊരാൾ കയറിവന്നു. പിന്നെ ഞാനറിഞ്ഞു അപ്പോൾ വന്നയാൾ ഒരു ഉയർന്ന ഉദ്യോഗസ്ഥനാണെന്ന്.

അദ്ദേഹം പറഞ്ഞത് ഞാനിന്നുമോർക്കുന്നു. ബാബ എത്രത്തോളം ജനങ്ങളെ സഹായിക്കുന്നുവെന്നതാണിത്.

'ഒരാൾക്ക് ജനങ്ങൾക്ക് ഒന്നും നൽകാനാവില്ല.'-ബാബ പറഞ്ഞു. 'കുറച്ചു മുൻപ് വന്ന ആസ്ത്രേലിയൻ ഡോക്ടർ വളരെ ശാന്തനും സന്തോഷവാനുമായിട്ടാണ് തിരിച്ചു പോയത്. അദ്ദേഹത്തിന് അങ്ങിനെ തോന്നാനുള്ള കാരണം ഇവിടെ വരുമ്പോൾ തന്റെ പ്രവൃത്തി സംബന്ധമായ ചില സംശയങ്ങൾ ഉണ്ടായിരുന്നു എന്നതിനാലാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞത് സംശയ ദൂരീകരണത്തിനാണ്.അതാണ് ഡോക്ടറിൽ സന്തോഷവും സമാധാനവും ഉണ്ടാക്കിയത്. ഒരാൾക്ക് ഒന്നും കൊടുക്കുവാൻ കഴിയുകയില്ല. ഒന്നും എടുക്കാനും സാധിക്കയില്ല.'

'പക്ഷെ ഫാദർ'-ഞാൻ ചോദിച്ചു. 'പലരും പറയുന്നത് നാം ഓരോരുത്തരുടെയും ചുറ്റും ഒരുതരം പ്രത്യേക അന്തരീക്ഷമുണ്ടെന്നാണ്. അതിന് ചിലത് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പകരാനും സാധിക്കുമെന്നാണ്. ഇങ്ങനെ പകരാൻ ഒരു മാധ്യമമായി ഈ അന്തരീക്ഷം ഉപയോഗിക്കുന്നു. ഒരുതരം ബഹിർസ്ഫുരണം. അത് അങ്ങിനെയാണോ?'

'അത് ശരിതന്നെയാണ്.' അദ്ദേഹം മറുപടി പറഞ്ഞു. 'അത് ഒരു പൂവിന്റെ മണം പോലെയാണ്. നിങ്ങൾക്കത് പൂവിനെ നേരിട്ടു

കാണാതെത്തന്നെ അനുഭവവേദ്യമാകുന്നു. ഒരു മനുഷ്യന്റെ ചിന്ത ശുദ്ധമായാൽ, അയാൾക്ക് ഈ ബഹിർസ്ഫുരണം സ്വീകരിക്കാൻ സാധ്യമാകുന്നു.'

ഒരു നിമിഷം നിർത്തിയശേഷം അദ്ദേഹം തുടർന്നു. 'ഞാനിപ്പോൾ ഒന്നും ചെയ്യുന്നില്ല. നല്ലതും ചീത്തയും ചെയ്യുന്നില്ല. അതിനാൽ ഒരു അനന്തരഫലവും അതിൽനിന്നും സൃഷ്ടിക്കപ്പെടുന്നില്ല.'

മൂന്നുമണിക്കുശേഷം അദ്ദേഹം കുറച്ച് വിശ്രമിക്കണമെന്നാവശ്യപ്പെട്ടു. 'ഞാൻ വളരെ ക്ഷീണിതനാണിപ്പോൾ'-അദ്ദേഹം പറഞ്ഞു. 'അതുപോലെ ഇക്കാലത്ത് ക്ഷീണിതനാവുമ്പോൾ എന്റെ ശരീരം ഒരു മയക്കംപോലെയാവാറുണ്ട്. ശനിയാഴ്ചകളിലാണ് ഞാൻ സാധാരണയായി ആളുകളെ സ്വീകരിക്കാറുള്ളത്. വളരെയധികം ആളുകൾ വന്നാൽ ഞാൻ ക്ഷീണിതനാവും.'

ഞാൻ നന്ദി പറഞ്ഞുകൊണ്ട് അവിടെ നിന്നും പോന്നു.

വഴിയിൽനിന്നും ഞാൻ ഒരുകാര്യം മനസ്സിലാക്കിയത് അന്നാണ് ദുർഗ്ഗയുടെ ഒരു ഉത്സവം നടക്കുന്നതെന്നും, അത് പട്ടണത്തിൽനിന്നും എട്ടുനാഴിക അകലെയാണെന്നുമായിരുന്നു. ഞാനൊരു ബസ്സിൽ കയറി. അതിനെ ആളുകളെ അട്ടിയിട്ട ഒരു ട്രക്കെന്ന് പറയുന്നതായിരുന്നു കൂടുതൽ നല്ലത്. എവിടെയോ എത്തിയപ്പോൾ ഡ്രൈവർ വണ്ടി നിർത്തി, പൈസ പിരിക്കാൻ തുടങ്ങി.

ഉത്സവസ്ഥലത്ത് ഇരുപതിനായിരത്തിലധികം ആളുകൾ തിങ്ങിക്കൂടിയിരുന്നു. എല്ലാവരുടെയും ശ്രദ്ധ ഒരറ്റത്ത് പുല്ലുകെട്ടിമേഞ്ഞ ഒരുതുറന്ന സ്ഥലത്തേക്കായിരുന്നു. അത് പട്ടാളക്കാരുടെ ഒരു കവാത്ത് മൈതാനത്തിന്റെ പ്രതീതിയുളവാക്കി. അത് ഒരു ചെരുവിൽ അവസാനിച്ചിരുന്നു.

ഇരുപത് വേദികൾ കെട്ടിയുണ്ടാക്കിയിരുന്നു. ഓരോ വേദിക്ക് മുമ്പിലും ഇരുപത് അടി ചുറ്റളവിൽ ചുടുകട്ടകൾ വട്ടത്തിൽ വെച്ചിരുന്നു. ചുടുകട്ടകൾ പച്ചയിലകൾ കൊണ്ട് മൂടിയിരുന്നു. അതിനുചുറ്റും വട്ടത്തിൽ അനേകംപേർ ഇരുന്നിരുന്നു. ഓരോവേദിയിലും വെള്ള വസ്ത്രം ധരിച്ച ഓരോ ആളുകൾ നിന്നിരുന്നു. അവർ ആളുകൾ കൊണ്ടുവരുന്നവ വാങ്ങി മുൻപിലെ വട്ടത്തിലുള്ള മൺകട്ടകളിലേക്ക് വെയ്ക്കുകയോ എറിയുകയോ ചെയ്തു വന്നു. അവർ ഒരു വടം കെട്ടി ആളുകളെ നിയന്ത്രിച്ചിരുന്നുവെങ്കിലും, ഞാൻഎത്തിച്ചേർന്ന അഞ്ചുമണിക്കുശേഷം തിരക്ക് കൂടുകയും തടസ്സങ്ങൾ ആളുകൾ ഒഴിവാക്കുകയും ചെയ്തു. ഇടക്കിടക്ക് ഉദ്യോഗസ്ഥർ വന്ന് ആളുകളെ നിയ

ന്ത്രിക്കാൻ പാടുപെടുകയും ജനങ്ങൾ വീണ്ടും തിരക്കി മുന്നിലെത്തുകയും ചെയ്തുകൊണ്ടിരുന്നു. വളരെ ഉച്ചത്തിൽ പറഞ്ഞശേഷം ഒരു ചെറിയ വഴി ഉണ്ടാവുകയും അതിലൂടെ ആളുകൾ വേദികളിൽ നിന്നു വേദികളിലേക്ക് നീങ്ങുകയും ചെയ്തു. അവർ താലം നിറയെ അപ്പവും, വളരെ നിറങ്ങൾ ചേർത്ത മിഠായികളും, ധാന്യങ്ങൾ നിറച്ച ചെറിയ പാത്രങ്ങളും, കെട്ടുകണക്കിന് പുത്തൻ കാരറ്റുകളും മറ്റു പച്ചക്കറികളും അവിടെ കൊണ്ടുവെച്ചുകൊണ്ടിരുന്നു. പിന്നെ കുറച്ചാളുകൾ ഒഴിഞ്ഞ പാത്രങ്ങൾ എടുത്തുകൊണ്ടുപോയി. അവർ അതിൽ നിറയെ വെള്ളവുമായി തിരിച്ചുവന്നു. അത് വിശുദ്ധമായ നദികളിൽനിന്നുള്ള വെള്ളമായിരിക്കണം.

ഞാൻ തിരക്കിൽ ഒരു വഴിയുണ്ടാക്കി വേദിയുടെ അടുത്തെത്തി. എന്താണവിടെ നടക്കാൻപോകുന്നത് എന്ന് ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവിടെ നിൽക്കുക എന്നത് വളരെ ബുദ്ധിമുട്ടായിരുന്നു. കാരണം ആളുകൾ തിരക്കി, നിൽക്കുന്നവരുടെ ബാലൻസ് തെറ്റിച്ചുകൊണ്ടിരുന്നു. അടുത്ത വേദിയിൽ ഒരു ചുവന്ന നാട രണ്ട് കുറ്റികളിലായി കെട്ടിയിരുന്നു. മിക്ക വേദികളിലും ഭംഗിയായ മുത്തുക്കുടകൾവെച്ച് അലങ്കരിച്ചിരുന്നു. വേഷം കെട്ടിയ നർത്തകികൾ ഇടക്കിടെ വന്ന് ആളുകൾക്കിടയിൽ വെച്ച് നൃത്തം ചെയ്തിരുന്നു. നീണ്ട മുടിക്കായി അവർ വെച്ചിരുന്ന വെയ്പ് മുടി പിന്നിലേക്ക് ഞാന്നു കിടന്നിരുന്നു. മുഖം ചുവന്ന നിറം കൊടുത്ത് അലങ്കരിച്ചിരുന്നു. അതിന് മുകളിൽ മരംകൊണ്ട് നിർമ്മിച്ച പൊയ്മുഖങ്ങൾ വെച്ചിരുന്നു. ചിലവ മനുഷ്യരുടേതും ചിലത് മൃഗങ്ങളുടേതുമായിരുന്നു. ആളുകൾ പൊയ്മുഖങ്ങളിലേക്ക് അരിവാരിയെറിഞ്ഞു കൊണ്ടിരുന്നു.

കുറെനേരത്തേക്ക് ഒരു യൂറോപ്യനായി ഞാൻ മാത്രമേ ആൾക്കൂട്ടത്തിനിടയിലുണ്ടായിരുന്നുള്ളൂ. കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുപേർകൂടി വന്നു. അത് ആ ആസ്ത്രേലിയൻ ഡോക്ടറും അദ്ദേഹത്തിന്റെ സഹോദരനുമായിരുന്നു. ഞാൻ തിരക്കിൽ ഒരുവിധം വഴിയുണ്ടാക്കി അവരുടെ അടുത്തെത്തി. താനൊരു മനോരോഗ ചികിത്സകനാണെന്നും ചികിത്സയിൽ ഹിപ്നോട്ടിസം വേദനാസംഹാരിയായി ഉപയോഗിക്കാറുണ്ടെന്നും പറഞ്ഞു. അദ്ദേഹം ബാബയെപ്പോലുള്ള വ്യക്തികളെത്തിരഞ്ഞ് ഈ പ്രദേശങ്ങളിൽ നടക്കുകയാണ്. അവരിൽനിന്ന് അദ്ദേഹം അന്വേഷിക്കുന്ന വിഷയത്തിലേക്ക് എന്തെങ്കിലും വെളിച്ചം പകരാൻ കഴിയുമോ എന്ന് ഡോക്ടർ അന്വേഷിക്കുന്നു.

ഡോക്ടറുടെ കൂടെ ഒരു വഴികാട്ടിയുമുണ്ടായിരുന്നു. അയാൾ ചുവന്ന നാട കെട്ടിയ വേദി ചൂണ്ടിക്കാണിച്ചുകൊണ്ട് അവിടെ ഏതാനും എരുമകളെ ഉടൻ ബലിയർപ്പിക്കും എന്നു പറഞ്ഞു. ആളുകൾ ആ സമയത്ത് തിക്കിത്തിരക്കി ചുവപ്പുനാട കെട്ടിയ വേദിയ്ക്കരികിലെത്തിയിരുന്നു. അപ്പോൾ ദൂരെ മുപ്പതോളം എരുമകളുടെ കയർ പിടിച്ച് ഏതാനും ആളുകൾ നടന്നുവന്നു. പക്ഷികളുടെയും മറ്റും രൂപങ്ങൾ കൊണ്ടലങ്കരിച്ച വലിയ പാത്രങ്ങൾകൊണ്ട് ഏതാനുംപേർ വന്നു. മറ്റുചിലർ ചില ഒഴിഞ്ഞ കൊട്ടകൾ കൊണ്ടുവന്നുവെച്ചു.

ഡോക്ടർ ഒരു ടാക്സിനിലായിരുന്നു വന്നത്. അദ്ദേഹം ക്ഷണിച്ചതുപ്രകാരം ഞാൻ കാറിൽ കൂടെപ്പോയി. ഡോക്ടർ താമസിക്കുന്ന ഹോട്ടലിലെത്തി. അവിടെയിരുന്ന് ഞങ്ങൾ ഒപ്പം ചായകുടിക്കുകയും ഇഷ്ടപ്പെട്ട കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. അദ്ദേഹം എഴുതിയ 'ചിത്രങ്ങൾകൊണ്ട് ഒരു സ്ത്രീയുടെ ഭ്രാന്ത് മാറിയ കഥ' എന്ന പുസ്തകത്തിന്റെ ഒരു പ്രതി എനിക്കു തന്നു. ഞങ്ങൾ പിറ്റേദിവസം രാവിലെ അദ്ദേഹത്തിന്റെ കാറിൽ ബാബയുടെ അടുത്ത് പോകാമെന്ന് സമ്മതിച്ച് പിരിഞ്ഞു.

പിറ്റേദിവസം രാവിലെ 9.30ന് ഡോക്ടർ വന്നു. ഞാനെന്റെ ആതിഥേയരോട് യാത്രപറഞ്ഞ് പുറപ്പെട്ടു.

എന്റെ ബാബയുമായുള്ള സ്വകാര്യ സംഭാഷണത്തിൽ ഇടപെടുന്നത് ശരിയല്ലെന്ന് ഡോക്ടർ പറഞ്ഞു. അദ്ദേഹത്തിന്റെ സാന്നിധ്യം ഒട്ടും അരോചകമല്ലെന്ന് ഞാനദ്ദേഹത്തിനുറപ്പുകൊടുത്തു. ഞങ്ങൾ ഡോക്ടറുടെ സഹോദരനെ കാറിൽ ഇരുത്തി ഒരു വഴികാട്ടിയെയും കൂട്ടി ബാബയുടെ തോട്ടത്തിലെത്തി. ബാബ പതിവുസ്ഥലത്തുതന്നെ ഇരിക്കുന്നതു കണ്ടു. അദ്ദേഹത്തിനടുത്ത് ഇന്നലെ കണ്ട ആ ഉയർന്ന സർക്കാരുദ്യോഗസ്ഥനുമുണ്ടായിരുന്നു.

'ഫാദർ!'-ഞാൻ തുടങ്ങി. 'മനുഷ്യനിലുപരി ചില ദിവ്യജീവികൾ ഉണ്ടെന്ന് പല ശാസ്ത്രങ്ങളിലും പറയുന്നുണ്ട്. മനുഷ്യനും ഈശ്വരനുമിടയിൽ മാലാഖമാരും മറ്റുമായി. അങ്ങിനെ യഥാർത്ഥത്തിലുണ്ടോ?'

'അങ്ങിനെയുണ്ട്'

'അവർ സ്വർഗ്ഗവാസികളാണോ? നക്ഷത്രങ്ങളിലും ഗ്രഹങ്ങളിലുമുണ്ടോ?'

'അല്ല അവർ വ്യത്യസ്തരാണ്.'

'മനുഷ്യന് അവരുമായി ആശയവിനിമയം നടത്താൻ സാധിക്കുമോ?'

'ഉവ്വ്. പറ്റും. പക്ഷെ അവരുമായി വിനിമയം നടത്തിയതുകൊണ്ടെന്തു പ്രയോജനം?'

'മനുഷ്യന് അന്വേഷിയ്ക്കേണ്ടതായി ഈശ്വരൻ മാത്രമേയുള്ളൂ. മറ്റൊന്നില്ല.'

'ഞാൻ ചില മുസ്ലിം സുഹൃത്തുക്കളിൽനിന്ന് കേട്ടിട്ടുണ്ട് മാലാഖമാരും ജിന്നുകളും ഒരു നാടപോലെയാണ്-ചിലത് കെട്ടികൂടിയതും, ചിലതു നേരിയതും-മനുഷ്യന് ഈശ്വരനിലേക്കുള്ള മാർഗ്ഗത്തിൽ കയറാനുപയോഗിക്കാവുന്ന കയറാണിവർ. എന്താ, അങ്ങിനെയാണോ?'

'അല്ല, അങ്ങിനെയല്ല. നിങ്ങൾ ഓർക്കുന്നുണ്ടാവും നചികേതസ്സിന്റെ അഗ്നിയെക്കുറിച്ച് ഞാൻ പറഞ്ഞത്. ഇതിനർത്ഥം സകലതും നിഷേധിക്കുക എന്നതാകുന്നു. അല്ലാതെ ഉയരത്തിലെത്തുക എന്നല്ല'

ഡോക്ടർ ചോദിക്കാൻ തുടങ്ങി. അദ്ദേത്തിന്റെ പ്രായത്തെക്കുറിച്ചും ഇപ്പോഴത്തെ ശാരീരികസ്ഥിതിയെപ്പറ്റിയും ഡോക്ടർ അനേകം ചോദ്യങ്ങൾ ചോദിച്ചു.

'ഒരു ഡോക്ടറായതുകൊണ്ട്'-ഡോക്ടർ ചോദിക്കാൻ തുടങ്ങി. 'എനിക്കറിയാൻ താത്പര്യമുള്ളത് അങ്ങയുടെ ഉയർന്ന വയസ്സിനെപ്പറ്റിയും ശരീരസ്ഥിതിയെപ്പറ്റിയുമാണ്. പറയൂ. അങ്ങേയ്ക്ക് എല്ലാ പല്ലുകളും ഇപ്പോഴുമുണ്ടോ?'

'ഉവ്വ്, എല്ലാമുണ്ട്'-ബാബ പറഞ്ഞു. 'ഒരു രണ്ടെണ്ണമൊഴിച്ച്, രണ്ടുവർഷം മുമ്പ് ഒരു ചീത്ത അസുഖത്തെത്തുടർന്ന് എനിയ്ക്കവ പറിച്ചുകളയേണ്ടിവന്നു. എനിക്ക് ഒരു കാൻസർ വന്നു-മോണയിൽ. ആറുകൊല്ലത്തിനുശേഷം അതു പോകയും ചെയ്തു.'

'എങ്ങിനെയാണ് അങ്ങതു മാറ്റിയത്?'-ഡോക്ടർ ചോദിച്ചു.

'പ്രാണായാമം കൊണ്ട്. ശ്വസനക്രിയയെ നിയന്ത്രിച്ച്-ഒരു മൂക്കിലൂടെ ശ്വാസമെടുത്ത് ഞാൻ മറ്റൊന്നിലൂടെ പുറത്തേക്ക് കളഞ്ഞുകൊണ്ടിരുന്നു.'

'ഇങ്ങിനെ ഓരോ മൂക്കിലൂടെയും മാറിമാറി ശ്വാസം നടത്തുന്നത് ശ്രദ്ധയെ ബാധിക്കുകയില്ലേ?'-ഞാൻ ചോദിച്ചു.

'ഉവ്വ്, അങ്ങിനെയുണ്ട്. ഇങ്ങിനെയുള്ള പ്രത്യേക ശ്വസനക്രിയകൾ വായ്ക്കകത്ത് ഒരു ചൂടിനെ ഉണ്ടാക്കാൻ സഹായിക്കുന്നു. അത്

കാൻസറിന് കാരണമായ വസ്തുക്കളെ ചെറുക്കുന്നു. ഇതല്ലാതെ കാൻസർ മാറുന്നതിന് വേറെ മാർഗ്ഗമൊന്നുമില്ല.'

'എന്താണത്?'-ഡോക്ടർ ചോദിച്ചു. ഈ മഹത്തരമായ വയസ്സിലും ജീവിക്കുന്നതിനായി ഏതുവഴിയിലൂടെയാണ് അങ്ങ് ജീവിച്ചത്?

'ഒരു കാര്യമുണ്ട്'-ബാബ മറുപടി പറഞ്ഞു. 'ഞാനൊരിക്കലും മത്സ്യമാംസാദികളും മസാല ചേർത്ത ഭക്ഷണവും കഴിച്ചിട്ടില്ല. വെറും അന്നവും പഴങ്ങളും മാത്രം. ഒരിക്കൽ കടലപോലുള്ളവയും ഭക്ഷിച്ചു ജീവിച്ചു. പാൽ കുടിയ്ക്കാറുണ്ട്. ചിലപ്പോൾ ചായയും. ഉപ്പ് അകത്തേക്ക് ചെല്ലുന്നതിനായി പച്ചക്കറികൾ കഴിക്കാറുണ്ട്. മറ്റൊരു കാര്യം ഞാൻ ജീവിതകാലം മുഴുവൻ ബ്രഹ്മചാരിയായിരുന്നുവെന്നാണ്. ഞാൻ കല്യാണം കഴിച്ചിട്ടില്ല.'

അദ്ദേഹം നിർത്തി. 'ഒരു മനുഷ്യന്റെ സാധാരണ ജീവിതകാലം'-അദ്ദേഹം തുടർന്നു '125 വർഷമാകുന്നു. പക്ഷെ ആളുകൾ അവരുടെ ഊർജ്ജം കത്തിച്ചുതീർക്കുന്നു. അതിനാൽ അവർ നേരത്തെ മരണമടയുന്നു.'

'അങ്ങയ്ക്ക് ഹൃദയമിടിപ്പിനെ നിയന്ത്രിക്കാൻ സാധിക്കുമോ?'-ഡോക്ടർ ചോദിച്ചു.

'ഉവ്വ്.' ബാബ പറഞ്ഞു. 'അതുപറ്റും. അതു സാവധാനം പതുക്കെയാക്കുക. പറ്റെ നിർത്താൻ പറ്റും. പക്ഷെ അപ്പോൾ ശ്വാസനവും നിർത്തണം. ഇങ്ങനെ ഒരു മണിക്കൂറോ, ഒരു ദിവസമോ നില നിർത്താം. ഇതും ദീർഘജീവിതത്തിന് ഒരു മാർഗ്ഗമാണ്.'

'ആ അവസ്ഥയിൽ ഒരാൾക്കു ബോധം ഉണ്ടാവുമോ?'-ഞാൻ ചോദിച്ചു.

'ഞാൻ' എന്ന ബോധം തികച്ചും ശുദ്ധമായതാണ്. ഏകമാണ്. ജീവിതത്തിലെ ആനന്ദം ഒഴുകുന്നത് ശക്തിയായും സ്വതന്ത്രമായുമാണ്. ഞാനത് ചെയ്തുനോക്കിയിട്ടുണ്ട്.'

ഞാനദ്ദേഹത്തോടുചോദിച്ചു. ഒരു സമയം മനസ്സിൽ വിചാരിച്ച് ഉറങ്ങാൻ കിടന്നാൽ അതേ സമയത്തുതന്നെ മനുഷ്യന് ഉണർന്നെണീക്കാൻ പറ്റുന്നത് എന്തുകൊണ്ടാണ് എന്ന്.

'ഇത് ഒരുതരം ആന്തരിക ഘടികാരമാണ്.'-അദ്ദേഹം മറുപടി പറഞ്ഞു. 'അകത്തുള്ള ഒരുവന് എല്ലാമറിയാം.'

'ഇന്നലെ ഫാദർ'-ഞാൻ പറഞ്ഞു. 'അങ്ങ് എന്നോടു പറഞ്ഞില്ലേ ഒരു നിമിഷത്തെ ഈശ്വര സാമീപ്യം മതി പൂർണ്ണമായ അറിവിനെന്ന്. അങ്ങ് ഉദ്ദേശിച്ചത് ഒരു മനുഷ്യന്റെ ജീവിതകാലത്തിന് മുഴുവൻ ആ ഒരു നിമിഷത്തെ ഈശ്വര സാമീപ്യം മതിയാവുമോ? അത് നമ്മുടെ ഓർമ്മയിൽ എന്നും തങ്ങിനിൽക്കുന്നതാണോ?'

'അതെ'-അദ്ദേഹം പറഞ്ഞു. 'ഒരു നിമിഷത്തെ ഈശ്വര സാക്ഷാത്ക്കാരം മതി മുഴുവൻ ജീവിതകാലത്തേക്കും. ഒരിക്കൽ നിങ്ങൾ സ്വാദു നോക്കിയാൽ എന്നും ആ സ്വാദിനെ നിങ്ങൾ ഓർക്കും.'

'അങ്ങ് ഇന്നലെ പറഞ്ഞില്ലേ'-ഡോക്ടർ പറഞ്ഞു. 'മെസ്മറിസം പ്രയോഗിക്കാൻ കൂടുതൽ ശക്തി ആവശ്യമുണ്ടെന്ന്. എനിയ്ക്കപ്പോൾ ഒരുകാര്യം മനസ്സിലായില്ല-അത് ഉപയോഗിക്കുന്ന വ്യക്തിക്കാണോ അതോ ആ വിഷയത്തിനാണോ ദോഷകരമെന്ന്'

'അത് രണ്ടിനും ദോഷകരമാണ്'-ബാബ ഉത്തരം പറഞ്ഞു 'വളരെ ഊർജ്ജം ആവശ്യമുണ്ടതിന്. തുടർച്ചയായി അത് പ്രയോഗിക്കാൻ പിന്നാൽ പലവിധ രോഗങ്ങളുമായിരിക്കും ഫലം. ഒരു ഉറച്ച മാനസിക അവസ്ഥയുള്ള വ്യക്തിക്ക് മറ്റൊരാളെ പലതും ചെയ്യാൻ സാധിക്കും.'

'അങ്ങേയ്ക്ക് നിശ്ശബ്ദതയിലും മറ്റുള്ളവരുമായി സംവദിക്കാൻ സാധിക്കുമോ? വാക്കുകളൊന്നും ഉപയോഗിക്കാതെ'-ഡോക്ടർ ചോദിച്ചു.

ബാബ മന്ദഹസിച്ചു. 'ആരും എന്നോട് ഈ ചോദ്യം ചോദിച്ചിട്ടില്ല. ഇതുവരെ' അദ്ദേഹം പറഞ്ഞു.

ഞാൻ മറ്റൊരു ചോദ്യം ചോദിച്ചു. ഭൗതിക ശരീരത്തിന് മരണം സംഭവിച്ചാൽ എന്താണ് സംഭവിക്കുക?

'ജീവിതം എന്നത് ഒരു കച്ചവടംപോലെയാണ്'-അദ്ദേഹം പറഞ്ഞു. 'അതിൽ പലതും ഒരു മനുഷ്യൻ സമ്പാദിക്കുന്നുണ്ട്. അത് നല്ലതോ ചീത്തയോ ആകാം. മരണശേഷം ആത്മാവ് മറ്റൊരു ഗ്രഹത്തിലേക്ക് പോകും. അവിടെവെച്ച് അതിന് മാറ്റങ്ങൾ സംഭവിക്കും. എന്താണോ അത് ഉൾക്കൊണ്ടിരുന്നത് അതിനനുസരിച്ചാണ് അങ്ങിനെ സംഭവിക്കുക. ഒരു സമയത്തിനുശേഷം അത് ഭൂമിയിലേക്കുതന്നെ മറ്റൊന്നായി തിരിച്ചുവരും. അതൊരു കല്ലാവാം. ഒരു പുഴുവാകാം. ഒരു മൃഗമാകാം. മനുഷ്യജീവിതം തന്നെ വീണ്ടും കിട്ടുക

വിഷമകരമാണ്. ഈശ്വര സാക്ഷാത്ക്കാരം നേടിയ ഒരു വ്യക്തിയാകട്ടെ, ഒരിക്കൽ മാത്രം തിരിച്ചുവരുന്നു. പൂർവ്വജന്മങ്ങളിലെ കർമ്മങ്ങൾ പൂർത്തിയാക്കുന്നതിനാണ് അത്. പിന്നെ ഒരിക്കലും വരികയില്ല.'

'എങ്ങിനെ?'-ഡോക്ടർ ചോദിച്ചു. 'എങ്ങിനയാണ് ഒരാൾക്ക് മറ്റുള്ളവരെ ആകാംക്ഷകളിൽ മോചനം നേടുന്നതിന് സഹായിക്കാനാവുക? ഞാൻ മനസ്സിലാക്കിയിരിക്കുന്നത് ധ്യാനം സഹായിക്കുമെന്നാണ്. പക്ഷെ അവർക്ക് ഈശ്വരവിശ്വാസമുണ്ടായിരിക്കണമെന്ന കാര്യമുണ്ട്. എന്റെയടുത്തു വരുന്ന ആകാംക്ഷാഭരിതരായ പലരും ഈശ്വരവിശ്വാസികളല്ല.'

'ഈശ്വരനിൽ വിശ്വസിക്കുക എന്നത് അത്യന്താപേക്ഷിതമല്ല'-ബാബ മറുപടി മറഞ്ഞു. 'എന്റെയടുത്തേക്ക് ആകാംക്ഷാഭരിതരായി വരുന്നവരോട് ഞാൻ പറഞ്ഞുകൊടുക്കും. എന്താണ് അവരിലെ കുറവെന്ന്. അത് അവരെ സഹായിച്ചേക്കാം. ചിലപ്പോൾ സഹായിച്ചില്ലായിരിക്കാം.' അദ്ദേഹം എന്റെനേരെ ചൂണ്ടി പറഞ്ഞു: 'ഇദ്ദേഹം എന്റെ ചിത്രങ്ങൾ ക്യാമറയിൽ പകർത്തിയിട്ടുണ്ട്. എല്ലാ ചിത്രങ്ങളും എന്നെ കാണിച്ചുവെന്നിരിക്കട്ടെ എന്നാൽ എനിക്ക് പറയാൻ സാധിക്കും എന്താണതിലെ കുറവെന്ന്. ഇദ്ദേഹത്തിന് പറഞ്ഞു കൊടുക്കാൻ കഴിയും അതെങ്ങിനെ ശരിയാക്കാമെന്ന്. അങ്ങിനെ ചെയ്താൽ ഇദ്ദേഹത്തിന് ആ കുറവുകളില്ലാതെ ഇനിയുള്ള ചിത്രങ്ങളെടുക്കാൻ സാധിക്കും. പക്ഷെ ഞാൻ പറയുന്നത് അനുസരിക്കാൻ ഇദ്ദേഹം തയ്യാറായില്ലെങ്കിൽ ഇനിവരുന്ന ചിത്രങ്ങളും മോശമുള്ളതാകാം.'

'ഞാനൊരു കാര്യം കണ്ടെത്തി'-ഡോക്ടർ പറഞ്ഞു. 'ആളുകൾ ശാന്തതയിൽ ധ്യാനത്തിനായി പരിശീലിച്ചുകഴിഞ്ഞാൽ അത് അവരുടെ ഉദ്വേഗത്തെ കുറയ്ക്കാൻ സാധിക്കും.'

'അങ്ങിനെ ചെയ്യാം'-ബാബ പറഞ്ഞു. 'പക്ഷെ ശാന്തമായ ഒരു ധ്യാനം ഒരിക്കലും ഈശ്വരീയമായ ഒരു ധ്യാനത്തിന് പകരമാവില്ല.'

'ഫാദർ'-ഞാൻ വിളിച്ചു.'ഇതൊരുപക്ഷെ അങ്ങയുമായുള്ള എന്റെ അവസാന കൂടിക്കാഴ്ചയാവാം. പറയൂ, ഞാനിവിടെനിന്നു പോയാലും അങ്ങയുമായി ആശയവിനിമയം നടത്താൻ എനിയ്ക്കെന്താണൊരു വഴി?'

അദ്ദേഹം എന്നെ നോക്കി ചിരിച്ചു. അദ്ദേഹം പറഞ്ഞു. 'രണ്ടു വഴികളുണ്ട്. ഒന്ന് ഞാൻ ജീവിച്ചിരിക്കുമ്പോൾ എനിക്ക് കത്തയ

യ്ക്കുക എന്നതും മറ്റൊരു വഴിയും.'

'എങ്ങിനെ?'

'നിങ്ങൾ ഉറങ്ങാൻ കിടക്കുന്നതിന് മുൻപ് എന്നോട് ചോദിക്കുക. ഞാൻ സ്വപ്നത്തിൽ അതിനുത്തരം തരും.'

'അങ്ങയുടെ ഭൗതികമായ മരണശേഷം അങ്ങിനെ സാധ്യമാകുമോ?'

'ഉവ്വ്. അങ്ങിനെ സാധിക്കും.'

കുറെനേരത്തിന് ആരും ഒന്നും മിണ്ടിയില്ല. പിന്നീട് അദ്ദേഹം പറഞ്ഞു: 'അത് രണ്ടുതരത്തിലുള്ള ആളുകൾക്കാണ് പറ്റുക. ലോകത്തിന് ഇരുപുറത്തുമായി ഇരിയ്ക്കുന്നവർക്ക് പരസ്പരം ഇങ്ങിനെ സംവേദനം ചെയ്യാനാകും. നിങ്ങളിപ്പോൾ സംസാരിയ്ക്കുന്നതുപോലെ. ഇതൊരു സിദ്ധിയാണ്.' അദ്ദേഹം വീണ്ടും നിർത്തി. 'പക്ഷെ ഒരു നീണ്ട അധ്വാനം അത് പഠിച്ചെടുക്കാനായി ആവശ്യമുണ്ട്. അത് ശരിയ്ക്കും പ്രശ്നങ്ങളുണ്ടാക്കുന്നതുമാണ്.'

'ഓർക്കുക! രണ്ടു കാര്യങ്ങളാണ് ഒരു മനുഷ്യനെ ഈശ്വരനിൽ നിന്നകറ്റുന്നത്.'-അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. 'ഒന്ന് ഹർഷാതിരേകവും, രണ്ടാമത്തേത് ശക്തികൾ അഥവാ സിദ്ധികൾ (സവിശേഷ അനുഭവങ്ങൾ) നേടാനുള്ള വ്യഗ്രതയും.'

അദ്ദേഹം നിർത്തി 'ഒന്നുകൂടി ഓർക്കുക'-അദ്ദേഹം കൂട്ടിച്ചേർത്തു. 'നിരീശ്വരവാദം ഉപയോഗരഹിതമാണ്.'

'വളരെപ്പേരുണ്ട്-അവർതന്നെയാണ് ഗുരുക്കൻമാരെന്ന് പറയും. എന്നിട്ട് ഈശ്വരമാർഗ്ഗം കാണിക്കാമെന്ന് പറയും'-ഞാൻ പറഞ്ഞു. 'അങ്ങിനെയുള്ളവരിൽ ചിലരെ മാത്രമേ വഴികാട്ടികളായി വിശ്വസിക്കാവൂ.'

'ഒരു മനുഷ്യൻ ശരിയായ വഴികാട്ടിയാണെങ്കിൽ'-ബാബ പറഞ്ഞു. 'ആ വ്യക്തിയുടെ പ്രവൃത്തികൾ, ജീവിതം നയിച്ച വഴിയും അതിനു കണ്ടെത്തിയ മാർഗ്ഗവും, ഒരു സാക്ഷിയായി എടുക്കാമെങ്കിൽ, ആ വ്യക്തി ജീവിതത്തിലെ നന്മകൾ കൊണ്ട് സമൂഹത്തിലുള്ളവരുടെ ഇടയിൽ അറിയപ്പെടും. നിങ്ങൾക്ക് അങ്ങിനെ പറയാം.'

'എന്റെ അടുത്തേക്കും അനേകം പേർ ഉദ്വേഗം പൂണ്ട് വരാറുണ്ട്. ചിലർ ചിന്തിച്ച് താണ മനോനിലയിലെത്തിയിട്ടുണ്ടാവും.'-ഞാൻ പറഞ്ഞു. 'ഞാൻ മനസ്സിലാക്കിയിട്ടുള്ളത് അങ്ങിനെയുള്ളവരെ സഹാ

യിക്കണമെങ്കിൽ എന്റെ ഹൃദയത്തിൽ നിറഞ്ഞ യഥാർത്ഥ സ്നേഹം വേണമെന്നാണ്. അതേസമയം അവരിൽ ഒരു ഊർജ്ജം ഞാൻ ഉപയോഗിക്കേണ്ടതുണ്ട്. എന്നുമാണ്.'

'ഇത് ശരിയല്ല'-ബാബ പറഞ്ഞു. 'അങ്ങയുടെ ഊർജ്ജം ഈ വഴിയിൽ പ്രയോഗിക്കുക.'

'എന്താണ് അങ്ങ് അർത്ഥമാക്കുന്നത്?'-ഞാൻ ചോദിച്ചു. 'ഊർജ്ജം ഒരു നല്ലകാര്യത്തിന് ഉപയോഗിക്കണമെന്നല്ലേ? അതോ അതിലും നല്ല ഒരു കാര്യത്തിനുവേണ്ടി ഉപയോഗിക്കണമെന്നാണോ?'

'ശരിക്കും അങ്ങിനെത്തന്നെ'-അദ്ദേഹം പറഞ്ഞു.

'പക്ഷെ ഫാദർ'-ഞാൻ പറഞ്ഞു. 'ഞാനിപ്പോൾ എന്റെ ഒരു ഊർജ്ജവും ചിലവാക്കുന്നതായി അറിയുന്നില്ല. ഞാൻ ഒരു ഓവു പോലെ ഈശ്വരനിൽ നിന്നുള്ള ഊർജ്ജത്തെ സ്വീകരിക്കുകയാണെന്നറിയുന്നു.'

'പിന്നെ'-അദ്ദേഹം പറഞ്ഞു. 'ഇതാണു ശരിയും. ഇതാണ് പലവിധത്തിലുള്ള ധർമ്മങ്ങളിൽ ഒന്ന്. ഇത് ഇന്നലെ ഞാൻ നിങ്ങളോടു പറഞ്ഞതാണ്.'

ബാബ പറഞ്ഞത് ഡോക്ടർക്ക് പൂർണ്ണമായി ബോദ്ധ്യമായില്ല. ആസുരഭാവത്തെ ഇഷ്ടപ്പെടാതിരിക്കേണ്ടതെങ്ങിനെയെന്നായിരുന്നു ബാബ തലേന്നു പറഞ്ഞത്. അതിനാൽ ഡോക്ടർ വീണ്ടും ചോദിച്ചു: 'എങ്ങിനെയാണ് ഒരു വ്യക്തിക്ക് ആസുരഭാവത്തെ ഇഷ്ടപ്പെടാതിരിക്കാനാവുക?'

'കാരണം അത് പ്രയോജനരഹിതമാണ്'-ബാബ പറഞ്ഞു. 'പക്ഷെ ഒരാൾക്ക് ആസുരഭാവത്തെ ഇഷ്ടപ്പെടാതിരിക്കാനാവുന്നില്ലെങ്കിൽ, അത്തരം പ്രവൃത്തികളിൽനിന്ന് ഒരു ഉത്തേജനവും അയാൾക്ക് ലഭിക്കുകയില്ല.'

ബാബ കുറച്ചുനേരം നിർത്തി. 'എങ്കിലും'-അദ്ദേഹം പറഞ്ഞു. 'നിങ്ങളുടെ ഒരു രോഗിയോട് ഒരു പ്രത്യേക മരുന്ന് കഴിക്കാൻ നിങ്ങൾ നിർദ്ദേശിക്കും. ചിലപ്പോൾ ആ രോഗി അത് കഴിച്ചെന്ന് വരികയില്ല. അപ്പോൾ അതെടുത്ത് കഴിക്കാൻ നിർദ്ദേശിക്കുന്നതിനു പകരം നിങ്ങൾ അയാളോട് ദേഷ്യപ്പെടും.'

മറ്റൊരു ചോദ്യം ഞാൻ ചോദിച്ചതിന് ബാബ ഇപ്രകാരം ഉത്തരം പറഞ്ഞു: 'നിങ്ങളുടെ ശ്വാസം നിയന്ത്രിക്കുക വളരെ പ്രധാനമാണ്. ശ്വസനമാണ് ശരീര ചലനത്തിന്റെ അടിസ്ഥാനം.'

ബാബയെ ഇനിയും വർത്തമാനം പറഞ്ഞ് ക്ഷീണിപ്പിക്കാൻ ഉദ്ദേശ്യമില്ലെന്ന് ഡോക്ടർ പറഞ്ഞു. അദ്ദേഹം പോകാനായി തുടങ്ങി. അദ്ദേഹം യാത്രാനുവാദം വാങ്ങുമ്പോൾ പിറ്റേദിവസം വീണ്ടും വന്നുകൊള്ളട്ടെ എന്ന് സമ്മതവും ചോദിച്ചു. താൻ പുറത്ത് കാത്തുനിൽക്കാം എന്ന് ഡോക്ടർ എന്നോടു പറഞ്ഞു. ഞാനും കൂടെ വരാമെന്ന് പറഞ്ഞ് എഴുന്നേറ്റ് ബാബയെ പ്രണമിച്ചു. യാത്ര പറയാൻ എനിക്ക് ഒരു വാക്കും കിട്ടിയില്ല. ഞാൻ ഡോക്ടറുടെ പിറകെ സാവധാനം നടന്നുപോയി.

ഒരു ഇരുപതടി നടന്ന ശേഷം ഒട്ടും പ്രതീക്ഷിക്കാത്ത ഒരു കാര്യം ഞാൻ മനസ്സിലാക്കി. ഞാനൊരു കുട്ടിയെപ്പോലെ കരയുകയാണെന്നും എന്റെ ഇരു കവിളുകൾക്കുമീതെയും കണ്ണീർച്ചാലുകൾ ഒഴുകുന്നുണ്ടെന്നും ഞാനറിഞ്ഞു. മുഖം ഇരുകൈകളാലും മറച്ച് ഞാനൊരുനിമിഷം നിന്നു. പിന്നെ ഒന്നും തെറ്റിയ്ക്കാതെ സാവധാനം തിരിഞ്ഞു നടന്നു. ബാബയുടെ അടുത്തെത്തുംവരെ എന്റെ കൈകൾ മുഖത്തുതന്നെയായിരുന്നു. രണ്ടു കൈകൾ എന്റെ ശരീരത്തിൽ തൊടുന്നത് ഞാനറിഞ്ഞു. ഞാൻ അവിടെനിന്നു. ആ കൈകൾ ചൂടുള്ളതും വരണ്ടതുമായിരുന്നു. അദ്ദേഹത്തിൽ നിന്നു ഞാനതുകേട്ടു: 'ഭൗതികമായ വേർപെടൽ ഒരു വേർപെടലേയല്ല.'

എന്റെ കൈകൾ താഴേയ്ക്ക് വീണു. പക്ഷെ ഞാൻ അങ്ങിനെത്തന്നെ നിൽക്കുകയായിരുന്നു. ഒന്നും പറയാതെത്തന്നെ, എന്റെ കവിളുകളിൽ കൂടി കണ്ണീർ ഒലിച്ചിറങ്ങി. ഞാനദ്ദേഹത്തെ നോക്കി. അദ്ദേഹം എന്നെ നോക്കി ചിരിച്ചു. ഒരു നിമിഷം ഞങ്ങളിരുവരും ആ നിലയിലുണ്ടായി. പിന്നെ ഞാൻ സാവധാനത്തിൽ തിരിഞ്ഞ് പടിയുടെ നേരെ നടന്നു. രണ്ടുതവണ ഞാൻ പിന്നോട്ടു നോക്കി. ആദ്യത്തെ തവണ ദനാക്കുമ്പോൾ അദ്ദേഹം എന്നെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. രണ്ടാമത്തെ തവണ ഞാൻ കണ്ടത് അദ്ദേഹം ഇടത്തോട്ട് നടക്കുന്നതും, പരിചാരക വസതിയിലിരുന്ന ഉദ്യോഗസ്ഥനോട് സംസാരിക്കുന്നതുമാണ്.

അടച്ചിട്ട പടിവാതിലിനുനേരെ ഞാൻ നടന്നു. പുറത്ത് ഡോ.ക്ടറും സഹോദരനും കാത്തുനിന്നിരുന്നു. അവർ വേലിയിൽ അവിടെ കിടന്നിരുന്ന ഒരു കമ്പി എടുത്ത് കെട്ടിയിരുന്നു. ഞാനവരുടെ കൂടെ കാറിനുനേരെ നടന്നു. ഞങ്ങൾ ഇനിയെങ്ങോട്ടാണ് പോകേണ്ടതെന്ന് കാറിലിരുന്ന് പരസ്പരം ആലോചിക്കുമ്പോൾ, ജനലിനടുത്ത് ഉദ്യോഗസ്ഥന്റെ മുഖം പ്രത്യക്ഷപ്പെട്ടു. അദ്ദേഹം ഒരു കെട്ട്

ചന്ദനത്തിരികൾ എന്റെ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു: 'അദ്ദേഹം ഇത് അങ്ങേയ്ക്ക് തരാൻ പറഞ്ഞു. കൂടെ ഒരുകാര്യം എന്നും ഓർമ്മിയ്ക്കാൻ പറഞ്ഞേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'ഓർക്കുക! ഭൗതികമായ വേർപെടൽ ഒരു വേർപെടലേയല്ല" പിന്നെ ആ ഉദ്യോഗസ്ഥൻ ഒരു ചെറുസഞ്ചി തുറന്ന് മേൽവിലാസമെഴുതിയ കടലാസ് എടുത്തു തന്നു. അദ്ദേഹം വീണ്ടും പറഞ്ഞു: 'ഭൗതികമായ വേർപെടൽ ഒരു വേർപെടലേയല്ല.'

ഞങ്ങൾ വിമാനത്താവളത്തിന്റെ ദിശയിൽ കാറോടിച്ചുപോയി.

പിറ്റെ ദിവസം, അനേകം കിലോമീറ്ററുകൾ അകലെ, ഞാനിരുന്ന് വ്യാപാര സംബന്ധമായ സംഭാഷണത്തിൽ മുഴുകുകയായിരുന്നു. എന്നോട് സംസാരിക്കുന്ന ഓരോരുത്തരുടെയും മുഖം ബാബയുടെതാണെന്ന് എനിക്കു തോന്നി. രണ്ടു ദിവസം കഴിഞ്ഞ് മുപ്പതിനായിരം അടി ഉയരത്തിൽ ആകാശത്ത് അറേബ്യൻ മരുഭൂമിയ്ക്ക് മുകളിൽ എനിക്ക് അദ്ദേഹത്തിന്റെ സാന്നിധ്യം ഒരു മണിക്കൂർ നേരം ഇന്ദ്രിയങ്ങളിലൂടെ അനുഭവവേദ്യമായി.

അദ്ധ്യായം പത്ത്

യാത്രാക്രമം അഥവാ ധ്രുവസ്ഥലിയിലെ ജീവിതം

(തന്റെ ജീവിതത്തിനല്ല പ്രാധാന്യം, സന്ദേശങ്ങൾക്കാണ് എന്ന് ബാബ ഊന്നിപ്പറഞ്ഞതുകൊണ്ടാണ് ജീവിതം ഇവിടെ ചേർക്കുന്നത്)

ശ്രീ ശിവപുരി ബാബ 1826 ആഗസ്ത് മാസത്തിൽ ഭാദ്രമാസത്തിലെ മൂലം നക്ഷത്രത്തിൽ ജനിച്ചു. മലയാള ദേശത്ത് കുന്നംകുളത്തിനടുത്ത് ഒരുവന്നൂർ പാഴൂർ ആയിരുന്നു ജന്മഗൃഹം. 5 വർഷം കഴിഞ്ഞപ്പോൾ ബ്രഹ്മചര്യവ്രതത്തിൽ പ്രവേശിച്ചു. 12 വർഷം വേദം പഠിച്ചു. ബാബ പറയുന്നു: 'മുത്തച്ഛനായിരുന്ന അച്യുതൻ ജ്യോതിഷിയും യോഗിയുമായിരുന്നു. ഞാൻ ജനിച്ചപ്പോൾ മുത്തശ്ശൻ പറഞ്ഞുവത്രെ: കുട്ടിക്ക് ഒരു യോഗിയുടെ ലക്ഷണമുണ്ടെന്നും അവനോടുകൂടി ഈ പരമ്പര അവസാനിക്കുമെന്നും. ആ ഭവിഷ്യദ്വാണി ഫലിക്കുകയും ചെയ്തു.'

ബാബ തുടരുന്നു: 'എന്റെ മാതാപിതാക്കളുടെ മരണശേഷം മുത്തശ്ശൻ എന്നെ നോക്കി രക്ഷിയ്ക്കയുണ്ടായി. അനേകം കഥകൾ പറഞ്ഞു തരികയും മനസ്സിനെ നേരെയാക്കുകയും ചെയ്തതുകൊണ്ട് മുത്തശ്ശനാണ് എന്റെ ഗുരു.'

വൈദികശാസ്ത്രത്തിൽ മനുഷ്യജീവിതത്തെ എപ്രകാരം അനുഷ്ഠിക്കണമെന്ന് വ്യക്തമായി പറയുന്നുണ്ട്. യഥാകാലം ബ്രഹ്മചര്യാശ്രമത്തിൽ പ്രവേശിക്കുക. ഗുരുകുല സമ്പ്രദായത്തിൽ പഠിക്കുക. ഗൃഹസ്ഥനാകുക. കുട്ടികളെ പരിപാലിക്കുക. അവർക്കുവേണ്ട വിദ്യാഭ്യാസം നൽകുക. വിവാഹം കഴിപ്പിക്കുക. ഇതെല്ലാം ചെയ്തശേഷം ധർമ്മപത്നിയോടു അഭിപ്രായം ചോദിച്ച് അവരോടുകൂടി വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കുക. അതിന്റെ അവസാനമാണ് സന്യാസാശ്രമം. സന്യാസാശ്രമത്തിൽ കാട്ടിൽ ഇരുന്ന് ഏകാന്ത തപസ്സനുഷ്ഠിക്കുകയും ചെയ്യാം.

വേറൊരു തരത്തിലുള്ള വ്യക്തികളുണ്ട്. ഗൃഹസ്ഥാശ്രമവും വാനപ്രസ്ഥാശ്രമവുമനുഷ്ഠിക്കാതെ ബ്രഹ്മചര്യാശ്രമത്തിനുശേഷം അവർ പരമാത്മദർശനത്തിന് ആഗ്രഹം പൂണ്ട് നേരെ സന്യാസാശ്രമത്തിൽ പ്രവേശിക്കുന്നു. ആദി ശങ്കരാചാര്യരുടെ മതമനുസരിച്ച്

സന്യാസാശ്രമം സ്വീകരിക്കുന്നവർ ഭാരതി, പുരി, ഗിരി, സരസ്വതി തുടങ്ങിയ ഉപനാമങ്ങളിൽ യശസ്വികളാകുന്നു. ശ്രീ ശിവപുരി ബാബ, ഭാരതി എന്ന ഉപനാമമാണ് സ്വീകരിച്ചത്. അദ്ദേഹം ഋതംബരപ്രജ്ഞ എന്ന മാർഗ്ഗത്തിലാണ് പരമാത്മസാക്ഷാത്ക്കാരത്തിനായി ശ്രമിച്ചത്. ബാബ ഒരിക്കൽ ഇതെക്കുറിച്ച് പറഞ്ഞു: "ഒരു ദിവസം എന്റെ മുത്തശ്ശൻ എന്നോട് ധ്യാനമനുഷ്ഠിക്കാൻ പറഞ്ഞു. ധ്യാനം തുടങ്ങിയപ്പോൾ ഒരു ഭയാനക സർപ്പത്തിന്റെ മുഖം എന്റെ മുന്നിൽ വന്നത് ഘോരമായ ഒരു കാഴ്ചയായിരുന്നു. സർപ്പത്തിന്റെ മുഖത്തുനിന്ന് കണ്ണെടുക്കാതെ നോക്കിയപ്പോൾ ഒരു മുള്ളു തറച്ചിരിക്കുന്നതുകണ്ടു. അത് എടുത്തപ്പോൾ സർപ്പം ഒരു രത്നം അവിടെ വെച്ച് തിരിച്ചുപോകയും ചെയ്തു." ബാബ തുടർന്നു: "ആ രത്നം ഇരുട്ടത്തുവെച്ചാൽ നന്നായി തിളങ്ങിയിരുന്നു."

ബാബ അനേകധർമ്മങ്ങളെക്കുറിച്ച് പഠിച്ചിരുന്നു. ഇസ്ലാം മതവും, ഹിന്ദുമതശാസ്ത്ര ഗ്രന്ഥങ്ങളും, ക്രിസ്തുമത പുസ്തകമായ ബൈബിളിലെ മഹാവാക്യങ്ങളും, ബുദ്ധധർമ്മത്തിലെ പ്രജ്ഞ, ശീലം, സമാധി തുടങ്ങിയ തത്വങ്ങളും അദ്ദേഹം വ്യാഖ്യാനം ചെയ്തിരുന്നു. അദ്ദേഹം അതിൽനിന്നും പലതും എടുത്തുപറഞ്ഞ് അന്വേഷകരുടെ സംശയങ്ങൾക്ക് സമാധാനം നൽകിയിരുന്നു.

മഹേന്ദ്രരാജാവിന്റെ പട്ടാഭിഷേക ചടങ്ങിന് അന്നത്തെ ഭാരത രാഷ്ട്രപതിയായ ഡോക്ടർ എസ്. രാധാകൃഷ്ണൻ നേപ്പാളിലെത്തിയപ്പോൾ ബാബയെ ദർശിക്കാനായി വരികയുണ്ടായി. തനിക്കുവേണ്ടി തയ്യാറാക്കിയ രാജകീയമായ അതിഥിഗൃഹത്തിൽ ചെല്ലാതെ ബാബയുടെ 'കുടി'യിലായിരുന്നു ആദ്യമായി അദ്ദേഹം എത്തിച്ചേർന്നത്. അരമണിക്കൂർ അവർ സംഭാഷണത്തിൽ മുഴുകി. ബഹുമാനപ്പെട്ട രാഷ്ട്രപതി ചോദിച്ചു: 'ബാബ! അങ്ങയുടെ സന്ദേശമെന്താണ്?'

'ഞാൻ ശാരീരികം, നൈതികം, ആദ്ധ്യാത്മികം എന്നീ മൂന്ന് അനുശാസനങ്ങളെക്കുറിച്ച് പറയുന്നു'-ബാബ പറഞ്ഞു.

'ഓഹോ! പൂർണ്ണസത്യത്തെ മൂന്നു പദങ്ങളിലൊതുക്കിയോ?'

ബാബ: "ഇത്രയും പറഞ്ഞ ചെറിയ ഉത്തരംകൊണ്ട് വിഷയത്തെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭിക്കുന്നു. കുറച്ചുനേരം സംസാരിച്ചതുകൊണ്ടുതന്നെ അത് വ്യക്തമാകുന്നുമുണ്ട്. കൂടെയുള്ളവർക്കു കൂടി മനസ്സിലാകത്തക്ക വിധത്തിൽ വളരെ ഉയർന്നതാണ് ആ വിവരണം. അദ്ദേഹം (എസ്. രാധാകൃഷ്ണൻ) വേദസാഹിത്യത്തിന്റെ രക്ഷകനാകുന്നു. അദ്ദേഹത്തിന് ആരോടും ഒട്ടും വിരോധമില്ല. മനു

ഷ്യപ്രേമമുള്ള വ്യക്തിയും ഒന്നിനെയും നശിപ്പിക്കണമെന്ന ചിന്തയില്ലാത്തയാളുമാകുന്നു."

പണ്ഡിത് മദനമോഹന മാളവ്യ, ബനാറസ് ഹിന്ദു സർവ്വകലാശാല സ്ഥാപിക്കുന്ന സമയത്ത് ശ്രീ ബാബ ബനാറസിലുണ്ടായിരുന്നു. ബാബ അൻപതിനായിരം രൂപ വിശ്വവിദ്യാലയം സ്ഥാപിക്കുന്നതിനായി കൊടുത്തു. മാളവ്യാജി അദ്ദേഹത്തെ ഹിന്ദു സർവ്വകലാശാലയുടെ കുലപതിയാക്കാൻ ആഗ്രഹിച്ചു. ബാബ അത് ത്യജിക്കുകയും ചെയ്തു.

തന്റെ ജീവിതത്തിൽ നേടിയ അറിവുകൾ പ്രചരിപ്പിക്കാൻ ബാബയൊട്ടും ശ്രമിച്ചില്ല. ഇതേക്കുറിച്ച് ബാബ വ്യക്തമായി പറയുന്നു: 'എന്റെ ജീവിതത്തിൽ മറ്റ് വ്യക്തികൾക്ക് വന്നുചേർന്നിരിക്കാവുന്ന പല ആപത് സംഭവങ്ങളും ഉണ്ടായിട്ടില്ല. ഈശ്വരമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ഒരു വ്യക്തിക്ക് പരമാത്മാവിന്റെ ശക്തി അറിയാനാകും. അതിനാൽ-ഈശ്വരസാമീപ്യം ലഭിച്ച സ്ഥിതിക്ക്-എന്റെ ജീവചരിത്രം ഇനി എഴുതേണ്ട കാര്യമില്ല. പരമാത്മാവിനെക്കുറിച്ചും അറിവിനെക്കുറിച്ചെഴുതുക-അല്ലാതെ എന്റെ ജീവിതത്തെക്കുറിച്ചല്ല എഴുതേണ്ടത്.'

പിന്നെ ബാബ പറഞ്ഞു: 'എനിക്ക് ശിഷ്യന്മാരില്ല. ആശ്രമവുമില്ല. ആർക്കെങ്കിലും എന്റെ പാത പിന്തുടരണമെന്നുണ്ടെങ്കിൽ കാട്ടിൽ പോയി തപസ്സനുഷ്ഠിക്കുക.' അതിനാൽ ബാബയ്ക്ക് ആരും ശിഷ്യന്മാരായുണ്ടായില്ല.

ഒരുദിവസം ഒരു വ്യാപാരി ബാബയ്ക്കൊപ്പമുണ്ടായിരുന്നു. 'അല്ലയോ സാധു!' ആ വ്യാപാരി പറഞ്ഞു. 'എനിക്ക്, സാധു സന്യാസി, ഭിക്ഷു എന്നിവർക്കാർക്കെങ്കിലും ഭിക്ഷകൊടുത്ത് ഭക്ഷണം കഴിക്കുന്ന ശീലമുണ്ട്. എത്രയാണ് ദക്ഷിണവരികയെന്ന് പറഞ്ഞാൽ അത് സമർപ്പിക്കാൻ സന്തോഷമാണ്!'

ബാബ പറഞ്ഞു: 'നോക്കൂ! അത് ഇവിടെ സാധ്യമല്ല. താങ്കൾക്ക് അങ്ങിനെ വേണമെന്നുണ്ടെങ്കിൽ മറ്റെവിടെ വേണമെങ്കിലും പോകാം.'

സന്യാസം സ്വീകരിച്ചശേഷം ബാബ ലോകപര്യടനത്തിനായി യാത്രതിരിച്ചു. എഴുപതുവർഷം നീണ്ട ലോകപര്യടനത്തിനുശേഷം സ്വന്തം ഗൃഹംതന്നെ തിരിച്ചറിയാൻ അദ്ദേഹം ബുദ്ധിമുട്ടുകയുണ്ടായി. അദ്ദേഹത്തിന്റെ സഹോദരി സ്വത്തുക്കൾ പാവപ്പെട്ടവർക്കും അനാഥർക്കുമായി ദാനം ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം വീടുപേക്ഷിച്ച് യാത്രതിരിച്ചു. അദ്ദേഹം നർമ്മദാ നദിക്കരയിൽ കൊടുംകാട്ടിൽ തപസ്സനുഷ്ഠിച്ചു.

മുൻപ് ബാബ നേപ്പാളിൽ ഏഴുദിവസം യാത്രയ്ക്കായി വന്നിട്ടുണ്ടായിരുന്നു. അവസാനകാലം നേപ്പാളിൽ ചിലവഴിക്കാൻ ബാബയെ പ്രേരിപ്പിച്ചത് അന്നുകണ്ട പ്രകൃതി സൗന്ദര്യവും ശാന്തിയുമായിരിക്കണം. നേപ്പാളിൽ ശിവരാത്രി സമയത്ത് ദർശനത്തിനായി വരുന്ന അനേകം ഭാരതീയ സാധു മഹാത്മാക്കളുടെ കൂടെ ഏഴുദിവസം അദ്ദേഹം ചെലവഴിക്കുവാനും ഇടയായി.

മുത്തശ്ശൻ വാനപ്രസ്ഥാശ്രമം സ്വീകരിക്കാൻ തയ്യാറായപ്പോൾ അദ്ദേഹത്തിന്റെകൂടെ ബാബയും അമരാന്തകമെന്ന വനത്തിലേക്ക് പോയി. അദ്ദേഹം എല്ലാ സ്വത്തുക്കളും സഹോദരിയെ ഏൽപ്പിച്ചിരുന്നു. അമരാന്തകമെന്നത് നർമ്മദാനദിയുടെ തീരത്തുള്ള ഒരു സ്ഥലമാകുന്നു. അദ്ദേഹത്തിനന്ന് പതിനാറ് വയസ്സ് പ്രായമുണ്ടായിരുന്നു. ആ കാട്ടിലെ ഒരു ഗുഹയിൽ ധ്യാനനിരതനായി അദ്ദേഹം കാലം കഴിച്ചു. മുത്തശ്ശൻ മരിച്ചപ്പോൾ അദ്ദേഹത്തെ അവിടെത്തന്നെ ബാബ അടക്കംചെയ്തു. പിന്നീട് ആ കാടുവിട്ടുപോയി. പിന്നെ കുറച്ചുകാലം കഴിഞ്ഞ് അമരാന്തകത്തിൽതന്നെ തിരിച്ചെത്തുകയും ധ്യാനനിരതനായിരിക്കുമ്പോൾ അവിടെവെച്ച് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുകയും ചെയ്തു.

ഒരു ദിവസം ഇന്ത്യൻ പട്ടാളത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ ബാബയെ കാണാൻ വന്നതായിരുന്നു. ഉദ്യോഗസ്ഥൻ ചില അനുഭവങ്ങൾ ബാബയുമായി പങ്കുവെച്ചു. അദ്ദേഹം ജോലിചെയ്യുമ്പോൾ അമരാന്തകത്തിൽ പോകാനിടയായി. അവിടെ ഒരു ഗുഹ കാടുമൂടിക്കിടക്കുന്നതും, അടുത്ത് അരുവിയൊഴുകുന്നതും അദ്ദേഹം ശ്രദ്ധിക്കുകയുണ്ടായി. ബാബ പറഞ്ഞു: 'ഞാൻ താമസിച്ചിരുന്നതും അങ്ങിനെയൊരു ഗുഹയ്ക്കകത്താണ്. ഒരു മരത്തടി എപ്പോഴും പാലമായി ഉപയോഗിക്കാറുണ്ടായിരുന്നു. അല്ലെങ്കിൽ അരുവികടന്ന് വന്യമൃഗങ്ങൾ ഗുഹയ്ക്കകത്തേക്ക് വരും.'

ഈശ്വര സാക്ഷാത്ക്കാരം ലഭിച്ചാൽ പിന്നെ സന്യാസം സ്വീകരിക്കണമെന്നില്ല. ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച ഒരു വ്യക്തിക്ക് പിന്നെയൊന്നും അറിയേണ്ട കാര്യമില്ല. പക്ഷെ ബാബ ശൃംഗേരി മഠത്തിൽപോയി സന്യാസം ഔപചാരികമായി സ്വീകരിച്ച് ഭാരതി എന്ന ഉപനാമത്തിൽ അറിയപ്പെട്ടു. ഗോവിന്ദാനന്ദ ഭാരതിയെന്നായിരുന്നു പൂർണ്ണനാമം.

അവിടെനിന്നും അദ്ദേഹം വീണ്ടും അമരാന്തകവനത്തിലേക്കു പോയി. അവിടെ പിന്നീടുള്ള ഇരുപത് വർഷങ്ങൾ കഴിച്ചുകൂട്ടി. പഴ

ങ്ങളും ചില വിത്തുകളും മാത്രം ഭക്ഷിച്ചായിരുന്നു ജീവിതം. വന്യമൃഗങ്ങളെക്കൊണ്ടു കാടു നിറഞ്ഞിരുന്നു.

അനേകം വർഷക്കാലങ്ങളങ്ങിനെ കഴിഞ്ഞുപോയി. പിന്നീട് മുത്തശ്ശൻ ഉപദേശിച്ചപോലെ ഭാരതം വിട്ട് അദ്ദേഹം ലോകസഞ്ചാരത്തിനായി തിരിച്ചു. അഫ്ഗാനിസ്ഥാനും ഖൈബർ ചുരവും കടന്ന് മെക്കയിലെത്തിച്ചേർന്നു.

ബാബ നാലുകൊല്ലം ഇംഗ്ലണ്ടിൽ താമസിച്ചു. അവിടെക്കഴിയുമ്പോൾ പതിനെട്ടുതവണ വിക്ടോറിയ റാണിയുമായി കൂടിക്കാണുകയുണ്ടായി.

ബാബയ്ക്ക് പല ലോകഭാഷകളുമറിയാമായിരുന്നു. അദ്ദേഹത്തിന്റെ അടുത്തുവരുന്നവർ അതിൽ ആശ്ചര്യപ്പെടും. ബാബ പറയും: 'ഞാൻ താമസിച്ചിരുന്നത് പല യൂണിവേഴ്സിറ്റികളുടെയും പ്രശസ്തമായ വിദ്യാലയങ്ങളുടെയും അടുത്താണ്.'

കൽക്കത്തയിൽവെച്ച് അദ്ദേഹം രാമകൃഷ്ണ പരമഹംസരെ കണ്ടു. ബറോഡയിൽവെച്ച് മഹർഷി അരവിന്ദനുമായി കൂടിക്കാഴ്ച നടത്തി (കൈസർ-ബർണാർഡ് ഷാ-പോളണ്ട് രാജ്ഞി കൂടിക്കാഴ്ചകൾ). മാഡം ക്യൂറി, മാർക്കോണി തുടങ്ങിയ പ്രശസ്തരെ നേരിൽ കണ്ടു. പ്രശസ്തനായ ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനുമായി സംഭാഷണം നടത്തി.

ഒരിക്കൽ ഒരു വിദേശി വന്ന് ബാബയുമായി സംസാരിക്കുകയായിരുന്നു. അദ്ദേഹം ബാബയോട് ലോകസഞ്ചാരം നടത്തിയ കഥകൾ എഴുതാൻ അപേക്ഷിച്ചു. ബാബ പറഞ്ഞു: 'ഞാൻ അനുഭവങ്ങൾ എഴുതാൻ തുടങ്ങിയാൽ അതുകൊണ്ട് ആളുകൾക്ക് എന്തുപ്രയോജനമാണ് കിട്ടുക? അത് ഈശ്വരനിലേക്ക് എത്തിക്കുകയില്ല. നിങ്ങൾ വെറുതെ സമയം കളഞ്ഞതുമാത്രമാവും മിച്ചം!'

പിന്നീട് ബാബ പറഞ്ഞു: 'മറ്റുള്ളവർക്കെന്നപോലെ എന്റെ ജീവിതത്തിൽ ഓർമ്മിക്കത്തക്കതായി ഒന്നും സംഭവിച്ചിട്ടില്ല.'

യാത്രയുടെ ഭൂരിഭാഗവും നടന്നും കപ്പൽയാത്ര നടത്തിയും കഴിഞ്ഞ ഒരു മഹദ്വ്യക്തിയാണ് ഇങ്ങിനെ പറയുന്നത്! റഷ്യയിൽ ടോൾസ്റ്റോയിക്കൊപ്പം അദ്ദേഹത്തിന്റെ കൃഷിയിടത്തിൽ ബാബ രണ്ടു മാസം ചിലവിടുകയുണ്ടായി. ടോൾസ്റ്റോയി ബാബയിൽ വളരെ തല്പരനാകുകയും ഒരു കഥ അതേക്കുറിച്ച് എഴുതുകയും ചെയ്തു. (അനുബന്ധം നോക്കുക)

ഒന്നാം ലോകമഹായുദ്ധം തുടങ്ങിയപ്പോൾ ബാബ ചൈന യിലെ ഷിങ്കിയാങ്ങിലായിരുന്നു. അവിടെനിന്നും അദ്ദേഹം നടന്ന് കൈലാസം, മാനസസരോവരം എന്നിവിടങ്ങളിലെ തീർത്ഥാടനം പൂർത്തിയാക്കി.

കൈലാസത്തിൽവെച്ച് വളരെ വൃദ്ധനായ ഒരു താപസനെ അദ്ദേഹം കണ്ടു. ആ വ്യക്തി ആസന്നമരണനായിരിക്കുന്നു. വളരെ നീണ്ട ജടയിൽ ഒരു തുണികെട്ടിയിരുന്നു. ഒന്നും സംസാരിക്കാനാ വാത്ത അവസ്ഥയിൽ തന്റെ തലയിലെ കെട്ട് ചൂണ്ടിക്കാണിച്ചു. ബാബ തുണിയഴിച്ച് നോക്കിയപ്പോൾ പണമാണെന്ന് കാണുകയും അതെടുക്കുകയും ചെയ്തു. അധികം താമസിയാതെ ആ വൃദ്ധതാ പസൻ മരണമടഞ്ഞു. ബാബ ആ പണം ഉപയോഗിച്ച് അദ്ദേഹ ത്തിന്റെ അന്ത്യകർമ്മങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

തന്റെ വാക്കുകളെ രേഖപ്പെടുത്തിവെക്കാനോ പ്രസിദ്ധീകരി ക്കാനോ ബാബ ഒരു താല്പര്യവും കാണിച്ചില്ല. ഗിരിധർലാൽ മന ന്തർ ഓർക്കുന്നു: തന്റെ അച്ഛനും, ബ്രിട്ടീഷുകാരനായ ബെന്നറ്റും ചേർന്ന് 'ലോങ് പിൽഗ്രിമേജ്' എന്നൊരു ഗ്രന്ഥം എഴുതി. ബെന്നറ്റ് അതിന്റെ കയ്യെഴുത്ത് പ്രതി ബാബയ്ക്ക് വായിക്കാനായി അയച്ചു കൊടുക്കുകയുണ്ടായി. ബാബ അതുനോക്കിയശേഷം ഏറെക്കാലം അഭിപ്രായമൊന്നും പറയാതെ മാറ്റിവെച്ചു. തന്റെ ജീവിതം രേഖപ്പെ ടുത്തേണ്ടതില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അവസാനം തന്റെ സുഹൃത്തുക്കൾക്കും മറ്റു ജനങ്ങൾക്കും എഴുതിവെക്കാതെ എങ്ങിനെയാണെന്നറിയാൻ സാധിക്കുക എന്ന ബെന്നറ്റിന്റെ അപേ ക്ഷ ബാബ അംഗീകരിക്കുകയായിരുന്നുവെന്ന് മനന്തർ ഓർക്കുന്നു.

ബാബ ഒരാശ്രമവും സ്ഥാപിച്ചില്ല. അദ്ദേഹം ആരിലും തന്റെ സ്വാധീനം സ്ഥാപിക്കാൻ താത്പര്യം കാണിച്ചില്ല. അദ്ദേഹം അനു യായികളെ സൃഷ്ടിച്ച് തന്റെ മാർഗ്ഗം പിന്തുടരണമെന്ന് ആവശ്യപ്പെ ട്ടില്ല. അദ്ദേഹം തന്നെ കാണാൻ വരുന്നവരോട് ഇത്രയേ പറഞ്ഞുള്ളൂ: 'ശരിയായ ജീവിതം നയിക്കുക'. നേപ്പാളിലെ പ്രകൃതി സൗന്ദര്യവും ഹിമാലയത്തിന്റെ വശ്യതയും അദ്ദേഹത്തെ സ്വാധീനിച്ചിരിക്കണം.

ബാബ നേപ്പാളിൽവന്ന് ഏഴുദിവസത്തിനുശേഷം തിരിച്ചുപോ കാനൊരുങ്ങുകയായിരുന്നു. അദ്ദേഹം നടന്ന് സെൻട്രൽ സെക്രട്ടറി യേറ്റിനു സമീപമെത്തിയപ്പോൾ ഒരു കുതിരവണ്ടി എതിരെ വരുന്ന തുകണ്ടു. അടുത്തെത്തിയപ്പോൾ അതു നിർത്തുകയും 'അങ്ങാണോ ഗോവിന്ദാനന്ദ?' എന്ന ചോദ്യവുമായി ഒരുമുഖം വാതിലിൽ പ്രത്യ

ക്ഷപ്പെടുകയും ചെയ്തു. നേപ്പാൾ രാജ്യത്തെ ബ്രിട്ടീഷ് റെസിഡന്റായിരുന്ന വിൽക്കിൻസൻ ആയിരുന്നു അത്. അദ്ദേഹം പതിനൊന്നുവയസ്സുള്ള കുട്ടിയായിരുന്നപ്പോൾ ഇംഗ്ലണ്ടിൽ അദ്ദേഹത്തിന്റെ വസതിയിൽ ബാബ താമസിച്ചിരുന്നു. എന്നിട്ടും അനേകവർഷങ്ങൾക്കുശേഷം ഒറ്റനോട്ടത്തിൽ വിൽകിൻസൺ ബാബയെ തിരിച്ചറിഞ്ഞു. അദ്ദേഹം ബാബയിൽനിന്ന് എല്ലാം ചോദിച്ചു മനസ്സിലാക്കി. പിന്നീട് ഗവൺമെന്റ് ഉദ്യോഗസ്ഥരെകണ്ട് ബാബയ്ക്ക് നേപ്പാളിൽ സ്ഥിരമായി താമസിയ്ക്കുന്നതിനായുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്തു.

ശിവപുരിയിൽ വിൽകിൻസൺ ഞായറാഴ്ചകളിൽ ബാബയെ സന്ദർശിക്കുവാനെത്തുമായിരുന്നു. ബാബയെ കണ്ട് വൈകുന്നേരം അദ്ദേഹം മടങ്ങും. ഉണങ്ങിയ പഴങ്ങളും മറ്റും ബാബയ്ക്ക് സമർപ്പിക്കും. ഇതേക്കുറിച്ച് ബാബ പറയും: 'അദ്ദേഹം ധ്രുവനെപ്പോലെയാണ്. കുടുംബകാര്യങ്ങളോടൊപ്പം ആത്മീയതയും കൊണ്ടുനടത്തുന്നു. അപ്രകാരം അവരവരുടെ പ്രവൃത്തികൾ അനുഷ്ഠിക്കുക. ഒരു ഗുരുവിന്റെ വചനങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക.'

ബാബ തുടർന്നു: 'ഞാനാദ്യമായി നേപ്പാളിലെത്തിയത് മുത്തശ്ശനോടൊപ്പമാണ്. അന്ന് 'കോട് പർവ്വ' എന്ന രാഷ്ട്രീയ കുരുതി നടന്ന കാലമായിരുന്നു. സെക്യൂരിറ്റിക്കാർ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരുന്നു. ഞങ്ങൾ പശുപതി ദർശനം കഴിച്ച് ഉടൻ മടങ്ങി.'

'മടങ്ങുമ്പോൾ ബാഗ്മതി നദിയുടെ തീരത്തുകൂടെയായിരുന്നു നടന്നത്. വഴിക്ക് പോത്തുകളെ വിൽക്കാൻ വരുന്നവരെ കണ്ടുമുട്ടി. താവളങ്ങളിൽവെച്ച് അവർ എരുമപ്പാൽ തന്നിരുന്നു'-ബാബ തുടർന്നു.

രണ്ടാമത്തെ തവണ ബാബ കിഴക്കൻ നേപ്പാളിലൂടെയാണ് കാഠ്മണ്ഡുവിൽ വന്നത്. അദ്ദേഹം പലയിടത്തും താമസിച്ചു. രാജരാജേശ്വരി, പശുപതിനാഥ ക്ഷേത്രം, ഗൗരിഘട്ടം, കിരാതേശ്വരം, കാഠ്മണ്ഡുവിലെ ഗോകർണ്ണം എന്നിവിടങ്ങളിലും ശിവപുരിയിലെ കുന്നിൻമുകളിലുമായിരുന്നു അദ്ദേഹം താമസിക്കാൻ തെരഞ്ഞെടുത്തത്. അങ്ങിനെ അദ്ദേഹത്തെ ആളുകൾ ശിവപുരി ബാബ എന്നു സംബോധന ചെയ്യാൻ തുടങ്ങി. ആ പേരിൽത്തന്നെ അദ്ദേഹം നേപ്പാളിലും ലോകം മുഴുവനും തന്നെ പ്രശസ്തനാകുകയും ചെയ്തു.

എന്താണ് ശിവപുരിക്കുന്നിന്റെ പ്രാധാന്യം? ബാബ പലപ്പോഴും പറയും: 'കുന്നിൻമുകളിൽ നിന്നുനോക്കിയാൽ മഞ്ഞുമൂടിയ ഹിമാലയം കാണാം. രാവിലെ അതിനുമുകളിൽ ആദ്യത്തെ സൂര്യകിരണം പതിക്കുമ്പോൾ കാണുന്ന കാഴ്ചയുടെ അനുഭൂതിയുണ്ടല്ലോ, അത്

ഈശ്വരനെ കാണുന്നതിന് തുല്യമാണ്. നേപ്പാൾ ഒരു വിശുദ്ധരാജ്യ മാണ്. അതുകൊണ്ട് വിശുദ്ധരായ സത്യാന്വേഷകർ ഇവിടം ധ്യാന ത്തിനും സ്വകാര്യവാസത്തിനുമായി തിരഞ്ഞെടുക്കുന്നു.'

ഒരിക്കൽ ലോകപര്യടനത്തിനിടക്ക്, സ്പെയിനിലാണെന്നു തോന്നുന്നു, ഒരു വീട്ടിലെ വിശേഷാവസരത്തിൽ ബാബ എത്തി ച്ചേർന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സന്തോഷഭരിതരായ വീട്ടു കാർ ബാബയോട് അവിടെകൂടിയിരിക്കുന്നവരെ സംബോധന ചെയ്യാ നാവശ്യപ്പെട്ടു. അദ്ദേഹം നോക്കിയപ്പോൾ കണ്ടത് സകലരും സിഗ രറ്റ് വലിക്കുന്നതാണ്. അതിനാൽ ബാബ അതെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും സംസാരിച്ചു. പലരും അതിൽ ആകൃഷ്ട രായി സിഗരറ്റ് എറിഞ്ഞുകളഞ്ഞു. സംസാരംകഴിഞ്ഞപ്പോൾ ഗൃഹ നാഥൻ അവിടുത്തെ ആചാരമനുസരിച്ച് അതിഥിക്ക് സിഗരറ്റ് നീട്ടി. അദ്ദേഹം ഉപചാരപൂർവ്വം അതെടുത്ത് വലിച്ചു

സിഗരറ്റ് എറിഞ്ഞുകളഞ്ഞ പലരും അദ്ദേഹത്തിന്റെ അടുത്തു വന്ന് ചോദിച്ചു: 'ഞങ്ങളോട് വലിക്കരുതെന്ന് അങ്ങു പറഞ്ഞു. ഇപ്പോ ഴിതാ അങ്ങുതന്നെ വലിക്കുകയും ചെയ്യുന്നു. എന്താണിത്?'

'അത് നിങ്ങൾ മനസ്സിലാക്കിയിടത്തെ തെറ്റാണ്'– ബാബ മറു പടി പറഞ്ഞു. 'ഞാൻ നിങ്ങളോട് പുകവലിയുടെ ദൂഷ്യവശത്തെക്കു റിച്ച് പറഞ്ഞു. അപ്പോൾ ആരാണ് നിങ്ങളോട് സിഗരറ്റും അതിന്റെ കൂടും തീപ്പെട്ടിയും ഒക്കെ എറിഞ്ഞുകളയാനാവശ്യപ്പെട്ടത്. സിഗര റ്റുവലിയുടെ ദൂഷ്യവശം സ്വീകരിക്കാൻ തയ്യാറായ ഒരാൾ അത് വലി ക്കാൻ തീരുമാനിച്ചെങ്കിൽ എന്താണ് തെറ്റ്? അങ്ങിനെ നിങ്ങളൊക്കെ നിങ്ങളുടെ പ്രവൃത്തിയുടെ ഫലം സ്വീകരിക്കേണ്ടിവരും എന്നേ ഞാൻ പറഞ്ഞുള്ളൂ. അല്ലെങ്കിൽ നിങ്ങൾക്ക് പണവും സമയവും നഷ്ടപ്പെടുകയും ചെയ്യും.'

ബാബക്ക് വായിൽ കാൻസർ ബാധയുണ്ടായി. അദ്ദേഹം ഇന്ത്യ ക്കാരനായ ഡോക്ടർ ഗാംഗുലിയുടെ ചികിത്സയിലായിരുന്നു. അതി നായി ബാബ കാഠ്മണ്ഡു നഗരത്തിൽ മാധവിനോടൊത്ത് (മാധവ് തിമിൽസീന) താമസിക്കുകയുണ്ടായി. ഒരുദിവസം ബാബ മാധവി നോട് കുറച്ചു പൂക്കളും നാണയങ്ങളും പശുപതി ക്ഷേത്രത്തിൽ കൊണ്ടുവെയ്ക്കാൻ പറഞ്ഞു. കാരണം അന്നായിരുന്നു അദ്ദേഹ ത്തിന്റെ ജന്മദിനം. അങ്ങിനെ ആ ഒറ്റ അവസരത്തിലൂടെ മാത്രമാണ് ഭാദ്രമാസത്തിലെ മൂലം നക്ഷത്രത്തിലാണ് ബാബയുടെ ജനനമെന്ന് മറ്റുള്ളവർ മനസ്സിലാക്കിയത്.

അതു മനസ്സിലായപ്പോൾ എല്ലാവർഷവും ഭാദ്രമാസത്തിലെ മൂലംനാളിൽ ബാബയുടെ അടുത്തുചെല്ലുന്നവർ മിഠായിയും മറ്റും വാങ്ങിക്കൊണ്ടുവരാൻ തുടങ്ങി. അവർ പ്രസാദമായി മധുരപലഹാരങ്ങൾ വിതരണം ചെയ്യാൻ തുടങ്ങി. ഇതുകണ്ട് ബാബ പറഞ്ഞു: 'നോക്കൂ! നിങ്ങളിങ്ങനെ തുടങ്ങിയാൽ അത് ബുദ്ധിമുട്ടായിത്തീരും. വളരെ പണം നഷ്ടപ്പെടും. അതുമാത്രമല്ല സമാനമായി ചിന്തിക്കുന്നവരുടെ സത്സംഗം സാധ്യമല്ലാതായിത്തീരും. നിങ്ങളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പങ്കുവെയ്ക്കുവാനുള്ള അവസരം നഷ്ടപ്പെടും. അതിനാൽ ചെറിയ ചിലത് വേണ്ടെന്നുവെച്ച് ഉയർന്ന ലക്ഷ്യം നേടുന്നതിനുള്ള അവസരമായി ഇതുമാറ്റുക.'

ബാബ ചിലകാര്യങ്ങളിൽ കർക്കശക്കാരനായിരുന്നു. അദ്ദേഹം വൃത്തിയായി ജീവിക്കുന്നതിലും, അച്ചടക്കം പാലിക്കുന്നതിലും ഏറെ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ കിടക്കയും, ചുറ്റുപാടും, കരിമ്പടവും, നിലവും വൃത്തിയുള്ളതായിരുന്നു. അതുകണ്ടാൽ അദ്ദേഹം ഒരു സമ്പന്നനാണെന്നേ ആർക്കും തോന്നൂ! അദ്ദേഹം ദിവസവും ചെറുചൂടുവെള്ളത്തിൽ കുളിച്ചു. മഹാസമാധി ദിവസംകൂടി അദ്ദേഹം കുളിക്കുകയുണ്ടായി.

മധുരപലഹാരം വിറ്റു ജീവിച്ചിരുന്ന ഒരു സ്ഥിരം സന്ദർശകൻ ഒരു ദിവസം ബാബയ്ക്ക് നൽകാനായി കുറെ ജിലേബികൾ പൊതിഞ്ഞു കൊണ്ടുവന്നു. ബാബ ഒന്നെടുക്കാനായി കൈനീട്ടിയപ്പോൾ അതിൽ ഒരു മുടി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. അദ്ദേഹം അതുചൂണ്ടിക്കൊണ്ട് പറഞ്ഞു: 'നോക്കൂ! എത്ര ശ്രദ്ധിച്ചാണ് നിങ്ങൾ എനിക്കുവേണ്ടി അതു തയ്യാർ ചെയ്തത്? ഞാൻ നിങ്ങളുടെ തെറ്റ് കണ്ടുപിടിച്ചു. നിങ്ങൾ വാങ്ങാൻ വരുന്നവർക്കായി ജിലേബി തയ്യാറാക്കുന്നുവെന്ന് ഞാനെങ്ങനെയാണ് വിശ്വസിക്കുക, നിങ്ങൾ ആരോഗ്യകരമായ ഭക്ഷണമാണ് ജനങ്ങൾക്കുവേണ്ടി തയ്യാറാക്കുന്നതെന്ന്? അതിനാൽ എപ്പോഴും ജാഗ്രതയോടെ ഇരിക്കുക. നിങ്ങളുടെ പ്രവൃത്തിയിൽ പൂർണ്ണമായും ശ്രദ്ധിച്ച് മനസ്സർപ്പിക്കുക.'

ബാബ ചിട്ടയോടെ നിത്യവൃത്തികളനുഷ്ഠിച്ചിരുന്നു. രാവിലെ പത്തുമണി കഴിഞ്ഞാൽ അദ്ദേഹം കുടിലിന് പുറത്തു വന്നിരിക്കും. അപ്പോൾ ഗൃഹസ്ഥർക്കും സന്യാസിമാർക്കും അദ്ദേഹത്തെ വന്നു കാണാം. ഒരിക്കൽ ഗൃഹസ്ഥകളായ ഒരുകൂട്ടം സ്ത്രീകൾ ബാബയെ കാണാൻ വന്നു. അവർ പരാതി പറഞ്ഞു: 'വീട്ടിലെ തിരക്കിനിടയിൽ ഞങ്ങൾക്ക് ഈശ്വരനെ ഒന്ന് ഓർക്കാൻപോലും സമയം കിട്ടുന്നില്ല.'

ബാബ മറുപടി പറഞ്ഞു: 'വീട്ടിലെകാര്യങ്ങൾ ചെയ്തുതീർക്കുക. എപ്പോഴെങ്കിലും ഒഴിവ് കിട്ടുകയാണെങ്കിൽ ഉടൻ രാമനാമം ജപിക്കുക. അത്രയേ വേണ്ടു.'

അവർ പോയപ്പോൾ ഒരു തീർത്ഥയാത്രാസംഘം രാമനാമം പാടിക്കൊണ്ടുവന്നു. ബാബ അവരോട് പറഞ്ഞു: 'രാമനെ വാഴ്ത്തുന്നതു കൊണ്ടു മാത്രം പോരാ. ബാബമാർ ആ ലോകം ത്യജിച്ചവരാകുന്നു. എങ്കിലും അവർക്ക് ഭക്ഷണം കഴിക്കാതെ ജീവിക്കാനൊക്കുമോ? അങ്ങിനെ ജീവൻ നിലനിർത്തിയാൽ മാത്രമേ ഈശ്വരാന്വേഷണത്തിന് സാധ്യമാകുകയുള്ളൂ.' ഇങ്ങിനെ ഓരോരുത്തർക്കും വേണ്ടി ഓരോരോ സന്ദർഭങ്ങളിൽ യുക്തമായ മറുപടി പറഞ്ഞതുകൊണ്ടായിരിക്കാം അവയിൽ പിൽക്കാലത്ത് വൈരുദ്ധ്യം കാണുമെന്ന് കരുതി അവ പ്രസിദ്ധീകരിക്കേണ്ടെന്ന് ബാബ പറഞ്ഞത്.

തന്നെ കാണാൻ വരുന്ന സകലരെയും ബാബ ഒരുപോലെ കണ്ടിരുന്നു. രാജാവുമുതൽ പാവപ്പെട്ടവൻ വരെ പലരും അദ്ദേഹത്തെ കാണാൻ വരും. ആർക്കും പണത്തിനോ അധികാരത്തിനോ അനുപാതമായ സ്ഥാനം അദ്ദേഹം നൽകിയില്ല. ഈശ്വരനെ അന്വേഷിക്കുന്നവർക്ക്, സത്യാന്വേഷികൾക്ക് അദ്ദേഹം പ്രാമുഖ്യംനൽകി. മഹാത്മാക്കളെയും മഹർഷിമാരെയും അദ്ദേഹം ആദരിച്ചു. അവർ തിരിച്ചും. അവരുമായി സംഭാഷണം ചെയ്വാൻ അദ്ദേഹം ആഗ്രഹിച്ചു. അവരൊക്കെ തിരിച്ചു പോകുമ്പോൾ ബാബ തമാശയായി പറയും: 'ഇനിയും വരണം. ഈ വനത്തിൽ ജീവിയ്ക്കുന്ന മനുഷ്യനെ അനുഗ്രഹിക്കണം.'

പശുപതിനാഥക്ഷേത്രത്തിനടുത്ത് ഒരു ബ്രഹ്മചാരിയുണ്ടായിരുന്നു. അദ്ദേഹത്തെ ആളുകൾ വാസുകി ബ്രഹ്മചാരി എന്നാണ് വിളിച്ചിരുന്നത്. 1958-ൽ അദ്ദേഹം മരിച്ചുപോയി. ഒരാൾ വന്ന് ഇക്കാര്യം ബാബയോട് പറഞ്ഞു. ബാബ ഉടനെ തന്റെ പൂപ്പാത്രത്തിൽനിന്നും അല്പം പൂക്കളെടുത്ത് ചെന്ന് ബ്രഹ്മചാരിയുടെ ശരീരത്തിൽ അവ അർപ്പിക്കുവാനാവശ്യപ്പെട്ടു.

പകൽ അധികസമയവും ബാബയെ തന്റെ കുടിയ്ക്കുപുറത്താണ് നമുക്ക് കാണാനാവുക. അദ്ദേഹം പ്രകൃതിയെ ഏറെ സ്നേഹിച്ചു. മരം മുറിയ്ക്കരുതെന്നും ഇലകൾ അറുത്തുകളയരുതെന്നും പറഞ്ഞു. മഴ പെയ്യാൻ തുടങ്ങിയാൽ അദ്ദേഹം കുടിലിനകത്തേക്ക് കയറും. തലയിൽ മഴച്ചാറ്റൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കും. ശരീരം വെയിൽക്കൊള്ളിക്കാൻ ശ്രദ്ധിച്ചിരുന്നു. ഒരിക്കലും അദ്ദേഹം ഒരേതരം

ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിച്ചിരുന്നില്ല. എന്നാൽ അല്പം പശുവിൻപാൽ എന്നും ഉപയോഗിച്ചിരുന്നു. പലപ്പോഴും അദ്ദേഹം അരിഭക്ഷണവും, പലതരം മാങ്ങപോലുള്ള പഴങ്ങളും ഉപയോഗിക്കാറുണ്ട്. ഉരുളക്കിഴങ്ങ്, പയറ്, പരിപ്പ് എന്നിവയും അദ്ദേഹം വല്ലപ്പോഴും ഉപയോഗിച്ചിരുന്നു. ഉച്ചയ്ക്ക് കുറച്ചുനേരം വിശ്രമിക്കാനായി കുടിലിൽ പ്രവേശിക്കുകയും അതിനുശേഷം കാലും മുഖവും കഴുകി സന്ദർശകരോട് സംസാരിക്കുകയും പതിവുണ്ടായിരുന്നു. നാലുമണിക്ക് അല്പം പഞ്ചസാരയിട്ട പാൽ കുടിച്ചശേഷം കുടിലിനകത്തേക്ക് പ്രവേശിക്കും. ഒരിക്കൽ കാൻസർ ബാധിച്ച് അദ്ദേഹത്തിന്റെ രണ്ട് പല്ലുകൾ നഷ്ടപ്പെട്ടിരുന്നു. വളരെ വയസ്സുചെന്ന് തേജസ്സാർന്ന മുഖമായിരുന്നു അദ്ദേഹത്തിന്റേത്.

കാണാൻവരുന്ന ഒരാളെയും ലോകവിഷയങ്ങൾ പറയാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നില്ല. എന്നാൽ, ആരെങ്കിലും പ്രത്യേകമായി വല്ല സംശയവുമായി വരികയാണെങ്കിൽ അത് തീർത്തുകൊടുക്കുമായിരുന്നു. 'ഒരാൾ രാമായണവും, മഹാഭാരതവും, ഭാഗവതവും നന്നായി മനസ്സിരുത്തി വായിക്കണം.' - അദ്ദേഹം പറയുന്നു. 'എന്നാൽ യാതൊരു സംശയവും ഉദിക്കുകയില്ല.' ലോകപര്യടനം നടത്തുമ്പോൾ ഉണ്ടായ അനുഭവങ്ങൾ മുഴുവനായും അദ്ദേഹത്തിന് ഓർമ്മയുണ്ടായിരുന്നു.

ഒരിക്കൽ ഒരു യൂറോപ്യൻ വനിത അദ്ദേഹത്തെ കാണുവാൻ വന്നു. അവർ അനേകം രാജ്യങ്ങൾ സന്ദർശിച്ചിരുന്നു. ബൊളീവിയയിലെ പർവ്വതത്തിൽ 12,500 അടി ഉയരത്തിൽ 'തിത്തിക്കാക്ക' എന്നൊരു തടാകത്തെക്കുറിച്ച് അവർ പറഞ്ഞു. അപ്പോൾ ബാബ അവർക്കറിയില്ലായിരുന്ന പല വസ്തുതകളും വിസ്തരിച്ചു. അദ്ദേഹം ലോകപര്യടനത്തിനിടയ്ക്ക് അവിടം സന്ദർശിച്ച കാര്യവും പറഞ്ഞുകൊടുത്തു. തനിക്കറിവില്ലാതിരുന്ന പലതും കേട്ട ആ വനിത ഏറെ സന്തോഷവതിയായി.

വളരെ സാവധാനത്തിൽ ലളിതമായി കാര്യങ്ങൾ വിവരിക്കുന്ന ഒരു രീതിയായിരുന്നു അദ്ദേഹത്തിന്റേത്. അതിനാൽ സന്ദർശകരോട് സംസാരിക്കുമ്പോൾ അദ്ദേഹത്തിന് ക്ഷീണമുണ്ടായിരുന്നില്ല. വരുന്ന വ്യക്തികളുടെ അറിവിനും ജിജ്ഞാസയ്ക്കും ചേർന്ന ഉദാഹരണങ്ങൾ ചേർത്ത് അദ്ദേഹം അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കും. ഒരു യൂണിവേഴ്സിറ്റി അധ്യാപകൻ ഒരു ചെറിയ കുട്ടിയോട് കാര്യങ്ങൾ വിസ്തരിക്കുംപോലെ അദ്ദേഹം ആളുകളുടെ മനമറിഞ്ഞു പെരുമാറി.

ബാബ ഒരിക്കലും മെസ്മറിസം തുടങ്ങിയ ജാലവിദ്യ കാണിക്കുന്നവരെ അടുപ്പിച്ചില്ല. അദ്ദേഹം അതുകാണിച്ച് ആളുകളെ ആകർഷിച്ചതുമില്ല. അദ്ദേഹത്തിന് ആളുകളുടെ മനസ്സറിഞ്ഞ് പെരുമാറാനുള്ള കഴിവുണ്ടായിരുന്നു. ഒരു ദിവസം തന്നെ കാണാൻ വന്ന ഒരാളോട് ബാബ പറഞ്ഞു: 'നിങ്ങൾ ഇന്ന് എന്നെ കാണുന്നത് അല്പം അസ്വസ്ഥനായാണ്. പക്ഷെ ഓർത്തോളൂ-ഞാൻ സന്തോഷവാനാണ്. ആളുകൾ സിനിമ കാണുംപോലെ ഞാൻ ഈ കാഴ്ചകൾ കണ്ട് ആനന്ദിച്ചിരിക്കുന്നു. നിങ്ങളുടെ ശരീരത്തിനെ മാത്രമാണ് അസ്വസ്ഥത ബാധിച്ചിരിക്കുന്നത്. ജീവിതം ദുഃഖമയമാണ്. പ്രശ്നങ്ങൾക്ക് സന്തോഷത്തേക്കാൾ സ്വാദ് കൂടുതലുണ്ട്.'

ബാബ ആകെ 37 കൊല്ലമാണ് നേപ്പാളിൽ ജീവിച്ചത്. അക്കാലത്തുമുഴുവൻ ജീവിതത്തിന്റെ നാനാതുറകളിലും പെട്ടവർ മുഴുവനും അദ്ദേഹത്തെ അടുത്തെത്തി ശരിയായ ജീവിതത്തെക്കുറിച്ചുള്ള അറിവുകൾ മനസ്സിലാക്കി. ചിലർ അദ്ദേഹത്തെ സൗജന്യമായി സേവിച്ചു. അദ്ദേഹം സ്വകാര്യമായി ജീവിക്കാനാണിഷ്ടപ്പെട്ടത്. തുടക്കത്തിൽ വളരെ കുറച്ചുപേർ മാത്രമേ ബാബയുടെ അടുത്ത് വന്നിരുന്നുള്ളൂ. സൂര്യനാഥ്, മാധവ് പ്രസാദ്, പണ്ഡിത് ഡമരു ബല്ലാവ് തുടങ്ങിയ ഏതാനും വ്യക്തികൾ ആദ്യകാല സന്ദർശകരായിരുന്നു.

കണ്ടുമുട്ടിയ നാൾമുതൽ സൂര്യനാഥ് ബാബയെ ജീവിതത്തിലവശേഷിക്കുന്ന കാലം മുഴുവൻ പിന്തുടർന്നു. അവസാനം സൂര്യനാഥ് മരണശയ്യയിലായി. അക്കാലത്ത് ബാബ ഗോകർണ്ണം എന്ന കാഠ്മണ്ഡുവിനടുത്ത ഒരു കാട്ടിലായിരുന്നു. ഒരു ദിവസം വൈകുന്നേരത്ത് ബാബ സൂര്യനാഥിന്റെ അടുത്തുവന്നു. സൂര്യനാഥ് പറഞ്ഞു: 'അങ്ങു പറഞ്ഞതെല്ലാം ഞാൻ നന്നായോർക്കുന്നുണ്ട്. ഞാനിപ്പോൾ ഭഗവാൻ നാരായണന്റെ മുമ്പിൽ ഇരുകൈകളും കൂപ്പുന്നു. ഭഗവാൻ മഞ്ഞപ്പട്ടു ധരിച്ച്, നാലുകൈകളിലും വിവിധ മുദ്രകൾ ധരിച്ച് എന്റെ മുന്നിലുണ്ട്.'

ബാബ മെല്ലെ തന്റെ കൈ സൂര്യനാഥിന്റെ നെറ്റിയിൽ വെച്ചു. 'തുടരൂ'-അദ്ദേഹം പറഞ്ഞു. പിന്നെ കൈയെടുത്ത് ബാബ മെല്ലെ പുറത്തേക്ക് നടന്നു. പിറ്റേന്നുരാവിലെ സൂര്യനാഥൻ മരിച്ചു.

സൂര്യനാഥന്റെ മരണശേഷം പുത്രനായ മാധവ് പ്രസാദ്, ബാബയുടെ പരിചരണമേറ്റെടുത്തു. എ.ഡി. 1994-ൽ മാധവ് പ്രസാദ് അന്തരിച്ചു. "പിന്നീട് ആശ്രമവും സമാധിസ്ഥലവും ഗവൺമെന്റ് കയ്യടക്കാതെ സൂക്ഷിച്ചുപോരുന്നത് മാധവ് പ്രസാദിന്റെ മക്കളായ മധുവി

ന്റെയും വിഷ്ണുപ്രസാദിന്റെയും ശ്രമഫലമായാണ്." - ഗിരിധർലാൽ മനന്തർ പറഞ്ഞു.

ബാബ കുറച്ചുകാലം കാഠ്മണ്ഡുവിന് തെക്കായുള്ള ഗോദാവരിയിലുണ്ടായിരുന്നു. അവിടെ ഓരോ പന്ത്രണ്ട് വർഷം കൂടുമ്പോഴും കുംഭമേള ആഘോഷിച്ചുവരുന്നു. ബാബ പിന്നീട് ധ്രുവസ്ഥലിയിലേക്കുവന്നപ്പോഴും പലപ്പോഴും ഗോദാവരിയിലെ തടാകത്തിൽപ്പോയി കുളിച്ചിരുന്നു. അവിടെ ചെന്നാൽ ആദ്യം മത്സ്യങ്ങൾക്ക് അല്പം അരി ഇട്ടുകൊടുക്കും.

സീതാരാമനെന്ന പേരാൽ ബൈരാഗിയായ ഒരു മഹാത്മാവ് ഗോദാവരിയിലുണ്ടായിരുന്നു. ഈ സീതാരാമൻ പിന്നീട് ഒരു സ്ത്രീയിൽ അനുരക്തനായി ഏതാനും കുട്ടികളുടെ അച്ഛനായിത്തീർന്നു. അദ്ദേഹം പാടത്തുകൃഷിചെയ്തുണ്ടാക്കിയ ഉരുളക്കിഴങ്ങുമായി ധ്രുവസ്ഥലിയിൽ എത്തി ബാബയെ കണ്ടിരുന്നു.

ധ്രുവസ്ഥലിയിൽനിന്ന് ഗോദാവരിയിലേക്ക് 'ഥാപ്പാത്തലി' (ഥാപ്പ എന്ന പ്രത്യേകവിഭാഗം താമസിക്കുന്ന സ്ഥലം) വഴിയായിരുന്നു നടന്നുപോയിരുന്നത്. മംഗളഗിരി എന്നൊരു മഹാത്മാവ് അക്കാലത്ത് ഥാപ്പാത്തലിയിൽ താമസിച്ചിരുന്നു. കൂടാതെ ബാബ, ശ്രീപ്രകാശ് സന്യാസ് ആശ്രമത്തിലെ സ്വാമി പ്രകാശാനന്ദയെ പതിവായി സന്ദർശിച്ചിരുന്നു.

കാഠ്മണ്ഡുവിലെ കൊടുംതണുപ്പിൽനിന്നു രക്ഷനേടാനായി ബാബ രണ്ടുവട്ടം ബനാറസിലേക്ക് താമസം മാറ്റുകയുണ്ടായി. ഒരിക്കൽ അദ്ദേഹം ബനാറസിൽനിന്നും പ്രയാഗിലേക്കും, അവിടെനിന്ന് അലഹബാദിലേക്കും പോയി. ഗംഗയിലെ സംഗമത്തിൽ സ്നാനം ചെയ്തു. അലഹബാദിലെ മഹാകുംഭമേളയിൽ അദ്ദേഹം പങ്കെടുത്തു. അക്കൊല്ലമുണ്ടായ പ്രകൃതിക്ഷോഭത്തിൽ അനേകംപേർ മരിക്കുകയുണ്ടായി.

വാരാണസിയിൽ നവാബ്ഗഞ്ചിലെ ഒരു ബംഗ്ലാവിലായിരുന്നു ബാബ താമസിച്ചത്. ഒരുദിവസം രാത്രി ബാബക്ക് ചിലവിശേഷ അനുഭവങ്ങളുണ്ടായി. ഇക്കാര്യം പിറ്റേന്ന് രാവിലെ ഉടമസ്ഥനോട് പറഞ്ഞപ്പോൾ മുൻപ് അവിടെ ഒരാൾ വെള്ളത്തിൽ വീണ് മരിച്ചിട്ടുണ്ടെന്നും അതിനുശേഷം അവിടെ ആരും താമസിക്കാറില്ലെന്നും പറഞ്ഞു. ഉടനെ ബാബ ആ മനുഷ്യന് കുറച്ച് പണം നൽകി ഗയയിൽപോയി ശ്രാദ്ധമൂട്ടിവരാൻ ആവശ്യപ്പെട്ടു.

വാരാണസിയിലേക്ക് പോവുംമുമ്പ് സ്ഥിരം സന്ദർശകരായിരുന്ന ഏതാനും വ്യക്തികൾ ബാബയെ യാത്രയയ്ക്കാനായി വിമാനത്താവളത്തിലെത്തിയിരുന്നു. ഇനി ഏതാനും മാസങ്ങൾ ബാബ തങ്ങളുടെ കൂടെ ഉണ്ടാവില്ലെന്നറിഞ്ഞ അവർ കണ്ണീർ വാർത്തുകൊണ്ടിരുന്നു. ബാബ അവരുടെ ദുഃഖകാരണം മനസ്സിലാക്കി ഇങ്ങിനെ പറഞ്ഞു: 'കുട്ടികൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്നകലുമ്പോൾ മാതാപിതാക്കൾക്ക് ദുഃഖമുണ്ടാകുന്നതുപോലെ കുട്ടികൾക്കും ദുഃഖമുണ്ടാകുന്നു. നിങ്ങൾ ദുഃഖിയ്ക്കുംപോലെ എനിക്കും ദുഃഖമുണ്ട്.' അപ്പോൾ ഒരു വ്യക്തി ബാബയുടെ ആശീർവാദത്തിനായി തല കുമ്പിട്ടു. ബാബ പറഞ്ഞു: 'ഇപ്പോൾ ആശീർവാദത്തിന്റെ ആവശ്യമില്ല.' ഞാൻ നിങ്ങളോട് ശരിയായ ജീവിതം നയിക്കാൻ ആവശ്യപ്പെട്ടില്ലേ? അത് നിങ്ങളെ ഈശ്വരസാക്ഷാത്ക്കാരത്തിലേക്ക് നയിക്കും. നിങ്ങളുടെ കർമ്മങ്ങളെല്ലാം അനുഷ്ഠിച്ച് ജീവിതം നയിക്കുക, കുടുംബത്തോടുള്ള കടമ നിറവേറ്റുക. ഈശ്വരസാക്ഷാത്ക്കാരത്തിലൂടെ മാത്രമേ ജന്മ-മരണ ചക്രത്തിൽനിന്ന് മോചനം ലഭിക്കുകയുള്ളൂ. ശരിയായ ജീവിതം നയിക്കുക എന്നതുതന്നെ ഒരനുഗ്രഹമാകുന്നു.'

'അന്ന് ബാബ ബനാറസിൽതന്നെ സ്ഥിരമായി താമസിക്കാൻ ഉദ്ദേശിച്ചതാണ്. അച്ഛൻ, ഠാക്കൂർ ലാൽ മനന്ധർ, നിർബന്ധിച്ചതുകൊണ്ടാണ് അദ്ദേഹം തിരിച്ചുപോന്നത്. അല്ലെങ്കിൽ അദ്ദേഹത്തെ എന്നേയ്ക്കുമായി കാഠ്മണ്ഡുവിന് നഷ്ടപ്പെടുമായിരുന്നു.'-ഗിരിധർലാൽ മനന്ധർ പറഞ്ഞു.

ഒരിക്കൽ ബാബ തന്നെ കാണാനെത്തിയവരോടു പറഞ്ഞു: 'എന്റെ ഭൗതികമായ യാത്രയ്ക്കുശേഷം, നിങ്ങൾ ഒത്തുകൂടണമെന്നില്ല. നിങ്ങൾ അവരവരുടെ പ്രവൃത്തികളനുഷ്ഠിച്ച് ഈശ്വരധ്യാനം ചെയ്ത് മുന്നോട്ടുപോവുക. എപ്പോഴും മനസ്സിൽ, 'ഞാനൊന്നേ പഠിച്ചിട്ടുള്ളൂ - അത് എനിക്കൊന്നുമറിഞ്ഞുകൂടാ, എനിക്കിനിയും പഠിക്കാനുണ്ട് എന്നതാണ്.' എന്ന് ഓർക്കുക. സോക്രട്ടീസ് പറഞ്ഞതുപോലെയുള്ള ആ മാനസികഭാവം വളർത്തുക'

ബനാറസിൽ നിന്നു തിരിച്ചെത്തിയ ബാബ ഗൗരിഘട്ടിൽ ഏതാനും ദിവസം മാധവിന്റെ വീട്ടിൽ താമസിക്കുകയുണ്ടായി.

ഒരിക്കൽ യാത്രപോകുമ്പോൾ ബാബ ഒരു രാത്രിയിൽ ഒരു പാവപ്പെട്ട കർഷകന്റെ വീട്ടിൽ അഭയം കണ്ടെത്തി. രാത്രി കിടക്കാൻ തുടങ്ങവേ, തട്ടിന്റെ മുകളിൽ കെട്ടുകളാക്കി നോട്ടുകൾ അടുക്കിവെച്ചിരിക്കുന്നത് ബാബയുടെ ശ്രദ്ധയിൽപ്പെട്ടു. രാവിലെയെഴുന്നേറ്റ്

ബാബ ആ കർഷകനോട് നോട്ടുകൾ ഇങ്ങിനെ കെട്ടിത്തൂക്കിയിടരുതെന്നും അവ ബാങ്കിൽ നിക്ഷേപിക്കണമെന്നും പറഞ്ഞു. 'ആ പാവപ്പെട്ട മനുഷ്യൻ പണത്തിന്റെ കെട്ടുകൾ വിനിമയം ചെയ്യാനുള്ള അറിവില്ലാതെ ഉപയോഗശൂന്യമാക്കിയിടുകയാണ്. അതുപോലെ നിങ്ങളും ഈശ്വരനെ അറിയാനുള്ള അവസരമുണ്ടായിട്ടും ഈ ലോകത്തിൽ അങ്ങിനെ അറിവില്ലാത്തവരായി ജീവിച്ചു തീർക്കുന്നു.' ബാബ തന്നെ കാണാൻ വന്നവരോട് ഒരിക്കൽ പറഞ്ഞു.

ലൗകികജീവിതത്തിൽ മുഴുകിയ ഒരു വ്യക്തിക്ക് ബാബയുടെ ജീവിതം കാണുമ്പോൾ ആദ്യം തോന്നുക അദ്ദേഹം ആർഭാടത്തോടെ ജീവിക്കുകയാണെന്നാണ്. ചില സന്യാസിമാരും അങ്ങിനെ വിമർശിച്ചിരുന്നു. ഒരു ദിവസം നേപ്പാൾ രാജാവിന്റെ പുരോഹിതരിൽ ശ്രേഷ്ഠനായ ഒരു വ്യക്തി ബാബയെകാണാൻ വന്നു. അദ്ദേഹത്തിന്റെകൂടെ പരിചാരകനുമുണ്ടായിരുന്നു. തനിക്ക് നീക്കിയിട്ട കസാലയിൽ ഇരിക്കുന്നതിനു മുമ്പ് അദ്ദേഹം 'ശിവോഹം' എന്നുച്ചരിച്ചു. ഉടൻ ബാബ കൂടെവന്നയാളോട് 'ബ്രഹ്മോഹം' എന്നു പറയാനാവശ്യപ്പെട്ടു. രാജപുരോഹിതൻ അത്ഭുതത്തോടെ അതിന് കാരണമന്വേഷിച്ചു. തനിക്ക് ഒന്നുമറിയാത്ത ഒരു വിഷയത്തിൽ അതു ഞാനാണ് എന്നു പറയാൻ ഒരു വ്യക്തിക്ക് യാതൊരു അധികാരവുമില്ല എന്നു ബാബ വിശദീകരിച്ചുകൊടുത്തു. അതിനാൽ സ്വയം 'ഞാൻ ശിവനാണ്' എന്നു പറയരുതെന്നും പറഞ്ഞു. ആദ്യം അതിനെ കണ്ടെത്തുക. എന്നതിനു ശേഷം ആ സത്യം താനാണെന്ന് പറയുക. ബാബ പറയും: 'ധർമ്മത്തെക്കുറിച്ച്, അതിൽ യാതൊരു താത്പര്യവുമില്ലാത്ത ഒരു വ്യക്തിയോട് സംസാരിക്കുന്നത് സമയവും ഊർജ്ജവും വെറുതെ കളയുകയാണ്.'

ഒരിക്കൽ ഒരു വ്യക്തി ബാബയെ സന്ദർശിച്ച് പണമുണ്ടാക്കാനും അതു വർദ്ധിപ്പിക്കാനുമുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു. ബാബ പറഞ്ഞു: 'ഈ ചന്തയിൽ ഈശ്വരവിചാരത്തിനുള്ള വസ്തുക്കൾ മാത്രമേയുള്ളൂ. നിങ്ങൾക്ക് വേറെ വല്ലയിടത്തും പോകാം.' അതുപോലെ രാഷ്ട്രീയത്തിൽ താത്പര്യമുള്ള ഒരു വ്യക്തിയോട് ബാബ പറഞ്ഞു: 'രാഷ്ട്രീയം നിങ്ങളുടെ മനസ്സിനെ ബാധിച്ച കുഷ്ഠവും ക്ഷയവുമാണ്. ഇവിടെ ധർമ്മത്തെക്കുറിച്ചും ശാസ്ത്രങ്ങളെക്കുറിച്ചുമാണ് ചർച്ച ചെയ്യുന്നത്.'

കാഠ്മണ്ഡുവിലെ പശുപതിനാഥക്ഷേത്രത്തിൽ ശിവരാത്രി ആഘോഷം ഏറെ പ്രശസ്തമാകുന്നു. ആയിരക്കണക്കിന് ഭക്തർ

വന്നുചേരുന്നു. അവിടെ ഹിന്ദുക്കളല്ലാതെ ആരെയും അകത്ത് കടത്തിവിടുകയില്ല. തന്റെ ലോകപര്യടനക്കാലത്ത് ബാബക്ക് പലഭാഗങ്ങളിൽനിന്നും ഇത്തരം അനുഭവം ഉണ്ടായിട്ടുണ്ട്. ഇതേക്കുറിച്ച് ബാബ പറയും: 'നാം ജീവിക്കുന്ന രാജ്യത്തെയും ചുറ്റുമുള്ള സമൂഹത്തെയും നിയമങ്ങൾ നാം അനുസരിക്കണം. ഇങ്ങിനെയുള്ള കാര്യങ്ങൾ ഒരിക്കലും നമ്മുടെ സമാധാനത്തെയോ വ്യക്തിത്വത്തേയോ ബാധിക്കുന്നില്ല. ഈ സമയത്ത്, ശിവരാത്രിക്കാലത്ത് ഭഗവാൻ ശിവൻ പലരൂപങ്ങളിലും അവിടെവരും. അതിനാൽ അക്കാലത്തെ ദർശനം, അതു തേടിവരുന്ന ഒരു തികഞ്ഞ അന്വേഷകന് മാത്രമായി നൽകുന്നതാണ് നല്ലത്.'

'മനുഷ്യജീവിതം എന്നത് സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശന കവാടവും ഇതര ജീവിതങ്ങളിൽ നിന്നു വ്യത്യസ്തമായതുമാണ്.'- ബാബ പറയും. അടിത്തറയിടാതെ നമുക്ക് കെട്ടിടം പണി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. അതുപോലെ ആദ്യം ഈശ്വരചിന്തയാകുന്ന അടിത്തറയിടുക. പിന്നെ സാവധാനം ചിന്തയെ ഉയർത്തിക്കൊണ്ടുവരിക. ഇതിനായി ബാബ; ശാരീരികം, ആദ്ധ്യാത്മികം, ധാർമ്മികം എന്നീ മൂന്ന് തത്വങ്ങളെക്കുറിച്ച് വിവരിക്കുന്നു. ഒരു വ്യക്തി രാമായണവും, ഭാഗവതവും, മഹാഭാരതവും മനസ്സിരുത്തി വായിക്കണമെന്നും പറയുന്നു.

ഒരു വ്യക്തി ജീവിതം ക്രമീകരിച്ച് ഈശ്വര ചിന്തയുമായി മുന്നോട്ടു പോവുമ്പോൾ ആ വ്യക്തി ധ്യാനത്തിൽ ആണ്ടുപോകേണ്ടതുണ്ട്. അങ്ങിനെ മുന്നോട്ടുപോകുമ്പോൾ ഈശ്വരാനുഗ്രഹത്താൽ ഈശ്വരസാമീപ്യം അനുഭവവേദ്യമാകുന്നു. അങ്ങിനെ ഈശ്വരസാമീപ്യം ലഭിച്ചുകഴിഞ്ഞാൽ അറിയാൻ കഴിയാതിരുന്ന സകലതും അപ്രത്യക്ഷമാകുകയും, അജ്ഞാനം ബാക്കിയില്ലാതാവുകയും ചെയ്യുന്നു. നിങ്ങൾ സർവ്വവ്യാപിയും സർവ്വശക്തനും സർവ്വജ്ഞനും ആയി മാറുന്നു. നിങ്ങൾക്ക് ഈശ്വരമഹത്വമറിയാറാകുന്നു. അത് മറ്റുള്ളവർക്ക് വിവരിച്ചു കൊടുക്കുവാൻ സാധ്യമല്ല. ആകാശത്തിന്റെ അതിർത്തി നിർണ്ണയിക്കാൻ നമുക്ക് സാധിക്കാതിരുന്നതുപോലെ ഈശ്വരമഹത്വവും ശക്തിയും വളരെ വിശാലമാകുന്നു. ഈശ്വരൻ വലിയതിൽ വെച്ച് വലുതും, ചെറിയതിൽവെച്ച് ചെറുതും, ദുർബ്ബലമായതിൽവെച്ച് ഏറ്റവും ദുർബ്ബലവും വൈരൂപ്യങ്ങളിൽവെച്ച് ഏറ്റവും വിരൂപമായതും, ശക്തമായതിൽവെച്ച് ഏറ്റവും ശക്തിയേറിയതുമാകുന്നു.

ബാബ തന്റെ വചനങ്ങളിൽ 'ശരിയായ ജീവിതം' അഥവാ സ്വധർമ്മമനുഷ്ഠിക്കുക എന്ന ഏറ്റവും ലളിതമായ ഒരു സന്ദേശത്തിൽ ഊന്നൽകൊടുത്ത് എല്ലാവർക്കും പറഞ്ഞുകൊടുത്തു. സ്വധർമ്മമെന്നത് മൂന്ന് ശിക്ഷണങ്ങളിൽ ഊന്നിക്കൊണ്ടുള്ളതാകുന്നു.

(i) ശാരീരികമായ ശിക്ഷണം

(ii) ധാർമ്മിക ശിക്ഷണം

(iii) ആദ്ധ്യാത്മികമായ ശിക്ഷണം

ഈ മൂന്നു തത്വങ്ങളെക്കുറിച്ചും വിശദമായി ഇനി പ്രതിപാദിക്കുന്നുണ്ട്. ബാബയുടെ വിവരണങ്ങൾ വളരെ ലളിതവും ഏതൊരു വ്യക്തിക്കും അനുഷ്ഠിക്കാവുന്നതുമാണ്. ഇങ്ങിനെ ശരിയായ ജീവിതം നയിച്ചുതുടങ്ങുമ്പോൾ നിത്യകർമ്മങ്ങൾ കൃത്യമായി അനുഷ്ഠിച്ചു തുടങ്ങുകയും ബാക്കിസമയം ഈശ്വരവിചാരത്തിനായി നീക്കിവെക്കുകയും ചെയ്യുമ്പോൾ താൻ ചെയ്യുന്നത് ശരിയാണ് എന്നൊരു അഹങ്കാരം വന്നുചേരുമെന്ന് ബാബ പറയുന്നു. യഥാർത്ഥത്തിൽ സാധാരണക്കാരനായ ഒരു സനാതനി ഇതിനപ്പുറം പോകാറില്ല. എന്നാൽ ഈ അഹങ്കാരം മറികടന്ന് മുന്നോട്ടുപോകുമ്പോഴാണ് ഈശ്വര സാക്ഷാത്ക്കാരം ലഭിക്കുന്നത്. എത്ര ലളിതമായ ഒരു സന്ദേശമാണ് ബാബക്ക് പറയുവാനുള്ളത്! തൊട്ടുകൂടായ്മയും തീണ്ടിക്കുടായ്മയുമൊക്കെ ഈ അഹങ്കാരത്തിന്റെ പരിണിത ഫലമാണെന്ന് നമുക്ക് കരുതാം.

ഒരു സന്ദർശകൻ ബാബക്ക് നൽകാനായി പൂക്കൾ തുണിയിൽ പൊതിഞ്ഞ് പോക്കറ്റിലിട്ട് കൊണ്ടുവന്നിരുന്നു. അതുകേടുവന്ന് ഇതൾ കൊഴിഞ്ഞ രൂപത്തിൽ ബാബക്ക് നൽകി. ആ വ്യക്തിയോട് ബാബ പൂക്കൾ മറ്റൊരാൾക്ക് നൽകാൻ തയ്യാറാക്കേണ്ടവിധം പറഞ്ഞു കൊടുത്തു. പിറ്റേന്നു വരുമ്പോൾ ആ വ്യക്തി വളരെ ശ്രദ്ധയോടെ പൂക്കൾ ഒരുക്കിക്കൊണ്ടുവന്നു. ബാബ അദ്ദേഹത്തെ അഭിനന്ദിച്ചു. മറ്റൊരു വ്യക്തി വളരെ പൂക്കൾ കൊണ്ടുവന്ന് ഒരു ചെറിയ പൂപ്പാത്രത്തിൽ അവ മുഴുവനും കുത്തിനിറച്ചുവെച്ചു. കൂടുതൽ പൂക്കൾ കൊണ്ടുവരേണ്ടാ, അത് പണം വെറുതെ കളയുകയാണ് എന്ന് ബാബ പറഞ്ഞു: 'ആദ്യം നിങ്ങൾ ഒരുകാര്യത്തിന് മുമ്പായി അത് എന്തിനു ചെയ്യുന്നു, എപ്പോൾ എങ്ങിനെ ചെയ്യണം എന്നൊക്കെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ ഈ പൂക്കൾ വാങ്ങുന്നതിൽ പാതി പൈസ നിങ്ങൾക്ക് ലാഭിക്കാമായിരുന്നു. ഇനി ഇപ്പോൾ നിങ്ങൾ ബാക്കി പൂക്കൾ വലിച്ചെറിയേണ്ടിയിരിക്കുന്നു. അത് പണം വെറുതെ കളയുന്നതിന് തുല്യമാണ്.'

ഒരുദിവസം നേപ്പാളിന്റെ പടിഞ്ഞാറെ അറ്റത്തുനിന്ന് ഒരു വ്യക്തി ബാബയെ കാണാനെത്തി അദ്ദേഹം ചോദിച്ചു: 'ബാബ! എന്തുകൊണ്ടാണ് അങ്ങയുടെ ജീവിതവും സന്ദേശവും ഒരു പുസ്തകരൂപത്തിൽ എഴുതി വെയ്ക്കാത്തത്?'

'നിങ്ങൾ എന്നെ കാണാൻവേണ്ടി ഈ രാജ്യത്തിന്റെ പടിഞ്ഞാറേ കോണിൽനിന്നും ഇവിടെവരെ വരികയാണ്. ഞാൻ നിങ്ങളോട് ആദ്യം ഭക്ഷണം കഴിക്കാനും ജീവൻ നിലനിർത്താനും ആവശ്യപ്പെടുന്നു.'-ബാബ പറഞ്ഞു. 'അതുപോലെ എന്റെ ഭാഷണങ്ങളും എഴുത്തുകളും ജനങ്ങളെ ഒന്നിനും സഹായിക്കുകയില്ല. ആരാണത് പിന്തുടരുക? എന്റെ പുസ്തകങ്ങളും ജനങ്ങളോടുള്ള അഭിസംബോധനകളും എന്തുഫലം തരുമെന്നാണ് ഞാൻ കരുതേണ്ടത്? നിങ്ങൾക്കു ദാഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ അരുവിയുടെ അടുത്തു ചെല്ലുക. വെള്ളം കോരിക്കുടിച്ച് ദാഹനിവൃത്തി വരുത്തുക. അല്ലാതെ നദി നിങ്ങളെ തേടിവരുമെന്ന് കരുതരുത്. വിശക്കുന്നുണ്ടെങ്കിൽ നിങ്ങൾ ഭക്ഷണമെടുത്ത് കഴിക്കുക. പത്തായത്തിൽ നെല്ലുണ്ടെന്ന് പറഞ്ഞാൽ വയർ നിറയുകയില്ല. അതുപോലെ ശരിയായ വചനങ്ങൾ ഒരു ഫലവും തരികയില്ല. അവ നിങ്ങൾ പ്രയോഗിച്ച് ജീവിതം നയിക്കേണ്ടതാകുന്നു.'

എ.ഡി. 1963 ജനുവരി 28ന് രാവിലെ ആറുമണിക്ക് ബാബ സമാധിയായി. അതേക്കുറിച്ച്; അദ്ദേഹത്തിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി 'ലോങ് പിൽഗ്രിമേജ്' എന്ന ഗ്രന്ഥം എഴുതിയ ജെ.ജി. ബെന്നറ്റ് എന്ന ഇംഗ്ലീഷുകാരന്, ബാബയുടെ നിത്യസഹചാരികളിലൊരാളായിരുന്ന ഠാക്കുർലാൽ മനന്തർ ഇപ്രകാരമെഴുതി:

പ്രിയപ്പെട്ട മിസ്റ്റർ ബെന്നറ്റ്,

ഒരു വലിയ ദൗർഭാഗ്യം നമുക്ക് നേരിട്ടിരിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ശിവപുരി ബാബ ഈ ലോകത്തുനിന്നും യാത്രയായിരിക്കുന്നു. ഇന്നലെ അതിരാവിലെ സൂര്യോദയത്തിൽ അദ്ദേഹം നമ്മെ വിട്ടുപോയി. അദ്ദേഹത്തെ കഴിഞ്ഞ വ്യാഴാഴ്ച മുതൽ പനി ബാധിച്ചിരുന്നു. ഒരു ഡോക്ടറുടെ ചികിത്സയിൽ അദ്ദേഹത്തിന്റെ ആരോഗ്യനില വെള്ളിയാഴ്ച അല്പം മെച്ചപ്പെട്ടതായി കണ്ടു. പക്ഷെ പിറ്റേന്ന് അത് വീണ്ടും വഷളായി. ഞായറാഴ്ച അദ്ദേഹത്തിന് ഡോക്ടർ ഗ്ലൂക്കോസ് ഇഞ്ചക്ഷൻ കൊടുത്തു. അതിൽ അല്പം ഭേദം കണ്ട ഡോക്ടർ ഞങ്ങൾക്ക് സുഖംപ്രാപിക്കുമെന്നുള്ള പൂർണ്ണപ്രതീക്ഷ നൽകി.

അദ്ദേഹത്തിന്റെ അന്ത്യത്തെക്കുറിച്ചു പറയുമ്പോൾ വാക്കുകൾ

മുറിഞ്ഞുപോകുന്നു. അവസാന നിമിഷംവരെയും അദ്ദേഹത്തിന് ബോധം പൂർണ്ണമായുണ്ടായിരുന്നു. അദ്ദേഹം സംസാരിക്കുകയും ചെയ്തിരുന്നു. അദ്ദേഹം അവസാനവാക്കുകൾ ഇപ്രകാരം ഒരു സന്ദേശമായി പറയുകയുണ്ടായി: 'ശരിയായ ജീവിതം നയിക്കുക, ഈശ്വരനെ ആരാധിക്കുക. ഇനിയൊന്നും പറയുന്നില്ല.'

രാവിലെ 6.15ന് അദ്ദേഹം കിടക്കയിൽനിന്നും എഴുന്നേറ്റ് ചാരിയിരുന്നു. എന്നിട്ട് പറഞ്ഞു: 'ഞാൻ പോവുകയാണ്!' (ഹിന്ദിയിൽ 'ഗയാ' എന്ന്). പിന്നെ സാവധാനം എപ്പോഴും വിശ്രമിക്കുന്ന രീതിയിൽ, ഒരുവശം ചെരിഞ്ഞ് വലതുകൈപ്പടം തലയോടുചേർത്ത് അദ്ദേഹം ശരീരം ഉപേക്ഷിച്ചു.* അത്ഭുതം തന്നെ!

മനുഷ്യരിൽ വെച്ച് ഒരത്ഭുതവും, യോഗികളുടെ രാജാവും, ഒരു ശരിയായ സന്യാസിയും ആയ അദ്ദേഹം നമ്മോടൊപ്പമില്ല. അദ്ദേഹത്തിന് എല്ലാ ആദരാഞ്ജലികളും അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ദർശനങ്ങൾ, ഈ ഭൂമിയിലെ അപൂർവ്വമായ ഒരു സമ്മാനം, ഇന്നു നമുക്ക് പ്രതീക്ഷയും വെളിച്ചവുമായി കൂടെയുണ്ട്. അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിക്കാനായി സന്യാസിമാരും സാധാരണക്കാരുമായി ആയിരക്കണക്കിനാളുകൾ വന്നുചേർന്നിരുന്നു.

നമുക്ക് ഇനി നേപ്പാൾ ഗവൺമെന്റുമായി ആലോചിച്ച് ആ സ്ഥലം മുൻപത്തെപ്പോലെ വൃത്തിയായും പരിപാവനമായും സൂക്ഷിക്കാനുള്ള വഴികൾ ആലോചിക്കേണ്ടതുണ്ട്.

അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ആരാധകരുമായി ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വ്യക്തികൾ ആദരാഞ്ജലികളർപ്പിക്കാനെത്തിയിരുന്നു.

ദുഃഖത്താൽ പരവശനായ ഞാൻ വാക്കുകൾ ചുരുക്കുന്നു.

എല്ലാ നന്മകളും നേർന്നുകൊണ്ട് താങ്കളുടെ ആത്മാർത്ഥ സുഹൃത്ത്,

ഠാക്കുർലാൽ മനന്ധർ.'

അങ്ങിനെ 1826-ൽ കേരളത്തിലെ നിളാതീരത്തു ജനിച്ച് 136 വർഷം നീണ്ട ഒരു ജീവിതയാത്ര കാഠ്മണ്ഡുവിലെ ബാഗ്മതി നദിയുടെ തീരത്ത് ധ്രുവസ്ഥലിയിൽ 1963-ൽ സമാപിച്ചു.

---

* *ബുദ്ധന്റെ മരണരംഗം ഓർക്കുക*

അനുബന്ധം

മൂന്നു ചോദ്യങ്ങൾ*

ലിയോ ടോൾസ്റ്റോയ്

ഇത് ഒരിക്കൽ ഒരു രാജാവിന് സംഭവിച്ചതാണ്. എന്തിനും ഏതിനും നല്ല സമയം നോക്കിയിരുന്നവനായിരുന്നു രാജാവ്. ആരാണ് ശരിയായ ആളുകൾ എന്നും, ആരെ ഒഴിവാക്കണമെന്നും സ്വീകരിക്കണമെന്നും അദ്ദേഹം തീരുമാനിച്ചിരുന്നു. ഏതു കാര്യം എപ്പോൾ ചെയ്യണമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. അതിനാൽ ഒരിക്കലും ഒന്നിലും തെറ്റുപറ്റിയതുമില്ല.

ഇങ്ങിനെയുള്ള ശരിതെറ്റുകളിലെ ചിന്ത കൂടുതൽ രൂഢമായപ്പോൾ അദ്ദേഹം രാജ്യമൊട്ടാകെ ഒരു വിളംബരമിറക്കി. നല്ലസമയം കുറിച്ച് ഏത് പ്രവൃത്തി തുടങ്ങുന്നതിനും, ആരാണ് ഏറ്റവും ആവശ്യമാത്രമായിട്ടുള്ളതെന്നും, ഏറ്റവും ശരിയായ പ്രവൃത്തിയേതെന്നു പറഞ്ഞു കൊടുക്കുന്നതിനും അറിവുള്ള ഒരു വ്യക്തിക്ക് അർഹിക്കുന്ന പ്രതിഫലം കൊടുക്കുമെന്നായിരുന്നു വിളംബരത്തിന്റെ ഉള്ളടക്കം.

വളരെ പണ്ഡിതന്മാർ രാജാവിനെ സമീപിച്ചു. പലർക്കും പല ഉത്തരങ്ങളായിരുന്നു.

ഒന്നാമത്തെ സംശയത്തിനുത്തരമായി ചിലർ ഇങ്ങനെ പറഞ്ഞു: ശരിയായ സമയം ഏതാണെന്നറിയണമെങ്കിൽ ഒരു പഞ്ചാംഗം ഗണിച്ച് ആഴ്ച, പക്കം, തിഥി, വർഷം എന്നിവ രേഖപ്പെടുത്തി അതനുസരിച്ച് മാത്രം പരിശ്രമിക്കുക. അങ്ങിനെയെങ്കിൽ എല്ലാം സമയത്തിന് നടക്കും - പണ്ഡിതന്മാർ പറഞ്ഞു. മറ്റുചിലരുടെ അഭിപ്രായത്തിൽ എല്ലാ പ്രവൃത്തികൾക്കും നല്ല സമയം നോക്കുക അപ്രായോഗികമായിരുന്നു. പക്ഷെ, ഭൂതകാലത്തിൽനിന്നും നേടിയ അറിവുകൾ ഉപയോഗിച്ച്, ഏതാണ് കൂടുതൽ ശരിയെന്ന് അയാൾക്ക് മനസ്സിലാക്കാനാവും. വേറെ ചിലർ പറഞ്ഞത് അങ്ങിനെ എല്ലാ പ്രവൃത്തികൾക്കും സമയം തീരുമാനിക്കുന്നത് ബുദ്ധിമുട്ടാണെന്നും, അതിനൊരു പോംവഴിയായി ഒരു പണ്ഡിതസഭയെ ഏർപ്പാടാക്കി അവരോട് ചോദിച്ച്

---

* ബാബ തന്റെ ലോകപര്യടനത്തിനിടയ്ക്ക് കുറച്ചുകാലം ടോൾസ്റ്റോയ് ഫാമിൽ താമസിച്ചിരുന്നുവെന്ന് പലരും സാക്ഷ്യപ്പെടുത്തുന്നു. അക്കാലത്ത് പേർ സൂചിപ്പിക്കാതെ ബാബയിൽനിന്നുള്ള പ്രചോദനത്തിൽ ടോൾസ്റ്റോയ് എഴുതിയതാണ് 'മൂന്നു ചോദ്യങ്ങൾ' എന്ന കഥ.

കാര്യങ്ങൾ തീരുമാനിക്കാമെന്നുമാണ്

പിന്നെ പലരും പലതും പറഞ്ഞു. ഒരാൾ പറഞ്ഞു: അങ്ങിനെ പണ്ഡിതസഭ ഉണ്ടായിട്ട് കാര്യമില്ല. എന്താണ് സംഭവിക്കാൻ പോകുന്നതെന്നവർക്കറിയണം. അത് ഒരു ഭാവിപ്രവചനക്കാരനു മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതിനാൽ ഒരു മന്ത്രവാദിയെ വരുത്തി പ്രശ്നം പരിഹരിക്കുക.

ഇങ്ങിനെ ഒന്നാമത്തെ ചോദ്യത്തിനുത്തരം നൽകിയപോലെ രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരവും വിഭിന്നമായിരുന്നു. ആരാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്? ചിലർ പറഞ്ഞു: സഭാവാസികൾ. മറ്റു ചിലർ പറഞ്ഞു: പുരോഹിതന്മാർ. ഭിഷഗ്വരന്മാർ എന്നും സൈന്യം എന്നും പലരും പലതും പറഞ്ഞു.

ഏറ്റവും ശരിയായി ചെയ്യേണ്ട പ്രധാനപ്പെട്ട പ്രവൃത്തിയേതെന്ന ചോദ്യത്തിന്, ശാസ്ത്രങ്ങൾ പഠിക്കണം എന്നു ചില പണ്ഡിതർ അഭിപ്രായപ്പെട്ടു. മറ്റു ചിലർ യുദ്ധതന്ത്രജ്ഞത നേടാനുപദേശിച്ചു. മതപരമായ ആരാധന നടത്താൻ പലരും പറഞ്ഞു.

എല്ലാ ഉത്തരങ്ങളും ഒന്നിനൊന്നു വിഭിന്നമായിരുന്നു. രാജാവ് ഒരാളോടും യോജിച്ചില്ല. പക്ഷേ, തന്റെ ചോദ്യങ്ങൾക്ക് ശരിയുത്തരം ലഭിക്കണമെന്ന് അദ്ദേഹത്തിനാഗ്രഹമുണ്ടായിരുന്നു. അതിനാൽ ഒരു ഋഷിയുമായി ഈ ആശയം പങ്കുവെക്കാൻ അദ്ദേഹം തീരുമാനിച്ചു. ഈ ഋഷിയാകട്ടെ വളരെ യശസ്വിയുമായിരുന്നു.

ഋഷി മരക്കൂട്ടത്തിനിടയിൽ ഒരു കുടിൽ കെട്ടിയാണ് വസിച്ചിരുന്നത്. അവിടെ ആരും വരുമായിരുന്നില്ല. അദ്ദേഹവും ഒരിക്കലും പുറത്തുവന്നില്ല. അതിനാൽ രാജാവ് ലളിതമായ വേഷങ്ങൾ ധരിച്ച് കുതിരയെയും അകമ്പടിക്കാരെയും ദൂരെ നിർത്തി ഒറ്റയ്ക്ക് കുടിലിനടുത്തേക്ക് നടന്നു.

രാജാവ് വരുമ്പോൾ ഋഷി തന്റെ കുടിലിനു മുമ്പിൽ ഒരു കുഴിയുണ്ടാക്കുകയായിരുന്നു. രാജാവിനെ കണ്ടപ്പോൾ ഋഷി അഭിവാദ്യം ചെയ്യുകയും, പണി തുടരുകയും ചെയ്തു. എല്ലും തോലുമായ അദ്ദേഹം തന്റെ കൈക്കോട്ട് മണ്ണിൽ ആഞ്ഞുവെട്ടാൻ ശ്രമിക്കുകയും, കിതച്ച് ഇടയ്ക്കിടെ പ്രവൃത്തി നിർത്തുകയും ചെയ്യുന്നുണ്ടായിരുന്നു.

രാജാവ് അടുത്തുചെന്ന് നിന്നുകൊണ്ട് പറഞ്ഞു: 'ഞാനങ്ങയെ കാണാൻ വന്നതാണ്, ബുദ്ധിമാനായ മഹർഷീ. മൂന്ന് ചോദ്യങ്ങൾ ചോദിക്കാനാണ് ഞാൻ വന്നിട്ടുള്ളത്. എങ്ങിനെയാണെന്ന് എന്നെ അറിയിക്കുക. ഏതു കാര്യം എപ്പോൾ ചെയ്യണമെന്ന്? ആരാണ് എനിക്ക് ഏറ്റവും വേണ്ട ജനങ്ങളായിട്ടുള്ളത്? ഏതു പ്രവൃത്തിയി

ലാണ് പരമപ്രധാനമായി ആദ്യമായി ഞാൻ ശ്രദ്ധിക്കേണ്ടത്?'

ഋഷി രാജാവ് പറഞ്ഞത് ശ്രദ്ധിച്ചു കേട്ടു. പക്ഷേ, ഉത്തരമൊന്നും പറഞ്ഞില്ല. അദ്ദേഹം വീണ്ടും കൈക്കോട്ടെടുത്ത് കിതച്ചുകിതച്ച് കിളയ്ക്കാൻ തുടങ്ങി.

'അങ്ങ് ക്ഷീണിച്ചിരിക്കുന്നു' - രാജാവ് പറഞ്ഞു. 'കൈക്കോട്ടെനിക്ക് തരൂ. അങ്ങയ്ക്കു പകരം ഞാൻ കിളയ്ക്കാം.'

'നന്ദി' - ഋഷി പറഞ്ഞു. പിന്നെ കൈക്കോട്ട് രാജാവിന്റെ കൈയിൽ കൊടുത്ത് നിലത്ത് വിശ്രമിക്കാനിരുന്നു.

നിലത്ത് കൊത്തിത്തുടങ്ങിയ രാജാവ് രണ്ടുതവണ കഴിഞ്ഞപ്പോൾ വീണ്ടും തന്റെ ചോദ്യങ്ങളാവർത്തിച്ചു. ഋഷി ഉത്തരമൊന്നും പറയാതെ എഴുന്നേറ്റ് കൈക്കോട്ടിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: 'കുറച്ചുനേരം വിശ്രമിക്കൂ. ഇനി ഞാൻ പണിയെടുക്കാം.'

പക്ഷേ, രാജാവ് കൈക്കോട്ട് മഹർഷിക്ക് കൊടുത്തില്ല. അദ്ദേഹം കിളയ്ക്കൽ തുടർന്നു. ഒരു മണിക്കൂർ കഴിഞ്ഞു. സൂര്യൻ മരക്കൂട്ടത്തിനു പിറകിൽ മറഞ്ഞു. രാജാവ് അവസാനം കൈക്കോട്ട് നിലത്തു വെച്ചു. എന്നിട്ടു പറഞ്ഞു:

'ഞാൻ അങ്ങയെ കാണാൻ വന്നത്, അല്ലയോ ജ്ഞാനീ, എന്റെ ചോദ്യങ്ങൾക്കുത്തരം കിട്ടുവാനാണ്. അങ്ങ് ഒരുത്തരവും തരുന്നില്ലെങ്കിൽ, അതു പറയുക. ഞാൻ വാസസ്ഥാനത്തേക്ക് തിരിച്ചുപോവുകയാണ്.'

'ആരോ ഓടിവരുന്നുണ്ട്' - ഉടൻ ഋഷി ശ്രദ്ധിച്ചുകൊണ്ട് പറഞ്ഞു. 'ആരാണതെന്ന് നമുക്ക് നോക്കാം.'

രാജാവ് തിരിഞ്ഞുനോക്കിയപ്പോൾ ഒരാൾ മരത്തിനിടയിലൂടെ ഓടിവരുന്നത് കണ്ടു. അയാൾ തന്റെ കൈകൾ വയറിൽ അമർത്തിപ്പിടിച്ചിട്ടുണ്ടായിരുന്നു. അവിടെനിന്നും ചോര വാർന്ന് നിലത്തേക്ക് വീഴുന്നുണ്ടായിരുന്നു. ആ മനുഷ്യൻ രാജാവിന്റെ അടുത്തെത്തിയപ്പോൾ, നിലത്തേക്ക് മറിഞ്ഞുവീഴുകയും തേങ്ങിക്കരയുകയും ചെയ്തു. രാജാവും മഹർഷിയും ചേർന്ന് അയാളുടെ വസ്ത്രങ്ങൾ അഴിച്ചുകൊടുത്തു. അയാളുടെ വയറ്റിൽ ആഴത്തിലുള്ള ഒരു മുറിവേറ്റിരുന്നു. രാജാവ് തന്നാലാവുംവിധം ആ വ്രണം കഴുകി വൃത്തിയാക്കുകയും, ഋഷി കൊടുത്ത ഒരു തുണികൊണ്ട് കെട്ടിക്കൊടുക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ടൊന്നും ചോര നിന്നില്ല. അപ്പോൾ രാജാവ് ആ കെട്ടഴിച്ച് തുണി വീണ്ടും വൃത്തിയാക്കി കെട്ടിക്കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം ചോര വരുന്നത് നിൽക്കുകയും, ആ മനുഷ്യൻ കുടിക്കാൻ വെള്ളം ആവശ്യപ്പെടുകയും ചെയ്തു. രാജാവ് കുറച്ച് നല്ല പച്ചവെള്ളം അയാൾക്ക് കുടിക്കാൻ

കൊടുത്തു. പിന്നെ സൂര്യൻ പൂർണമായി അസ്തമിക്കുകയും, അവിടെ തണുപ്പു പരക്കുകയും ചെയ്തു. അപ്പോൾ രാജാവ് ഋഷിയുടെ സഹായത്തോടെ അയാളെ കുടിലിനകത്തേക്ക് കൊണ്ടുപോയി കിടത്തി. കിടക്കുമ്പോൾ അയാൾ തന്റെ കണ്ണുകൾ അല്പനേരം അടയ്ക്കുകയുണ്ടായി. തന്റെ ദീർഘനേരമായുള്ള കഠിനപരിശ്രമത്താൽ ക്ഷീണിതനായ രാജാവ് സമീപത്തുള്ള കിടക്കയിൽ വീഴുകയും ഉടൻ ഉറങ്ങുകയും ചെയ്തു. അതൊരു നീണ്ടതല്ലാത്ത വേനൽക്കാല രാത്രിയായിരുന്നു. രാവിലെയെഴുന്നേറ്റ് കണ്ണുമിഴിച്ച് കഴിഞ്ഞതെല്ലാം ഓർക്കാൻ ശ്രമിച്ച രാജാവ്, അടുത്ത കട്ടിലിൽ കിടക്കുന്ന വ്രണിതനായ അപരിചിതൻ തന്നെ തുറിച്ചുനോക്കുന്നത് കണ്ടു.

'ക്ഷമിക്കുക' - അയാൾ പറഞ്ഞു. വളരെ ക്ഷീണിതമായ ശബ്ദമായിരുന്നു അത്. അയാൾ രാജാവ് എഴുന്നേൽക്കുന്നതും തന്നെ നോക്കുന്നതും കാണുന്നുണ്ടായിരുന്നു.

'എനിക്ക് നിങ്ങളെ അറിഞ്ഞുകൂടാ. അതിനാൽ നിങ്ങൾക്ക് മാപ്പു നൽകേണ്ട കാര്യവുമില്ല' - രാജാവ് പറഞ്ഞു.

'അങ്ങേക്ക് എന്നെ അറിയില്ല. പക്ഷേ, എനിക്ക് അങ്ങയെ അറിയാം. ഞാൻ അങ്ങയുടെ ഒരു ശത്രുവാണ്. വന്നതാകട്ടെ പ്രതികാരത്തിനായി അങ്ങയുടെ മേൽ വാൾ ആഴ്ത്തുന്നതിനും. കാരണം എന്റെ ഒരു സഹോദരനെ അങ്ങ് കൊലചെയ്യുകയും അയാളുടെ സ്വത്ത് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. എനിക്കറിയാം, അങ്ങ് മഹർഷിയെ കാണാൻ ഒറ്റയ്ക്ക് പോവുകയാണെന്ന്. അതിനാൽ മടങ്ങിപ്പോകുമ്പോൾ അങ്ങയെ കൊല്ലണമെന്നായിരുന്നു എന്റെ കണക്കുകൂട്ടൽ. പക്ഷെ, പകൽ തീർന്നിട്ടും അങ്ങ് തിരിച്ചുപോയില്ല. അതിനാൽ ഞാൻ ഒളിച്ചിരുന്നിടത്തുനിന്നും പുറത്തുവന്നു. അങ്ങയെ തിരഞ്ഞു നടന്നപ്പോൾ ദൂരെ നിന്നിരുന്ന ഭടന്മാരുടെ കണ്ണിൽപ്പെടുകയും അവർ എന്നെ തിരിച്ചറിയുകയും ആക്രമിച്ച് മുറിവേൽപ്പിക്കുകയും ചെയ്തു. ഞാനൊരുവിധത്തിൽ അവിടെനിന്നും രക്ഷപ്പെട്ടോടി. പക്ഷെ, ഞാൻ ചോര വാർന്ന് മരിക്കുമായിരുന്നു, അങ്ങെന്നെ രക്ഷിച്ചില്ലായിരുന്നെങ്കിൽ. ഞാൻ അങ്ങയെ കൊല്ലാനാഗ്രഹിച്ചു. അങ്ങ് എന്റെ ജീവൻ രക്ഷിച്ചു. ഇപ്പോൾ ഇതിൽനിന്ന് രക്ഷപ്പെടുകയാണെങ്കിൽ, അങ്ങ് ആഗ്രഹിക്കുന്നപക്ഷം ഞാൻ അങ്ങയുടെ വിശ്വസ്തനായി, ഒരു അടിമയായി ജീവിച്ചുകൊള്ളാം. എന്റെ മക്കളെയും ഞാനങ്ങനെ വളർത്താം. എനിക്ക് മാപ്പുനൽകുക!'

രാജാവിന് വലിയ സന്തോഷമായി. തന്റെ ശത്രുവിനോട് എത്രയെളുപ്പത്തിലാണ് സമാധാനത്തിലെത്തിച്ചേർന്നത് എന്നാലോചിച്ചു. അയാളെ തന്റെ സുഹൃത്തുമാക്കിയിരിക്കുന്നു. ഉടൻ തന്റെ അനുചര

ന്മാരെ വിളിച്ച് ആ മനുഷ്യനെ വൈദ്യന്റെ അടുത്തെത്തിക്കാൻ ആവശ്യപ്പെട്ടു. പിന്നീട് അയാളുടെ കുടുംബത്തിന് നഷ്ടപ്പെട്ട സ്വത്തുക്കൾ തിരിച്ചുനൽകാൻ ഉത്തരവായി.

മുറിവേറ്റ മനുഷ്യനെ അവിടെനിന്നും നീക്കിയ ഉടൻ, രാജാവ് കുടിലിനു പുറത്തിറങ്ങി ഋഷിയെ തിരഞ്ഞു. പോകുന്നതിനുമുമ്പ് ഒരിക്കൽക്കൂടി തന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം അദ്ദേഹത്തെക്കൊണ്ട് തേടണമെന്ന് രാജാവാഗ്രഹിച്ചു. ഋഷിയാകട്ടെ, തലേദിവസം കിളച്ചുമറിച്ചിടത്ത് പുതിയ വിത്തുകൾ പാകുന്ന തിരക്കിലായിരുന്നു.

രാജാവ് അദ്ദേഹത്തിന്റെ അടുത്തുചെന്ന് പറഞ്ഞു:

'അവസാനമായി, ഞാൻ അങ്ങയോട് യാചിക്കുന്നു, അല്ലയോ ജ്ഞാനീ.... എന്റെ ചോദ്യങ്ങൾക്കുത്തരം തരിക.'

'നിങ്ങൾക്ക് ഉത്തരം കിട്ടിക്കഴിഞ്ഞു!' ഋഷി പറഞ്ഞു. തന്റെ കാലുകൾ മണ്ണിലാഴ്ത്തി, രാജാവിനുനേരെ നോക്കി അദ്ദേഹം അടുത്തുതന്നെ നിന്നു.

'എങ്ങിനെ ഉത്തരം കിട്ടി? അങ്ങെന്താണ് അർത്ഥമാക്കുന്നത്?' - രാജാവ് ചോദിച്ചു.

'അങ്ങ് കണ്ടില്ലേ?' - ഋഷി മറുപടി പറഞ്ഞു. 'അങ്ങ് എന്റെ പ്രവൃത്തിയിൽ സഹായിക്കാതെ ഇന്നലെ തിരിച്ചുപോകാൻ ശ്രമിച്ചിരുന്നുവെങ്കിൽ, ആ മനുഷ്യൻ അങ്ങയെ ആക്രമിക്കുമായിരുന്നു. അങ്ങ് എന്റെ കൂടെ കൂടുതൽ സമയം ചിലവഴിക്കാത്തതിന് പശ്ചാത്തപിക്കുമായിരുന്നു. അതിനാൽ ഏറ്റവും പ്രധാനപ്പെട്ട സമയമെന്ന് പറയുന്നത് അങ്ങ് കിളയ്ക്കാൻ എടുത്തതാണ്. ഞാനായിരുന്നു ഏറ്റവും പ്രധാനപ്പെട്ട മനുഷ്യൻ. എനിക്ക് സഹായം ചെയ്യുക എന്നതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തി. പിന്നെ ആ മനുഷ്യൻ നമ്മുടെ അടുത്തേക്ക് ഓടിവന്നതിനുശേഷം, ഏറ്റവും പ്രധാനപ്പെട്ട സമയം അങ്ങ് അയാളെ ശുശ്രൂഷിച്ചതാകുന്നു. അത് ചെയ്തില്ലായിരുന്നെങ്കിൽ അയാൾ അങ്ങയിൽ ഒരു സമാധാനവുമില്ലാതെ ശത്രുതയിൽത്തന്നെ മരിക്കുമായിരുന്നു. അതിനാൽ വ്രണിതനായി ഓടിവന്ന ആ മനുഷ്യനാണ് പ്രധാനപ്പെട്ട വ്യക്തി. ആ വ്യക്തിയെ അങ്ങ് സഹായിച്ചതാണ് ഏറ്റവും പ്രധാന പ്രവൃത്തി. ഓർക്കുക! അതാണ് പ്രധാനപ്പെട്ട സമയം, കാരണം ആ സമയത്ത് നമുക്ക് (അയാളെ രക്ഷിക്കാൻ) ഒരു ശക്തിയുമുണ്ടായിരുന്നില്ല. ഏറ്റവും പ്രാധാന്യമുള്ള ആവശ്യമുള്ള മനുഷ്യൻ നിങ്ങളുടെ കൂടെയുണ്ടായിരുന്ന അയാളാണ്. ഒരു മനുഷ്യനും അറിഞ്ഞുകൂടാ, അയാൾക്ക് മറ്റുള്ളവരുമായി എന്തു വിനിമയമാണുള്ളതെന്ന്. ഏറ്റവും പ്രധാനപ്പെട്ട കാര്യം നന്മയാണ്. കാരണം ആ ഒറ്റക്കാരണംകൊണ്ടാണ് ഒരു മനുഷ്യൻ ജീവിതത്തിലേക്ക് മടങ്ങി വന്നത്.

ബാബയുടെ സമാധിയിലെ ഫലകത്തിൽ ഇപ്രകാരം എഴുതിവെച്ചിരിക്കുന്നു



“ഭൂ പര്യങ്കോ നിജ ഭുജലതാ
കന്ദുകഃ ഖം വിതാനം.
ദീപശ്ചന്ദ്രോ വിരതിവനിതാ-
ലബ്ധസാംഗപ്രമോദഃ
ദിക്കാന്താഭിഃ പവന ചാമരൈർ
വീജമാനഃ സമന്താത്
ഭിക്ഷുഃ ശേതേ നൃപ ഇവ ഭുവി
ത്യക്ത സർവ്വസ്പൃഹോƒപി.”

ഭിക്ഷു സ്വന്തം കൈകളാകുന്ന വള്ളിയോടുകൂടിയ ഭൂമിയെ കട്ടിലായും, പന്തലിച്ച ആകാശത്തെ പന്തായും, ചന്ദ്രനെ വിളക്കായും, വൈരാഗ്യം എന്ന വനിതയെ ലഭിച്ചതിനാൽ സന്തുഷ്ടനായും, ദിക്സുന്ദരികൾ വീശുന്ന വിശറിക്കാറ്റേറ്റുകൊണ്ട് എല്ലാ ആഗ്രഹങ്ങളെയും ഉപേക്ഷിച്ച് രാജാവിനെപ്പോലെ ഭൂമിയിൽ ശയിക്കുന്നു.

ശ്രീ ശിവപുരി ബാബയുടെ സമാധിസ്ഥാനം

1826 – 1963 എ.ഡി.

ശരിയായ ജീവിതം എല്ലാ അർത്ഥത്തിലും.

ബാബയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളുടെയും ലേഖനങ്ങളുടെയും സൂചിക

1. Long Pilgrimage – John G. Bennett – Britain – 1965.
2. Swadharma – Bishnu Prasad Timilsina – Katmandu – 2069 (Vikram Samvat) – (Nepali Language).
3. The Shivpuri Baba – Dr. Y.B. Shrestha Malla – Katmandu – 2010.
4. Right Living – Dr. Y.B. Shrestha Malla – Katmandu – 2010.
5. Right Life – Renu Lal Singh – Coombe Spring Press – 1984.
6. Physical Separation is no Separation – Hugh Ripman.
7. Notes of Talks with Shivpuri Baba – Dr. P.T. Gorkha.
8. Strange Places and Simple Truths – Dr. A. Mearns.
9. Prabhu Ko Khoj – Dr. Y.B. Shreshta Malla – Katmandu – Nepali.
10. Sivapuri Baba (Malayalam) – Narasimhan Chemmangad.

പദസൂചി*

അ

അഗ്രശാല - 8
അപ്പോളോ - 12
അനന്നാഗേ - 14
അറബികൾ - 14
അഹിംസ - 24
അനുശാസനങ്ങൾ - 25, 43
അർത്ഥാർത്ഥി - 26
അർജ്ജുനൻ - 32, 33, 35, 36, 38, 97, 115
അസുരഭാവം - 33
അഹങ്കാരം - 34
അർജ്ജുനോപദേശം - 38
അറ്റ്ലാന്റിക് - 48
അമേരിക്ക - 48, 125
അന്തർദ്ദേശീയ മതം (പുസ്തകം) - 52
അജാമിളൻ - 66
അരവിന്ദൻ - 76, 91
അലക്കുകാരനും കഴുതയും - 94
അല്ലാഹു - 116
അഘോരിബാബ - 123, 132
അറേബ്യൻ മരുഭൂമി - 151
അമരാന്തകം - 155
അഫ്ഗാനിസ്ഥാൻ - 156

ആ

ആത്മൻ - 12
ആൾട്ടിയാക് - 13
ആര്യന്മാർ - 15
ആർത്തൻ - 26
ആദിശങ്കരവചനങ്ങൾ - 38
ആറു കർമ്മങ്ങൾ (സമ്യക് ജീവിതം) - 40
ആഗന്തുക കച്ഛം - 45
ആശ്ചര്യം (ഭാഗവതം) - 57
ആസ്ത്രേലിയൻ ഡോക്ടർ - 134, 136, 140, 142
ആൽബർട്ട് ഐൻസ്റ്റീൻ - 156

ഇ

ഇ.പി. ഭാസ്ക്കരഗുപ്തൻ - 9
ഇസ്ലാം മതം - 13, 153
ഇറ്റാലിയൻ ഫ്രാൻസിസ്ക്കർ - 14
ഇന്ത്യാ സംസ്ക്കാരം - 15
ഇലാമൈറ്റ് - 16
ഇൻകാ - 48
ഇസ്താംബൂൾ - 47
ഇംഗ്ലണ്ട് - 125
ഇറാൻ - 132

---

* പദസൂചി ആദ്യ അക്ഷരക്രമത്തിൽ മാത്രമേ തിരിച്ചിട്ടുള്ളൂ. ഉപയോഗിക്കുമ്പോൾ ക്രമത്തിൽ ഒരക്ഷരത്തിനുകീഴിൽ വരുന്ന പദങ്ങൾ മുഴുവനായും പരിശോധിക്കേണ്ടതാണ്.

ഈ
ഈജിപ്ത് - 12
ഈശ്വരൻ അഥവാ പരമാത്മാവ് - 85
ഉ
ഉപനിഷത്ത് - 16
ഉദ്ധവൻ - 32, 38, 68, 101, 118
ഉദ്ധവോപദേശം - 38
ഋ
ഋഗ്വേദം - 15
എ
എക്സ്റേ - 83
ഏ
ഏനിയാസ് - 12
ഏകലവ്യൻ - 75
ഏകാന്തതയുടെ മഹത്വം - 79
ഒ
ഒസിരിസ് - 12
ഒ.പി.വി. നമ്പൂതിരിപ്പാട് - 9
ഒഡീസിയസ് - 12
ഒരുവന്നൂർ പാഴൂർ - 152
ക
കാഠ്മണ്ഡു - 1, 8, 46, 51, 59, 80, 90, 123, 158, 164, 166
കഠോപനിഷത്ത് - 5, 15, 107, 137
കുന്നംകുളം - 8
ക്രിസ്തു (മതം) - 13, 52, 117, 153
കുരുക്കന്മാർ - 13
കിശിരിഷ്ണ - 16
കൃഷ്ണൻ - 26, 29, 32, 33, 35, 36, 38, 63, 66, 69, 70, 75, 94, 97, 101, 115, 116, 117, 118
കർമ്മകുശലത - 27
കാമക്രോധലോഭമോഹം - 29
കബീർ - 29
ക്രോധം - 35
കൗരവർ - 36
കിരാതേശ്വരം - 54
കുരുക്ഷേത്രം - 101
കുചേലൻ - 112
കൈസർ - 156
കൈലാസം - 157
കോട് പർവ്വ - 158
ഖ
ഖട്വാംഗന്റെ കഥ - 26
ഗ
ഗിരിധർലാൽ മനന്തർ - 8, 157, 164
ഗ്രീസ് - 13
ഗോബി - 13
ഗംഗാസമതലം - 14, 15
ഗുരു - 33, 72
ഗോവിന്ദാനന്ദ ഭാരതി - 51
ഗോശാല - 57
ഗോസായികുണ്ഡ് - 58
ഗാലേശ്വർ ബാബ - 59
ഗോപികമാർ - 66, 101
ഗോദാവരി - 90
ഗയാശ്രാദ്ധം - 164

ച
ചൈന - 48, 156
ഛ
ഛിലം - 59
ജ
ജെറീക്കോ - 14
ജർമ്മൻ സങ്കല്പം - 14
ജാജലി - 23
ജീവൻമുക്ത ഗുരു - 24
ജിജ്ഞാസു - 26
ജന്മ-മൃത്യു-ജരാവ്യാധി - 39
ജർമ്മൻ ഭാഷ - 47
ജനകൻ - 63, 90
ട
ട്യൂറർകാർ - 46
ടോൾസ്റ്റോയി - 156, 171
ഠ
ഠാകൂർലാൽ മനന്തർ - 8, 157, 165, 169, 170
ഡ
ഡ്രൂയിഡ് - 12
ത
താവോയിസ്റ്റുകൾ - 13
ത്സുംഗോ മഞ്ചൂറിയൻ - 11
തിബത്ത് - 13
ത്രിവിധ താപം - 21
തുലാധരന്റെ കഥ - 22
തുളസീദാസൻ - 29
തുർക്കി ഭാഷ - 47
തൈലധംബത് - 105
ത്രിപിടകം - 115
തൂനമൂന - 122
തിത്തിക്കാക്ക തടാകം - 162
ദ
ദൈവകൃപ - 37
ദ്രാവിഡഭാഷ - 47
ദാനം (നാലുതരം) - 64
ധ
ധ്രുവസ്ഥലി - 8, 54, 152, 170
ധ്രുവൻ - 69, 100, 115
ന
നേപ്പാൾ - 1, 86, 154
നചികേതസ്സ് - 5, 15, 96, 107, 108, 137
നാലു മഹത്സത്യങ്ങൾ (മുസ്ലിം) - 53
നാരദൻ - 66, 74, 75
നാരായണൻ (അജാമിളപുത്രൻ) - 66
നിർവ്വികല്പസമാധി - 98
നിയമം - 116
നർമ്മദാനദി - 154
നവാബ് ഗഞ്ച് - 164
നിളാതീരം - 170
പ
പൊന്നാനി - 8
പുതുക്കുടി നാരായണപ്പണിക്കർ - 8
പ്രേതാർച്ചക മതം - 11
പാലിയോലിറ്റിക് - 12
പിരമിഡ് - 12
പേർഷ്യക്കാർ - 14

പുരൂരവസ്സ് - 16
പതഞ്ജലി - 16
പരമാത്മാവ് - 21
പൗണ്ഡ്രകൻ - 31
പാണ്ഡവർ - 36
പരമാത്മദർശനം - 44
പഷ്മിനാ - 49
പത്തുകല്പനകൾ - 52
പ്രചണ്ഡഗോർഖ - 54
പ്രഹ്ലാദൻ - 69, 114
പാമ്പിന്റെ കഥ - 73
പശുപതീനാഥ ക്ഷേത്രം - 86, 102, 161, 166

ഫ
ഫിലോക്ടെറ്റസ് - 12
ഫനാ - 14
ഫ്ളെമിഷ് - 14

ബ
ബോൾപോ - 13
ബുദ്ധ (മതം) - 13, 153
ബ്രാഹ്മണം - 16
ബുദ്ധൻ - 17, 36, 52, 61, 63, 95, 107, 110, 115, 117
ബദരി - 32
ബന്നറ്റ് - 50, 169
ബൈനോകുലർ - 59
ബാഗ്മതി - 86, 158, 170
ബ്രഹ്മസത്യം ജഗന്മിഥ്യാ - 33
ബോധചിന്താക്ഷേത്രം - 103
ബനാറസ് ഹിന്ദു സർവ്വകലാശാല - 154, 164
ബറോഡ - 156
ബർണാർഡ്ഷാ - 156
ബൊളീവിയ - 162

ഭ
ഭക്തിയോഗം - 22
ഭഗവത്ഗീത - 22, 24, 38, 67, 79, 94, 103, 125
ഭാഗവതം - 24, 31, 32, 68, 70, 101, 112
ഭീഷ്മപർവ്വം - 38
ഭക്തി - 66
ഭാദ്രമാസത്തിലെ മൂലംനാൾ - 160

മ
മിർസിയ എലിയഡ് - 11, 12
മാഗി - 12
മോൺസ്റ്റിഗൂർ - 13
മെസോലിത്തിക് - 13
മെഗാലിത്തിക് - 14
മോഹൻജോദാരോ - 14
മിത്രൻ - 14, 15
മാണ്ഡൂക്യം - 16
മഹാഭാരതം - 24, 32, 38, 57, 68
മോക്ഷപർവ്വം - 24
മഹാബലി - 30
മഹാമേരു - 32
മായൻ - 48
മനദാസതുലാധരൻ - 51
മാധവ് പ്രസാദ് തിമിൽസീനാ - 51, 56, 159, 163
മാതൃകാ ഹിന്ദുമഹിള - 77

മിയാൻസ് - 80
മൂന്നു ഘട്ടങ്ങൾ (ഈശ്വരചിന്ത) - 86
മഥുര - 101
മഹേന്ദ്ര രാജാവ് - 153
മദനമോഹന മാളവ്യ - 154
മാഡം ക്യൂറി - 156
മാർക്കോണി - 156
മെസ്മെറിസം - 163
മൂന്നു ചോദ്യങ്ങൾ - 171

യ

യമൻ - 5, 15, 107
യോഗസൂത്രം - 16
യോഗക്ഷേമം - 35
യുവസന്യാസി - 39
യാക് & യതി - 50
യുധിഷ്ഠിരൻ - 57
യക്ഷൻ - 57
യദുകുലവംശികൾ - 70
യാജ്ഞവല്ക്യൻ - 94
യോഗവാസിഷ്ഠം - 96
യേശു - 110
യമം - 116
യാത്രാക്രമം - 152

ര

രാമായണം - 24, 32, 62, 68, 97
രാമകൃഷ്ണൻ - 36, 76, 77, 102, 114, 156
രാമൻ - 63, 97, 116
രത്നാകരൻ - 74
രമണമഹർഷി - 76, 79
രാധാകൃഷ്ണൻ എസ്. - 153

ല

ലാദ ാദത്സേ - 13
ലങ്കാദഹനം - 28
ലിങ്കൺ - 48
ലിവിങ്സ്റ്റോൺ - 47
ലോങ് പിൽഗ്രിമേജ് - 50, 157, 169
ലാമ - 51
ലോകത്തിലെ ഏഴ് അത്ഭുതങ്ങൾ (മഹാഭാരതം) - 57

വ

വിഷ്ണുപ്രസാദ് തിമിൽസീനാ - 1, 163
വരുണൻ - 15
വാരണസി - 23
വർണ്ണാശ്രമ ധർമ്മം - 25
വിഭീഷണൻ - 28
വൃന്ദാവനം - 29
വില്വമംഗലം - 29
വേദാന്തം - 32
വിറ്റാച്ചി - 46, 47, 48, 49, 50
വിക്ടോറിയ - 48, 52
വൈ.ബി. ശ്രേഷ്ഠ - 1, 51, 52, 53
വൈരാഗ്യം - 55
വസിഷ്ഠൻ - 62, 97
വിശ്വാമിത്രൻ - 62
വിഷ്ണുദൂതന്മാർ - 66
വാസുദേവൻ - 67
വാല്മീകി - 74
വിൽകിൻസൺ - 158

വാസുകി ബ്രഹ്മചാരി - 161
വാരണസി - 164
ശ
ശതപഥബ്രാഹ്മണം - 16
ശാന്തിപർവ്വം - 24
ശൂരദേവ് - 29
ശിവൻ - 32
ശങ്കരാചാര്യർ - 38, 78
ശ്രീകൃഷ്ണോപദേശം - 38, 93
ശ്രീലങ്ക - 47
ശീലം-സമാധി-പ്രജ്ഞ - 52
ശിവപുരി - 58
ശുകദേവൻ - 90
ശൃംഗേരിമഠം - 155
ശിവരാത്രി - 167
ഷ
ഷമനിസം - 11, 12, 13
ഷഡ്സമ്പത്തി - 31, 33
സ
സാന്തായന - 5
സെയിന്റ് സിമിയോൺ - 5
സൈബീരിയ - 11
സുമേറിയ - 12
സിഗാറത്ത് - 12
സിന്ധുനദി - 14
സെൽടിക് - 14
സെൻ ബുദ്ധമതം - 14
സിന്ധു നദീതടം - 15
സനാതന മതം - 14
സരതുഷ്ട്രർ - 14
സെയിന്റ് അവസ്ത - 15
സ്വധർമ്മം അഥവാ ആത്മസമർപ്പണം - 21
സിദ്ധി - 56
സദാനന്ദൻ - 58
സാമ്പന്റെ കഥ - 70
സനത്കുമാരൻ - 74
സ്യമന്തപഞ്ചകം - 101
സുദാമാവ് - 112
സൂഫി - 132
സ്പെയിൻ - 159
സൂര്യനാഥിന്റെ മരണം - 163
സീതാരാമൻ - 164
സന്തോഷം - 79
ഹ
ഹിന്ദു - 12, 15
ഹിന്ദുമതം - 13, 117, 153
ഹാരപ്പ - 14
ഹമുറാബി - 15
ഹനുമാൻ - 28
ഹിരണ്യകശിപു - 30
ഹിമാലയം - 48, 80, 157
ഹീഡൽ ബർഗ് - 47
ഹരിജനങ്ങൾ - 78
ഹിപ്നോട്ടിസം - 84
ഹ്യൂ റിപ്മാൻ - 123
ജ്ഞ
ജ്ഞാനി - 26

ബാബാ സത്ചരിതം (1826- 1963)

(ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ബാബയുടെ സഞ്ചാരഗതി രേഖപ്പെടുത്തിയ മാപ്പിന് ഒരു വിശദാംശമെന്ന നിലയിൽ യാത്രാസംബന്ധമായ ഒരു ചെറുകുറിപ്പ് താഴെ ചേർക്കുന്നു - ശ്രീ. ഇ.പി. ഭാസ്കരഗുപ്തൻ തയ്യാറാക്കിയത്.)

മഹാനിഷ്ക്രമണം

കുറെ കൊല്ലങ്ങൾക്കുശേഷം (എ.ഡി. 1844-ലെന്ന് ബെന്നറ്റും, എ.ഡി. 1874-ലെന്ന് കുടുംബാംഗമായ ശ്രീ. ഒ.പി.വി.യും പറയുന്നു) ഒരു വൈരാഗ്യ ത്തിരമാലയിൽപ്പെട്ടായിരിക്കാം അദ്ദേഹം ഗൃഹം ഉപേക്ഷിച്ച് യാത്രയായി. പിതാ മഹന്റെ നിർദ്ദേശാനുസരണം ബാബ ലോകപര്യടനമാരംഭിച്ച . ബറോഡ യിൽനിന്നും നടന്ന് കൈബർ ചുരം കടന്ന് അഫ്ഗാനിസ്ഥാനിൽ പ്രവേശിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്തിമ ദശകങ്ങളിലായിരുന്നു ഇതെ ന്നു പറയാം.

അഫ്ഗാനിസ്ഥാനിൽനിന്നും പേർഷ്യ(ഇറാൻ)യിലെത്തുന്ന അദ്ദേഹം, ഇസ്മയെലി വിഭാഗത്തിന്റെ കുലഗുരുവായ ആദി ആഗാഖാനുമായി ഉറ്റ പരി ചയത്തിലാകുന്നു. ജെറുസലേം, മെക്ക എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് തുർക്കി പീഠഭൂമി വഴി കോൺസ്റ്റാന്റിനോപ്പിളിൽ (ഇസ്താംബൂൾ) എത്തുന്നു. പിന്നീട് ഇറ്റലി, ആസ്ത്രിയ വഴി ജർമ്മനിയിലെത്തി, ജർമ്മൻ ചക്രവർത്തി യായ കൈസറെ കാണുന്നു. നെതർലാന്റിലെത്തി ഹോളണ്ട് രാജ്ഞിയുമായി കൂടിക്കാഴ്ച നടത്തി. ഫ്രാൻസിലെത്തി മാഡം ക്യൂറിയുമായി സംസാരിച്ചു. ഇംഗ്ലണ്ടിലെത്തി വിക്ടോറിയാ രാജ്ഞിയെ വിവിധ കാസിലുകളിലായി പതി നെട്ടു തവണ കാണുന്നു. ഭർത്തൃമരണത്തെത്തുടർന്ന് രാജ്ഞി വിഷാദമൂക യായ ദിനങ്ങളായിരുന്നു അത്. മഹാരാജ്ഞിയുടെ അപേക്ഷ സ്വീകരിച്ച് നാലു കൊല്ലം ഇംഗ്ലണ്ടിൽ തങ്ങി, പദയാത്ര നടത്തുന്നു. രാജ്ഞിയുടെ ചരമാനന്തരം കപ്പലിൽ അത്‌ലാന്തിക് കടന്ന് അമേരിക്കൻ ഐക്യനാടുകളിലെത്തി. പ്രസി ഡണ്ട് തിയോഡോർ റൂസ്‌വെൽറ്റിനെ കാണുന്നു. അമേരിക്കൻ ഐക്യനാടുക ളിൽനിന്ന് മെക്സിക്കോവിലൂടെ തെക്കേ അമേരിക്കയിലെ ഇക്വഡോർ മുത ലായ രാജ്യങ്ങളിലൂടെ നടന്ന് ടിറ്റിക്കാക്ക തടാകം കണ്ട് ചിലിയിലെത്തി കപ്പൽ കയറി ന്യൂസിലന്റ്, ആസ്ത്രേലിയ എന്നീ രാജ്യങ്ങൾ പിന്നിട്ട് ജപ്പാനിലെത്തു ന്നു. അവിടെനിന്നും ചൈനയിലേക്ക് നടന്ന് തെക്കുപടിഞ്ഞാറൻ ചൈനയിലെ സിങ്ക്യാങ് സംസ്ഥാനത്തെത്തുന്നു (1914). തുടർന്ന് കൈലാസം-മാനസസരോ വരം കണ്ട് കാഠ്മണ്ഡുവിൽ 1936-നടുത്ത് എത്തിച്ചേരുന്നു. ഇതിനിടയിൽ 1916 കാലത്ത് ബനാറസ് സർവ്വകലാശാസ സ്ഥാപിക്കുന്ന സമയത്ത് ബാബ കാശി യിലുണ്ടെന്ന് പറയുന്നു. അദ്ദേഹം മദൻമോഹൻ മാളവ്യക്ക് അമ്പതിനായിരം രൂപ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി നൽകി.

കാഠ്മണ്ഡുവിലെ ധ്രുവസ്ഥലിയിൽ 1963-ൽ മഹാസമാധിയാകുമ്പോൾ ശിവപുരി ബാവക്ക് 136 വയസ്സ് കഴിഞ്ഞിരുന്നു.



Shivapuri Baba, Nepal, aged 112 (Thakur Lal Manandhar, 1938)

In Dhruvasthali, 1954

In Dhruvasthali, aged 131



The Baba talking with a Hindu family

Swing cot used by Shivapuri Baba

Shivapuri Baba Samadhi and inscription written

Holy paduka of Shivapuri Baba

സ്വധർമ്മം അഥവാ സമ്യക് ജീവിതം

ഗോവിന്ദാനന്ദഭാരതിയുടെ ജീവിതവും സന്ദേശവും

എസ്. രാജേന്ദു

ശിവപുരിബാബ എന്ന ഗോവിന്ദാനന്ദ ഭാരതി എ.ഡി 1826-ൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത് ഒരുവന്നൂർ പാഴൂർ, (കറുത്തേടത്ത്) എന്ന ഗൃഹത്തിൽ ജനിച്ചു. മുപ്പത് വയസ്സിനടുത്ത് അദ്ദേഹത്തിന് നർമ്മദയുടെ തീരത്തുവെച്ച് ഈശ്വര സാക്ഷാത്കാരം (enlightment) കിട്ടി. പിന്നീട് ശൃംഗേരിമഠത്തിൽ നിന്ന് ഗോവിന്ദാനന്ദഭാരതി എന്ന പേരിൽ സന്യാസദീക്ഷ സ്വീകരിച്ചു.

അടുത്ത നാല്പതുവർഷക്കാലം അദ്ദേഹം ലോകം മുഴുവൻ കാൽ നടയായി സഞ്ചരിച്ചു. കുന്നംകുളത്തു നിന്നു മക്കയിലേയ്ക്കു നടന്നു പോയ അദ്ദേഹം, അവിടെ നിന്നും ഇസ്താംബൂളിലെത്തി യൂണിവെഴ്സ്റ്റിയിൽ ചേർന്നു തുർക്കിഭാഷ പഠിച്ചു. കാൽനടയായി ഇംഗ്ലണ്ടിലെത്തിയ ബാബ പതിനെട്ടുതവണ വിക്ടോറിയാരാജ്ഞിയെ കണ്ടു. പിന്നെ കപ്പൽകയറി അമേരിക്കയിലെത്തി. തെക്കെ അമേരിക്കയിലൂടെ നടന്നുപോയി. കപ്പൽ കയറി ചൈനയിലെത്തിയ ശേഷം, [illegible] ത്തിലെത്തി ഹിമാലയത്തിൽ മുപ്പതുവർഷക്കാലം ധ്യ[illegible] 106-ാം വയസ്സിൽ ബാബ കാഠ്മണ്ഡുവിലെത്തി. 1963-ൽ [illegible] യാറാം വയസ്സിൽ അദ്ദേഹം സമാധിയായി.

കാഠ്മണ്ഡുവിൽ അദ്ധ്യാപകനായിരിക്കെ എസ്.രാജേന്ദു, [illegible] യിൽ ലഭ്യമായിരുന്ന രേഖകളെ അടിസ്ഥാനമാക്കി [illegible] ഈ ഗ്രന്ഥം ശിവപുരിബാബ എന്ന ഗോവിന്ദാനന്ദഭാരതിയുടെ [illegible]ത്തെ യും സന്ദേശങ്ങളേയും കുറിച്ച് പ്രതിപാദിക്കുന്ന മലയാള ഗ്രന്ഥമാകുന്നു.

ഗ്രന്ഥകർത്താവ് വിഷ്ണുപ്രസാദ് തിമിൽസീനായ്ക്കും ഗിരിധർലാൽ മനന്ധറിനുമൊപ്പം ബാബയുടെ ആശ്രമത്തിൽ

Printed & Published by Avanoor Narayanan
www.rajendu.weebly.com
Price: ₹ 250